6 DEC 1980

# തമശ്ശക്തി

175

പ്രസാധകന്മാർ

**സാഹിത്യപ്രവർത്തക സഹകരണ**

**സംഘം ലിമിററഡ്**

University Grants Commission

# THAMASSAKTHI

(DRAMA)

BY

COUNT LEO TOLSTOY

TRANSLATED BY

N. K. DAMODARAN B. A., B. L.

First Impression April 1955

RIGHTS RESERVED

PUBLISHERS

SAHITHYA PRAVARTHAKA C. S. LTD.

---

NATIONAL BOOKSTALL

POST BOX 40, KOTTAYAM

Rs. 1—4—0

# ആത്മശക്തി

കൗണ്ട് ലിയോ ടോൾസ്റ്റോയി

വിവർത്തകൻ

എൻ. കെ. ദാമോദരൻ

ബി. എ., ബി. എൽ.

UNIVERSITY LIBRARY
11 FEB 1975
MADRAS

നാഷനൽ ബുക്ക്സ്റ്റാൾ
കളരിക്കൽബസാർ കോട്ടയം

വില 1 ക. 4 ണ.

## എൻ. കെ. ദാമോദരന്റെ

## കൃതികൾ

അടിത്തട്ടുകൾ (തർജ്ജമ)

തമസ്സുകതി ,,

292043
0142:3M28:22
32J5

Printed at the India Press, Kottayam. Copies 1000.

# കഥാപാത്രങ്ങൾ

| | |
|---|---|
| പീററർ ഇഗ്നാററിച്ച്:- | നല്ല നിലയിൽ ജീവിക്കുന്ന ഒരു കൃഷകൻ; രോഗി; 42 വയസ്സ്. |
| അനീഷ്യാ:- | അയാളുടെ രണ്ടാമത്തെ ഭാര്യ; ആഡംബരപ്രിയ; 32 വയസ്സ്. |
| അകുലീനാ:- | പീറററുടെ ആദ്യഭാര്യയിലുള്ള മകൾ; അല്പം കേൾവിക്കുറവുണ്ട്; മനസ്സുദുർബ്ബലം; 16 വയസ്സ്. |
| അന്യൂതാ:- | പീറററുടേയും അനീഷ്യായുടേയും മകൾ; 10 വയസ്സ്. |
| നിഖിതാ:- | അവരുടെ വേലക്കാരൻ; ആഡംബരപ്രിയൻ; 25 വയസ്സ്. |
| ആക്കിം:- | നിഖിതായുടെ അപ്പൻ; ദൈവഭക്തനായ ഒരു സാധാരണ കൃഷകൻ; അനാകൃഷകമായ വേഷം; 50 വയസ്സ്. |
| മെട്രേണാ:- | നിഖിതായുടെ അമ്മ; 50 വയസ്സ്. |
| മരീനാ:- | ഒരു അനാഥപ്പെണ്ണ്; 22 വയസ്സ്; അനീഷ്യായുടെകൂട്ടുകാരി; അയല്പക്കക്കാരി. |
| മാർത്താ:- | പീറററുടെ ഉടപ്പിറന്നവൾ. |
| മിട്രിച്ച്:- | ഒരു വൃദ്ധനായ കൃഷകത്തൊഴിലാളി; പട്ടാളത്തിൽ നിന്നു വയസ്സായി പിരിഞ്ഞുപോന്ന ഭടൻ. |
| സൈമൺ:- | മരീനായുടെ ഭർത്താവ്. |
| വിവാഹദല്ലാൾ:- | (പുരുഷൻ). |
| വിവാഹദല്ലാൾ:- | (സ്ത്രീ). |
| വരൻ:- | അകുലീനായെ കല്യാണം കഴിക്കാൻ ഉറച്ച 'ചെറുക്കൻ.' |

രണ്ടു പെൺകുട്ടികൾ, പോലീസ് ആഫീസർ, ഡ്രൈവർ, പ്രധാനി, ഗ്രാമാധികാരി.

കാഴ്ചക്കാർ; കൃഷകസ്ത്രീകളും പുരുഷന്മാരും; ചെറുപ്പക്കാരികളും.

UNIVERSITY LIBRARY
11 FEB 1975
MADRAS

# അങ്കം ഒന്നു്

(ഒരു വലിയ ഗ്രാമത്തിൽ പീററുടെ വിശാലമായ ഗൃഹം. ശരൽക്കാലം.

പീററും അനീഷ്യായും അകുലീനായും. പീററർ ഒരു ബഞ്ചിലിരുന്നു കുതിരയുടെ എണ്ണച്ചുരട്ടു നന്നാക്കുന്നു. അനീഷ്യായും അകുലീനായും ഒത്തുപാടിക്കൊണ്ടു നൂൽ ചുററുന്നു.)

പീററർ:-(ജനാലയിലൂടെ പുറത്തേയ്ക്കു നോക്കിയിട്ടു്) കുതിരകൾ പിന്നെയും കെട്ടുപൊട്ടിച്ചു പുറത്തുചാടി. പെട്ടെന്നു ചെന്നില്ലെങ്കിൽ അവററ കുതിരക്കുട്ടികളെ കൊല്ലും. നിഖിതാ, എടാ നിഖിതാ,—അവനു ചെവി കേട്ടുകൂടേ? (ശ്രദ്ധിക്കുന്നു. പാടുന്ന പെണ്ണുങ്ങളോടു്) മിണ്ടാതിരിക്കിൻ! ഒരുവസ്തു കേൾക്കാനൊക്കുകയില്ലല്ലോ.

നിഖിതാ:-(വെളിയിൽനിന്നു്) എന്താ!

പീററർ:-കുതിരയെ അടിച്ചകത്തുകേററു്.

നിഖിതാ:- ആട്ടെ, നേരം കിട്ടട്ടെ.

പീററർ:-(തലയാട്ടിക്കൊണ്ട്) ഈ വേലക്കാരെക്കൊണ്ടു മടുത്തു. എനിക്കൊരാവതുണ്ടായിരുന്നെങ്കിൽ ഒരെണ്ണത്തിനെ ഇവിടെ നിത്തുകില്ല. ഇവരെക്കൊണ്ടു തൊന്തരവല്ലാതൊന്നുമില്ല. (എഴുന്നേററിട്ട് വീണ്ടും ഇരിക്കുന്നു) നിഖിതാ,......കിടന്നു വായലച്ചിട്ടു ഫലമില്ല. നിങ്ങളാരെങ്കിലും അങ്ങോട്ടൊന്നു ചെല്ല്, അതാ നല്ലതു്. അകുൽ, നീ ചെന്ന് ആ കുതിരയെ ഒന്നൊടിച്ചകത്തുകേററ്.

അകുലീനാ:-എന്താ, കുതിരയെ അകത്തു കേററാനോ?

പീററർ:-പിന്നല്ലാതെന്താ?

അകുലീനാ:-ആകട്ടെ.

(പോകുന്നു.)

(പീററും അനീഷ്യായും)

പീററർ:-അവനൊരു ശപ്പനാ, ആ പയ്യൻ...... ഒരു ഗുണവുമില്ല. നിവൃത്തിയുണ്ടെങ്കിൽ ഒരുവക ചെയ്കില്ല.

അനീഷ്യാ:-ഓ, നിങ്ങൾക്കു വല്യ ഉറുതിയാ. എപ്പോഴും അട്ടപ്പുതിണ്ണയുടെ മോളിൽ നീണ്ടുനിവന്നു കിടക്കും. അല്ലെങ്കിൽ ബെഞ്ചിൽ പടിഞ്ഞിരിക്കും. "ഉം, ചെയ്യ്, ചെയ്യ്" എന്നു മററുള്ളോരെ ഉറുത്തിക്കൊണ്ടിരിക്കാൻ മാത്രം കൊള്ളാം.

പീററർ:-അങ്ങനെ ഒരാൾ ഉറുത്താനില്ലെങ്കിൽ ഒരാണ്ടുചെല്ലുണ്ടാ, അതിനുമുമ്പേ വീടിൻെറ മേൽക്കൂരപോലും കാണുകില്ല. എന്തൊരാളുകൾ!

അനീഷ്യാ:-നിങ്ങൾ ഓരോരുത്തരുടെ പുറത്തു് ഒരു

ന്ററക്കൂട്ടം ജോലി പിടിച്ചുവച്ചുകൊടുക്കും. എന്നിട്ടു കുററപ്പെടുത്തുകയല്ലാതെ വേറെ തൊഴിലില്ല. അടുപ്പുതിണ്ണയുടെ പുറത്തു മലൻകിടന്നുകൊണ്ട് അതെട്ട്, ഇതെട്ട് എന്നുപറയാൻ എളുപ്പമാണ്.

പീററർ:-(നെടുവീൎപ്പിട്ടിട്ട്) എനിക്കീദീനം പിടിപെട്ടിട്ടില്ലായിരുന്നെങ്കിൽ അവനെ ഒരൊററദിവസംകൂടി ഇവിടെ നിൎത്തുകില്ല.

അകുലീനാ:-(അകലെ) ഹീ! ഹീ!

(ഒരു കുതിരക്കുട്ടിയുടെ കരച്ചിലും കുതിരകളുടെ കുളമ്പടിയും പടിവാതിലിൻെറ കിറുകിറുപ്പും കേൾക്കുന്നു.)

പീററർ:-ചുമ്മാ പടവാപറയാൻ കൊള്ളാം. അവനെ പിരിച്ചുവിടണം. പിരിച്ചുവിടും, തീൎച്ച!

അനീഷ്യാ:-(പരിഹാസമായി അനുകരിക്കുന്നു) "അവനെ പിരിച്ചുവിടും, തീൎച്ച." അവനവൻതന്നെ ആദ്യം ഒന്നു നന്നാകണം. എന്നിട്ടുവേണം മററുള്ളോരെ കുററപ്പെടുത്തുന്നത്.

(പീററരും അകുലീനായും)

അകുലീനാ:-(പ്രവേശിച്ച്) എന്നെക്കൊണ്ടിത്രയേ ആകൂ, കുതിരയെ അടിക്കാനും കെട്ടാനും. അങ്ങേക്കെന്താ വയ്യായോ?

പീററർ:-നികിതാ എവിടെ?

അകുലീനാ:-നികിതായോ? വഴീലിറങ്ങി നില്ക്കുന്നു.

പീററർ:-എന്തിനാ അവിടെ നില്ക്കുന്നത്?

അകുലീനാ:-എന്തിനാ നില്ക്കുന്നതെന്നോ? ആ! ഏതാണ്ടൊക്കെ പറഞ്ഞുംകൊണ്ടു നില്ക്കയാ.

പീററർ:-ഇവടുളോട് ചോദിച്ച് നേരേചൊവ്വേ ഒരു കാര്യം അറിയാൻ പററുകില്ല. അവനവിടെ ആരോടാ വത്തമാനം?

അകുലീനാ:-ങേ, എന്തുവാ?

(പീററർ അവളോടു പൊയ്ക്കൊള്ളാൻ പറയുന്നു. അവൾ നൂൽ ചുററാൻ ഇരിക്കുന്നു.)

(അനീഷ്യായും അന്യൂതായും)

അന്യൂതാ:-(അമ്മയുടെ അടുക്കൽ ഓടിച്ചെന്നിട്ട്) അമ്മേ, നികിതായുടെ അപ്പനും അമ്മയും വന്നിട്ടുണ്ട്. നികിതായെ വിളിച്ചുംകൊണ്ടുപോകാൻ വന്നതാ.

അനീഷ്യാ:-പോപെണ്ണേ വേണ്ടാതനം പറയാതെ.

അന്യൂതാ:-ഉം! കൊണ്ടുപോയില്ലേൽ കൊള്ളാം. (ചിരിച്ചുകൊണ്ട്) ഞാനതിലേപോയപ്പം നികിതാ എന്നെ വിളിച്ചു. "അന്നാ പെട്രോണാ, എൻെറ കല്യാണത്തിനു വരണം, നീവേണം ഡാൻസുചെയ്യാൻ. ഞാനിവിടന്നു പോകയാ" എന്നുംപറഞ്ഞു ചിരിക്കുന്നു.

അനീഷ്യാ:-(ഭത്താവിനോട്) ദേ, അയാൾക്കിവിടെ നില്ക്കാഞ്ഞിട്ടു വല്യ കവലയാ. അയാൾതന്നെ പിരിഞ്ഞുപോകാൻ തുടങ്ങുന്നു. അപ്പോഴാണിവിടെ തീർച്ചയായും പിരിച്ചുവിടും എന്നപിടി.

പീററർ:-അവനങ്ങോട്ടു ചെല്ലട്ടെ. ഇവിടെ വേറെ ആരെയും കിട്ടുകില്ലേ?

അനീഷ്യാ:-അയാൾ മുൻകൂർ പററിയ പണമോ?

(അന്യൂതാ അല്പനേരം വാതിൽക്കൽ ശ്രദ്ധിച്ചുനിന്നിട്ടു പോകുന്നു.)

(അനീഷ്യായും പീററും അകുലീനായും)

പീററർ:-(മുഖം ചുളിച്ച്) പററിയ പണത്തിൻെറ കടം വേണമെങ്കിൽ അവന് അടുത്ത വേനൽക്കാലത്തു വേലചെയ്തുവീട്ടാം.

അനീഷ്യാ:- മനസ്സിലായി, നിങ്ങൾക്ക് അയാളെ വിട്ടയയ്ക്കാൻ സന്തോഷമാണ്. ശാപ്പാടിന് ഒരാൾ കുറയുമല്ലോ? എന്നാൽ മഴക്കാലത്തു വണ്ടിക്കുതിരകണക്കു ഞാൻ വേണം കിടന്നു മടയ്ക്കാൻ! ഈ പെണ്ണ് ഒരുവക ചെയ്കില്ല. നിങ്ങൾ അടുപ്പുതിണ്ണയുടെ പുറത്തു ചുരുണ്ടു കൂടി കിടക്കും. എനിക്കറിക്കാം എല്ലാരേം.

പീററർ:- ഇവിടെ പറഞ്ഞതെന്തെന്നു നീ കേട്ടില്ല. വെറുതേ വാ വെയ്ക്കുന്നതെന്തിന്?

അനീഷ്യാ:- വീട്ടിൽ കന്നുകാലികളുടെ തിരക്ക്. പശുവിനെ വിററില്ല. മഴക്കാലത്തേയ്ക്ക്, ഉള്ള ആടുകളെ അത്രയും കൊണ്ടുവന്നു വെച്ചിരിക്കുന്നു. ഇതിനൊക്കെ തീററിയുണ്ടാക്കാനും വെള്ളം കൊടുക്കാനും കുറേ പാടാ. എന്നിട്ടു വേലയ്ക്കു നിത്തിയിരിക്കുന്ന ആളെ വിടണം പോലും! എനിക്കുവയ്യ, ആണുങ്ങടെ പണി എടുക്കാൻ! ഞാനും നിങ്ങളെപ്പോലെ അടുപ്പുതിണ്ണയുടെ മീതെ കേറി കിടക്കും. എല്ലാം തുലയട്ടെ! ഇഷ്ടംപോലെ ചെയ്തോ!

പീററർ:- (അകുലീനായോടു്) നീ പോയി വയ്ക്കോൽ കൊണ്ടുവാ. നേരമായി.

അകുലീനാ:- വയ്ക്കോലോ? ആകട്ടെ; (കോട്ടു് ഇട്ടിട്ടു കയർ കയ്യിലെടുക്കുന്നു.)

അനീഷ്യാ:- ഞാനൊന്നും ചെയ്കില്ല. വേണ്ടുവോ

ളം ചെയ്തു, ഇനിയില്ല! നിങ്ങൾതന്നെ എല്ലാം ചെയ്തോളിൻ!

പീററർ:- മിണ്ടാതിരി! നിനക്കെന്താ, കിറുക്കോ? വെള്ളത്തിൽ മുങ്ങിയ കോഴിയെപ്പോലെയിരിക്കുന്നല്ലോ നീ!

അനീഷ്യാ:- നിങ്ങളൊരു പേപ്പട്ടിയാ! നിങ്ങളെക്കൊണ്ട് ഒരു കൃതവുമില്ല, ഒരു സുഖവുമില്ല. നിങ്ങൾ എൻെറ ജീവൻ ഊററിക്കുടിക്കയാ ചെയ്യുന്നതു്. പേപ്പട്ടിയാ നിങ്ങൾ!

പീററർ:- (തുപ്പുന്നു, കോട്ടെടുത്തിടുന്നു.) നീ മുടിഞ്ഞുപോകട്ടെ!—കൎത്താവേ, ക്ഷമിക്കണേ! ഞാൻ പോയി കാൎയ്യങ്ങൾ എങ്ങനെയിരിക്കുന്നുവെന്നു നോക്കട്ടെ! (പോകുന്നു.)

അനീഷ്യാ:- (പുറകെ വിളിച്ചുപറയുന്നു) കെട്ട നെട്ടമൂക്കൻ പിശാചു്!

(അനീഷ്യായും അകുലീനായും)

അകുലീനാ:- നിങ്ങളെന്തിനാ അപ്പനെ ചീത്തപറയുന്നതു്?

അനീഷ്യാ:- മിണ്ടരുതു്, കഴുതേ!

അകുലീനാ:- (വാതിൽക്കലോട്ടു മാറിയിട്ടു്) അപ്പനെ ചീത്തപറയുന്നതിൻെറ കാൎയ്യം എനിക്കറിയാം. നിങ്ങളാ കഴുത! കൊടിച്ചിപ്പട്ടി! എനിക്കു നിങ്ങളെ പേടിയില്ല.

അനീഷ്യാ:- എന്തുപറഞ്ഞെടീ! (ചാടി എണീററു്, ഒരടി കൊടുക്കാൻ അവിടെങ്ങാനും വല്ലതും കിടപ്പുണ്ടോ

എന്നു നോക്കുന്നു.) പൊയ്യോ, അല്ലെങ്കിൽ നിനക്കു ഞാൻ ചൂടുകോൽ വെയ്ക്കും.

അകുലീനാ:- (വാതിൽ തുറന്നുകൊണ്ടു്) പട്ടി, പിശാചു്! പട്ടി, പിശാചു്! പട്ടി, പിശാചു്! (ഓടിപ്പോകുന്നു.)

(അനീഷ്യാമാത്രം)

അനീഷ്യാ:- (ആലോചിക്കുന്നു.) അയാൾ എന്തു പറഞ്ഞു? കല്യാണത്തിനു ചെല്ലണമെന്നു്! അപ്പോൾ അതിനാണു് അവർ വന്നിരിക്കുന്നതു്—അയാളെക്കൊണ്ടു കല്യാണം കഴിപ്പിക്കാൻ! കരുതിക്കോ നിഖിതാ, ഇതാണു നിങ്ങളുടെ പണിയെങ്കിൽ എനിക്കും അല്പം പറയാനുണ്ടു്.......എനിക്കയാളെ കൂടാതെ ജീവിക്കാൻ വയ്യ. ഞാൻ അയാളെ വിടുകില്ല.

(അനീഷ്യായും നിഖിതായും)

നിഖിതാ:- (അകത്തു കേറി നാലുപാടും നോക്കുന്നു. അനീഷ്യാ മാത്രമേ ഉള്ളു എന്നു കണ്ടു വേഗം അടുത്തു ചെല്ലുന്നു. മന്ത്രിക്കുന്നു.) കേട്ടോ, എനിക്കൊരു കിണ്ടം പിണഞ്ഞിരിക്കുന്നു. എന്നെ കൂട്ടിക്കൊണ്ടു പോകാൻ അപ്പൻ വന്നിരിക്കുന്നു. ഞാൻ വീട്ടിൽ ചെല്ലണമെന്നാ പിടി. അപ്പൻ പറകയാണു്: 'ഞങ്ങൾ നിന്നെക്കൊണ്ടു കല്യാണം കഴിപ്പിക്കാൻ പോകയാ. ഇനിമേൽ നീ വീട്ടിൽ താമസിക്കണം.'

അനീഷ്യാ:- എന്നാൽ കഴിക്കണം! എനിക്കെന്താ?

നിഖിതാ:-വാസ്തവം! സംഗതികൾ അങ്ങു പറഞ്ഞു തീക്കുന്നതാ നല്ലതെന്നു ഞാൻ വിചാരിച്ചു. അപ്പോഴിതാ

ഞാൻ കല്യാണം കഴിക്കണമെന്നു പറയുന്നു. ഇതെന്തു കഥ? (കണ്ണിമയ്ക്കുന്നു.) നിങ്ങൾ മറന്നോ?

അനീഷ്യാ:- നിങ്ങൾ പോയി കല്യാണം കഴിക്കണം. ഒന്നും പറയണ്ടാ.

നിഖിതാ:- എന്തിനാ ചീറുന്നതു്? അടുത്തു നിൽക്കാൻകൂടി സമ്മതിക്കില്ലല്ലോ!—ഉം, എന്താ തകരാറ്?

അനീഷ്യാ:- എന്നെ ഉപേക്ഷിക്കണമെന്നാണു നിങ്ങളുടെ ഉദ്ദേശമെന്നു തോന്നുന്നു. നിങ്ങൾക്ക് എന്നെ വേണ്ടെങ്കിൽ എനിക്കു നിങ്ങളെയും വേണ്ടാ. അത്രയേ ഉള്ളൂ.

നിഖിതാ:- മതി മതി. അനീഷ്യാ, എനിക്കു നിങ്ങളെ മറക്കണമെന്നുണ്ടെന്നാണോ വിചാരം? ഞാൻ ജീവിച്ചിരിക്കുന്നകാലംവരെ മറക്കുകില്ല, നിങ്ങളെ ഉപേക്ഷിക്കയില്ല. എൻെറ ഉദ്ദേശം പറയാം. അവരെന്നെക്കൊണ്ടു കല്യാണം കഴിപ്പിക്കട്ടെ. ഞാനിങ്ങു പോരും—അവരെന്നെ വീട്ടിൽ താമസിപ്പിക്കുന്നില്ലെങ്കിൽ.

അനീഷ്യാ:- കല്യാണം കഴിഞ്ഞാൽ പിന്നെ നിങ്ങളോടെനിക്ക് എന്തൊരു കാര്യമായിരിക്കുമെന്നോ!

നിഖിതാ:- ഒന്നോർമ്മിക്കണം. എനിക്ക് അപ്പന്റെ ഇഷ്ടത്തെ മറുത്തു പോകാൻ പാറുകില്ല.

അനീഷ്യാ:- എന്തിനപ്പനെ പഴിപറയുന്നു? പ്ലാൻ നിങ്ങളുടെ സ്വന്തമാണ്. നിങ്ങൾ നിങ്ങളുടെ കാമുകി മരീനായുമായി ഏറെനാളായിട്ടേ ആലോചിച്ചുവരികയാണ്. അവളാണു നിങ്ങളെക്കൊണ്ടിങ്ങനെ ചെയ്യിക്കുന്നതു്. അവൾ ഇന്നാളൊരുദിവസം ഇവിടെ വന്നതു വെറുതെയല്ല.

നിഖിതാ:- മരീനാഭയാ? അവളോട് എനിക്കെന്തു കാൎയ്യമെന്നോ?......അതുപോലുള്ള പരിഷയെയല്ലേ എനിക്കു വേണ്ടതു്!

അനീഷ്യാ:- നിങ്ങളുടെ അപ്പൻ എന്തു കൊണ്ടുവന്നു, നിങ്ങൾ പറഞ്ഞിട്ടു്? നിഖിതാ, നിങ്ങൾ എന്നെ ചതിക്കയായിരുന്നു. (കരയുന്നു.)

നിഖിതാ:- അനീഷ്യാ, നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നോ ഇല്ലയോ? ഞാനീസംഗതി സ്വപ്നത്തിൽ കൂടി അറിഞ്ഞിട്ടില്ല. സത്യമായും ഞാൻ അങ്ങനെ വിചാരിച്ചതല്ല. അപ്പൻെറ സ്വന്തം ആലോചനയാണിതു്.

അനീഷ്യാ:-നിങ്ങൾക്കു മനസ്സില്ലെങ്കിൽ ആരെങ്കിലും ബലംപ്രയോഗിച്ചു നിങ്ങളെക്കൊണ്ടു കല്യാണം കഴിപ്പിക്കുമോ?

നിഖിതാ:-എന്നിരുന്നാലും ആൎക്കും തൻെറ പിതാവിനെ എതിൎക്കാൻ പാടില്ലെന്നു ഞാൻ വിചാരിക്കുന്നു. ഞാനും എതിൎക്കാൻ പോകുന്നില്ല.

അനീഷ്യാ:-നിങ്ങൾക്കു വയ്യാ കല്യാണം കഴിക്കാൻ എന്നങ്ങോട്ടു പറയണം. അങ്ങനെതന്നെ ഉറച്ചുനില്ക്കണം.

നിഖിതാ:-മുമ്പു് ഒരുത്തൻ വയ്യെന്നു പറഞ്ഞുനോക്കി. ഗ്രാമജയിലിലിട്ടു് അയാളെ അടിച്ചു ശരിപ്പെടുത്തി. അപ്പോൾ അയാൾ പഠിച്ചു. എനിക്കു് ആ വഴി കഴികില്ല, കേട്ടോ, അതു കുറച്ചു വിഷമമാ.

അനീഷ്യാ:-നേരമ്പോക്കുകൾ മതിയാക്കണം. കേട്ടോ നിഖിതാ, നിങ്ങൾ മരീനായെ കല്യാണം കഴിക്കാൻ

പോകയാണെങ്കിൽ ഞാൻ എന്തുചെയ്യുമെന്ന് എനിക്കറിഞ്ഞുകൂടാ.........ഞാൻ പിന്നെ ജീവിച്ചിരിക്കയില്ല! ഞാൻ പാപം ചെയ്തു, ചട്ടം ലംഘിച്ചു; ഇനി പിന്മാറാൻ സാധ്യമല്ല. നിങ്ങളെന്നെ ഉപേക്ഷിക്കുന്നനിമിഷം ഞാൻ ആത്മഹത്യ ചെയ്യും.

നിഖിതാ:-ഞാൻ നിങ്ങളെ എന്തിനുപേക്ഷിക്കുന്നു! അങ്ങനെ വിചാരമുണ്ടായിരുന്നെങ്കിൽ എത്രയോ മുമ്പേ ഉപേക്ഷിച്ചേനേ. എല്ലാക്കും എന്നോടു വലിയ കാര്യമാണ്. ഇന്നാളൊരിക്കൽ ഐവാൻ സെമിനിച്ച് ഒരു വണ്ടിക്കാരൻെറ പണി എനിക്കു തരാമെന്നു പറഞ്ഞതാ. എത്ര സുഖമായ ജോലി! എന്നിട്ടും ഞാൻ അതു സ്വീകരിച്ചില്ല. നിങ്ങൾ എന്നെ സ്നേഹിക്കുന്നില്ലായിരുന്നെങ്കിൽ വേറൊരുപ്രകാരത്തിലായിരുന്നേനെ എൻ്റെ പ്രവൃത്തി.

അനീഷ്യാ:-ഇത്രമാത്രം ഓൎമ്മിച്ചുകൊണ്ടാൽ മതി: ആ കിഴവൻ ഇന്നോ നാളെയോ എന്ന നിലയിൽ കുഴിയിൽ കാലുംനീട്ടിയിരിക്കുന്നു. ചത്തുകഴിഞ്ഞാൽ നമ്മുടെ പാപങ്ങൾ മറയ്ക്കാം. നിങ്ങളെ കല്യാണം കഴിക്കണമെന്നാണ് എൻെറ ആഗ്രഹം. പിന്നെ നിങ്ങളായിരിക്കും ഈ വീടിൻെറ നായകൻ.

നിഖിതാ:-സങ്കല്പംകൊണ്ടു പ്രയോജനമില്ല്. എനിക്കെന്തോ? എൻെറ സ്വന്തകാര്യംപോലെ ഞാൻ വേല ചെയ്യുന്നു. യജമാനന് എന്നോട്ട് ഇഷ്ടമാണ്. അദ്ദേഹത്തിൻെറ ഭാര്യയ്ക്ക് എന്നോട്ട്—ശരി സ്നേഹമാണ്. സ്ത്രീകൾ എന്നെ സ്നേഹിക്കുന്നെങ്കിൽ അതു് എൻെറ കുററമല്ല, അതു വെറും നിസ്സാരകാര്യം.

അനീഷ്യാ:-നിങ്ങഠം എന്നെ സ്നേഹിക്കുമോ?

നിഖിതാ:-(അനീഷ്യായെ ആശ്ലേഷിച്ചുകൊണ്ടു്) ദേ, ഇങ്ങനെതന്നെ! നിങ്ങഠം എപ്പോഴും എൻെറ ഹൃദയത്തിലുണ്ടു്.

(മെട്രേണാ പ്രവേശിക്കുന്നു. മുറിയുടെ മൂലയ്ക്കു വച്ചിരിക്കുന്ന ദിവ്യപ്രതിരൂപത്തിനുമൻപിൽനിന്നു് കുരിശടയാളം വരയ്ക്കുന്നു. നിഖിതായും അനീഷ്യായും അകന്നു മാറുന്നു.)

(നിഖിതായും മെട്രേണായും)

മെട്രേണാ:-ഓ, ഞാനെന്നാതാ കണ്ടതു്? എന്നാതാ കേട്ടതു്? ഒന്നും കണ്ടുമില്ല, ഒന്നും കേട്ടുമില്ല. കൊച്ചമ്മയുമായിട്ടൊരു വിനോദം. ആട്ടെ, അതിന്നെന്നാതാ? കൊച്ചുകിടാക്കഠംക്കുമുണ്ടു വിനോദം. പിന്നെ നിനക്കു് ആയിക്കൂടേ? നീയാണെങ്കിൽ ഇപ്പോഴും പയ്യൻ. എജ്മാൻ നിന്നെ, കളത്തിൽ തിരക്കുന്നെടാ മോനേ.

നിഖിതാ:-ഞാനിവിടൊരു കോടാലിയെടുക്കാൻ വന്നതാ.

മെട്രേണാ:-തന്നെടാ മോനേ. എന്തരു കോടാലിയാ അതെന്നെനിക്കറിയാം. അത്തരം കോടാലി പെണ്ണുങ്ങടടുത്തു കാണാനാ ഇട.

നിഖിതാ:-(ഒരു കോടാലി കുനിഞ്ഞെടുക്കുന്നു) അമ്മേ, നേരാണോ?—നിങ്ങളെന്നെക്കൊണ്ടു കല്യാണംകഴിപ്പിക്കാൻ പോകയാണോ? എങ്കിൽ അതിനു യാതൊരാവശ്യവും ഇല്ല. എനിക്കിപ്പോഠം കല്യാണം വേണ്ടാ.

മെട്രേണാ:-എൻെറ മോനേ, നിന്നെ എന്നാതിനാ ഞങ്ങഠം പിടിച്ചു പെണ്ണുകെട്ടിക്കുന്നതു്? നിനക്കിപ്പം ന

ല്ലകാലമാ. ഇതൊക്കെ മൂപ്പിലാൻെറ കിറുക്കാ. നീ ചെല്ലുമോനേ, കാര്യമൊക്കെ നേരെയാക്കാം, നീ ഇടപെടണ്ടാ.

നിഖിതാ:-ഇതു വളരെ വിചിത്രമായിരിക്കുന്നു. ആദ്യംപറഞ്ഞു ഞാൻ കെട്ടണമെന്ന്; ഇപ്പോഠം പറയുന്നു വേണ്ടെന്ന്. എനിക്കൊന്നും മനസ്സിലാകുന്നില്ല.

(അനീഷ്യായും മെട്രേണായും)

അനീഷ്യാ:-മാമീ, എന്നോടു നേരുപറയണം, നിഖിതായെക്കൊണ്ടു കല്യാണം കഴിപ്പിക്കുമെന്നോ?

മെട്രേണാ:-എന്നതിനാ കഴിപ്പിക്കുന്നതെൻെറ തങ്കം? ഞങ്ങടെ വീട്ടിലെ മട്ട് അറിഞ്ഞുകൂടായോ? മൂപ്പിലാൻ ഇങ്ങനെ മണ്ടത്തരം പറഞ്ഞുംകൊണ്ടിരിക്കും: "കല്യാണം കഴിപ്പിക്കണം. അവനെക്കൊണ്ടു കല്യാണം കഴിപ്പിക്കണം," അങ്ങേക്ക് ആലോചനയില്ല. കാണം കിടക്കുന്നിടത്തുനിന്നു കുതിര പോവ്വോ? മനുഷ്യൻ കൈയിലിരിക്കുന്ന കൊണം കളഞ്ഞിട്ട് വേറൊന്നിൻെറ പുറകെ പോവ്വോ? അങ്ങനാ ആലോചിച്ചു നോക്കേണ്ടുന്നത്. ഞാൻ കണ്ടില്ലേ, (കണ്ണിറുക്കുന്നു) കാര്യങ്ങടെ പോക്ക്?

അനീഷ്യാ:-നിങ്ങളിൽനിന്ന് ഒളിച്ചുവച്ചിട്ടു ഫലമില്ല മാമീ. എല്ലാം നിങ്ങഠക്കറിയാം, ഞാൻ പാപംചെയ്തു; നിങ്ങളുടെ മകനെ ഞാൻ സ്നേഹിച്ചുപോയി.

മെട്രേണാ:-ദേ കിടക്കുന്നു പുതുമ! മെട്രേണായുണ്ടോ അറിഞ്ഞു! പെണ്ണേ, മെട്രേണാ അടവൊക്കെപ്പഠിച്ച ഒരു കിഴവിയാ. അവഠം ഭൂമീലൊരുവാര താഴെ കുട്ടിക്കാണും. എല്ലാം എനിക്കറിയാം പൊന്നേ! ചെറുപ്പക്കാര

ത്തികൾക്ക് ഉറക്കപ്പൊടി എന്നതിനാണെന്നും എനിക്കറിയാം. (തുവാലയുടെ തുമ്പഴിച്ച് ഒരു പൊതി പുറത്തെടുക്കുന്നു) വേണ്ടുന്നതു ഞാൻ കാണും; വേണ്ടാത്തതു് എനിക്കറിഞ്ഞുകൂടാ, ഒട്ടറിയുകയും വേണ്ടാ, അതാണു പണി. ഈ മെഡേണായും ഒരിക്കൽ ചെറുപ്പമായിരുന്നതാ. എൻെറ കെട്ടിയോൻെറകൂടെ പൊറുക്കാനുള്ള വഴി ഞാനും നോക്കിയതാ, കേട്ടോ. എനിക്ക് എഴുപത്തേഴ് അടവും അറിയാം. നിൻെറ കിഴവൻ തേമ്പിത്തേമ്പി കണ്ടു പറയാനില്ലെന്നായി. ഇനിയും നിൻെറ ജീവിതം എന്തൊരുജീവിതമാ! ഒരു ചില്ലുമുള്ള് അങ്ങേരുടെ അകത്തുകടത്തണം, അതാ വേണ്ടതു്. ചോരവരികില്ല. അടുത്ത പൂക്കാലത്തു് അങ്ങേരെ കുഴിച്ചുമൂടാം. നീ വേറെ ആരെയെങ്കിലും ഭർത്താവായെടുക്കണം. അതിന്നെൻെറ മോൻ കൊള്ളുകില്ലയോ? അവൻ മററാരെക്കാളും മോശമല്ല. എൻെറ മോനെ നല്ല മയമുള്ള ഒരിടത്തുനിന്നു വിളിച്ചോണ്ടുപോയിട്ട് എനിക്ക് എന്നതുകിട്ടാനാ?അവനോടെനിക്കു ശത്രുതയുണ്ടോ?

അനീഷ്യാ:-അയാൾ എന്നെ വിട്ടുപോകാതിരുന്നാൽ മതി.

മെഡേണാ:-അങ്ങനെ പോരുകേല്ലെന്നു്. അതൊക്കെ വെറും പിച്ചു്. മൂപ്പീന്നിനെ അറിഞ്ഞുകൂടേ? അങ്ങേക്ക് ഇപ്പം തലയ്ക്കു നല്ല വെളിവില്ല. എന്നാൽ ചിലപ്പം ചില കാര്യങ്ങൾ തലയിൽ കേറിയാൽ കൂടംകൊണ്ടടിച്ചാലും അവിടന്നു ഇളക്കാനൊക്കുകില്ല.

അനീഷ്യാ:-എങ്ങിനെയാ ഈ ആലോചന ഉണ്ടായതു്?

മെഡേണാ:-അതോ, ഞാൻ പറയാം: നിനക്കുത ന്നെ അറിയാമല്ലോ, ഇവനൊരു പെൺകൊതിയനാ. കാ ഴ്ചയ്ക്കും കൊള്ളാം. ഇവൻ റെയിൽവേയിൽ കുറേനാൾ താമസിച്ചിരുന്നതു് അറിയാമല്ലോ? അന്നു തന്തയും തള്ള യുമില്ലാത്ത ഒരു പെണ്ണിനെ കുശിനിക്കു നിർത്തിയിരുന്നു. അവളിവൻെറ പുറകെ കൂടി.

അനീഷ്യാ:-ആരു്? മരീനായോ?

മെഡേണാ:-അതെ, അവൾതന്നെ. അവൾക്കു കൊ ണംപിടിക്കാതെപോട്ടെ. വല്ല സംഗതീം നടന്നോ ഇല്ല യോ എന്നു ഞങ്ങടെ മൂപ്പീന്നിനു മാത്രമേ അറിയാവൂ. വെറുതെ ആളുകൾ പറഞ്ഞുണ്ടാക്കിയോ, അതോ അ വൾതന്നെ അവനെ ചുററിച്ചോ, ആക്കറിയാം!

അനീഷ്യാ:-എന്തൊരു താന്തോന്നിത്തം!

മെഡേണാ:-മൂപ്പീന്നിക്കഥ കേട്ടപ്പംതൊട്ടു പറയാൻ തുടങ്ങി: "നമുക്കവനെക്കൊണ്ടു കല്യാണം കഴിപ്പിക്കണം; പാപം ഒഴിവാക്കാൻ കല്യാണം കഴിപ്പിക്കണം; അവനെ ഇങ്ങു വീട്ടിൽ വിളിച്ചോണ്ടുവരണം; ഉടനെ അതു നട ത്തണം." ഞാൻ ആവുന്നതു പറഞ്ഞുനോക്കി. ഒരു ഫല വുമില്ല. ഞാനും നിരൂപിച്ചു: "എങ്കിൽ ശരി, വേറൊരു വേല ഞാനും വയ്ക്കും." ഈ പോഴന്മാരെ മേയ്ക്കാൻ പ ടിച്ചിരിക്കണം മോളേ. സമ്മതമാ എന്നു ഭാവിക്കണം, സമയം അടുക്കുമ്പം വേണ്ടുന്നാവഴിയേ കാര്യങ്ങൾ തിരി ക്കണം മങ്കമാനംമുട്ടെപ്പറക്കും; അവൾക്കു് എഴപത്തേ ഴ് അടവു തോന്നും. അതൊക്കെ ഈ ആൺപിറന്നോ ന്മാക്കു് എങ്ങനെ പിടികിട്ടും? ഞാൻ പറഞ്ഞു: "കൊ ള്ളാം, നല്ലപ്ലാനാ. ഇതേപ്പററി ആലോചിക്കണം, ഉടൻ

പോയി അവനെ വിളിക്കണം. പീററർ ഇഗ്നാററിച്ചി നോടും എന്താ വേണ്ടതെന്നു ചോദിക്കാം."—ഇങ്ങനെ യാഞങ്ങളിപ്പം വന്നതു്.

അനീഷ്യാ:-മാമീ, എന്താവഴി? മൂപ്പീന്നു നിർബ ന്ധിച്ചാലോ?

മെട്രേണാ:-നിർഭന്തിച്ചാലോ? നിർഭന്തം കൊണ്ടു പോയി ഒരു പട്ടീടെ വാലിൽ തൂക്കട്ടെ. നീ കൂട്ടാക്കണ്ടാ, അതു നടക്കത്തില്ല. ഞാനിവിടത്തെ മൂപ്പീന്നിനോടും പ റയാൻപോകയാ. അശടെല്ലാം ഞാൻ കളഞ്ഞേക്കാം. അങ്ങനെ ഉറപ്പിക്കാനാ ഞാൻ വന്നതു്. നോക്കണേ, എ ൻെറ മോൻ സന്തോഷമായി ജീവിക്കുന്നു. കൂടുതൽ സ ന്തോഷംവരാനുമിരിക്കുന്നു. അങ്ങനിരിക്കുമ്പം ഞാൻ അവനെക്കൊണ്ടു് ഒരു എന്ധ്യാനിപ്പെണ്ണിനേ കെട്ടിക്കു മോ? എനിക്കത്ര മോളയില്ലിയോ?

അനീഷ്യാ:-അവൾ—ആ മരീനാ—നിഖിതയെക്കാ ണാൻ ഇവിടെയും കേറിവന്നു! നിങ്ങൾ വിശ്വസിക്കുമോ മാമീ? അയാൾ കല്യാണം കഴിക്കാൻ പോകുന്നെന്നു കേ ട്ടപ്പോൾ എൻെറ ഉള്ളിൽ ഒരു പിച്ചാത്തി കുത്തിയിറ ക്കിയതുപോലെ തോന്നി. ഞാൻ വിചാരിച്ചു, അയാൾ അവളോടു സ്നേഹമായിരിക്കുമെന്നു്.

മെട്രേണാ:-ഏയ്, നീ വിചാരിക്കുന്നോ അവനൊ രു മണ്ടനാണെന്നു്? വീടും കൂട്ടമില്ലാത്ത ഒരു തെണ്ടിപ്പെ ണ്ണിനെ സ്നേഹിക്കുന്നോനല്ല നിഖിതാ, അവൻ വിവരമു ള്ളോനാ, ആരെയാ സ്നേഹിക്കേണ്ടുന്നതെന്നവനറിയാം, നീ വിഷമിക്കാതിരി മോളേ. അവൻെറ മരണംവരെ ഞാൻ അവനെ ഈ വീട്ടിൽനിന്നു കൊണ്ടുപോകേല്ല,

അവനെക്കൊണ്ടു വേറെ കല്യാണം കഴിപ്പിക്കേമില്ല. ഞങ്ങൾക്കു കുറച്ചുപണംകൂടി തരണം. അവനെ ഇവിടെത്തന്നെ നിൎത്തിയേക്കാം.

അനീഷ്യാ:-നിഖിത പോയാൽ ഞാൻ മരിക്കും!

മെട്രേണാ:-എനിക്കറിയാം. നീ നന്നേ ചെറുപ്പം. വല്ലാത്ത തലേലെഴുത്തുതന്നെ നിന്റേതു്. നിന്നെപ്പോലെ തരവും നിറവുമൊത്ത ഒരുത്തി ആ മുതുമരപ്പാച്ചിയുടെകൂടെ പൊറുക്കുക—

അനീഷ്യാ:-മാമീ, എന്നെ വിശ്വസിക്കുക. എന്റെ ഭൎത്താവെന്നു പറയുന്ന ആ മുതുനായെനിക്കു ചതുൎത്ഥിയാണു്. അയാളെ ഇനി കാണുകയേ വേണ്ടാ.

മെട്രേണാ:-ശരിയാ. നിന്റെ വധി അങ്ങനത്തതാ. എന്നാലിങ്ങോട്ടുനോക്കു്. (നാലുപാടും കണ്ണോടിച്ചിട്ടു് അടക്കത്തിൽ) ഞാൻ ആ ജിപ്സിയുടെ അടുക്കൽ മരുന്നിനു പോയെന്നു പറഞ്ഞില്ലേ? അയാൾ രണ്ടുതരം പൊടി തന്നു. ദേ, അതിലൊന്നാ ഇതു്. ഇതൊരു ഉറക്കുപൊടിയാന്നായാൾ പറഞ്ഞു. കൊടുത്താൽ കഴിക്കുന്നാൾക്കു് ഉറക്കംവരും. പിന്നയാടെ പുറത്തുടെ സവാരിചെയ്താലും അറികില്ല. ഇനിയുമൊന്നുള്ളതു് കുടിക്കാൻ കൊടുക്കുമ്പോൾ അതിൽ ചേൎത്തു കൊടുക്കാനുള്ള ഒരു വകയാ. അതിനു മണമില്ല; പക്ഷേ, കൊടിയ വീൎയ്യമാണെന്നാ പറഞ്ഞതു്. ഓരോ നുള്ളിട്ടു് ഏഴുതവണ കൊടുത്താൽ വളരെവേഗം ശല്യമൊഴിഞ്ഞുകിട്ടും.

അനീഷ്യാ:-ഓഹോ! അങ്ങനെയോ? എന്താ അതു്?

മെട്രേണാ:-അതൊരടയാളവും ഇട്ടേക്കുകില്ലെന്നു ജിപ്സി പറഞ്ഞു. വില ഒരൊററ റൂബിളാ മേടിച്ചതു്.

അതിൽ കുറച്ചുതരികില്ല, കിട്ടാൻ സൊല്പയുള്ള മരുന്നാ പോലും. എൻെറ പങ്കി, വില ഞാൻ എൻെറ കൈയി ന്നു കൊടുത്തു. നിനക്കിതുകൊണ്ടു് ഉപയോഗമുണ്ടെന്നു ഞാൻ കണ്ടു. വേണ്ടാങ്കിൽ മിഖേലോനായ്ക്കു കൊടു ത്തോളാം.

അനീഷ്യാ:-അയ്യോ, ഇതിൽ വല്ല പൊല്ലാപ്പും കാണും.

മെട്രേണാ:-എന്നാ പൊല്ലാപ്പാ എൻെറ പങ്കി? നിൻെറ കെട്ടിയോനു നല്ല ആവതുണ്ടായിരുന്നെങ്കിൽ കാര്യം വേറെ. എന്നാലയാം ജീവിച്ചിരിക്കുന്നെന്നൊരു പേരേയുള്ളു. ജീവനുള്ളോരുടെ കൂട്ടത്തിൽ അങ്ങേരെ ക ണക്കാക്കിക്കൂടാ. അങ്ങേരെപ്പോലെ വേറെ എത്രയോ പേരുണ്ടു്.

അനീഷ്യാ:-എൻെറ മാമീ, എനിക്കു പേടിയാകു ന്നു. അതു പാപമല്ലേ? കഷ്ടം! ഞാൻ എന്താണാലോ ചിക്കുന്നതു്?

മെട്രേണാ:-എന്നാൽ ഞാൻ മരുന്നു തിരികെ കൊ ണ്ടുപൊയ്ക്കോളാം.

അനീഷ്യാ:-രണ്ടാമത്തെ പൊടി വെള്ളത്തിൽ ക ലക്കണോ?

മെട്രേണാ:-ചായേൽ ചേൎത്തുകൊടുക്കുന്നതാ നല്ല തു്. അങ്ങനെയായാൽ മണം എടുക്കുകില്ല, ആരും കണ്ടു പിടിക്കേമില്ല എന്നു ജിപ്സി പറഞ്ഞു. അയാളൊരു മി ടുക്കനാ.

അനീഷ്യാ:-(പൊടിരണ്ടും കൈയിലെടുത്തിട്ടു്) ക

ഷ്ടം! എൻെറ ജീവിതം ജയിൽവാസത്തിലും കഷ്ടമാണ്, അല്ലെങ്കിൽ ഞാൻ ഇങ്ങനെയുള്ള സാധനങ്ങളൊന്നും തൊടുകില്ല.

മെഡേണാ:-രൂബിളിൻെറ കാര്യം വിട്ടുപോകല്ലേ. മടക്കത്തിന്ന കൊണ്ടുചെന്നു കൊടുക്കാമെന്നു ജിപ്സിയോടു വാക്കുപറഞ്ഞതാ. അയാൾ വല്യ ബുദ്ധിമുട്ടുകാരനുമാണ്.

അനീഷ്യാ:-അതു സാരമില്ല. (ഷെൽഫിൻെറ അടുത്തു ചെന്നു പൊടി ഒളിച്ചുവയ്ക്കുന്നു.)

മെഡേണാ:-എൻെറ പങ്കീ, അതാരും കാണാതെ സൂക്ഷിച്ചുവയ്ക്കണേ. അങ്ങേരു കാണുന്നെങ്കിൽ—ദൈവം അതിന് ഇടവരുത്താതിരിക്കട്ടെ!—പാററയെ കൊല്ലാനുള്ള മരുന്നാന്നു പറഞ്ഞോ. (രൂബിൾ വാങ്ങുന്നു) അതു പാററയെ കൊല്ലാനും കൊള്ളാം.........(പെട്ടെന്നു നിൎത്തുന്നു.)

(ആക്കിം പ്രവേശിച്ചു ദിവ്യപ്രതിരൂപത്തിനുമുമ്പിൽനിന്നു കുരിശുവരയ്ക്കുന്നു. പീററർ പ്രവേശിച്ച് ഇരിക്കുന്നു.)

(മെഡേണായും പീറററും ആക്കിയും)

പീററർ:-എങ്ങിനെയിരിക്കുന്നു കാര്യം?

ആക്കിം:-കുറച്ചു വേണ്ടുകില്ല, പീററർ ഇഗ്നാററിച്ച്, കുറച്ചു വേണ്ടുകില്ല. ഏതു്? കുറച്ചു വേണ്ടുകില്ല. ഞാൻ പേടിച്ചു, വല്ല ഗുലുമാലും പിണഞ്ഞെങ്കിലോ എന്ന്. നമ്മുടെ കൊച്ചനെ ഇനി കാര്യത്തിലേയ്ക്കു കടത്തിവിടണം. ഇവിടെ സമ്മതിച്ചാൽ അതൊപ്പിക്കാം.

പീററർ:-അതിനെന്താ? ഇരിക്കു നമുക്കിരുന്നു വൎത്തമാനം പറയാം. (ആക്കിം ഇരിക്കുന്നു.) അപ്പോൾ

നിങ്ങൾക്കവെനെക്കൊണ്ടു കല്യാണം കഴിപ്പിക്കണം, അല്ലേ?

മെഢേണാ:-കല്യാണം കുറച്ചു കഴിഞ്ഞിട്ടായാലും മതി, പീററർ ഇഗ്നാററിച്ച്. ഞങ്ങടെ പങ്കപ്പാട്ട് ഇവിടെ അറിയാമല്ലോ. അവനെക്കൊണ്ട് ഇപ്പം കല്യാണം കഴിപ്പിച്ചാൽ ഞങ്ങൾക്കുതന്നെ പൊറുതിമുട്ടും. പിന്നെങ്ങനെ കഴിപ്പിക്കും?

പീററർ:-ഏതാ നല്ലതെന്നു നിങ്ങൾതന്നെ തീച്ച്പ്പെടുത്തുവിൻ.

മെഢേണാ:-കല്യാണത്തിനു ധിറുതിയില്ല. അതു കുറച്ചുകഴിഞ്ഞുമതി. അവൾ ആത്തയ്ക്കായും മററുമല്ല ഇങ്ങടന്നുവീഴാൻ.

പീററർ:-അവനെക്കൊണ്ടു കല്യാണം കഴിപ്പിക്കുന്നതുകൊള്ളാം.

ആക്കിം:-ദേഭണ്ട, എനിക്കും അതാ ഇഷ്ടം. എന്താന്നുവെച്ചാൽ എനിക്കു പട്ടണത്തിൽ ചില്ലറപ്പണിയുണ്ട്, ഏതു്? ഒരു നല്ല ജോലി അവിടെ കിട്ടി.

മെഢേണാ:-നല്ല ഒന്നാംതരം ജോലി! ഓടതുപ്പാ. ഇന്നാളൊരുദിവസം ജോലീം കഴിഞ്ഞു വീട്ടിവന്നപ്പം എന്തൊരു നാററം! ഞാൻ ശർദ്ദിച്ചുശർദ്ദിച്ചു കൊടലിങ്ങു പുറത്തുവന്നു, ഹോ!

ആക്കിം:-അതുനേരാ, ആദ്യമൊക്കെ തല തിക്കടിച്ചുപോം അതിൻെറ മുശിടുകേട്ടാൽ. പക്ഷേ, പഴകിയാൽപിന്നെ സാരമില്ല. എനിക്കു പററിയപണിയാ, ഏതു്? എന്നെപ്പോലുള്ളവക്കു നാററം വലിയ കാര്യമല്ല.

ജോലികഴിഞ്ഞു് ഉടുപ്പും മുണ്ടും മാററുതോ?......അതു കൊണ്ടു് നികിതയെ അങ്ങു കൊണ്ടുപോകണം. ഞാൻ ടൗണിൽപോയി അഞ്ചാറുകാശുണ്ടാക്കുമ്പം അവൻ വീട്ടുകാര്യം നോക്കട്ടെ.

പീററർ:-അപ്പോൾ അവനെ വീട്ടിൽവേണം അല്ലേ? ശരി, അങ്ങനെതന്നെ. പക്ഷേ, അവൻ മുൻകൂർ വാങ്ങിയ പണം?

ആക്കിം:-അതുവ്വതുവ്വ്! അതിവിടെ പറയുമ്പോലെ. ഒരുവൻ മറെറാരാളിൻെറ ജോലിക്കു് ഏല്പെട്ടാൽ തന്നെത്താൻ വിററപോലെയാ, ഏതു്? അതങ്ങനെതന്നെ. അവനിവിടെ താമസിച്ചു് വാങ്ങിച്ച പണത്തിനു വേലചെയ്യോട്ടെ. എനിക്കൊരു കാര്യമേയുള്ളു, ഏതു്? അവനെക്കൊണ്ടു കല്യാണം കഴിപ്പിക്കണം. അതുകൊണ്ടു് അവനെ കുറച്ചുദിവസത്തേയ്ക്കു് ഒന്നു് അയച്ചുതരണം.

പീററർ:-ഓഹോ, അങ്ങനെ ചെയ്യാം.

മെട്രേണാ:-കേട്ടോ പീററർ ഇഗ്നാററിച്ചു്?—കല്യാണക്കാര്യം ഇതുവരെ തീർച്ചപ്പെട്ടുത്തീട്ടില്ല. ഇവിടത്തെ അടുക്കൽ ദൈവത്തിൻെറ മുമ്പിലെന്നപോലെ എല്ലാക്കാര്യവും പറയാം. ഒരു തീരുമാനം പറഞ്ഞാട്ടെ. ഇങ്ങേരു കല്യാണം കഴിപ്പിക്കണം, കല്യാണം കഴിപ്പിക്കണം എന്നു പറഞ്ഞോണ്ടിരിക്കയാ. എന്നാൽ ഒന്നു ചോദിച്ചോട്ടെ, ആരെയാ കല്യാണം കഴിക്കേണ്ടതെന്നു്. പെണ്ണു ചൊവ്വുള്ളതായിരുന്നെങ്കിൽ ഞാൻ എതിരു പറയില്ല. പക്ഷേ, ഇതൊരു കണ്ടമാനക്കാരിയാ.

ആക്കിം:-അതൊക്കെ തെററു്. അവളെപ്പററി അ

പവാദം പറയുന്നതു തെററ്. എന്താണെന്നുവെച്ചാൽ എൻെറ മകനാണ് അവളെ ദ്രോഹിച്ചതു്. ഏതു്? അവളെ എൻെറ മകൻ ദ്രോഹിച്ചു.

പീററർ:-എങ്ങനെ?

ആക്കിം:-അതോ? അവളുമായി ഇടപെട്ടിട്ടുണ്ടു്. അവൻ ഇടപെട്ടിട്ടുണ്ടു്.

മെട്രേണാ:-ഒന്നു മതിയാക്കണം. ഞാൻകൂടല്ലം പറഞ്ഞോട്ടെ: കേട്ടോ, ഞങ്ങടെ പയ്യൻ ഇവിടെ വരുന്നതിനു മുമ്പു റയിൽവേയിലായിരുന്നു ജോലി. അവിടെ മരീനായെന്നൊരു പെണ്ണ് ഇവൻെറ പുറകേക്കൂടി. ഒരു കാവൽക്കാരത്തി. അവിടുള്ള ആണുങ്ങൾക്കെല്ലാം കുശിനിപ്പണിയായിരുന്നവൾക്ക്. ഇപ്പോഴവൾ കുററപ്പെടുത്തുന്നു, നിഖിത അവളെ ചതിച്ചെന്നു്.

പീററർ:-അതു ചുള്ളപണി!

മെട്രേണാ:-അവളും അത്ര നേരുള്ളോളല്ല. ആണുങ്ങടെ പുറകേ 'തേവടിയാടി' നടക്കുന്നവളാ.

ആക്കിം:-നീ വീണ്ടും വീൺവാക്കു പറകയാ. എടീ, അങ്ങനൊന്നുമല്ല കഥ. ഏതു്? അങ്ങനൊന്നുമല്ല.

മെട്രേണാ:-ഈ മൂതുക്കനെന്തോന്നറിയാം? എന്തു പറഞ്ഞാലും 'ഏതു്? ഏതു്?' എന്നാതാ പറയുന്നതെന്നു തന്നാത്താൻ അറിഞ്ഞുകൂടാ. പീററർ ഇഗ്നാററിച്ച്, ഞാൻ പറയുന്നതു കാര്യമാക്കണ്ടാ. വേറെ നാലുപേരോട്ട് ഇവളെപ്പററി ചോദിക്കണം. എല്ലാരും ഞാൻ പറഞ്ഞപോലെ പറയും. വീടും കൂട്ടമില്ലാത്ത തെണ്ടിപ്പെണ്ണ്!

പീററർ:-കേട്ടോ ആക്കിം, അങ്ങനെയാണു സംഗതികളുടെ കിടപ്പെങ്കിൽ നിങ്ങളുടെ മകനെക്കൊണ്ടു ക

ല്യാണം കഴിപ്പിക്കുന്നതു പന്തിയല്ല. ഒരു മരുമകളെ ചെരിപ്പുപോലെ ഊരിക്കളയാനൊക്കുകില്ല.

ആക്കിം:-(ക്ഷോഭിച്ചു്) വെറും നുണ! നീ അവളെ ദ്രോഹിക്കയൊ! ഏതു്? അവളൊരു നല്ല പെണ്ണാ. എനിക്ക് അവളെക്കുറിച്ചു കഷ്ടംതോന്നുന്നു.

മെട്രേണാ:-പണ്ടാരാണ്ടു പറഞ്ഞപോലെ, അവനോൻെറ മക്കൾക്കു പട്ടിണി, അന്യോരെക്കുറിച്ചാധി. നിങ്ങൾക്കു കണ്ടപെണ്ണിൻെറപേരിൽ സങ്കടം; സൊന്തം മോനേപ്പററി ഒരു സങ്കടോമില്ല. അത്ര സങ്കടം തോന്നുന്നെങ്കിൽ അവളെ കഴുത്തിൽ കെട്ടിയിട്ടോണ്ടു നടന്നോ! ചുമ്മാ നെറികേടു പറയാണ്ടിരിക്കിൻ!

ആക്കിം:-ഏടീ, ഇതു നെറികേടൊന്നുമല്ല.

മെട്രേണാ:-ഇടയ്ക്കു കേറിപ്പറയാതെ. ഞാൻ പറഞ്ഞുതീരട്ടെ.

ആക്കിം:-(തടഞ്ഞുകൊണ്ടു്)അല്ലെടീ, നെറികേടല്ല. അവളെപ്പററി നീ സംഗതികൾ നിനക്കൊത്തപോലെ മാററിമറിച്ചു പറയുന്നു. ഏതു്? നിനക്കൊത്തപോലെ. പക്ഷേ, ദൈവം അദ്ദേഹത്തിനൊത്തവണ്ണം മാററിമറിക്കും. അറിയാമോ?

മെട്രേണാ:-ഏയ്, നിങ്ങളോടു പറഞ്ഞാൽ വെറുതേ വാ കഴയ്ക്കാമെന്നുമാത്രം.

ആക്കിം:-ആ പെൺകുട്ടി നല്ലപോലെ വേലചെയ്യും. മിടുക്കിയാ. എന്തിനും കൊള്ളിക്കാം.......ഏതു്? പാവപ്പെട്ട നമ്മൾക്കു വേലചെയ്യുന്ന രണ്ടു കൈകൾകൂടി കിട്ടുകയാ. കല്യാണച്ചെലവും കുറഞ്ഞിരിക്കും. എന്നാൽ

പ്രധാനകാൎയ്യം ആ തെററാ. അവളോടു ചെയ്തുപോയ തെററ്. അവഠം തന്തയും തള്ളയുമില്ലാത്തവളാ. അവിടെയാ തെററിൻെറ ഗൗരവം കിടക്കുന്നതു്.

മെഡേണാ:- പെൺപിള്ളർ അങ്ങനൊക്കെ പറയും.

അനീഷ്യാ:-ആക്കിംമാമാ, ഞങ്ങഠം സ്ത്രീകഠം പറയുന്നതു കേഠംക്കണം. ഞങ്ങഠംക്കു കാൎയ്യമറിയാം.

ആക്കിം:- പക്ഷേ, ദൈവത്തെ ഓൎമ്മിക്കണം. അവഠം ഒരു മനുഷ്യജീവിയല്ലേ? ആരുമില്ലെങ്കിൽ അവഠംക്കു ദൈവമുണ്ടു്. അതേപ്പററി എന്തു പറയുന്നു?

മെഡേണാ:-ഓ, വീണ്ടും തെററിയല്ലോ.

പീററർ:-ആക്കിം, ഈ പെൺപിള്ളർ പറയുന്നതും വിശ്വസിച്ചുകൂടാ. നമ്മുടെ പയ്യൻ ഇവിടെയുണ്ടല്ലോ. അവനെ വരുത്തി സത്യാവസ്ഥ ചോദിച്ചറിയണം. അവൻ കളവു പറഞ്ഞു് ആത്മാവിനെ നശിപ്പിക്കാൻ വിചാരിക്കയില്ല. ഇങ്ങോട്ടു വിളിക്കണം അവനെ. (അനീഷ്യാ എഴുനേല്ക്കുന്നു) ചെല്ലു്, അവൻെറ അപ്പൻ ഇവിടെ തിരക്കുന്നെന്നു പറ.

(മെഡേണായും പീററും ആക്കിയും)

മെഡേണാ:-അതു ശരി. അങ്ങു പോംവഴി തെളിച്ചുതന്നു, വെള്ളമൊഴിച്ചു തെളിക്കുമ്പോലെ. അതെ, അവൻതന്നെ പറയട്ടെ. ഇക്കാലത്തു മകനെ പിടിച്ചുകെട്ടി വിവാഹം ചെയ്യിക്കാനൊക്കുകില്ല. ആദ്യമേ അവനോടു തന്നെ ചോദിക്കണം. അവൻ ഏതായാലും ഈ പെണ്ണിനെക്കെട്ടി നാണക്കേടേല്ക്കാൻ സമ്മതിക്കയില്ല. എൻെറ

മനസ്സിരുപ്പു പറയാം: അവൻ ഇവിടെത്തന്നെനിന്നു് അ ങ്ങെയുള്ള ജോലിചെയ്യട്ടെ. വേനൽക്കാലത്തും ഞങ്ങൾക്കു് അവനെ വീട്ടിൽ വേണ്ടാ. വേറെ ആരെയെങ്കിലും ശമ്പ ളത്തിനെടുത്തോളാം. ഞങ്ങൾക്കിപ്പോഴൊരു പത്തു റൂ ബിൾ തരാമെന്നുണ്ടെങ്കിൽ അവനെ ഇവിടെ നിത്തി യേക്കാം.

പീററർ:-അതേപ്പററി പിന്നീടു പറയാം. പറഞ്ഞു വന്ന കാൎയ്യം തീരട്ടെ. ഒന്നു നിന്നിട്ടു മററൊന്നു്.

ആക്കിം:-ഞാനിങ്ങനെ പറയുന്നതു് എന്തുകൊണ്ടാ ന്നറിഞ്ഞോ പീററർ ഇഗ്നാററിച്ച്? ഓരോ അനുഭവം കൊണ്ടാ. ഏതു്? നമ്മൾ ദൈവത്തെ മറന്നിട്ടു തന്ന ത്താൻ നന്നാകാൻ നോക്കുന്നു. നന്നായിരിക്കും അനുഭവം എന്നു വിചാരിക്കുന്നു. അങ്ങനെയിരിക്കുമ്പോൾ കാണാം ഓരോ ആപത്തു തലയിൽ വന്നു വീഴുന്നതു്. ഏതു്? ഗുണമെന്നു നാം വിചാരിക്കുന്നതു ദോഷമായിട്ടാ വന്നു കൂടുക. എന്തുകൊണ്ടു്?

പീററർ:- അതങ്ങനെതന്നെ. എപ്പോഴും ദൈവ ത്തെ ഓൎമ്മിക്കണം.

ആക്കിം:-അല്ലെങ്കിൽ ദോഷമാ. ദൈവത്തിന്റെ ഇഷ്ടപ്രകാരം പ്രവൎത്തിച്ചാൽ എങ്ങനെയായാലും നമുക്കു സന്തോഷമേ വരൂ. അങ്ങനെയാ നാം പ്രവൎത്തിക്കേണ്ട തു്. അതുകൊണ്ടു ഞാൻ നിരൂപിച്ചു: അവനെക്കൊണ്ടു കല്യാണം കഴിപ്പിക്കണം. ഏതു്? അവനെ പാപത്തിൽ നിന്നു രക്ഷിക്കണം എന്നു്. അവൻ വീട്ടിൽ താമസി ക്കട്ടെ. ഞാൻ പട്ടണത്തിൽ ജോലിനോക്കാം. ജോലികൊ ള്ളാവുന്നതാ— ആദായം കിട്ടും. ദൈവമുമ്പാകെ അതാ

ഏററവും നല്ലതു്. ആരുമാരുമില്ലാത്ത പെണ്ണു്! ഒരു ദൃഷ്ടാന്തം പറയാം: കഴിഞ്ഞകൊല്ലം കുറേപ്പേർകൂടി ഡിപ്പോവിൽനിന്നു തടി മോഷ്ടിച്ചു—ഒരു പണി! അവർ വിചാരിച്ചു ഡിപ്പോക്കാരനെ പററിക്കാമെന്നു്. അയാളെ പററിക്കയും ചെയ്തു. എന്നാൽ ദൈവത്തെ പററിക്കാനൊത്തില്ല. ഏതു്? അതങ്ങനെയാ.

(മെഴ്സേണാ, പീററർ, ആക്കിം, നിഖിതാ, അന്യൂതാ)

നിഖിതാ:-എന്നെ വിളിച്ചോ? (ഇരുന്നു പുകയിലസ്സഞ്ചി പുറത്തെടുക്കുന്നു.)

പീററർ:-എടാ, നിനക്കു മര്യാദയില്ലേ? നിൻെറ അപ്പൻ നിന്നോടു സംസാരിക്കാൻ തുടങ്ങുന്നു. അപ്പോൾ നീ പുകയിലസ്സഞ്ചി അഴിക്കുന്നു. എഴുന്നേരെടാ അവിടന്നു്.

(നിഖിതാ എഴുന്നേററു മേശപ്പുറത്തു കൈമുട്ടുകൾ ഊന്നി അലക്ഷ്യമായി ചാരിനിന്നു പുഞ്ചിരിക്കുന്നു.)

ആക്കിം:-നിന്നെപ്പററി ഒരു പരാതിയുണ്ടെടാ—ഒരു പരാതി.

നിഖിതാ:-ആരാ പരാതിപ്പെടുന്നതു്?

ആക്കിം:-അതോ? ഒരു പെണ്ണു്,—തന്തയും തള്ളയുമില്ലാത്ത ഒരു പെണ്ണു്. അവൾ,—ആ മരീനായാ പരാതിപ്പെടുന്നതു്.

നിഖിതാ:-(ചിരിക്കുന്നു) അതുകൊള്ളാം. എന്താ പരാതി? ആരാ പറഞ്ഞതു്? അവൾതന്നെയോ?

ആക്കിം:-ഞാൻ ചോദിക്കുന്നു. നീ മറുപടിപറയണം. നീ അവളുമായി ഇടപെട്ടിട്ടുണ്ടോ? ഏതു്? നീ ഇടപെട്ടിട്ടുണ്ടോ?

നിഖിതാ:-എന്താ ഇപ്പറയുന്നതെന്ന് എനിക്കു മനസ്സിലാകുന്നില്ല.

ആക്കിം:-നീ അവളുമായി വല്ല കളിവിനോദത്തിലും ഏർപ്പെട്ടിട്ടുണ്ടോ?

നിഖിതാ:-പിന്നില്ലേ? ചില നേരമ്പോക്കുകൾ ഉണ്ടായിട്ടുണ്ട്. ഒരാൾ വാവീണമീട്ടും; അവൾ ഡാൻസു ചെയ്യും.

പീററർ:-ഒന്നും മറയ്ക്കരുതു നിഖിതാ, നിൻെറ അപ്പനോടു നേരുപറയണം.

ആക്കിം:-(ഭയത്തോടെ) മനുഷ്യരെ ഒളിക്കാം. ദൈവത്തെ ഒളിക്കാനൊക്കുകില്ല നിഖിതാ, നീ ആലോചിച്ചുനോക്ക്. എന്നോടു കള്ളം പറയാതിരി! തന്തയും തള്ളയുമില്ലാത്ത പെണ്ണാ. ഏതു്? അവളെ ആൎക്കും അവമാനിക്കാനൊക്കും. അനാഥയാ. അതുകൊണ്ടു നേരുമാത്രമേ പറയാവൂ.

നിഖിതാ:-പക്ഷേ, പറയാനൊന്നുമില്ലെങ്കിലോ! ഉള്ളതൊക്കെ ഞാൻ പറഞ്ഞു. എന്തെന്നാൽ, ഒന്നുമില്ല വിശേഷിച്ചു്. (ക്ഷോഭിച്ചു്) അവൾ നടന്നു് എന്നെക്കുറിച്ചു് എന്തും പുലമ്പട്ടെ. മരിച്ച ഒരുവനെപ്പററി പറയുമ്പോലിരിക്കും. ഫെഡ്കാ മികിഷ്കിനെക്കുറിച്ചു് എന്തെല്ലാമാ അവൾ പറഞ്ഞുപരത്തിയതു്! ഇക്കാലത്തു തമാശകളൊന്നും പാടില്ല! അവൾ ഇഷ്ടംപോലെ പറയട്ടെ!

ആക്കിം:-എടാ നിഖിതാ, നേരറിയണം. എന്തെങ്കിലും നടന്നിട്ടുണ്ടോ?

നിഖിതാ:-(സ്വഗതം) എന്നെ വല്ലാതെ ഞെരുക്കു ന്നല്ലോ. അതു നല്ലതല്ല. (ആക്കിമിനോട്ട്) ഒന്നും നട ന്നിട്ടില്ല. ഞാനും അവളുമായി ഒരിടപാടും ഉണ്ടായിട്ടില്ല. (കോപിച്ച്) ദൈവം സാക്ഷിയായി പറകയാണു്. എ ന്തെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ ഞാൻ ഇവിടെത്തന്നെ മരിച്ചുവീഴട്ടെ! (കുരിശു വരയ്ക്കുന്നു.) എനിക്കു യാതൊരു അറിവുമില്ല. (നിശ്ശബ്ദത. നിഖിതാ കൂടുതൽ ക്ഷോഭിച്ചു തുടരുന്നു ) അവളെ എന്നെക്കൊണ്ടു് കെട്ടിച്ചുകളയാമെ ന്നോ? അതു കുറെ കടന്നകൈയാണു്. ഈ കാലത്തു് ഒരു വനെ ഹേമിച്ചു വിവാഹം ചെയ്യിക്കാൻ ആക്കും അവ കാശമില്ല, തീർച്ച. ഞാൻ ആണയിട്ടു പറഞ്ഞല്ലോ; എ നിക്കു് അതേപ്പററി ഒന്നും അറിഞ്ഞുകൂടാ.

മെട്രേണാ:-(ഭർത്താവിനോട്ട്)ദേ, കണ്ടോ? നിങ്ങടെ മണ്ടത്തരംകൊണ്ടു വല്ലോരും പറയുന്നതൊക്കെ അപ്പാ ടെ വിശ്വസിക്കും. അവനെ വെറുതെ പഴിപറഞ്ഞു നാ ണംകെടുത്തി. അവൻ എജമാനൻെറകൂടെ ഇപ്പോഴ ത്തെപ്പോലെ കഴിയട്ടെ. അദ്ദേഹം തല്ക്കാലമൊരു പത്തു രൂബിൾ തന്നു സഹായിക്കണം. സമയം വരുമ്പോൾ—

പീററർ:-എന്തു നിശ്ചയിച്ചു, ആക്കിം?

ആക്കിം:-(മകൻ പറഞ്ഞതു പിടിക്കാത്തമട്ടിൽ നാ വു ചലിപ്പിച്ചുകൊണ്ടു് അവനെ നോക്കുന്നു.) നിഖിതാ, നീ ഓമ്മിക്കണം. ദ്രോഹിക്കപ്പെട്ട പെണ്ണിൻെറ കണ്ണു നീർ ഒരിക്കലും സ്ഥാനം തെററി വീഴുകില്ല. ഏതു്? എ പ്പോഴും അതു ദ്രോഹിച്ചവൻെറ തലയിൽ തന്നെ പതി ക്കും. അതുകൊണ്ടു് കരുതിക്കോ ഭവിഷ്യത്തു്.

നിഖിതാ:-(ഇരിക്കുന്നു) എന്തോന്നു കരുതാനാ? തന്നോത്താൻ കരുതിക്കൊണ്ടാൽ മതി.

അന്ന്യൂതാ:-ഞാൻ ചെന്നു് അമ്മയോടു പറയട്ടെ. (പോകുന്നു.)

(പീററർ, ആക്കിം, മെഡേണാ, നിഖിതാ.)

മെഡേണാ:- (പീററരോടു്) ഇങ്ങേരുടെ മട്ടു് എപ്പോഴും ഇങ്ങനെതന്നെയാ പീററർ ഇഗ്നാററിച്ച്. ഏടാക്കൂടങ്ങൾ പറഞ്ഞുണ്ടാക്കും. ഇങ്ങേരുടെ മണ്ടയിൽ എന്തെങ്കിലും കടന്നുകൂടിയാൽ അവിടന്നു് ഇളക്കാൻ സാദ്ധ്യമല്ല. വെറുതെയാണു് അങ്ങയെ ഉപദ്രവിച്ചതു്. പയ്യനു പഴയപടി ഇവിടെ താമസിക്കാം. അവനെ ഇവിടെ നിത്തിക്കൊള്ളണം. അങ്ങയുടെ ഭൃത്യനാ അവൻ.

പീററർ:- ആക്കിം എന്തുപറയുന്നു?

ആക്കിം:- ഞാനെന്തുപറയാൻ? അവൻതന്നെ അവൻെറ നായകൻ—അധമ്മത്തെപ്പേടിച്ചു ഞാൻ എൻെറ ആഗ്രഹം പറഞ്ഞു.

മെഡേണാ:- നിങ്ങളെന്താ പുലമ്പുന്നതെന്നു നിങ്ങൾക്കുതന്നെ വിവരമില്ല. അവനിവിടന്നു പോരാൻ മനസ്സില്ല. അതുതന്നെയോ? അവനെ ഇപ്പോൾ വീട്ടിൽ കൊണ്ടുപോയിട്ടു് എന്തെടുക്കാനാ? അവനില്ലെങ്കിലും അവിടെ കാൎയ്യങ്ങൾ നടക്കും.

പീററർ:- ആക്കിം, ഒരു കാൎയ്യം പറഞ്ഞേക്കാം. വേനല്ക്കാലം വരുമ്പോൾ നിഖിതായെ കൊണ്ടുപോകാനാണുദ്ദേശിക്കുന്നതെങ്കിൽ അവനെ മഴക്കാലത്തും ഇവിടെ വേണ്ടാ. ഇവിടെ താമസിക്കുന്നെങ്കിൽ ഒരു കൊല്ലം മുഴുവൻ താമസിക്കണം.

മെഡേണാ:- അതിനും അവൻ കരാർ ചെയ്യും. ഉഴവുകാലത്തു വേണ്ടിവന്നാൽ ഞങ്ങൾ കൂലിക്കു വേറെ ആളിനെ എടുത്തോളാം. അവനിവിടെത്തന്നെ നില്ക്കട്ടെ. ഇപ്പോൾ ഞങ്ങൾക്കു പത്തു റൂബിൾ തന്നാൽ മതി.

പീററർ:- അപ്പോൾ അടുത്ത ഒരുകൊല്ലത്തേയ്ക്കു കൂടെന്നോ?

ആക്കിം:- (നിശ്വാസത്തോടെ) ഉവ്വ്, എന്നാ തോന്നുന്നു. അങ്ങനെയായിരിക്കും.

മെഡേണാ:- വിശുദ്ധഡിമിട്രിയുടെ പെരുന്നാൾ മുതൽ ഒരു കൊല്ലത്തേയ്ക്ക്. അവിടന്ന് അവനു നല്ല ശമ്പളം കൊടുക്കുമെന്നറിയാം. പക്ഷെ, ഞങ്ങളുടെ ഇപ്പോഴത്തെ ബുദ്ധിമുട്ടിന് ഒരു പത്തു റൂബിൾ തന്നു സഹായിക്കണം. (എഴുന്നേററു നമിക്കുന്നു.)

(അന്യൂതായോടൊന്നിച്ച് അനീഷ്യാ പ്രവേശിച്ച് ഒരുവശത്തുമാറി ഇരിക്കുന്നു.)

(നിഖിതാ, മെഡേണാ, പീററർ, ആക്കിം, അന്യൂതാ, അനീഷ്യാ.)

പീററർ:- ശരി, അങ്ങനെ തീരുമാനിച്ചെങ്കിൽ നമുക്കു തവാൺനയിൽ പോയി അല്പം വോഡ്കാ കുടിക്കാം. വരണം ആക്കിം.

ആക്കിം:- വേണ്ടാ, അങ്ങനത്തെ വകയൊന്നും എനിക്കു വേണ്ടാ.

പീററർ:- എങ്കിൽ തേയിലയായാലോ?

ആക്കിം:- തേയില ഞാൻ കുടിക്കും. ആ പാപം ഞാൻ ചെയ്യും. ആ സാധനം എനിക്കു വേണം.

പീററർ:- സ്ത്രീകളുംകൂടെ വരട്ടെ, കുറച്ചു ചായ കുടി

ക്കാൻ. നിഖിതാ, നീ പോയി ആടിനെ നോക്ക്. അവ റററയെ കണ്ടമാനം ഓടിക്കരുതു്. വയ്ക്കോൽ വാരി ഒരിട ത്തിടണം.

നിഖിതാ:- അങ്ങനെതന്നെ.

(നിഖിതാ ഒഴികെ എല്ലാവരും പോകുന്നു. ഇരുട്ടായി വരുന്നു.)

(നിഖിതാ തനിയെ.)

നിഖിതാ:- (ഒരു സിഗററു കത്തിക്കുന്നു.) നോക്ക ണേ ഒരു ശല്യം. പെണ്ണുങ്ങളുമായി നടന്ന എൻെറ ചെ യ്തികളെല്ലാം അവരോടു പറയണംപോലും! അതൊക്കെ പറഞ്ഞുതുടങ്ങിയാൽ കഥകൾ നീണ്ടുനീണ്ടു പോകും. ഞാൻ കല്യാണം കഴിക്കണമെന്നു്! അവരെയെല്ലാമോ? അപ്പോൾ ഒരാൾക്ക് എത്രയെത്ര ഭാര്യമാർ! ഞാൻ ക ല്യാണം കഴിക്കേണ്ട ആവശ്യം? കല്യാണം കഴിച്ചപോ ലെയാണു ഞാനിപ്പോൾ! പല ചെറുപ്പക്കാരും എന്നോ ട് അസൂയപ്പെടുന്നു. ആരോ ഉന്തി അയച്ചപോലെ വി ശുദ്ധവിഗ്രഹത്തിൻെറ മുമ്പിൽ നിന്നു കുരിശു വരച്ച് ആണയിടാൻ എനിക്കു തോന്നിയതു ഭാഗ്യമായി. അ തോടേ സകല കുരുക്കും തീൻറു. ആളുകൾ പറയും കള്ള സ്സത്യം ചെയ്യുന്നതു കഷ്ടമാണെന്നു്. ഒക്കെ ശുദ്ധ അസം ബന്ധം. എന്തൊന്നു കഷ്ടം? വെറുംവാക്കുകൾ. വളരെ നിസ്സാരം.

(നിഖിതായും അകുലീനായും.)

അകുലീനാ:- (കയ്യിൽ ഒരു കയറുമായി പ്രവേശി ക്കുന്നു. കയർ താഴെ വച്ചിട്ടു പുറംകുപ്പായം മാററുന്നു,

സ്റ്റോർമുറിയിലേയ്ക്കു കടക്കുന്നു.) ഇവിടൊരു വിളക്കു വേണമല്ലോ.

നിഖിതാ:- എന്തിന്? നിന്നെ നോക്കാനോ? വിളക്കില്ലാതെതന്നെ എനിക്കു നിന്നെ കാണാം.

അകുലീനാ:- തൻെറ തല!

(നിഖിതാ, അകുലീനാ, അന്യൂതാ.)

അന്യൂതാ:- (ഓടിക്കേറി നിഖിതായോടു മന്ത്രിക്കുന്നു.) നിഖിതാ, ഒരാൾ കാണാൻ വന്നു നില്ക്കുന്നു.

നിഖിതാ:- ഏതാള്?

അന്യൂതാ:- റയിൽവേയിൽനിന്നും മരീനാ. അവർ പുറത്തു മൂലയ്ക്കു നില്പുണ്ട്.

നിഖിതാ:- കള്ളം!

അന്യൂതാ:- നേര്!

നിഖിതാ:- അവൾക്കെന്താ വേണ്ടതു്?

അന്യൂതാ:- എനിക്കറിഞ്ഞുകൂടാ. ചോദിച്ചിട്ടു പറഞ്ഞില്ല. അങ്ങോട്ടു ചെല്ലണം. ഏതാണ്ടു പറയാനാ. അവർ ചോദിച്ചു: "നിഖിതാ ഇവിടന്നു പോകുന്നെന്നു കേട്ടു. നേരാണോ?" ഞാൻ പറഞ്ഞു: "പോകുന്നില്ല. ഒരു കൊല്ലംകൂടെ ഇവിടെ താമസിക്കയാ. കൊണ്ടുപോകണമെന്നും കല്യാണം കഴിപ്പിക്കണമെന്നും അങ്ങേരുടെ അപ്പനു നിർബന്ധമായിരുന്നു. പക്ഷേ, അങ്ങേക്കു മനസ്സില്ല." അപ്പോൾ അവർ പറകയാ: "ദൈവത്തെ ഓർത്തു് അയാളിങ്ങോട്ടൊന്നു വരാൻ പറയണം. എനിക്കു കണ്ടു് ഒരു വാക്കു സംസാരിക്കാനുണ്ടു്." ഏറെ നേരമായിട്ടേ അവർ കാത്തുനില്ക്കുന്നു. അങ്ങോട്ടു ചെല്ലണം.

നിഖിതാ:- അവൾ പോയി തുലയട്ടെ. ഞാനെന്തിന പോകുന്നു?

അന്നൂതാ:- അങ്ങോട്ടു ചെന്നില്ലെങ്കിൽ അവൾ തീച്ച്യയായും ഇങ്ങോട്ടു വരുമെന്നു പറഞ്ഞു.

നിഖിതാ:- അതില്ല. കുറച്ചുനേരം നോക്കിനിന്നിട്ട് അവളുടെ പാട്ടിന്നു പോകും.

അന്നൂതാ:- "അയാളെക്കൊണ്ട് അകുലീനായെ കെട്ടിക്കുന്നോ?" ഇതുംകൂടി അവർ ചോദിച്ചു.

(അകുലീനാ ഏതോ തുന്നൽവേല ചെയ്തുകൊണ്ടു നിഖിതായുടെ അടുത്തു ചെല്ലുന്നു.)

അകുലീനാ:- ആരെക്കൊണ്ട് അകുലീനായെ കെട്ടിക്കുന്നോന്ന്?

അന്നൂതാ:- നിഖിതായെക്കൊണ്ട്.

അകുലീനാ:- നേരോ? ആരുപറഞ്ഞു ഇങ്ങനെ?

നിഖിതാ:-ആളുകളുടെ ഇടയിൽ ഇങ്ങനെ സംസാരമുണ്ട്. (അവളെ നോക്കി ചിരിക്കുന്നു.) ആകട്ടെ, നീ എന്നെ കല്യാണം കഴിക്കുമോ?

അകുലീനാ:- നിങ്ങളെയോ? മുമ്പായിരുന്നെങ്കിൽ പക്ഷേ കഴിക്കുമായിരുന്നു. ഇപ്പോൾ വയ്യാ.

നിഖിതാ:- ഇപ്പോൾ എന്തുകൊണ്ടു വയ്യാ?

അകുലീനാ:- നിങ്ങളെന്നെ സ്നേഹിക്കയില്ല.

നിഖിതാ:- കാരണം?

അകുലീനാ:-അവർ സമ്മതിക്കുകില്ല. (ചിരിക്കുന്നു.)

നിഖിതാ:- ആര്?

അകുലീനാ:- ആരെന്നോ? ചിററമ്മ. അവക്ക് എപ്പോഴും ശകാരവും സൂക്ഷ്മവുമേയുള്ളു.

നിഖിതാ:- (ചിരിച്ചുകൊണ്ട്) എടീ കേമീ! നിൻെറ കണ്ണു വല്ലാത്ത കണ്ണുതന്നെ!

അകുലീനാ:- എൻെറയോ? പിന്നെ എനിക്കു കണ്ണു കണ്ടുകൂടേ? ഞാൻ പൊട്ടക്കണ്ണിയാണോ? അവർ അപ്പനെ ഇന്ന് ആകാശംമുട്ടെ ശകാരിച്ചു. മൂധേവി! (സ്റ്റോർമുറിയിലേയ്ക്കു പോകുന്നു.)

അന്യൂതാ:- (ജനാലയിൽകൂടി പുറത്തേയ്ക്കു നോക്കിക്കൊണ്ട്) നിഖിതാ, ദേ നോക്ക്! അവർ വരുന്നു. ഞാൻ പോയേക്കാം. (പോകുന്നു.)

(നിഖിതാ, അകുലീനാ, മരീനാ.)

മരീനാ:- (സ്റ്റോർമുറിയിൽനിന്നു പ്രവേശിച്ച്) ഇതെന്താ നിങ്ങളെന്നോടു ചെയ്യുന്നത്?

നിഖിതാ:- ചെയ്യുന്നോ? ഞാനൊന്നും ചെയ്യുന്നില്ല.

മരീനാ:- നിങ്ങളെന്നെ ഉപേക്ഷിക്കാൻ ഭാവിക്കയാണോ?

നിഖിതാ:- (കോപിച്ച് എഴുനേററ്) നീ ഇവിടെ കേറിവന്നതെന്തുമര്യാദ?

മരീനാ:- നിഖിതാ!

നിഖിതാ:- വിശേഷപ്പെട്ട ജാതി!......നീ എന്തിനിവിടെവന്നു?

മരീനാ:-നിഖിതാ!

നിഖിതാ:-അങ്ങനെതന്നെയാ എൻെറ പേര്. എ

ണ്ടുവേണം നിഖിതാ? വേഗം ഇറങ്ങിപ്പോകാനാ ഞാൻ പറയുന്നതു്.

മരീനാ:-എനിക്കു മനസ്സിലായി. നിങ്ങൾക്കെന്നെ ഉപേക്ഷിക്കണം, എന്നെ മറക്കണം.

നിഖിതാ:-ഞാൻ നിന്നെ ഓർമ്മിക്കേണ്ട കാര്യം? നിനക്കുതന്നെ അറിഞ്ഞുകൂടാ. നീ അവിടെ മൂലയ്ക്കുനിന്നു കൊണ്ടു് അന്ന്യൂതായെ പറഞ്ഞയച്ചു. ഞാൻ വന്നില്ല. അപ്പോൾ മനസ്സിലായില്ലേ, എനിക്കു നിന്നെ ആവശ്യമില്ലെന്നു്? ഇവിടന്നു പൊയ്ക്കോ ഇറങ്ങി.

മരീനാ:-ആവശ്യമില്ല! ഇപ്പോൾ എന്നെ ആവശ്യമില്ല! നിങ്ങൾ എന്നെ സ്നേഹിക്കുന്നെന്നു പറഞ്ഞപ്പോൾ ഞാൻ വിശ്വസിച്ചു. നിങ്ങൾക്കു വിധേയയായി. നിങ്ങൾ എന്നെ നശിപ്പിച്ചു. ഇപ്പോൾ ഞാൻ വേണ്ടാത്തവളായി!

നിഖിതാ:-എന്തിനധികം പറയുന്നു? ഈ പറച്ചിൽകൊണ്ടൊന്നും ഒരു കൃതവുമില്ല. നീ എൻെറ അപ്പനോടും വേണ്ടാത്തതൊക്കെ പറഞ്ഞുകേൾപ്പിച്ചില്ലേ? നീ ഇവിടന്നു പോകണം, പോകുന്നുണ്ടോ?

മരീനാ:-ഞാൻ മററാരെയും സ്നേഹിച്ചിട്ടില്ലെന്നു നിങ്ങൾക്കുതന്നെ അറിയാം. നിങ്ങൾ എന്നെ വിവാഹം ചെയ്താലും ഇല്ലെങ്കിലും എനിക്കു വിരോധമില്ല. ഞാൻ നിങ്ങളോടു് ഒരു തെററും ചെയ്തിട്ടില്ലല്ലോ. പിന്നെ എന്തുകൊണ്ടാണു് എന്നെ ഉപേക്ഷിക്കുന്നതു്? പറയൂ, എന്തുകൊണ്ടാണു്?

നിഖിതാ:-ചന്ദ്രനെ നോക്കി പട്ടി കുരച്ചാൽ വല്ല

ഫലവുമുണ്ടോ? ദൈവത്തെ ഓൎത്ത് നീ പോ. ഇതെന്ത നത്ഥം!

മരീനാ:-വിവാഹം ചെയ്തുകൊള്ളാമെന്നു പറഞ്ഞ് എന്നെ വഞ്ചിച്ചതല്ല, എന്നെ സ്നേഹിക്കാതെവന്നിരിക്കുന്നതാണു സങ്കടം. എന്നെ സ്നേഹിക്കാത്തതുമല്ല, വേറൊരുവൾക്കുവേണ്ടി എന്നെ ഉപേക്ഷിക്കുന്നതാണു സങ്കടം എനിക്കറിയാം ആളിനെ.

നിഖിതാ:- (അവളുടെ നേരെ കോപിച്ചുംകൊണ്ടു) നിന്നെപ്പോലുള്ളവരോടു പറഞ്ഞിട്ടു വിശേഷമില്ല. കാൎയ്യം മനസ്സിലാവുകില്ല. വേഗം പൊയ്ക്കോ. അല്ലെങ്കിൽ വേണ്ടാത്തതുവല്ലതും ഞാൻ പ്രവൎത്തിച്ചുപോകും.

മരീനാ:-എന്ത്? നിങ്ങളെന്നെ അടിക്കുമായിരിക്കും? എന്നാലാകട്ടെ, നടക്കട്ടെ. എന്തിനു പിന്മാറുന്നു? ഏ, നിഖിതാ!

നിഖിതാ:-വല്ലവരും ഇങ്ങോട്ടു കേറിവന്നാൽ എന്തു മോശം! എന്തിനു വെറുതേനിന്നു സംസാരിക്കുന്നു?

മരീനാ:-അപ്പോൾ അവസാനം ഇങ്ങനെയായി! കഴിഞ്ഞതൊക്കെ കഴിഞ്ഞു. ഞാൻ എല്ലാം മറക്കണം അല്ലേ? നിഖിതാ, ഒന്നോൎമ്മിക്കണം: ഞാൻ എന്റെ മാനം കണ്മണിപോലെ കാത്തുസൂക്ഷിച്ചിരുന്നു. നിങ്ങൾ എന്നെ വഞ്ചിച്ചു, നശിപ്പിച്ചു. അച്ഛനും അമ്മയും ഇല്ലാത്ത ഒരുവളോടു നിങ്ങൾക്ക് അനുകമ്പയില്ലേ? (കരയുന്നു) നിങ്ങൾ എന്നെ ഉപേക്ഷിച്ചു, എന്നെ കൊന്നു. എന്നാൽ എനിക്കു നിങ്ങളോടു പകയില്ല. ദൈവം നിങ്ങൾക്കു മാപ്പുതരട്ടെ! എന്നെക്കാൾ കൊള്ളാവുന്ന ഒരു

വളെയാണ് നിങ്ങൾക്കു കിട്ടുന്നതെങ്കിൽ നിങ്ങളെന്നെ മറക്കും. അല്ലാത്തപക്ഷം ഓർമ്മിക്കും. ഉവ്വ്, നിങ്ങളെന്നെ ഓർമ്മിക്കും, നിഖിതാ, ഞാൻ പോകണമെന്നാണെങ്കിൽ, നമസ്കാരം! ഞാൻ നിങ്ങളെ എത്ര അകമഴിഞ്ഞു സ്നേഹിച്ചിരുന്നു! ഇതാ ഞാൻ അവസാനമായി യാത്ര പറയുന്നു, നമസ്കാരം! (നിഖിതായെ ആശ്ലേഷിക്കാൻ ഭാവിക്കുന്നു.)

നിഖിതാ:-(കുതറി മാറുന്നു) നിന്നോടു സംസാരിക്കാൻ ഞാൻ തയ്യാറില്ല. നീ പോകില്ലെങ്കിൽ ഇവിടെ നിന്നോ. ഞാൻ പോകയാ.

മരീനാ:-(കരയുന്നു)നിങ്ങളൊരു മൃഗമാണ്. (വാതില്ക്കൽ നിന്നുകൊണ്ട്) ദൈവം നിങ്ങൾക്ക് ഒരു സുഖവും തരികില്ല. (കരഞ്ഞുകൊണ്ട് ഇറങ്ങിപ്പോകുന്നു.)

(നിഖിതായും അകുലീനായും)

അകുലീനാ:-(സ്റ്റോർമുറിയിൽനിന്നും ഇറങ്ങിവന്ന്) താനൊരു പട്ടിയാ നിഖിതാ.

നിഖിതാ:-ഉം?

അകുലീനാ:-അവൾ എങ്ങനെ കരഞ്ഞുംകൊണ്ടാ പോയത്? (കരയുന്നു.)

നിഖിതാ:-നിനക്കെന്തുപററി?

അകുലീനാ:-എന്തെന്നോ? നിങ്ങൾ അവളോട് അപരാധം പ്രവർത്തിച്ചു. എന്നോടും ഇങ്ങനെതന്നെയായി

രിക്കും ചെയ്യുക. നിങ്ങൾ ഒരു പട്ടിയാണ്. (സ്റ്റോർമറിയിലേയ്ക്കു വലിയുന്നു.)

(നിഖിതാ തനിയെ)

നിഖിതാ:-(ഒരു നീണ്ട മൗനത്തിനുശേഷം) ഇതൊരു വിഷമപ്രശ്നംതന്നെ. ഈ പെണ്ണുങ്ങളോട് എനിക്കു വലിയ പ്രിയമാണ്. പക്ഷേ, അവരുമായി ഇടപെട്ടോ—തുടങ്ങി കുഴപ്പം!

(കർട്ടൻ)

# അങ്കം രണ്ട്

(ഒരു ഗ്രാമത്തെരുവ്. ഇടതുവശത്ത്, നടുക്കു പൂമുഖവും പൂമുഖത്തിൻെറ ഇരുപാൾശ്വങ്ങളിലുമായി താമസിക്കാനുള്ള ഓരോ മുറികളും ചേന്ന പീററവുടെ വീട്. വലതുഭാഗത്ത് വീട്ടുമുററത്തിൻെറ ഗേറേറാടുകൂടിയ വേലി. അനീഷ്യാ വേലിക്കരികിലിരുന്നു ചണം തല്ലുന്നു. ഒന്നാം അങ്കത്തിലെ സംഭവങ്ങൾക്കു ശേഷം ആറു മാസം കഴിഞ്ഞിരിക്കുന്നു.)

(അനീഷ്യാ തനിയെ)

അനീഷ്യാ:-(ജോലിനിത്തി ശ്രദ്ധിച്ചിട്ട്) പിന്നെയും വിളിക്കുന്നു! അങ്ങേരു് അടുപ്പുതിണ്ണയുടെ പുറത്തുനിന്ന് ഇറങ്ങിയെന്നാ തോന്നുന്നത്.

(അകുലീനാ ഒരു നുകക്കോലിൻെറ രണ്ടററത്തുമായി രണ്ടു തൊട്ടിയും പേറിക്കൊണ്ടു പ്രവേശിക്കുന്നു.)

(അനീഷ്യായും അകുലീനായും)

അനീഷ്യാ:-നിൻെറ അപ്പൻ വിളിക്കുന്നു. ചെന്നു നോക്കെന്തിനാണെന്ന്. കേട്ടോ വിളി?

അകുലീനാ:-നിങ്ങൾക്കെന്താ പോയാൽ?

അനീഷ്യാ:-അങ്ങോട്ടു ചെല്ലാനാ പറഞ്ഞത്!

(അകുലീനാ വീട്ടിലേയ്ക്കു പോകുന്നു.)

(അനീഷ്യാ തനിയെ)

അനീഷ്യാ:-അങ്ങേരെന്നെ വല്ലാതെ വിഷമിപ്പിക്കുന്നു. എവിടെയാ പണം വച്ചിരിക്കുന്നതെന്നു പറ

കില്ല. അതുതന്നെ ചുരുക്കം. കഴിഞ്ഞദിവസം ഇടനാഴിയിലോട്ടിറങ്ങിപ്പോയി. അവിടെങ്ങാനും ഒളിച്ചു വച്ചിരുന്നിരിക്കും. ഇപ്പോഴും എവിടെ വച്ചിരിക്കുന്നെന്ന് ഒരു തുമ്പും കിട്ടുന്നില്ല. ഒരു ദൈവാധീനമുണ്ട്. അതുമായി വിട്ടുപിരിഞ്ഞിരിക്കാൻ അങ്ങേക്കു പേടിയാ. അതുകൊണ്ട് വീട്ടിൽ എവിടെയോ ഉണ്ട്. ഒന്നു കണ്ടുപിടിക്കാൻ കഴിഞ്ഞെങ്കിൽ! ഇന്നലെ അതു കൈവശം ഇല്ലായിരുന്നു. ഇപ്പോഴും എവിടെ ഇരിക്കുന്നെന്ന് അറിഞ്ഞുകൂടാ. അങ്ങേരെന്നെ വിഷമിപ്പിച്ചു കൊല്ലുകയാ.

(അകലീനാ തലയിൽ ഒരു തൂവാലയും കെട്ടിക്കൊണ്ടു പുറത്തുവരുന്നു.)

(അനീഷ്യായും അകലീനായും)

അനീഷ്യാ:-നീ എങ്ങോട്ടാ പോകുന്നത്?

അകലീനാ:-എങ്ങോട്ടാണെന്നോ? മാത്താപ്പച്ചിയെ വിളിക്കാൻ. അപ്പൻ പറഞ്ഞു: "എൻെറ ഉടപ്പിറന്നോളെ ഇങ്ങു വിളിച്ചോണ്ടുവാ. ഞാൻ മരിക്കാൻ തുടങ്ങുകയാ. എനിക്കവളോട്ട് ഒരു വാക്കു പറയാനുണ്ട്."

അനീഷ്യാ:-(സ്വഗതം) ഉടപ്പിറന്നോളെ തിരക്കുന്നോ? എൻെറ ഈശ്വരാ! തീർച്ചയായും പണം കൊടുക്കാനാ. ഞാനെന്തു ചെയ്യും? (അകലീനായോട്ട്)പോകണ്ട! എവിടെപ്പോകാൻ?

അകലീനാ:-അപ്പച്ചിയെ വിളിക്കാൻ.

അനീഷ്യാ:-പോകണ്ടാന്നല്ലേ പറഞ്ഞത്? അങ്ങോട്ടു ഞാൻതന്നെ പൊയ്ക്കോളാം. നീ തുണിയൊക്കെയൊന്നു കുത്തിപ്പിഴിഞ്ഞുകൊണ്ടുവരാൻ ആററിലോട്ടു പോ.

അല്ലെങ്കിൽ നേരം സന്ധ്യയായാലും ആ ജോലി തീരു കില്ല.

അകുലീനാ:-പക്ഷേ, പോകണമെന്ന് അപ്പൻ പ റഞ്ഞു.

അനീഷ്യാ:-നീ ഞാൻ പറയുന്നതു കേള്. മാത്താ യെ ഞാൻ വിളിച്ചുകൊണ്ടു വരാം. വേലിക്കൽനിന്നു ഷർ ട്ടൊക്കെ പെറുക്ക്.

അകുലീനാ:-ഷർട്ടോ? നിങ്ങൾ പോയില്ലെങ്കിലോ? പോകാൻ എന്നോടാ പറഞ്ഞത്.

അനീഷ്യാ:-ഞാൻ പോകുന്നുണ്ടെന്നു പറഞ്ഞില്ലേ? അന്നൂതായെവിടെ?

അകുലീനാ:-അന്നൂതായോ? അവൾ പശുക്കുട്ടിക ളെമേയ്ക്കുന്നു.

അനീഷ്യാ:-അവളെ ഇങ്ങോട്ടു പറഞ്ഞുവിട്ട്. അവ യെങ്ങും ഓടിപ്പോകത്തില്ല.

(അകുലീനാ തുണികൾ പെറുക്കിക്കൊണ്ടു പോകുന്നു.)

(അനീഷ്യാ തനിയെ)

അനീഷ്യാ:- ആരെങ്കിലും പോയില്ലെങ്കിൽ അങ്ങേ രു വഴക്കു കൂട്ടും. പോയാൽ പണം ഉടപ്പിറന്നവൾക്കു കൊടുക്കയും ചെയ്യും. ഞാൻ പണിപ്പെട്ടതൊക്കെ പാ ഴിൽ. എന്താ ചെയ്യേണ്ടതെന്ന് എനിക്കുതന്നെ രൂപ മില്ല. എൻെറ തല പുകയുന്നു. (ജോലി തുടരുന്നു.)

(കാൽനടയാത്രയ്ക്കുചേർന്ന വേഷത്തിൽ ഒരു വടിയും ചെറി യ ഭാണ്ഡവുമായി മെട്രേണാ പ്രവേശിക്കുന്നു.)

(അനീഷ്യായും മെഡ്രേണായും)

മെഡ്രേണാ:-എന്റെ തേനേ, നിന്നെ ദൈവം തുണയ്ക്കട്ടെ!

അനീഷ്യാ:-(തിരിഞ്ഞുനോക്കുന്നു. വേലനിർത്തി സന്തോഷംകൊണ്ടു കൈകൊട്ടുന്നു) നന്നായി മാമീ! ഇപ്പോൾ നിങ്ങൾ വരുമെന്നു ഞാനൊരിക്കലും വിചാരിച്ചില്ല. തക്കതായ അതിഥിയെ തക്കതായ സമയത്തു ദൈവം അയച്ചിരിക്കുന്നു.

മെഡ്രേണാ:-എങ്ങനെയിരിക്കുന്നു കാര്യാദികൾ?

അനീഷ്യാ:-എനിക്കു വെളിവില്ല. വിഷമമായി!

മെഡ്രേണാ:-ഇതുവരെയും ചത്തില്ലെന്നു കേട്ടല്ലൊ.

അനീഷ്യാ:-ഓ, ഒന്നും പറയണ്ടാ. ചാകുന്നുമില്ല, കട്ടിലൊഴിയുന്നുമില്ല.

മെഡ്രേണാ:-ആകട്ടെ, പണം ആർക്കെങ്കിലും കൊടുത്തോ?

അനീഷ്യാ:-അങ്ങേരു് ഉടപ്പിറന്നോൾ മാർത്തായ്ക്കു് ആളയയ്ക്കുന്നു. ഒരുവേള പണം കൊടുക്കാനായിരിക്കും.

മെഡ്രേണാ:-ആയിരിക്കും! പക്ഷേ, നീയറിയാതെ വേറെ ആർക്കെങ്കിലും കൊടുത്തുകാണുമോ?

അനീഷ്യാ:-വേറെ ആർക്കും കൊടുത്തിട്ടില്ല. ഒരു കഴുകനെപ്പോലെ ഞാൻ സൂക്ഷിക്കുന്നുണ്ടു്.

മെഡ്രേണാ:-എവിടെയാ അതു വച്ചിരിക്കുന്നതു്?

അനീഷ്യാ:-അതങ്ങേരു പറകില്ല. എന്തുചെയ്തിട്ടും കണ്ടുപിടിക്കാൻ കഴിയുന്നുമില്ല. ഒരിക്കൽ അവിടൊളിക്കും, ഒരിക്കൽ ഇവിടൊളിക്കും. അകുലീനാകാരണം

എനിക്കൊന്നും വയ്യാ. വെറും കഴുതയാണെങ്കിലും അവൾ ചുററിപ്പററി കാത്തുനില്ക്കും. എന്റെ കർത്താവേ! ഞാൻ ചുററി.

മെട്രേണാ:-എന്റെ പൊന്നേ, ആ പണം വേറെ ആർക്കെങ്കിലും പോയാൽ നീ ജീവിതകാലം മുഴുവൻ ദുഃഖിക്കേണ്ടിവരും. അവൻ നിന്നെ വെറുംകൈയോടെ പുറത്തിറക്കും. എന്റെ തങ്കം, നീ ഇഷ്ടമില്ലാത്ത ഒരുത്തന്റെ കൂടെ പൊറുത്തു ജീവിതം പാഴിൽ കളഞ്ഞു. ഇനി അയാൾ ചാകുമ്പോൾ നീ കുത്തുപാള എടുക്കാനും ഇടയാകും.

അനീഷ്യാ:-ഒന്നും പറയണ്ടാ മാമീ, എനിക്കറിയാം, എന്റെ മനസ്സ് ഇടിഞ്ഞുപോയി. എന്താ ചെയ്യേണ്ടതെന്ന് എനിക്കറിഞ്ഞുകൂടാ. ഒന്നു പറഞ്ഞുതരാനും ആളില്ല. ഞാൻ നിഖിതായോടു പറഞ്ഞു. പക്ഷെ, അയാൾക്കു പേടിയാ ഇടപെടാൻ. അയാളെക്കൊണ്ടു സാധിച്ച ഒരേ ഒരു കാര്യം ഇതാണ്. ഇന്നലെ എന്നോടു പറഞ്ഞു: പണം തറയിൽ കുഴിച്ചിട്ടിരിക്കയാണെന്ന്!

മെട്രേണാ:-നീ അവിടെ നോക്കിയോ?

അനീഷ്യാ:-നോക്കാൻ പററിയില്ല. മൂപ്പില് മുറിയിൽത്തന്നെ ഉണ്ടായിരുന്നു. അങ്ങേരതു ചിലപ്പോൾ കൊണ്ടുനടക്കും, ചിലപ്പോൾ ഒളിച്ചുവയ്ക്കും.

മെട്രേണാ:-എന്നാൽ എന്റെ പെണ്ണേ, നീ ഓർത്തോളണം. ഒരിയ്ക്കൽ കൈവിട്ടുപോയാൽ പിന്നെ അതു തിരിച്ചു കിട്ടുകില്ല. (അടക്കത്തിൽ) ഇരിക്കട്ടെ, നീ ആ കടുംചായ കൊടുത്തോ?

അനീഷ്യാ:-ഓ—ഓ!—(ഉത്തരം പറയാൻ തുടങ്ങുമ്പോഠം അയലത്തെ ഒരു കൂട്ടകാരിയെ കണ്ടു നിൎത്തുന്നു.)

(അയൽക്കാരി ഒരു സ്ത്രീ പീററൂടെ വീട്ടിനരികിലൂടെ കടന്നുപോകുന്നു. അകത്തുനിന്നുമുള്ള വിളികേട്ടു തിരിഞ്ഞുനിന്നു ശ്രദ്ധിക്കുന്നു.)

(മേഢേണായും അനീഷ്യായും അയൽക്കാരിയും)

അയൽക്കാരി:-(അനീഷ്യായോട്) അനീഷ്യാ, ഏ, അനീഷ്യാ! നിൻെറ മൂത്തുക്കൻ നിന്നെ വിളിക്കുന്നൊന്നു തോന്നുന്നു.

അനീഷ്യാ:-അങ്ങനെയാ അങ്ങേരുടെ ചുമ. വിളിക്കയാണെന്നു തോന്നും. സുഖക്കേടു കൂട്ടതലാ.

അയൽക്കാരി:-(മെഢേണായെ സമീപിക്കുന്നു.) ഇതാരു്? വല്യമ്മയോ? എവിടന്നു വരുന്നു?

മെഢേണാ:-വീട്ടീന്നു വരുവാ, എൻെറ മോനെ ഒന്നു കാണാൻ. അവനു കുറച്ചു് ഉടുപ്പും കൊണ്ടുവന്നു. മോനല്ലിയോ? കാണാണ്ടിരിക്കുമ്പം വല്യ വെസനമാ.

അയൽക്കാരി:-അതു നേരാ. (അനീഷ്യായോട്) ലിനൻ ഒന്നലക്കാമെന്നുവെച്ചു് ഇറങ്ങിയതാ. പക്ഷേ, കുറച്ചുനേരത്തേ ആയിപ്പോയി. ആരും തുടങ്ങിയിട്ടില്ല.

അനീഷ്യാ:-ധിറുതി പിടിക്കണ്ടാ.

മെഢേണാ:-മൂപ്പില്ല കുർബാന കൊടേണ്ടാ?

അനീഷ്യാ:-ഓഹോ, അച്ചൻ ഇന്നാലെ വന്നിരുന്നു.

അയൽക്കാരി:-ദീനക്കാരനെ ഞാനിന്നാലെ ഒന്നു കണ്ടു; എൻെറ പൊന്നോ ജീവനുണ്ടെന്നേയുള്ളു. വല്ലാ

തെ മോശപ്പെട്ടുപോയി! കഴിഞ്ഞ ഒരു ദിവസം എല്ലാരും വിചാരിച്ചു, ചാകാൻ തുടങ്ങുകയാണെന്ന്. വിശുദ്ധപ്രതിമയുടെ മുമ്പിൽ എടുത്തു കിടത്തി. അലയും മുറയുമായി ജഡം കുളിപ്പിക്കാനും തുടങ്ങിയതാ.

അനീഷ്യാ:-വീണ്ടും ജീവൻവീണു—കിടക്കയിൽനിന്നെണീററു. ഇപ്പോൾ ഇത്തിരിശ്ശ നടക്കുന്നു.

മെട്രേണാ:-അന്ത്യക്രുദാശ കഴിക്കണ്ടേ?

അനീഷ്യാ:-കഴിക്കണമെന്ന് എല്ലാരും നിർബന്ധിക്കുന്നു. ചാകുന്നില്ലെങ്കിൽ നാളെ അച്ചനെ വരുത്താം.

അയൽക്കാരി:-ഓ, എൻെറ പ്രിയപ്പെട്ട അനീഷ്യേ, നിൻെറ പ്രയാസം ചില്ലറയല്ല. പണ്ടാരാണ്ടു പറഞ്ഞതുപോലെ 'കട്ടിലിൽ കിടക്കുന്ന രോഗിക്കല്ല, അരികിൽ നില്ക്കുന്ന ശുശ്രൂഷക്കാക്കാ കഷ്ടത.

അനീഷ്യാ:-എങ്ങിനെയെങ്കിലും ഈ ശല്യം ഒന്നൊഴിഞ്ഞാൽ മതി.

അയൽക്കാരി:-അതു നേരാ. ഇന്നു ചാകും നാളെ ചാകും എന്ന നിലയിൽ ഒരു കൊല്ലം കഴിക്കുക തമാശയൊന്നുമല്ല. നിൻെറ കൈയും കാലും വരിഞ്ഞുമുറുക്കിയിരിക്കയാ.

മെട്രേണാ:-പക്ഷേ, കെട്ടിയോൻ ചത്താലത്തെ സ്ഥിതിയും കഷ്ടംതന്നെ. യൗവനം നിലനില്ക്കുന്ന കാലത്തോളം കുഴപ്പമില്ല. വയസ്സായാൽ ആരു നോക്കും? വയസ്സുകാലത്ത് ഒരു സുഖവുമില്ല. എന്നെത്തന്നെ നോക്ക്. ഞാൻ വളരെദൂരെ നടന്നില്ല. എന്നിട്ടും തടി തളന്നുപോയി. കാലിനു വല്ല്യനൊമ്പരവും —എൻെറ മോൻ എവിടെ?

അനീഷ്യാ:-കണ്ടം പൂട്ടുന്നു—നിങ്ങൾ ഇങ്ങകത്തുവരിൻ! ചായയിടാം. ചായകുടിക്കുമ്പോൾ നിങ്ങളുടെ ക്ഷീണം മാറും.

മെട്രേണാ:-(ഇരുന്നിട്ട്) എനിക്കു തീരെ വയ്യാ, വല്യക്ഷീണം.—ങ്ങാ, അന്ത്യക്രൂദാശയുടെ കാര്യം പറഞ്ഞില്ലേ? അതു് അത്യാവശ്യമാണു്. ആത്മാവിനു ഗതി കിട്ടാൻ കൊള്ളാം.

അനീഷ്യാ:-ആകട്ടെ, നാളെ ആളയയ്ക്കാം.

മെട്രേണാ:-അതുശരി—എന്റെ കൊച്ചേ, ഞങ്ങടെ സ്ഥലത്തു് ഈയിടെ ഒരു കല്യാണമുണ്ടായിരുന്നു.

അയൽക്കാരി:-ഈ വസന്തകാലത്തോ?

മെട്രേണാ:-ഒരു പഴഞ്ചൊല്ലുണ്ടല്ലോ, "പാവപ്പെട്ടോനു പെണ്ണുകെട്ടാൻ നേരമില്ല." പക്ഷേ, ഇതു സൈമൺ മാററു വേവിച്ച് ആണു്. അയാൾ മരീനയെ കല്യാണം കഴിച്ചു.

അനീഷ്യാ:-അവളുടെ മഹാഭാഗ്യം!

അയൽക്കാരി:-അയാളുടെ രണ്ടാം കെട്ടാരിക്കും. ആദ്യത്തെ വകയിൽ കുട്ടികളും കാണും.

മെട്രേണാ:-ഉണ്ടു്, നാലെണ്ണം! നല്ല പെൺപിള്ളേർ വല്ലവരും അയാടെക്കൂടെ പൊറുക്കാൻ പോമോ? അതുകൊണ്ടു് അയാൾ അവളെ എടുത്തു. അവൾക്കു സുഖവുമായി. പണ്ടാരാണ്ടു പറഞ്ഞതുപോലെ പാത്രം കിഴിഞ്ഞതാ, അതുകൊണ്ടു വീഞ്ഞു ചോൻനുപോയി. അത്രതന്നെ.

അയൽക്കാരി:-എങ്ങനെ കേൾക്കുന്നു? വല്ലതും, വകയുള്ളോനാണോ?

മെഢേണാ:-ഒരുവിധം സുഖമായിട്ടാ കഴിച്ചിൽ.

അയൽക്കാരി:-നേരാ, കെട്ടിയോളും ചത്തു് മൂന്നാലുകുട്ടികളും ഉള്ളവനെ ഏതു പെൺപിള്ളക്കു വേണം? നമ്മുടെ മൈക്കേലിൻെറ കഥതന്നെ നോക്കണം. അങ്ങേരു്––

കർഷകൻെറ ശബ്ദം:-(രംഗത്തിനു പുറത്തു്) മാർവാ, എടീ മാർവാ! നീ ഏതു ചെകുത്താൻെറ അടുത്തു പോയി കിടക്കുന്നെടീ പിശാചേ! വെക്കം പോയി പശുക്കളെ അടിച്ചുകൊണ്ടുവാ.

(അയൽക്കാരി പോകുന്നു.)

(അനീഷ്യായും മെഢേണായും)

മെഢേണാ:-(അയൽക്കാരി കേൾക്കാത്ത ദൂരത്തിൽ ആകുന്നതുവരെ സാധാരണസ്വരത്തിൽ) അവൾ കല്യാണം കഴിച്ചതു ദൈവാധീനം! ഇനി നികിതായോടു് അവൻെറ അപ്പനു വഴക്കില്ലല്ലോ. (പെട്ടെന്നു സ്വരം താഴ്ത്തി) ങാ, അവൻ പോയി. (അടക്കത്തിൽ) ആകട്ടെ, നീ മൂപ്പിലേയ്ക്കു് ആ തേയില കൊടുത്തോ?

അനീഷ്യാ:-അക്കാര്യം പറയണ്ടാ. അങ്ങേരു തനിയേ മരിച്ചോട്ടെ, അതാ നല്ലതു്. ആ മരുന്നുകൊണ്ടു ഫലമില്ല. അങ്ങേരു മരിക്കുന്നില്ല. ഞാൻ വെറുതെ ഒരു പാപം വലിച്ചു തലയിൽ വച്ചതു മാത്രം മിച്ചം. എൻെറ പിതാവേ! കഷ്ടം! നിങ്ങളെന്തിനാ എനിക്കു് ആ പൊടി തന്നതു്?

മെഡ്രേണാ:-ആ പൊടിക്കെന്നൊതാകുററം? ഉറക്കപ്പൊടിയേ, ഉറക്കപ്പൊടി. അതു കൊടുത്താലെന്നതാ? ഒരു ദോഷവും വരികില്ല.

അനീഷ്യാ:-ഉറക്കപ്പൊടീടെ കാൎയ്യമല്ല പറഞ്ഞതു്. മററതിൻെറ—ആ വെള്ളത്ത പൊടിയുണ്ടല്ലോ?—അതിൻെറ കാൎയ്യമാ പറഞ്ഞതു്.

മെഡ്രേണാ:-എൻെറ തേനേ, അതു മരുന്നല്ലിയോ?

അനീഷ്യാ:—(നെടുവീൎപ്പിടുന്നു.) അയ്യോ! എന്തു വരികിലും എനിക്കു പേടിയാ. അങ്ങേരു നിമിത്തം ഞാൻ വിഷമിച്ചു.

മെഡ്രേണാ:-നീ അതു കൂടുതൽ കൊടുത്തോ?

അനീഷ്യാ:-രണ്ടു തവണ കൊടുത്തു.

മെഡ്രേണാ:-അങ്ങേരൊന്നും അറിഞ്ഞില്ലല്ലോ?

അനീഷ്യാ:-ഞാൻതന്നെ ആ ചായയൊന്നു രുചിച്ചുനോക്കി. അല്പം കയ്പുണ്ടായിരുന്നു. അങ്ങേരു കുടിച്ചിട്ടു പറഞ്ഞു: "ചായ പോലും എനിക്കു പിടിക്കുന്നില്ല." അപ്പോൾ ഞാൻ സമാധാനം പറഞ്ഞു: "സുഖക്കേടായാൽ എന്തു കഴിച്ചാലും അരുചി തോന്നും." എൻെറ മാമീ, എൻെറ ഹൃദയം ഇടിഞ്ഞു താഴുമ്പോലെ തോന്നി.

മെഡ്രേണാ:- അതേപ്പററി അത്രമേലൊന്നും വിചാരിക്കരുതു്. വിചാരിക്കുന്തോറും സംഗതികൾ കൂടുതൽ വഷളാകയേയുള്ളു.

അനീഷ്യാ:- നിങ്ങൾ ആ മരുന്നു തന്നു് എന്നെ പാ

പത്തിലേയ്ക്കു തള്ളിവിടണ്ടായിരുന്നു. അതേപ്പററി ഓക്കുമ്പോഠം ഞാൻ വിറച്ചുപോകും. നിങ്ങഠം എന്തിനതു തന്നു?

മെഡേണാ:- നീ എന്നാതാ ഇപ്പറയുന്നതെൻെറ തേനേ? കത്താവ്വുതുണ! എന്നാതിനാ എന്നെ പഴിപറയുന്നതു്? ആവുന്നവരെ വിട്ടിട്ടു പാവങ്ങടെപുറത്തു കുററംകൊണ്ടുവയ്ക്കാൻ നോക്കരുതു്. വല്ലതും വല്ലവരും ചോദിച്ചാൽ ഞാനിങ്ങൊഴിയും. ഞാനൊന്നുമറിഞ്ഞില്ല! എനിക്കൊരു വിവരവുമില്ല! ഞാൻ കരിശ്ശു മുത്തി ആണയിടും: ഞാനാക്കും ഒരു പൊടീം കൊടുത്തിട്ടില്ല, ഒന്നും കണ്ടിട്ടില്ല, ഒന്നും കേട്ടിട്ടില്ല! അങ്ങനെയൊരു പൊടിയുണ്ടെന്നോ എനിക്കറിഞ്ഞുക്രൂടാ. എടീ പെണ്ണേ, നീതന്നെ ഒന്നോത്തു നോക്കു്. ഞങ്ങഠം ഇന്നാലെയും നിൻെറ കാര്യം പറഞ്ഞു: "ആ പങ്കിപ്പെണ്ണു് എന്തു കഷ്ടതയാ അനുഭവിക്കുന്നതു്! ഒരു പിറക്കാമോളുള്ളതു വിഡ്ഢി! ഭത്താവ്വു് എല്ലും തൊലിയുമായിട്ടൊരുകോലം! ഇങ്ങനത്തെ ഒരു പതനത്തിൽ ഒരുവഠം എന്നാതാ ചെയ്തുപോകാത്തതു്?

അനീഷ്യാ:- കാര്യം ശരിയാ. അല്ലെന്നു ഞാൻ പറയുന്നില്ല. എൻേറതുപോലുള്ള ജീവിതത്തിൽ അതിലും ഹീനമായ പ്രവൃത്തികഠംക്കും മനസ്സുവരും. ഒന്നുകിൽ തന്നത്താൻ ചാവുക; അല്ലെങ്കിൽ അങ്ങേരുടെ കഴുത്തിൽ കയറിടുക; രണ്ടിനും ഞാൻ തയാറാണു്. ഇതൊരു ജീവിതമാണോ?

മെഡേണാ:- അപ്പറഞ്ഞതു കാര്യം! വായുംപൊളിച്ചു നില്ക്കാൻ ഇപ്പോഠം സമയമില്ല. എങ്ങനെയും പണം കണ്ടുപിടിക്കണം. ചായ കുറേക്കൂടി കൊടുക്കയുംവേണം.

അനീഷ്യാ:- അയ്യയ്യോ! എന്തുചെയ്യണമെന്ന് എനിക്കറിഞ്ഞുകൂടാ. എനിക്കു പേടിയാകുന്നു. അങ്ങേരു തനിയേ മരിച്ചോട്ടെ. ആ പാപം എൻെറ ആത്മാവിനു വേണ്ടാ.

മെട്രേണാ:- (കോപിച്ച്) അങ്ങേരെന്താ പണം പുറത്തു കാണിക്കാത്തത്? ചാകുമ്പോൾ ദരത്തുംകൂടി കൊണ്ടുപോരണോ? മററാക്കും അതു കിട്ടരുതോ? അതു ശരിയാണോ? ഇത്രയും വലിയ ഒരു തുക പാഴിൽ പോകാൻ ദൈവം ഇടവരുത്താതിരിക്കട്ടെ! അതൊരു പാപമാണോ? എന്താണയാൾ ചെയ്യുന്നത്? അയാളെപ്പററി എന്തെങ്കിലും വിചാരിക്കാനുണ്ടോ?

അനീഷ്യാ:- എനിക്കൊന്നുമറിഞ്ഞുകൂടായേ. അയാളെന്നെ കൊല്ലാതെകൊല്ലുന്നു.

മെട്രേണാ:- എന്താ അറിഞ്ഞുകൂടാത്തത്? ചെയ്യേണ്ടതെന്നതാന്നു പകൽപോലെ തെളിഞ്ഞുകിടക്കുന്നു. ഇപ്പോഴൊരു തെററു പററിയാൽ ആയുഷ്കാലം മുഴവൻ പശ്ചാത്തപിക്കേണ്ടിവരും. അങ്ങേരു പണം ഉടപ്പിറന്നോൾക്കു കൊടുക്കും; നിന്നെ അവർ അടിച്ചു പുറത്താക്കുകേം ചെയ്യും.

അനീഷ്യാ:- അയ്യോ, എൻെറ മാമീ, നേരാ. ഉടപ്പിറന്നോൾക്ക് ആളയച്ചിരിക്കയൊ—ഞാൻ പോകുന്നു.

മെട്രേണാ:- നില്ല്. ആദ്യം സമോവർ ഒന്നു ചൂടാക്ക്. മൂപ്പിലേയ്ക്കു കുറച്ചു ചായ കൊടുക്കാം. എന്നിട്ടു നമുക്കു രണ്ടാൾക്കും കൂടി ഒന്നു തിരയാം. പണം കണ്ടുപിടിക്കാം;—പേടിക്കാതിരി.

അനീഷ്യാ:- അയ്യോ! വല്ലതും പിണഞ്ഞേക്കും.

മെട്രേണാ:- എന്നാപിണയാനാ? കാത്തിരുന്നിട്ട് എന്നതാ ഗുണം? കണ്ണിനു മുമ്പിലിരിക്കുന്ന മുതൽ കളഞ്ഞുകളിക്കണോ നിനക്ക്? നീ പോയി ഞാൻ പറയുമ്പോലെ ചെയ്യ്.

അനീഷ്യാ:- എന്നാൽ ഞാൻ പോയി സമോവറിനു തീയിടാം.

മെട്രേണാ:- എൻെറ തേൻ ചെല്ല്. പിന്നീടു ദുഃഖിക്കാതിരിക്കണേൽ വേണ്ടതിപ്പോഠം ചെയ്യ്. അതാ വഴി. (അനീഷ്യാ പോകാൻ തുടങ്ങുന്നു. മെട്രേണാ വീണ്ടും ഉരുത്തിക്കൊടുക്കുന്നു.) പിന്നെ ഒരു കാര്യം, നിഖിതായോട്ട് ഈ സംഗതി മിണ്ടിപ്പോകരുത്. ആ പൊടിയെപ്പററി അവൻ യാതൊന്നും അറിയരുത്. അറിഞ്ഞാൽ അവൻ എന്നതൊക്കെ കാട്ടിക്കൂട്ടുമെന്നു കത്താവിനു മാത്രമേ അറിയാവൂ. അതു പച്ചപ്പാവമാ. ഒരു കോഴിക്കുഞ്ഞിനെ കൊല്ലാൻ അവനു വയ്യാ. അതുകൊണ്ടു മിണ്ടരുത്, അവൻ അറിയരുത്.

(പീററർ വാതില്ക്കൽ പ്രത്യക്ഷപ്പെടുന്നു. മെട്രേണാ സംഭ്രമിച്ചു സംസാരം നിർത്തുന്നു.)

(അനീഷ്യായും പീററും)

(പീററർ ഭിത്തിയിൽ പിടിച്ചുകൊണ്ടു പൂമുഖത്തേയ്ക്കു് ഇഴഞ്ഞുവരുന്നു. പരിക്ഷീണമായ ശബ്ദത്തിൽ വിളിക്കുന്നു.)

പീററർ:- എത്ര വിളിച്ചാലും കേഠക്കത്തില്ലല്ലോ? ഏ, അനീഷ്യേ! ആരാ അവിടെ? (ബെഞ്ചിൽ അവശനായിരിക്കുന്നു.)

അനീഷ്യാ:- (മൂലയ്ക്കുനിന്നും മുന്നോട്ടു വന്നിട്ട്) നി

292043



ങ്ങൾ എന്തിനാ ഇങ്ങിറങ്ങിവന്നതു്? അവിടെത്തന്നെ കിടന്നുകൂടായിരുന്നോ?

പീററർ:- ആ പെണ്ണു, മാത്തായെ വിളിക്കാൻ പോയോ? എനിക്കുവയ്യാ......വേഗമങ്ങു ചത്തെങ്കിൽ!

അനീഷ്യാ:- അവൾക്കു ജോലിയുണ്ടു്. ഞാൻ അവളെ ആററിലേയ്ക്കയച്ചു. അല്പം കഴിയട്ടെ, ജോലിയൊക്കെ ഒന്നൊതുങ്ങുമ്പോൾ ഞാൻതന്നെ പോകാം.

പീററർ:- അന്നൃതായെവിടെ? അവളെ പറഞ്ഞുവിട്ടു്. അയ്യോ, എനിക്കു മേലായേ! ഞാനിപ്പോൾ ചാകും!

അനീഷ്യാ:- ഞാൻ അവളെ എപ്പഴേ ഇവിടെ തിരക്കുന്നു.

പീററർ:- എൻെറ പൊന്നേ! എന്നിട്ടവൾ എവിടെ?

അനീഷ്യാ:- അവടെ തലയിൽ പാമ്പുകടിക്കാൻ അവളെവിടെപ്പോയി കിടക്കുന്നോ എന്തോ?

പീററർ:- എൻെറമ്മോ! എനിക്കുവയ്യാ! എൻെറ അകമെല്ലാം എരിയുന്നു. ഒരു തിരുകുളിയിട്ടു തിരക്കുന്നതുപോലെ തോന്നുന്നു. എന്തുകൊണ്ടാ നിങ്ങളെന്നെ ഒരു പട്ടിയെപ്പോലെ ഒരിടത്തു തള്ളിക്കളഞ്ഞതു്? ആരുമില്ല തുള്ളി വെള്ളം തരാൻ......അയ്യോ! അന്നൃതാ ഇങ്ങോട്ടു വരാൻ പറ!

അനീഷ്യാ:-അവൾ ഇതാ വരുന്നു—അന്നൃതേ, അപ്പൻെറ അടുത്തു ചെല്ലു്.

(അന്നൃതാ ഓടി അകത്തുചെല്ലുന്നു, അനീഷ്യാ മൂലയ്ക്കപ്പുറം മറയുന്നു.)

292043
0142:3M2
UNIVERSITY LIBRARY

(പീററും അന്ന്യതായും)

പീററർ:-നീ പോയി...എൻറമ്മേച്ചീ......മാത്ഥായോടു പറ, ഞാൻ തിരക്കുന്നെന്നു്. വേഗമിങ്ങോട്ടു വരാൻ പറ. എനിക്കവളെ കാണണം.

അന്ന്യൂതാ:-അത്രേയുള്ളോ?

പീററർ:-ഒന്നു നില്ല്. അവളോടു പറയണം വേഗം വരാൻ. ഞാൻ ചാകാൻ തുടങ്ങുകയാ. അയ്യോ!

അന്ന്യൂതാ:-ഞാൻ എൻെറ മേൽമുണ്ടു് എടുത്തിട്ടോണ്ടു് ഇപ്പത്തന്നെ പോയേക്കാം. (ഓടുന്നു.)

(പീററും, അനീഷ്യായും, മെഡേണായും)

മെഡേണാ:-(കണ്ണിറുക്കിയിട്ടു്) ഇതുതന്നെ സമയം. വേഗമാകട്ടെ, നീ അകത്തോട്ടുചെന്നു് എല്ലാടവും ഒന്നു തിരഞ്ഞുനോക്കു്—ഈച്ചയെ വേട്ടയാടുന്ന നായെപ്പോലെ. സകലതിൻെറയും കീഴിൽ സൂക്ഷിക്കണം. ഞാൻ അയാളെയും പരിശോധിക്കാം.

അനീഷ്യാ:-(മെഡേണായോടു്) നിങ്ങൾകൂടിയുള്ളതുകൊണ്ടു് എനിക്കെന്തോ മുമ്പിലത്തേക്കാൾ ധൈര്യം തോന്നുന്നു. (പൂമുഖത്തേയ്ക്കു ചെന്നു പീററരോടു്) സമോവർ ഒന്നു ചൂടാക്കട്ടെ? ഇതാ,നമ്മുടെ മെഡേണാ മാമി മകനെ കാണാൻ വന്നിരിക്കുന്നു. അവരോടൊന്നിച്ചു് ഒരു പാത്രം ചായകുടിച്ചുകളയാം, എന്താ?

പീററർ:-ങ്ാ, എന്നാൽ ചായയിട്ടു്.

(അനീഷ്യാ അകത്തുപോകുന്നു.)

(പീററും, മെഡേണായും. മെഡേണാ പൂമുഖത്തു വരുന്നു)

പീററർ;-സുഖമാണോ മെഡേണാ?

മെഡ്രോണാ:- (വണക്കത്തോടെ) അതിരിക്കട്ടെ, അങ്ങേയ്ക്കു സുഖമാണോന്നു കേൾക്കട്ടെ, എൻെറ പൊന്നുടേതേ. കണ്ടിട്ട് ഇപ്പോഴും സുഖമില്ലെന്നു തോന്നുന്നല്ലോ. ഞങ്ങടെ മൂപ്പിലേയ്ക്കു സങ്കടംതന്നെ സങ്കടം. ഇവിടെ ദീനം എങ്ങനെയിരിക്കുന്നെന്നറിയാൻ എന്നെ അയച്ചതാ. അങ്ങേരുടെ ആദരവറിയിച്ചുകൊള്ളുന്നു. (വീണ്ടും വണങ്ങുന്നു.)

പീററർ:-ഞാൻ മരിക്കയാ.

മെഡ്രോണാ:- നേരുതന്നെ പീററർ ഇഗ്നാററിച്ച്. അങ്ങയെ കണ്ടിട്ടു പണ്ടാരാണ്ടു പറഞ്ഞപോലാ, "മനുഷ്യൻ ജീവിക്കുന്നിടത്തു രോഗം ജീവിക്കുന്നു." ആ ശരീരം ഉണങ്ങിയുണങ്ങി കണ്ടുപറയാനില്ല. ഇപ്പോഴാണല്ലൊ കാണാൻ ഇടയായതു്. ദണ്ണമായാൽ പിന്നെ മനുഷ്യൻെറ പടിതി എന്നതാ?

പീററർ:-എൻെറ മരണം അടുത്തു.

മെഡ്രോണാ:- അതു് ഒടേതമ്പുരാൻെറ നിശ്ചയമാ, പീററർ ഇഗ്നാററിച്ച്. അങ്ങു കർബാനകൊണ്ടല്ലോ. ദൈവകൃപയാൽ ഇനി അന്ത്യക്രൂദാശയും ഏല്ക്കണം. അവിടത്തെ ഭാര്യ വിവരമുള്ള വളാ. അവർ ഒന്നാംതരമായിട്ടു ശവദാഹവും പ്രാർത്ഥനയും കഴിക്കും. എൻെറ മകനും വേണ്ടപോലെ വീട്ടുകാര്യങ്ങൾ നോക്കും.

പീററർ:- ഒന്നും ഭരമേല്പിക്കാൻ എനിക്കാരുമില്ല. അവൾ തിറമുള്ളോളല്ല. അവളുടെ തല മുഴുവൻ തൊഴമ്പാ. എനിക്കറിയാം, എല്ലാം അറിയാം. എൻെറ മകൾ എട്ടും പൊട്ടും തിരിയാത്ത പെണ്ണു്. കുറേ വസ്തുവകകൾ

ഞാൻ ഉണ്ടാക്കി. ആരുമില്ലന്വേഷിക്കാൻ. വളരെ കഷ്ടം! (കരയുന്നു.)

മെഡ്രേണാ:-പണമോ മററൊ ആണെങ്കിൽ എന്നാ വേണ്ടതെന്നു പറഞ്ഞേല്പിക്കാമല്ലൊ.

പീററർ:-(വീട്ടിനുള്ളിലേയ്ക്കു തിരിഞ്ഞു് അനീഷ്യാ യോടു്) അന്നുതാ പോയോ?

മെഡ്രേണാ:-(സ്വഗതം) അക്കായ്യം ഓമ്മിച്ചോണ്ടു തന്നെയിരിക്കുന്നു!

അനീഷ്യാ:-(ഉള്ളിൽനിന്നും)അവൾ അപ്പോൾത്തന്നെ പോയി! നിങ്ങളിങ്ങകത്തുവരിൻ. ഞാൻ താങ്ങിത്തരാം.

പീററർ:-അവസാനമായി ഇവിടൊന്നിരുന്നോട്ടെ. അകത്തു കാററില്ല. അയ്യോ! എന്തൊരു വല്ലായ്മ......എന്റെ ചങ്കെരിയുന്നു!......അങ്ങു ജീവനെടുത്തെങ്കിൽ!

മെഡ്രേണാ:-ദൈവംതമ്പുരാൻ വിചാരിക്കാതെ ആത്മാവു തടിവിട്ടുപോകേല്ല. മരിപ്പും ജീവിപ്പും എല്ലാം ദൈവത്തിന്റെ കയ്യിലാ. എപ്പം മരിക്കുമെന്നു് ആക്കും പറയാനൊക്കത്തില്ല. ചിലപ്പോഴങ്ങു പൊറുക്കാനുംമതി ദെണ്ണം. ഞങ്ങടെ സ്ഥലത്തൊരു കൃഷിക്കാരനിതുപോലെ ഇപ്പം ചാകും ഇപ്പം ചാകും എന്നു ചേലിക്കു കിടന്നു. ഒടുക്കം—

പീററർ:-ഇല്ല,ഞാനിന്നു മരിക്കും. എനിക്കറിയാം. (പുറകോട്ടു ചാരിയിരുന്നു കണ്ണുകൾ പൂട്ടുന്നു.)

(പീറററും, മെഡ്രേണായും, അനീഷ്യായും)

അനീഷ്യാ:-(വീട്ടിനുള്ളിൽനിന്നും വന്നിട്ടു്)നിങ്ങൾ അകത്തു വരുന്നുണ്ടോ ഇല്ലയോ? നിങ്ങളെപ്രതി മററു

ള്ളോർ കാത്തുനില്ക്കയൊ. കേട്ടോ, നിങ്ങളോടാ പറഞ്ഞത്.

മെട്രേണാ:-(ഒരു വശത്തേയ്ക്കു മാറി അനീഷ്യായെ മാടിവിളിക്കുന്നു) എന്തായി?

അനീഷ്യാ:- (പൂമുഖപ്പടികൾ ഇറങ്ങി, മെട്രേണായോട്) അവിടില്ല.

മെട്രേണാ:-എല്ലാടവും നോക്കിയോ? തറയ്ക്കു താഴെയും?

അനീഷ്യാ:-അവിടെയുമില്ല. ഒരുവേള ഷെഡ്ഡിൽ കണ്ടേക്കും. അങ്ങേരിന്നാലെ അവിടെപ്പോയിരുന്നു.

മെട്രേണാ:-നോക്ക് നോക്ക്. എല്ലാടവും അരിച്ചു നോക്ക്. അങ്ങേരിന്നു ചാകും. നഖങ്ങൾ നീലിച്ചു, മുഖം വിളറി. സമോവർ ശരിയായോ?

അനീഷ്യാ:-തിളച്ചുതുടങ്ങി.

(നികിത മറുവശത്തുകൂടി പടിവാതിൽവരെ വരുന്നു. പീററെ കാണുന്നില്ല.)

(പീററും മെട്രേണായും അനീഷ്യായും നികിതായും)

നികിതാ:-(മെട്രേണായോട്) അമ്മയെപ്പോൾ വന്നു? വീട്ടിൽ എല്ലാക്കും സുഖമാണോ?

മെട്രേണാ:-ദൈവകൃപകൊണ്ടു ഞങ്ങളും ജീവിക്കുന്നു. വല്ലതും ചവച്ചിറക്കാൻ കാണും.

നികിതാ:-ഇവിടെ മൂപ്പിലേക്കെങ്ങനെയിരിക്കുന്നു?

മെട്രേണാ:-ശ്! അങ്ങേരവിടിരിക്കുന്നു. (പൂമുഖത്തേയ്ക്കു ചൂണ്ടിക്കാണിക്കുന്നു.)

നിഖിതാ:-അവിടിരിക്കട്ടെ. എനിക്കെന്താ?

പീററർ:-(കണ്ണുതുറക്കുന്നു) നിഖിതാ, എടാ നിഖിതാ, ഇവിടെ വാ.

(നിഖിതാ അടുത്തുചെല്ലുന്നു. അനീഷ്യായും മെട്രേണായും തമ്മിൽ മന്ത്രിക്കുന്നു.)

പീററർ:-നീയെന്താ നേരത്തെ ഇങ്ങു പോന്നതു്?

നിഖിതാ:-ഉഴുതുതീൻ്നു.

പീററർ:-ആ പാലത്തിനപ്പുറത്തെ കണ്ടം ഉഴുതോ?

നിഖിതാ:-അവിടെ പോകാൻ വല്യ ദൂരമാ.

പീററർ:-വല്യ ദൂരമോ? ഇവിടന്നു് അതിലും ദൂരമല്ലേ? നീയിപ്പോൾ പോയേ പററൂ, ആ ജോലി തീക്കണം.

(അനീഷ്യാ പ്രത്യക്ഷപ്പെടാതെ ശ്രദ്ധിച്ചുനില്ക്കുന്നു.)

മെട്രേണാ:-(അടുത്തുചെന്നു്) എടാ മോനേ, നീ എന്താ നിൻെറ യജമാനനു സന്തോഷംവരത്തക്കവണ്ണം വേലചെയ്യാത്തതു്? അദ്ദേഹത്തിനു സുഖമില്ല, നീയാണദ്ദേഹത്തിനു താങ്ങ്. ഞാൻ എപ്പോഴും നിന്നോടു പറയാറില്ലേടാ? നിൻെറ അപ്പനു ജോലിചെയ്യുന്നതുപോലെ അദ്ദേഹത്തിനും ചെയ്തുകൊടുക്കണം, തടിയൊന്നനങ്ങി നല്ലോണം അദ്ധ്വാനിക്കണം.

പീററർ:-എന്നാൽ.......അയ്യോ!.......നടാനുള്ള ഉരുളക്കിഴങ്ങു പുറത്തെടു്, പെണ്ണുങ്ങൾ തിരിഞ്ഞുപെറുക്കട്ടെ.

അനീഷ്യാ:-(സ്വഗതം) ഞാനിവടന്നു മാറത്തില്ല. അങ്ങേരു വീണ്ടും എല്ലാരെയും അങ്ങോട്ടുമിങ്ങോട്ടും മാററാൻ ശ്രമിക്കയാ, പണം ഇപ്പോൾ കൈവശം കാണും. അതെവിടെങ്കിലും ഒളിക്കണം, അതാ ഉന്നം.

പീററർ:-അല്ലെങ്കിൽ......അയ്യോ!.......നടേണ്ട സമയത്തു് എല്ലാം ചീഞ്ഞിരിക്കും...അയ്യോ!...എനിക്കു വയ്യാ! (എഴുനേല്ക്കുന്നു.)

മെഡേണാ:-(പൂമുഖത്തേയ്ക്കു് ഓടിച്ചെന്നു പീററെ താങ്ങുന്നു) അങ്ങകത്തു പോകാം.

പീററർ:-ഉം, പോകാം. (നില്ക്കുന്നു) നിഖിതാ!

നിഖിതാ:-(കോപിച്ചു്) ഇനി എന്തുവേണം?

പീററർ:-ഞാൻ നിന്നെ ഇനി കാണുകില്ല......... ഞാനിന്നു മരിക്കും. ഞാൻ നിന്നോടു് എന്തെങ്കിലും തെററുചെയ്തിട്ടുണ്ടെങ്കിൽ മാപ്പുതരു......എന്തെല്ലാം നടന്നിരിക്കുന്നു? വാക്കിലോ പ്രവൃത്തിയിലോ വല്ല തെററും ചെയ്തിട്ടുണ്ടെങ്കിൽ......എനിക്കു മാപ്പുതരു.

നിഖിതാ:-എന്തിരിക്കുന്നു മാപ്പാക്കാൻ? ഞാൻതന്നെ തെററുകാരനാണു്.

മെഡേണാ:-മോനേ, അല്പം അലിവുകാണിക്കെടാ.

പീററർ:-കർത്താവിനെ വിചാരിച്ചു ക്ഷമിക്കുക. (കരയുന്നു.)

നിഖിതാ:-(മൂക്കുപിഴിയുന്നു) ദൈവം അങ്ങേയ്ക്കു മാപ്പുതരും. എനിക്കു് അങ്ങയുടെനേക്കു് ഒരു പരാതിക്കും കാരണമില്ല. അങ്ങു് ഒരിക്കലും എന്നോടു തെററു ചെയ്തിട്ടില്ല. നേരേമറിച്ചു ഞാൻ അങ്ങയോടു കൂടുതൽ തെററുകൾ ചെയ്തുകാണും, അങ്ങു് എനിക്കു മാപ്പുതരണം. (കരയുന്നു)

(പീററർ ചിണുങ്ങിക്കൊണ്ടു മെഡേണായുടെ ഹസ്താവലംബത്തോടുകൂടി പോകുന്നു.)

(നിഖിതായും അനീഷ്യായും)

അനീഷ്യാ:-എന്റെ ദൈവമേ! എന്തോ ഉദ്ദേശം കൂടാതെയല്ല അങ്ങേര് ഉടപ്പിറന്നോറാക്ക് ആള വിട്ടതു്. (നിഖിതായെ സമീപിക്കുന്നു) പണം തറയ്ക്കുതാഴെയുണ്ടെന്നു പറഞ്ഞിട്ട് അവിടില്ലല്ലോ. .

നിഖിതാ:-(മറുപടിപറയാതെ കരയുന്നു) എനിക്ക് അദ്ദേഹത്തിൽനിന്നു നന്മയല്ലാതെ ഒരു ദോഷവും ഉണ്ടായിട്ടില്ല. എന്നാൽ ഞാൻ എന്താണു ചെയ്യുതു്?

അനീഷ്യാ:-മതിയല്ലോ. പണം എവിടെയാ?

നിഖിതാ:-(കോപത്തോടെ) എനിക്കെങ്ങനെ അറിയാം? നിങ്ങറാതന്നെ ചെന്നുനോക്ക്.

അനീഷ്യാ:-നിങ്ങളുടെ മനസ്സ് ഇത്രലോലമായതെങ്ങനെ?

നിഖിതാ:-എനിക്ക് അദ്ദേഹത്തെക്കുറിച്ചു സങ്കടമുണ്ടു്, വല്യസങ്കടം. പാവം കുഞ്ഞുങ്ങളെപ്പോലെ കരയുന്നു.

അനീഷ്യാ:-നോക്കണേ, ഒരു കരുണതോന്നിയിരിക്കുന്നതു്! കരുണ തോന്നേണ്ടുന്ന ഒരാളിനെത്തന്നെയാ കണ്ടെത്തിയതു്! ഒരു പട്ടിയോടു പെരുമാറുമ്പോലെയല്ലേ അയാറം നിങ്ങളോടു പെരുമാറിവന്നതു്. ഇപ്പോറാതന്നെ നിങ്ങളെ ഇവിടന്നകററാൻ ജോലി തന്നതു കണ്ടില്ലേ? നിങ്ങറാക്കെന്നോടാ കരുണ തോന്നേണ്ടതു്.

നിഖിതാ:-എന്തിന്?

അനീഷ്യാ:-അങ്ങേരു മരിക്കയും ആ പണം കൈവിട്ടുപോകയുംചെയ്താൽ.....

നിഖിതാ:-പേടിക്കണ്ടാ. അദ്ദേഹമതു മാററിക്കളെകില്ല.

അനീഷ്യാ:-അയ്യോ! എന്റെ പ്രിയപ്പെട്ട നിഖിതാ. അങ്ങേരു് ഉടപ്പിറന്നോൾക്കാളയച്ചിരിക്കയാ, പണം അവൾക്കു കൊടുക്കാൻ. കൊടുത്തുപോയാൽ നമ്മൾ വെള്ളത്തിലാകും, പിന്നെ എങ്ങനെ കഴിഞ്ഞുകൂടും? അവർ എന്നെ വീട്ടിൽനിന്നും ആട്ടിപ്പുറത്താക്കും! നിങ്ങൾ ഒന്നു മനസ്സുവച്ചു പ്രവർത്തിക്കണം. കഴിഞ്ഞരാത്രി അങ്ങേരെ ഷെഡ്ഡിൽവച്ചു കണ്ടെന്നു പറഞ്ഞില്ലേ?

നിഖിതാ:-അവിടന്നു വരുന്നതു ഞാൻ കണ്ടു. പക്ഷേ, പണം എവിടെയാ പൂഴ്ത്തിയിരിക്കുന്നതെന്നു് ആർക്കറിയാം?

അനീഷ്യാ:-ഞാൻ അവിടൊന്നു നോക്കാം. (നിഖിതാ ഒരുവശത്തേയ്ക്കു മാറുന്നു.)

(മെട്രേണാ വീട്ടിനുള്ളിൽനിന്നും വരുന്നു. പൂമുഖത്തിന്റെ പടികൾ ഇറങ്ങി അനീഷ്യായുടേയും നിഖിതായുടേയും അടുത്തു ചെല്ലുന്നു.)

(അനീഷ്യായും നിഖിതായും മെട്രേണായും)

മെട്രേണാ:-(മന്ത്രിക്കുന്നു) എങ്ങും പോകണ്ടാ, പണം മൂപ്പിലേപക്കൽതന്നെയുണ്ടു്. കഴുത്തിൽ ഒരു വട്ടച്ചരടുകെട്ടി അതിൽ തൂക്കിയിരിക്കയാ, ഞാൻ തപ്പിത്തടഞ്ഞറിഞ്ഞു.

അനീഷ്യാ:-എന്റെ ദൈവമേ!

മെട്രേണാ:-ഇപ്പം വിട്ടുകൊടുത്താൽ പോയി! അങ്ങേരുടെ ഉടപ്പിറന്നോൾ വരും. പിന്നെ നോക്കണ്ടാ.

അനീഷ്യാ:-അവരിപ്പോഴെത്തും, അങ്ങേരു പണം

അവക്ക് കൊടുക്കും! എന്താ ചെയ്യേണ്ടതു്?—എന്റെ ദൈവമേ!

മെട്രേണാ:-എന്താ ചെയ്യേണ്ടതെന്നോ? ദേ, ഇങ്ങോട്ടുനോക്ക്! സമോവർ തിളയ്ക്കുന്നു. പോയി ചായയിട്ടു കുറേ പകന്നു് (മന്ത്രിക്കുന്നു) കടലാസുപൊതിയിൽ ബാക്കിയുള്ള മരുന്നുമുഴവൻ ചേത്തു് അങ്ങോട്ടു കൊടുക്കണം. മൂപ്പിലാൻ ചായ കുടിച്ചുകഴിയുമ്പോറം ചരടിൽപിടിച്ചു് ആ പണമിങ്ങെടുക്കണം. അങ്ങേരു മിണ്ടത്തില്ല, പേടിക്കണ്ടാ.

അനീഷ്യാ:-അയ്യോ, എനിക്കു പേടിയാ!

മെട്രേണാ:-തക്കിച്ചു നില്ക്കാതെ. വേഗമാകട്ടെ. ഉടപ്പിറന്നോറം വരുന്നെങ്കിൽ ഞാൻ അകററിനിത്തിക്കൊള്ളാം. പിശകുപററാതെ സൂക്ഷിച്ചോ. പണം കൈക്കലാക്കി ഇങ്ങു കൊണ്ടുവാ. നികിതാ മറവു ചെയ്തോളും.

അനീഷ്യാ:-എനിക്കൊന്നുമറിയാൻ മേലേ. എങ്ങനെയാ ഞാനതു ചെയ്ക?

മെട്രേണാ:-അതുമിതും പറഞ്ഞു നേരം കളയരുതു്. ഞാൻ പറഞ്ഞതുപോലെ ചെയ്യു്, നികിതാ!

നികിതാ:-ഉം? എന്താ?

മേട്രേണാ:-നീ ഇവിടെ ഈ ബെഞ്ചിപ്പുറത്തിരി—വല്ല ആവശ്യോം വന്നാൽ...

നികിതാ:-(കൈവീശിക്കൊണ്ടു്) ഈ പെണ്ണുങ്ങറം എന്തൊരു കൗശലക്കാരത്തികറം! ആളുകളെ പ്രാന്തു പിടിപ്പിച്ചു കളയും. ഞാൻ ഉരുളക്കിഴങ്ങു വാരാൻ പോകയാ.

മെട്രേണാ:-(നിഖിതായുടെ കൈകക്ക കടന്നുപിടിച്ചിട്ട്) ഇവിടെ നില്ക്കാനാ ഞാൻ പറഞ്ഞത്.

(അന്യൂതാ വരുന്നു.)

(അനീഷ്യായും, നിഖിതായും, മെട്രേണായും, അന്യൂതായും)

അനീഷ്യാ:-(അന്യൂതായോട്ട്) എന്തായി?

അന്യൂതാ:-അപ്പച്ചി നാത്തുൻെറ വിളയിലായിരുന്നു. ഇപ്പം വരും.

അനീഷ്യാ:-ഇപ്പോഠം?—എന്താ നമ്മഠം ചെയ്യുക?

മെട്രേണാ:-(അനീഷ്യായോട്ട്) അവരെപ്പററി അലാഹിക്കേണ്ടാ. ഞാൻ പറയുന്നതുപോലെ ചെയ്യ്.

അനീഷ്യാ:-എന്തു ചെയ്യണമെന്ന് എനിക്കറിഞ്ഞുകൂടാ, ഒന്നുംതന്നെ അറിഞ്ഞുകൂടാ. എൻെറ തലയ്ക്ക് ഒരു വെളിവുമില്ല. അന്യൂതേ, മോളു പോയി, കന്നുകുട്ടികളെ ഒന്നു നോക്ക്. അതെല്ലാം കാട്ടു കേറിക്കാണും...എൻെറ അമ്മച്ചീ, എനിക്കു ധൈര്യം വരുന്നില്ല.

മെട്രേണാ:-അങ്ങോട്ടു ചെല്ല്. സമോവർ തിളച്ചു മറിയുന്നുണ്ടാവും.

അനീഷ്യാ:-എൻെറ ദൈവമേ!

(പോകുന്നു.)

(മെട്രേണായും നിഖിതായും)

മെട്രേണാ:-(മകനെ സമീപിച്ചിട്ട്) ഇനിയും എൻെറ മോനേ, (അടുത്തിരിക്കുന്നു) നീ നിൻെറ സ്വന്തം കാര്യംകൂടി ഒന്നാലോചിക്കണം ഉപേക്ഷ വിചാരിക്കരുത്.

നിഖിതാ:-എന്തരു കാൎയ്യം?

മെട്രേണാ:-ജീവിക്കാനുള്ള വഴി.

നിഖിതാ:-ജീവിക്കാനോ? മററുള്ളോരൊക്കെ ജീവിക്കുന്നു. അതുപോലെ ഞാനും ജീവിക്കും.

മെട്രേണാ:-മൂപ്പിൽ ഒരുവേള ഇന്നു ചാകും.

നിഖിതാ:-എങ്കിൽ അദ്ദേഹത്തിൻെറ ആത്മാവു് സ്വൎഗ്ഗത്തിൽ പോകട്ടെ. അതിനെനിക്കെന്താ?

മെട്രേണാ:-(സംസാരിക്കുമ്പോഠം പൂമുഖത്തേയ്ക്കു ദൃഷ്ടിയുറപ്പിച്ചുകൊണ്ടു്) എടാ, മോനേ, ജീവിച്ചിരിക്കുന്നവർ ജീവിതത്തെപ്പററി ആലോചിക്കണം. നിനക്കു കാൎയ്യബോധം വളരെയേറെ വരാൻ കിടക്കുന്നു. എന്തു വിചാരിക്കുന്നു? നിന്നെപ്രതിയാണു് ഞാനീ വഴിയെല്ലാം നടന്നു് ഇവിടെ വന്നതു്. നിനക്കുവേണ്ടി പണിപ്പെട്ടു് എൻെറ കാലു പറിഞ്ഞുപോകാൻ തുടങ്ങുന്നു. സമയത്തു നീ എന്നെ മറന്നുകളയരുതു്.

നിഖിതാ:-എന്തു കാൎയ്യത്തിനാ നിങ്ങഠം ബദ്ധപ്പെട്ടതു്?

മെട്രേണാ:-നിൻെറ കാൎയ്യത്തിനു്; നിൻെറ ഭാവിക്കുവേണ്ടി. വേണ്ടസമയത്തു് അദ്ധ്വാനിച്ചില്ലെങ്കിൽ നേട്ടമില്ല. നീ അറികില്ലേ, ഐവാൻ മോസീച്ചിനെ? കഴിഞ്ഞ ദിവസം ഞാൻ അയാടടുത്തും പോയി. അവിടിരുന്നു് ഓരോ വൎത്തമാനം പറഞ്ഞു് ഒടുക്കം ഞാൻ ചോദിച്ചു: "കേട്ടോ ഐവാൻമോസീച്ചു്, ഇങ്ങനെയൊരു കാൎയ്യം വന്നാൽ എങ്ങനെയാ ചട്ടം? കെട്ടിയോഠം ചത്ത ഒരു കൃഷിക്കാരൻ രണ്ടാമതൊരുത്തിയെ കെട്ടുന്നുവെന്നിരി

ക്കട്ടെ. ആദ്യത്തെ വകയിൽ ഒരു മകളും, രണ്ടാമത്തെ വകയിൽ ഒരു മകളും—ഇങ്ങനെ രണ്ടു സന്താനങ്ങളും അയാൾക്കുണ്ടെന്നു വിചാരിക്കുക. അയാടെ മരണശേഷം അയാടെ വസ്തുക്കൾ അയാടെ വിധവയെ കെട്ടുന്ന ഒരന്യന്നു കിട്ടാനിടയുണ്ടോ? പെൺപിള്ളർ രണ്ടിനേം കെട്ടിച്ചു കൊടുത്താൽ ആ അന്യന്നു വീട്ടിന്റെ നായകനാകാൻ പററുമോ?" ഐവാൻ മോസീച്ച് മറുപടി പറഞ്ഞു: "സാധിക്കും, പക്ഷേ, കുറച്ചു പ്രയാസമുണ്ടു്. പണംകൊണ്ടു കാര്യം നേടാം. പണമില്ലെങ്കിൽ അതിൽ പ്രവേശിച്ചിട്ടു കാര്യമില്ല."

നിഖിതാ:-(ചിരിക്കുന്നു) പണം കൊടുത്താലൊക്കുമെന്നു് അയാൾ പറഞ്ഞില്ലെങ്കിലും അറിയാം. ആക്കാ പണം വേണ്ടാത്തതു്?

മേട്രേണാ:-ങാ, എന്റെ പൊന്നുമോനേ, ചിന്നെ ഞാൻ എല്ലാം പച്ച തെളിച്ചു പറഞ്ഞുകൊടുത്തു. അപ്പോൾ മോസീച്ചു പറഞ്ഞു: "ഒന്നാമതായി നിങ്ങളുടെ മകന്റെ പേരു് ഗ്രാമരജിസ്റ്ററിൽ കൊള്ളിക്കണം. അതിനു കുറച്ചു ചെലവുണ്ടു്. ഗ്രാമപ്രമാണിമാരെ സല്ക്കരിക്കണം. അവർ സമ്മതിച്ചൊപ്പിടും. എല്ലാം ബുദ്ധിയായി പ്രവത്തിക്കണം." ഇതാ, നോക്കു്. (തുവാല നിവിത്തു് അതിൽനിന്നും ഒരു കടലാസുചുരുൾ പുറത്തെടുക്കുന്നു.) അങ്ങേരു് എഴുതിത്തന്നതാ ഈ കടലാസു്. നീ ഒന്നു വായിച്ചുനോക്കു്. നിനക്കു പഠിപ്പുണ്ടല്ലോ. (നിഖിതാ വായിക്കുന്നു.)

നിഖിതാ:-ഇതു ഗ്രാമപ്രമാണികൾ ഒപ്പിടാനുള്ള

ഒരുത്തരവിൻെറ പകർപ്പാ. ഇതിലേയ്ക്കു വലിയ അറിവൊന്നും വേണ്ടാ.

മെഢ്രേണാ:-എന്നാൽ ഐവാൻ മോസീച്ച് പ്രത്യേകം പറഞ്ഞയച്ചതു കേട്ടോ? "കാതലായ കാൎയ്യം പണം കൈവിട്ടുപോകാതെ സൂക്ഷിക്കയാണ്. അനീഷ്യാ പണം തട്ടിയെടുക്കുന്നില്ലെങ്കിൽ പെൺപിള്ളരെ കെട്ടിച്ചുവിടാൻ മററുള്ളവർ സമ്മതിക്കത്തില്ല. പണമാണു പ്രധാനം, പണം! അതുകൊണ്ട് എൻെറ മോൻ ഉഷാറായിരിക്കുക. പ്രവൎത്തിക്കാനുള്ള സമയം വരുന്നു.

നികിതാ:-എനിക്കെന്താ? പണം അവരുടേതു്. വേണമെങ്കിൽ അവരുത്സാഹിക്കട്ടെ.

മെഢ്രേണാ:-എൻെറ മോനേ, നീയിത്ര പൊട്ടനായിപ്പോയല്ലോ. ഈവക കാൎയ്യങ്ങൾ ഒരു സ്ത്രീയെക്കൊണ്ടു നടത്താനൊക്കുമോ? പണം കിട്ടിയാൽതന്നെ അവൾക്കു കഴിയുമോ അതു വേണ്ടപോലെ സൂക്ഷിക്കാൻ? ഒരു സ്ത്രീ ഇത്രയ്ക്കിത്രയേ ഉള്ളുവെന്ന് ആൎക്കും അറിയാം. നീ ഒരു പുരുഷനാണ്. നിനക്കു കഴിയും അതൊതുക്കാനും നിൻെറ ഇഷ്ടംപോലെ ചെയ്യാനും. വല്ലതും തകരാറുണ്ടായാൽ പേടംവഴി കാണാൻ കൂടുതൽ ബുദ്ധി നിനക്കാ ഉള്ളതു്.

നികിതാ:-നിങ്ങടെ ഈ പെൺബുദ്ധിയൊന്നും അത്ര പററിയതല്ല. .

മെഢ്രേണാ:-എന്തുകൊണ്ടു്? പണം നീ വാങ്ങിച്ചോ;—അപ്പോൾ, അവൾ നിൻെറ പിടിയിൽ നില്ക്കും.

എപ്പോഴെങ്കിലും എടങ്ങേറെടുത്താൽ നിനക്കു തരംപോലെ കടിഞ്ഞാൺ മുറുക്കുകയും ചെയ്യാം.

നിഖിതാ:-ശരി, നാശം! ഞാനെൻെറ പാട്ടിനു പോകുന്നു.

(അനീഷ്യാ ആകെ വിളറി, വീട്ടിനുള്ളിൽനിന്നും ഓടിയിറങ്ങി മൂലചുററി മെട്രേണായുടെ അടുത്തെത്തുന്നു.)

(നിഖിതായും, മെട്രേണായും, അനീഷ്യായും.)

അനീഷ്യാ:-നേരാ. പണം അങ്ങേരുടെ പക്കൽ തന്നെ ഉണ്ടായിരുന്നു. ഇതാ, ഞാനിങ്ങെടുത്തു! (തൻെറ ചട്ടയ്ക്കുള്ളിൽ ഇരിപ്പുണ്ടെന്നു കാണിക്കുന്നു.)

മെട്രേണാ:-നിഖിതായെ ഏല്പിച്ചേരു്. അവൻ അതു് ഒളിച്ചുവച്ചോളും. നിഖിതാ, നീ അതു വാങ്ങിച്ചു് എവിടെങ്കിലും ഒളിച്ചുവെയ്ക്കു്.

നിഖിതാ:-ഇങ്ങു കൊണ്ടാ.

അനീഷ്യാ:-വേണ്ടാ, ഞാൻതന്നെ ഒളിച്ചു വെച്ചോളാം. (പടിവാതില്ക്കലേയ്ക്കു പോകുന്നു.)

മെട്രേണാ:-(കൈയ്ക്കു കടന്നുപിടിച്ചിട്ടു്) നീ എവിടെപ്പോകുന്നു? അതു കളഞ്ഞുകുളിക്കും. അങ്ങേരുടെ ഉടപ്പിറന്നോൾ വരുന്നുണ്ടു്. പണം ഇവൻെറ കൈയിൽ കൊടുത്തേരു്. അവനറിയാം എന്താ ചെയ്യേണ്ടതെന്നു്. എന്തൊരു മണ്ടിയാ നീ!

അനീഷ്യാ:-(എന്തുവേണമെന്നറിയാതെ നില്ക്കുന്നു) എൻെറ ദൈവമേ!

നിഖിതാ:-ഉം, ഇങ്ങു കാണട്ടെ. ഞാൻ എവിടെങ്കിലും ഒളിച്ചുവയ്ക്കാം.

അനീഷ്യാ:-നിങ്ങൾ എവിടെക്കൊണ്ടുവയ്ക്കും?

നിഖിതാ:-(ചിരിച്ചുകൊണ്ടു്) എന്താ?—പേടിയാകുന്നോ?

(അകലീനാ അറയിൽനിന്നു തുണികളുമായി വരുന്നു.)

(നിഖിതായും, മെട്രേണായും, അനീഷ്യായും, അകലീനായും)

അനീഷ്യാ:-എൻെറ ദൈവമേ! കർത്താവേ! (പണം നിഖിതായെ ഏല്പിക്കുന്നു) ഓർത്തോളണേ, നിഖിതാ!

നിഖിതാ:-എന്തിനു പേടിക്കുന്നു? ഞാൻപോലും കാണാത്തപോലെ ഇതു് ഒളിച്ചുവയ്ക്കുന്നുണ്ടു്.(പോകുന്നു.)

(മെട്രേണായും, അനീഷ്യായും, അകലീനായും)

അനീഷ്യാ:-(അമ്പരന്നുനില്ക്കുന്നു) അയ്യോ! ഒരുവേള അയാൾ...

മെട്രേണാ:-ആകട്ടെ, മൂപ്പിൽ മരിച്ചോ?

അനീഷ്യാ:-മരിച്ചെന്നാ തോന്നുന്നതു്. ഞാൻ അതെടുത്തപ്പോൾ അനങ്ങിയില്ല.

മെട്രേണാ:-അകത്തുപോ. ഇതാ അകലീനാ വരുന്നു.

അനീഷ്യാ:-പാപം ഞാൻ ചെയ്തു; പണം അയാൾക്കും കിട്ടി.

മെട്രേണാ:-മതി പറഞ്ഞതു്. അകത്തുപോ. ദേ, മാത്തായും വരുന്നു!

അനീഷ്യാ:-ഞാൻ അയാളെ വിശ്വസിച്ചു. എങ്ങനെ വരുമോ! (പോകുന്നു.)

(ഒരു വശത്തുകൂടി മാത്താ പ്രവേശിക്കുന്നു. മറുവശത്തുകൂടി അകലീനായും.)

(മാത്തായും, അകുലീനായും, മെഢേണായും)

മാത്താ:-(അകുലീനായോട്ട്) ഞാൻ നേരത്തേ എത്തിയേനെ. പക്ഷേ, എൻെറ മകടെ സ്ഥലത്തോട്ടൊന്നു പോയിരുന്നു. അപ്പന് എങ്ങനെയിരിക്കുന്നു? മരിക്കാൻ തുടങ്ങുകയാണോ?

അകുലീനാ:-(തുണികൾ താഴെവയ്ക്കുന്നു) അപ്പനോ? ആ! അറിഞ്ഞുകൂടാ. ഞാൻ ആററിലായിരുന്നു.

മാത്താ:-(മെഢേണായെ ചൂണ്ടിക്കാണിച്ചിട്ട്) ആരാ അതു്?

മെഢേണാ:- ഞാൻ സൂയേവിൽനിന്നു വന്നതാ. നിഖിതായുടെ തള്ളയാ പൊന്നേ. നിങ്ങടെ ആങ്ങളയ്ക്കു ദീനം വല്യ കൂട്ടതലാ. പാവം തന്നത്താൻ പുറത്തിറങ്ങി വന്നു. 'എൻെറ ഉടപ്പിറന്നോളെ ആളയച്ചുവരുത്തണം, കാര്യമുണ്ടു്,' എന്നു പറഞ്ഞു. അദ്ദേഹം ഇപ്പോൾ മരിച്ചു. കാണണ്ടായോ?

(അനീഷ്യാ നിലവിളിച്ചുകൊണ്ടു് ഓടി പുറത്തുവരുന്നു, പൂമുഖത്തുള്ള ഒരു തൂണിൽ പിടിച്ചുകൊണ്ടു മുറവിളിക്കുന്നു.)

(മാത്തായും, അകുലീനായും, മെഢേണായും, അനീഷ്യായും)

അനീഷ്യാ:-അയ്യോ! എൻെറ പൊന്നച്ചോ! എന്നെ ആരെ ഏല്പിച്ചിട്ടാണോ നീ പോയതു്?...ഹയ്യോ! എന്നെ എന്തിനിങ്ങനെ ഇട്ടേച്ചുപോയി?......എനിക്കിനി ആരിരിക്കുന്നു?......ആ നല്ലോരു കണ്ണുകൾ അടച്ചുകളഞ്ഞല്ലൊ!.........

(അയല്ക്കാരി പ്രവേശിക്കുന്നു. മെട്രേണായും അയല്ക്കാരിയും കൂടി അനീഷ്യായെ താങ്ങിപ്പിടിക്കുന്നു. മാത്തായും അകുലീനായും അകത്തേയ്ക്കു പോകുന്നു. ആളുകൾ കൂട്ടുന്നു.)

ആൾക്കൂട്ടത്തിൽനിന്നും ഒരു ശബ്ദം:- വല്യമ്മയെ വിളിക്കിൻ, ശവം ഇറക്കിക്കിടത്തട്ടെ.

മെട്രേണാ:- (കുപ്പായക്കൈ ചുരുട്ടിക്കേറെറുന്നു) കെററിലിൽ വെള്ളമുണ്ടോ? സമോവറിൽ വെള്ളം തീൻ കാണുകില്ല. ഞാൻകൂടെ ചെന്നു സഹായിക്കട്ടെ.

(കർട്ടൻ)

# അങ്കം മൂന്ന്

(പീററുടെ ഗൃഹം. ശിശിരകാലം. രണ്ടാം അങ്കത്തിലെ സംഭവങ്ങൾക്കശേഷം ഒൻപതു മാസം കഴിഞ്ഞിരിക്കുന്നു.)

(മിടിച്ചും അനീഷ്യായും അന്യൂതായും)

(അനീഷ്യാ മുഷിഞ്ഞ വേഷത്തിൽ ഒരു നെയ്ത്തുയന്ത്രത്തിന്നു മുമ്പിലിരുന്നു മുണ്ടു നെയ്യുന്നു. അന്യൂതാ അടുപ്പുതിണ്ണയുടെ മുകളിൽ സ്ഥലം പിടിച്ചിരിക്കുന്നു.)

മിടിച്ച്:-(പ്രവേശിച്ച്, വീട്ടിന്നു വെളിക്കിടുന്ന വേഷങ്ങൾ സാവധാനം മാററുന്നു.) കർത്താവേ! രക്ഷിക്കണേ! വീടൻ ഇതുവരെയും വന്നില്ലിയോ?

അനീഷ്യാ:-എന്താ?

മിടിച്ച്:-നികിതാ ടൗണിൽ പോയിട്ടു തിരിച്ചെത്തിയില്ലിയോന്ന്?

അനീഷ്യാ:-ഇല്ല.

മിടിച്ച്:-വെറിക്കുത്തിനിറങ്ങിയതായിരിക്കും! കർത്താവേ!

അനീഷ്യാ:-മെതിക്കളത്തിന്റെ പണി തീർന്നോ?

മിടിച്ച്:-ഓഹോ! നല്ലപോലെ തല്ലിയുറപ്പിച്ചു വയ്ക്കോലും മൂടി. ഒരു പണിയും പാതിയാക്കിവയ്ക്കുന്നതു് എനിക്കു പിടുത്തമല്ല!...കർത്താവേ! വിശുദ്ധ നിക്കോളാസേ! (കൈയിലിരിക്കുന്ന കാറയിൽനിന്നു നെന്മണികൾ ഉതിർക്കുന്നു.) അങ്ങേരിങ്ങെത്തേണ്ട നേരം കഴിഞ്ഞതാല്ലോ!

അനീഷ്യാ:-അത്ര ധിറുതിംപിടിക്കേണ്ട ആവശ്യമെന്താ? കൈയിൽ പണമുണ്ട്. വല്ല പെണ്ണുങ്ങളുമായി മേളിച്ചു നടക്കുകയായിരിക്കും.

മിഠിച്ച്:-കൈയിൽ പണമുണ്ടെങ്കിൽ എന്തുകൊണ്ടു മേളിച്ചുനടന്നുകൂടാ? ഈ അകുലീനാ എന്തിനാ പട്ടണത്തിൽ പോയതു്?

അനീഷ്യാ:-അവളോടുതന്നെ ചോദിക്കണം, അങ്ങോട്ടു കെട്ടിയെടുത്തതെന്തിനാണെന്നു്.

മിഠിച്ച്:-പട്ടണമല്ലിയോ? പണമുണ്ടെങ്കിൽ എന്തുവേണമെങ്കിലും അവിടെ കിട്ടും.

അന്യൂതാ:-അമ്മേ, എന്തിനാന്നു ഞാൻ കേട്ടു. ചിററപ്പൻ ചേടത്തിയോടു പറഞ്ഞു: “ഞാൻ നിനക്കൊരു മേൽപ്പുടവ വാങ്ങിച്ചുതരാം. കൂടെവന്നു നീ തന്നെ തിരഞ്ഞെടുത്തോ.” ചേച്ചി ഉടനേ ഉടുത്തൊരുങ്ങി. വെൽവെററുടുപ്പും ഫ്രഞ്ചുമേൽപ്പുടവയും എടുത്തിട്ടു.

അനീഷ്യാ:-വാസ്തവത്തിൽ ഒരു പെണ്ണിൻെറ മാനം വീട്ടുവാതുക്കൽവരെയേ ഉള്ളു. ഉമ്മറപ്പടി കടന്നോ, അവൾ എല്ലാം മറക്കും. ഒരു നാണംകെട്ട ജന്തുവാണവൾ.

മിഠിച്ച്:-എൻറപ്പാ! നാണിക്കുന്നതെന്തിനു്? പണമുണ്ടെങ്കിൽ മേളിച്ചുനടക്കണം. കർത്താവേ! അത്താഴത്തിനു കാലമായില്ലായിരിക്കും, അല്ലിയോ? (അനീഷ്യാ മിണ്ടുന്നില്ല) ഉള്ള നേരംകൊണ്ടു് അല്പമൊന്നു കാഞ്ഞോട്ടെ. (അടുപ്പുതിണ്ണയുടെ പുറത്തുകയറുന്നു.) കർത്താവേ! വിശുദ്ധമാതാവേ! പരിശുദ്ധ നിക്കോളാസേ!

(മിടിച്ചും അന്നൃതായും അന്നീഷ്യായും ഒരു അയൽക്കാരിയും)

അയൽക്കാരി:-(പ്രവേശിക്കുന്നു.)നിങ്ങളുടെ ആമ്പ്ര ന്നോൻ ഇങ്ങുവന്നില്ലയോ?

അന്നീഷ്യാ:-ഇല്ല.

അയൽക്കാരി:-വരേണ്ടുന്ന നേരം കഴിഞ്ഞല്ലോ. നമ്മുടെ സത്രത്തിൽ തങ്ങിയതല്ലിയോ? പട്ടണത്തിൽനിന്നുംവന്ന മഞ്ഞുവണ്ടികൾ ഒരുപാട്ട് അവിടെക്കിടക്കുന്നൊന്നു ഞങ്ങടെ ഫെല്ലാ പറഞ്ഞു.

അന്നീഷ്യാ:-അന്നൃതേ! എടീ അന്നൃതേ!

അന്നൃതാ:-എന്തോ!

അന്നീഷ്യാ:-നീ ചട്ടെന്നു സത്രത്തിൽ പോയൊന്നു നോക്ക്. കുടിച്ചു ലവലില്ലാതെ അങ്ങോട്ടു പോയതാരിക്കും.

അന്നൃതാ:- (അടുപ്പുതിണ്ണയുടെ പുറത്തുനിന്നിറങ്ങി വേഷം മാറുന്നു.) ഇപ്പം പോയേക്കാം.

അയൽക്കാരി:- മേപ്പടിയാൻ അകുലീനായെക്കൂടി കൊണ്ടുപോയിട്ടുണ്ടോ?

അന്നീഷ്യാ:- ഇല്ലെങ്കിൽ പിന്നെ അങ്ങേക്കു പോകേണ്ട ആവശ്യമുണ്ടോ? അങ്ങേരു വീട്ടിൽ നില്ക്കാൻ സമ്മതിക്കാത്തതു് അവളാ. പലപ്പോഴും അങ്ങേരു പറയും: "ബാങ്കിൽ പോകണം, കുറച്ചു പലിശ കിട്ടാനുണ്ട്, മേടിക്കണം," എന്നു്...പക്ഷേ, അതൊക്കെ അവളുടെ മയക്കാ.

അയൽക്കാരി:- (തലകുലുക്കുന്നു.) മോശം, മോശം! (നിശ്ശബ്ദത.)

അന്ദൃതാ:-(വാതില്ക്കൽ നിന്നുകൊണ്ട്) ചിററപ്പൻ അവിടെ ഉണ്ടെങ്കിൽ ഞാൻ എന്തുപറയണം?

അനീഷ്യാ:- അവിടുണ്ടോന്നു നോക്കിയാൽമതി നീ.

അന്ദൃതാ:- ശരി. കണ്ണടച്ചു തുറക്കുന്നതിനു മുമ്പു ഞാനിങ്ങു വന്നേക്കാം. (പോകുന്നു.)

(അനീഷ്യായും, മിടിച്ചും, അയൽക്കാരിയും)

(ഒരു നീണ്ട മൗനം)

മിടിച്ച്:- (അലറുന്നു.) കർത്താവേ! കരുണയുള്ള നിക്കോളാസേ!

അയൽക്കാരി:- (നടുങ്ങുന്നു.) ഹോ, പേടിപ്പിച്ചുകളഞ്ഞല്ലോ! ആരാ അത്?

അനീഷ്യാ:- ഞങ്ങടെ ജോലിക്കാരൻ മിടിച്ചല്ലിയോ?

അയൽക്കാരി:- ഞാൻ കണ്ടമാനം പേടിച്ചുപോയി. അയാടെ കാര്യം തീരെ ഓർമ്മിച്ചില്ല. ങാ, ആരോ അകുലീനായെ കല്യാണം ആലോചിച്ചെന്നു കേട്ടല്ലോ. എന്തായി?

അനീഷ്യാ:- (നെയ്ത്തു യന്ത്രത്തിന്റെ അടുക്കൽ നിന്നെഴുന്നേററു മേശയ്ക്കു സമീപം ചെന്നിരിക്കുന്നു.) ഡെഡ്ലോവിൽനിന്നൊരുകൂട്ടർ വന്നിരുന്നു. പക്ഷേ, ഉള്ളുകള്ളികൾ ഏതാണ്ടൊക്കെ അവരറിഞ്ഞെന്നാ തോന്നുന്നത്. ഇപ്പോഴും അനക്കമൊന്നുമില്ല. ആർക്കുവേണം അവളെ?

അയൽക്കാരി:- സൂയേവിൽനിന്നു വന്ന ലിസൂനോവിന്റെ കൂട്ടരോ?

അനീഷ്യാ:- അവരും ആലോചിച്ചു. അതും നടപ്പിൽ വന്നില്ല. അങ്ങേക്ക് അവരെ വേണ്ടാ.

അയൽക്കാരി:- അവളെ കെട്ടിച്ചയയ്ക്കേണ്ട കാലം കഴിഞ്ഞു.

അനീഷ്യാ:- അതും കഴിഞ്ഞു അതിനപ്പുറവും കഴിഞ്ഞു. അവളെ ഈ വീട്ടിൽനിന്നൊന്നിറക്കിവിടാഞ്ഞു മനസ്സു മുട്ടി. പക്ഷേ, കാര്യം നടക്കുന്നില്ല. അങ്ങേക്ക് അതിൽ വല്യ താല്പര്യമില്ല—അവൾക്കുമില്ല. സുന്ദരിയെ അനുഭവിച്ചിട്ടു മതിവന്നില്ലെന്നു കണ്ടോ അങ്ങേക്ക്?

അയൽക്കാരി:- അയ്യയ്യേ! എന്തൊരു നടപടികളാ! പാപം! അയാൾ അവളുടെ ചിററപ്പനല്ലിയോ?

അനീഷ്യാ:- എൻെറ ചെങ്ങാതീ, അവരെന്നെ അടിമുടി പററിച്ചു. എന്നെ ചെണ്ടകൊട്ടിച്ചതൊന്നും പറഞ്ഞറിയിക്കാൻവയ്യാ. ഞാൻ പൊട്ടിയായതുകൊണ്ട് ഒന്നും അറിഞ്ഞില്ല,—ഒന്നും സംശയിച്ചില്ല. അതിനാൽ അങ്ങേരെ ഭർത്താവായെടുത്തു. എനിക്ക് ഒരൂഹവും പോയില്ല. പക്ഷേ, അവർ നേരത്തേ ചിട്ടയിലായിരുന്നു.

അയൽക്കാരി:- അയ്യോ! കഷ്ടം!

അനീഷ്യാ:- അവർ എൻെറ കണ്ണിൽ കൂട്ടതൽ കൂട്ടതൽ മണ്ണിടുന്നുണ്ട്. എൻെറ ജീവിതം നരകമാണ്, വെറും നരകം. അങ്ങേരെ സ്നേഹിക്കാതിരുന്നെങ്കിൽ മതിയായിരുന്നു.

അയൽക്കാരി:- എന്നോട്ട പറയണ്ടാ! എനിക്കറിയാം.

അനീഷ്യാ:- ഒണ്ണമുണ്ട ചെങ്ങാതീ,—അയാളിൽനി

ന്നും ഇങ്ങനെയുള്ള അവമാനങ്ങൾ സഹിക്കേണ്ടിവരുന്നതിൽ വലിയ ദണ്ണമുണ്ടു്.

അയൽക്കാരി:- ഒന്നുപറഞ്ഞാൽ രണ്ടാമത്തതിന് അടിയുംതുടങ്ങിയിട്ടുണ്ടെന്നു കേൾക്കുന്നല്ലോ. നേരാണോ?

അനീഷ്യാ:- അതുമുണ്ടു്; മുമ്പൊക്കെ കുടിച്ചാൽ വളരെ സൗമ്യനായിരുന്നു. പണ്ടും കുറേശ്ശ കുടിക്കും. പക്ഷേ, എന്നോടു വഴക്കില്ല. എന്നാൽ ഇപ്പോൾ തുള്ളി നീപ്പ അകത്തു ചെന്നാൽ എൻെറമേൽ ചാടിവീഴും. തള്ളിയിട്ടു ചവിട്ടാൻ നില്ക്കും. കഴിഞ്ഞ ഒരുദിവസം രണ്ടു കൈകൊണ്ടും എൻെറ മുടിക്കു ചുററിപ്പിടിച്ചു. പിടിവിടുവിക്കാൻ ഞാൻ വളരെ പണിപ്പെട്ടു. ആ പെണ്ണു് ഒരു സപ്പത്തേക്കാൾ വഷളാ. ഇങ്ങനെയുള്ള അസത്തുക്കളെ ഭൂമി താങ്ങുന്നതാണത്ഭുതം!

അയൽക്കാരി:-ഹൊ-ഹൊ-ഹൊ! നിൻെറ തലയിലെഴുത്തു കഷ്ടം!—ഓക്കുന്തോറും കഷ്ടം!—എൻെറ ചെങ്ങാതീ, നീ എങ്ങനെ സഹിക്കുന്നു? ഒരു എരപ്പാളിയെ പിടിച്ചു വീട്ടിൽ കേററീട്ടു് അയാളിപ്പോൾ നിന്നെ ഇട്ടു പന്തുതട്ടുന്നു. എന്താ നീ അയാളെ കുറച്ചു നിലയ്ക്കു നിത്താത്തതു്?

അനീഷ്യാ:- ഞാനെന്തുചെയ്യാനാ? എൻെറ മനസ്സു സമ്മതിക്കുന്നില്ല. മരിച്ച ആൾ വല്യ ഗൗരവക്കാരനായിരുന്നു. എങ്കിലും അദ്ദേഹത്തെ എൻെറ ഇഷ്ടംപോലെ തിരിച്ചു കൊണ്ടുവരാൻ കഴിഞ്ഞിരുന്നു. എന്നാൽ ഇയാളിൻെറടുത്തു് ഒന്നും നടപ്പില്ല. അയാളെ കാണുന്നമാത്രയിൽ എൻെറ കരൾ അലിഞ്ഞുപോകും. അയാളുടെ മുമ്പിൽ എനിക്കു കടുകോളം ധൈര്യമില്ല, വെള്ളത്തിൽ മുങ്ങിയ പിടക്കോഴിയെപ്പോലെയാണു ഞാൻ.

അയൽക്കാരി:- ഓ, ചെങ്ങാതീ, നിനക്കാരോ ക്രൂടോത്രം ചെയ്തിട്ടുണ്ട്. ആ മെഡ്രേണാ അങ്ങനൊക്കെ ചെയ്യുമെന്നു കേട്ടിട്ടുണ്ട്; അവരായിരിക്കും.

അനീഷ്യാ:- എനിക്കും അങ്ങനെ തോന്നുന്നു. ചില സമയത്തൊക്കെ എനിക്ക് എങ്ങനെ ദണ്ണം തോന്നുമെന്നറിയാമോ? അപ്പോൾ അയാളെ പിച്ചിച്ചീന്തിയാൽ കൊള്ളാമെന്നു വിചാരിക്കും. പക്ഷേ, അയാളുടെ നേരേ നോക്കുമ്പോഴുണ്ടല്ലോ, പിന്നെ എതിക്കാൻ മനസ്സു വരികില്ല.

അയൽക്കാരി:-ഏതോ ആഭിചാരദോഷമുണ്ട്. എൻെറ പൊന്നേ, ഒരാളിനെ ഇല്ലായ്മചെയ്യാൻ വളരെ എളുപ്പമാ. നിന്നെ കണ്ടാലറിയാം, ഏതോ ചെയ്തിട്ടുണ്ടെന്ന്.

അനീഷ്യാ:-ദിവസേന തേഞ്ഞുതേഞ്ഞു വരികയാ ഞാൻ. ആ അകുലീനായെ ഒന്നു കണ്ടാട്ടെ. ഒരു വക്ത്തു കെട്ട ശവമല്ലായിരുന്നോ അവൾ? ഇപ്പോഴെങ്ങനെയിരിക്കുന്നു? അയാൾ അവളെ ശരിയാക്കി എടുത്തതാ. പൊട്ടാറായ കുമിളപോലെ ഊതിവീത്തു. മട്ടൊക്കെ മാറി. മണ്ടിയാണെന്നു കൂട്ടാക്കണ്ടാ. അവളുടെ മനോഗതം അറിയണ്ടേ? ‘ഞാനാണു വീട്ടുകാരി. ഈ വീട് എൻെറ വകയാ. നികിതായെക്കൊണ്ട് അപ്പൻ കെട്ടിക്കാനിരുന്നത് എന്നെയാ.’ ഇങ്ങനൊക്കെയാ അവടെ പറച്ചിൽ. അസത്തുപെണ്ണ്. ദേഷ്യം വന്നാൽ അവൾ പുരയുടെ മോന്തായം ഇളക്കും.

അയൽക്കാരി:-എൻെറപ്പോ, നിൻെറ ജീവിതം എന്തൊരു ജീവിതം? എൻെറ കണ്ണിനു കാണുന്നതല്ലിയോ?

എങ്കിലും ആളുകഠം അസൂയപ്പെടുകയാ! 'അവർ സ്വത്തു കാരാ.' സ്വത്തിലും കണ്ണുനീരിനു കുറവില്ല.

അനീഷ്യാ:-അസൂയപ്പെടാൻ കാരണം അമ്പേയുണ്ടു്! ഉണ്ടെന്നുപറയുന്ന മുതലും നാനാവിധമാകാൻ വല്യതാമസമില്ല. പണമിട്ടു ധാരാളിക്കുന്നതെങ്ങനെയെന്നോ?

അയൽക്കാരി:-എങ്കിലും ആ പണം അങ്ങനെ വിട്ടുകൊടുക്കാൻ നീ അത്ര മണ്ടിയായിപ്പോയല്ലോ! പണം നിൻെറ വകയല്ലേ?

അനീഷ്യാ:-നിങ്ങഠം കഥ മുഴവൻ അറിഞ്ഞെങ്കിൽ! സംഗതി ഇതാണു്: എനിക്കൊരു കൊച്ചുതെററു പററിപ്പോയി!

അയൽക്കാരി:-ഞാനായിരുന്നെങ്കിൽ അയാടെപേക്ക പോലീസിൽ കേസുകൊടുത്തേനേ. പണം നിൻേറതു്. അയാഠംക്കു ധൂത്തടിക്കാൻ എന്തുകാൎയ്യം? ഒരവകാശവും ഇല്ല.

അനീഷ്യാ:-ഇക്കാലത്തു് അവകാശമൊന്നും അവർ ഗൗനിക്കേല്ലെ.

അയൽക്കാരി:-കഷ്ടം! എൻെറ ചെങ്ങാതീ, ഞാൻ നിന്നെ നോക്കുകയാ, നീ നന്നാ ചടച്ചുപോയി!

അനീഷ്യാ:-ഉവ്വ്; ചടച്ചുപോയി,—വളരെയധികം. അയാഠം എൻെറ കയ്യും കാലും മുറുക്കിയിട്ടിരിക്കയാ. രക്ഷപ്പെടാൻ വഴി കാണുന്നില്ല. എന്തു ചെയ്യട്ടെ!

അയൽക്കാരി:-(ശ്രദ്ധിച്ചിട്ടു്) ആരോ വരുന്നു.

(വാതിൽ തുറന്നു് ആക്കിം പ്രവേശിക്കുന്നു.)

(അനീഷ്യായും അയൽക്കാരിയും ആക്കിമും)

ആക്കിം:-(കുരിശടയാളം വരച്ചിട്ട് ഷൂസിലെ മഞ്ഞുതട്ടിക്കളകയും കോട്ട് ഊരുകയും ചെയ്യുന്നു.) നല്ലതു വരട്ടെ! സുഖമാണോ മോളേ?

അനീഷ്യാ:-അപ്പനു സുഖമാണോ? ഇപ്പോൾ വീട്ടീന്നു വരികയാണോ?

ആക്കിം:-കുറച്ചു ദിവസമായിട്ടേ വിചാരിക്കയാ, പോയൊന്നു കാണണം, എൻെറ മോനേ പോയൊന്നു കാണണം, എന്ന്. കാലത്തേ തിരിച്ചില്ല...ഏതു്?...പ്രാതൽ കഴിച്ചിട്ട തിരിച്ചു. വല്യമഞ്ഞു്......വഴി നടക്കാൻ പണ്ണി......അതുകൊണ്ടു താമസിച്ചുപോയി......എൻെറ മോൻ ഇവിടുണ്ടോ?......വീട്ടിലുണ്ടോ?

അനീഷ്യാ:-ഇല്ല, പട്ടണത്തിൽ പോയി.

ആക്കിം:-(ബെഞ്ചിൽ ഇരുന്നിട്ട്) അവനെ കണ്ടിട്ട് ഒരു കാര്യമുണ്ട്, ഒരു ചെറിയ കാര്യം. ഇന്നാൾ ഞാൻ പറഞ്ഞു...ഏതു്?...ഒരു ചെറിയ ആവശ്യമുണ്ടെന്നു പറഞ്ഞു. വീട്ടിലെ മുതുകതിര ചത്തുപോയി. ഇനി ഒരെണ്ണത്തിനെ മേടിക്കണം....ഏതു്?...അതാ ഇങ്ങോട്ടു വന്നതു്.

അനീഷ്യാ:-നികിതാ ആ സംഗതി എന്നോടു പറഞ്ഞു. ഇവിടെ വരുമ്പോൾ പറയണം. (അടുപ്പുതിണ്ണയുടെ അടുത്തു ചെല്ലുന്നു) അത്താഴം കഴിക്കാം, പട്ടണത്തിൽനിന്ന് ഇപ്പോൾ വരും. മിഗിച്ച്, ഏ; മിഗിച്ച്, എഴുന്നേററുവന്ന് അത്താഴം കഴിക്കണം.

മിഗിച്ച്:-കർത്താവേ! കരുണയുള്ള നിക്കോളാസേ!

അനീഷ്യാ:-വരണം. വന്ന് അത്താഴം കഴിക്കണം.

അയൽക്കാരി:-ഞാൻ പോകുന്നു.

(പോകുന്നു.)

(ആക്കിമും അനീഷ്യായും മിടിച്ചും)

മിടിച്ച്:-(അട്ടപ്പതിണ്ണയുടെ പുറത്തുനിന്നിറങ്ങിയിട്ട്) ഞാനങ്ങുറങ്ങിപ്പോയി, അറിഞ്ഞതേയില്ല. കത്താവേ! വിശുദ്ധ നിക്കോളാസേ! എന്തുണ്ടു വിശേഷം, വല്യപ്പാ?

ആക്കിം:-ആരിതു്? മിടിച്ചോ? നിങ്ങൾക്ക എന്താ ഇവിടെ പണി?

മിടിച്ച്:-ഞാനിവിടെ നിഖിതായ്ക്കു് ജോലിചെയ്തു ജീവിക്കയൊ.

ആക്കിം:-എന്താ പറഞ്ഞതു്? എൻെറ മോൻ ജോലിചെയ്യുന്നെന്നോ? എന്താ പറഞ്ഞതു്?

മിടിച്ച്:-ഞാൻ പട്ടണത്തിൽ ഒരു കച്ചോടക്കാരൻെറകൂടെ നില്ക്കുയായിരുന്നു. അവിടെ കുടികൊണ്ടു മുടിഞ്ഞു. പിന്നേം നാട്ടുമ്പുറത്തു പോന്നു. പാക്കാൻ സ്വന്തം വീടില്ല, അതുകൊണ്ടു് ആരുക്കെങ്കിലും ജോലിചെയ്തു താമസിക്കാമെന്നുവച്ചു. അങ്ങനെ ഇവിടെ കൂടി. (കോട്ടുവായിടുന്നു) കത്താവേ!

ആക്കിം:-അപ്പോൾ അവൻ—നമ്മുടെ നിഖിതാ എന്തെടുക്കുവാ?...ഏതു്?...ഒരു ജോലിക്കാരനെ ശമ്പളത്തിനു നിത്താൻ അവനു വേറെ വല്ലപണീമുണ്ടോ?

അനീഷ്യാ:-എന്തുപണിയാ? ഇവിടെ കാര്യങ്ങളൊ

ക്കെ നോക്കിവന്നതാ. ഇപ്പോറം വേറെയൊക്കെയൊ വിചാരം. അതുകൊണ്ടു് ഒരുത്തനെ ജോലിക്കനിത്തി.

മിടിച്ച്:-പണമുണ്ടു്. പിന്നെന്തിന്ന ജോലിചെയ്യുന്നു?

ആക്കിം:-അതുതെററു്.....ഏതു്?......വല്യതെററു്. തനിയേ ചീത്തയാവുകയാ.

അനീഷ്യാ:-ചീത്തയാകാൻ ഇനിയൊന്നുമില്ല.

ആക്കിം:-ദേ കണ്ടോ?—നമ്മറം കൊള്ളാമെന്നു വിചാരിക്കുന്നതു ചള്ളായിട്ടാ തീരുക. ഏതു്? സമ്പത്തു മനുഷ്യനെ ദുഷിപ്പിക്കും.

മിടിച്ച്:-കൊഴപ്പുകേറിയാൽ കൊടിച്ചിപ്പട്ടിക്കുകൂടി പേപിടിക്കും. പിന്നെ, മനുഷ്യൻെറ കാര്യം പറേണോ? എന്നെത്തന്നെ നോക്കണം. എൻെറ പുഷ്ക്കരകാലത്തു മൂന്നാഴ്ച തുടരെ ഞാൻ കുടിച്ചിട്ടുണ്ടു്. എൻെറ അവസാനത്തെ കാലുറക്കൂടി വിററുകുടിച്ചു. കൈയിൽ ഒരു ക്രുറപ്പേന്നും ഇല്ലാതായപ്പോറം മതിയാക്കി. ഇപ്പോറം ഞാൻ കുടിക്കില്ലെന്നു ശപഥം ചെയ്തിരിക്കയൊണു്. പോകട്ടെ, മുടിഞ്ഞ സാധനം!

ആക്കിം:-നിങ്ങടെ കിളവി ഇപ്പോറം എവിടെയാ?

മിടിച്ച്:-അവറം അവറംക്കിണങ്ങിയ ഇടം കണ്ടു പിടിച്ചു. പട്ടണത്തിൽ സത്രങ്ങളുടെയും ചാരായഷാപ്പുകളുടെയും പക്കത്തൊണു് അവളുടെ താമസം..... അവളൊരു സുന്ദരിക്കുട്ടിയാണു്. പുറത്തൊരു മുഴയുണ്ടു്, ഒരു കണ്ണു പൊളിഞ്ഞതും, മറേറതു് കുഴിഞ്ഞതും, മോന്ത ഒരു വശത്തേയ്ക്കു കോടിയതുമാണു്:—ഒരിക്കലും തലയ്ക്കുവെളിവില്ലതാനും.

ആക്കിം:-ഓഹോ! അതെന്തു്?

മിടിച്ച്:-ഒരു പട്ടാളക്കാരന്റെ ഭാൎയ്യ പിന്നെ എവിടെ തങ്ങും? അവൾക്കു പററിയേടത്തു് അവൾ കൂടി.

ആക്കിം:-(അനീഷ്യായോടു്) നിഖിതാ, വല്ലതും വില്ക്കാൻ പോയതാണോ പട്ടണത്തിൽ?

അനീഷ്യാ:-(മേശപ്പുറത്തു പാത്രങ്ങൾ നിരത്തി വിളമ്പിക്കൊണ്ടു്) വില്ക്കാനൊന്നും കൊണ്ടുപോയിട്ടില്ല. ബാങ്കിൽനിന്നും പണം എടുക്കാൻ പോയതാ.

ആക്കിം:-(ഭക്ഷണം കഴിച്ചുകൊണ്ടു്) എന്തിനു്? ആ പണം വേറെവല്ലതിനും മുടക്കാൻ പോകുന്നോ? ഏതു്? വല്ല പുതിയകാൎയ്യത്തിനും?

അനീഷ്യാ:-ഇല്ല, അതിൽ തൊടുന്നതേയില്ല. ഇരുപതോ മുപ്പതോ റൂബിൾ പലിശ വരും. അതിങ്ങെടുക്കണം.

ആക്കിം:-എടുക്കണോ? എന്തിനു്? ഇന്നു കുറച്ചെടുക്കും...നാളെക്കുറച്ചു്...ഏതു്? അങ്ങനെ അങ്ങനെ മുഴവനും തീൎക്കും.

അനീഷ്യാ:-ഇതു് അധികം കിട്ടുന്നതാ. പണം മുഴവൻ അവിടെ കിടക്കും.

ആക്കിം:-മുഴവൻ കിടക്കുമോ? അതെങ്ങനെ കിടക്കും? ഒരുവഴിക്കെടുക്കുന്നു. എന്നാലും അങ്ങനെതന്നെ കിടക്കുംപോലും. അതെങ്ങനെ? നിങ്ങൾ പത്തായത്തിൽ അല്ലെങ്കിൽ അറയിൽ കുറെ നെല്ലിട്ടുവെയ്ക്കുന്നു. എന്നിട്ടു് അതിൽനിന്നു് എടുത്തുകൊണ്ടിരിക്കുന്നു. നെല്ലു് അവിടെ കിടക്കുമോ?...ഏതു്?...അങ്ങനെതന്നെ കിടക്കുമോന്നു്!

അപ്പോഠം അതിലെന്തോ മായമുണ്ട്...ഏതു്?...അതു കളിപ്പീരാണു്! കണ്ടോളിൻ അവർ നിങ്ങളെ പററിക്കും. അങ്ങനെതന്നെ കിടക്കുംപോലും!...നല്ലകഥ! നിങ്ങഠം കുറേശ്ശെ എടുക്കും. എന്നാലും അങ്ങനെതന്നെ കിടക്കുംപോലും!

അനീഷ്യാ:-എനിക്കു് അതേപ്പററി ഒന്നും അറിഞ്ഞുകൂടാ. ഐവാൻ മോസീച്ചാണു് പണം ബാങ്കിലിടാൻ അന്നു ഉന്നദോഷിച്ചതു്. 'മുതലിനു് അന്തരം വരികില്ല; നിങ്ങഠംക്കു പലിശയും കിട്ടും,' എന്നു് അദ്ദേഹം പറഞ്ഞു.

മിടിച്ച്:-(തീൻ കഴിഞ്ഞു്) അതു കാര്യംശരിയാ. ഞാനൊരു കച്ചോടക്കാരൻെറകൂടെ താമസിച്ചിട്ടുണ്ടു്. അവരൊക്കെ അങ്ങനാ ചെയ്യുന്നതു്. പണം ബാങ്കിലിടുക, വീട്ടിൽ അടുപ്പുതിണ്ണപ്പുറത്തു ചുമ്മാ മലന്നു കിടന്നോളുക; കൂടുതൽ കൂടുതൽ സമ്പാദിക്കുക. ഇതാണു പണി.

ആക്കിം:-അതൊരു പുതുമയാണല്ലോ! എങ്ങനെയാ കൂടുതൽ സമ്പാദിക്കുന്നതു്?....ഏതു്?....എവിടെനിന്നു കിട്ടും ആ പണം?

അനീഷ്യാ:-ബാങ്കിൽനിന്നു്.

മിടിച്ച്:-മിണ്ടാതിരിക്കണെ. പെണ്ണുങ്ങഠംക്കറിഞ്ഞുകൂടാ. ദേ, ഇങ്ങോട്ടു നോക്കു്. ഞാൻ പറഞ്ഞുതരാം. ഓർമ്മിച്ചു കേട്ടോ: നിങ്ങളുടെ പക്കൽ കുറച്ചു പണമുണ്ടെന്നിരിക്കട്ടെ. എനിക്കു കൃഷി ഇറക്കാനുള്ള കാലം അടുത്തിരിക്കുകയാ. എൻെറ സ്ഥലം കിളച്ചിട്ടില്ല. കൈയിൽ വിത്തില്ല, അല്ലെങ്കിൽ, കരം കൊടുത്തി

ട്ടില്ല. അതിനാൽ ഞാൻ നിങ്ങളുടെ അടുത്തുവന്ന് "ആക്കിം, എനിക്കൊരു പത്തു റുബിൾ തരണം. ഞാൻ വിളവെടുക്കുമ്പോൾ മടക്കിത്തരാം. ഈ സഹായത്തിനു നിങ്ങൾക്കുകൂടി രണ്ടേക്കർഭൂമി ഞാൻ കിളച്ചുതരാം." എന്നുപറയുന്നു. അപ്പോൾ നിങ്ങൾ എനിക്ക് എന്തെങ്കിലും ഈടുകൊടുക്കാൻ വകയുണ്ടോ എന്നു നോക്കുന്നു. കുതിരയോ പശുവോ അതുപോലെ മറെറന്തെങ്കിലുമോ ഉണ്ടെന്നുകണ്ടാൽ നിങ്ങൾ പറയും: "പണം തരാം. മടക്കിത്തരുമ്പോൾ മൂന്നു റുബിൾ അധികം തരണം." അങ്ങനെ ഇടപാടൊത്തുങ്ങുന്നു. ഞാൻ അത്യാവശ്യക്കാരനാണ്. എനിക്കു പണത്തിനു വേറെ വഴിയുമില്ല. അതുകൊണ്ട്, "ശരി അങ്ങനെതന്നെ," എന്നു സമ്മതിച്ചു പത്തു റുബിൾ വാങ്ങിക്കൊണ്ടു ഞാൻ പോകുന്നു. വിളവെടുപ്പുകാലത്തു വിററുപെറുക്കി ഞാൻ പണം തിരികെ കൊണ്ടുവരുന്നു. നിങ്ങൾ അധികപ്പററായി മൂന്നു റുബിൾ എന്നെ പിഴിഞ്ഞു വാങ്ങുന്നു.

ആക്കിം:-അതു കൃഷിക്കാർ ദൈവത്തെ മറക്കുമ്പോൾ ചെയ്യുന്ന പ്രവൃത്തിയാ...ഏതു്?...അതിൽ സത്യമില്ല, ധമ്മമില്ല.

മിട്രിച്ച്:-നില്ല്; മറിപ്പുകൾ ഇനിയും കിടക്കുന്നു; അങ്ങനെ നിങ്ങൾ എൻെറ തൊലിയുരിച്ചു,—ഓമ്മിച്ചോളണം. ഇനി, അനീഷ്യായുടെ കയ്യിൽ കുറെ പണമിരിക്കുന്നു എന്നു വയ്ക്കുക. അതുകൊണ്ട് എന്തുചെയ്യണമെന്ന് എല്ലാ പെണ്ണുങ്ങളേയുംപോലെ അവക്കും അറിഞ്ഞുകൂടാ. അവർ നിങ്ങളെ സമീപിച്ചു ചോദിക്കുന്നു, "എൻെറ കൈയിൽ കുറച്ചു പണമിരിക്കുന്നു, അതും കൂടിട്ടു

നിങ്ങൾക്കു ലാഭമുണ്ടാക്കിക്കൂടായോ?" "പന്നെന്താ," എന്നു നിങ്ങൾ സമ്മതിക്കയും ചെയ്യുന്നു. പിന്നീട്ട് നിങ്ങൾ തരംനോക്കിയിരിക്കും. വീണ്ടും കൃഷിയിറക്കേണ്ട കാലമാകുമ്പോൾ ഞാൻ വന്ന് ആവശ്യപ്പെടും, "എനിക്ക് ഒരു പത്തു രൂബിൾകൂടി വേണം, പലിശതരാം." അപ്പോൾ എൻെറ തൊലി നിശ്ശേഷം ഉരിഞ്ഞിട്ടുണ്ടോ, ഇനിയും ഉരിക്കാൻ വശമുണ്ടോ എന്നു നിങ്ങൾ പരിശോധിക്കുന്നു. വശമുണ്ടെന്നു കണ്ടാൽ നിങ്ങൾ അനീഷ്യായുടെ പണം എനിക്കു തരുന്നു. ഒരു പഴംകുറപോലും എനിക്കു ശേഷിച്ചിട്ടില്ലെങ്കിൽ നിങ്ങൾ ഒററനോട്ടത്തിനു കാര്യം മനസ്സിലാക്കും. എന്നിട്ട് എടുത്തവായ്ക്ക് എന്നോടു പറയും, "വേറെ എവിടെങ്കിലും പോയി ചോദിക്കണം സ്നേഹിതാ," പിന്നെ വേറൊരുത്തനെ നോക്കിയിരിപ്പായി. അയാൾക്കു നിങ്ങളുടേയും അനീഷ്യായുടേയും പണം കൊടുക്കുന്നു. എന്നെ ചെയ്തുപോലെ അയാളെയും ഉരിക്കുന്നു. ഇതാണു ബാങ്ക്! ഇങ്ങനെയതു കറങ്ങിക്കൊണ്ടിരിക്കുന്നു. വെറും കറക്കുപണിതന്നെ ചെങ്ങാതീ!

അക്കിം:-(വികാരഭരിതനായി) എൻെറ ഈശോ! എന്തൊരിടപാട്! വൃത്തികെട്ട തൊഴിൽ! കൃഷിക്കാർ ഇങ്ങനെ ചെയ്യുന്നതു പാപമാണ്....ഏതു്?...അതു നീതിയല്ല....നീതിയല്ല....വൃത്തികേട്! പഠിപ്പുള്ള ആളുകൾഎന്തിങ്ങനെ?...

മിട്രിച്ച്:-അവക്ക് ഏററവും ഇഷ്ടപ്പെട്ട പ്രവൃത്തിയാണിതു്. തന്നെത്താൻ പണം ഉപയോഗപ്പെടുത്താൻ അറിവില്ലാത്ത മണ്ടന്മാരും പെണ്ണുങ്ങളുമാണു ബാങ്കിൽ പണം കൊണ്ടിടാൻ പോകുന്നതു്. ബാങ്കുകാർക്കു കുശാൽ.

പണം കാണുന്നമാത്രയിൽ അവർ ചാടിപ്പിടിച്ചോളും. പിന്നെ അതുകൊണ്ടാണു മററുള്ളോരുടെ തോലുരിക്കുന്നതു്. നല്ല വിദ്യതന്നെ!

ആക്കിം:-(ദീർഘനിശ്വാസത്തോടെ) ഞാൻ നോക്കിയിട്ടു പണം ഇല്ലെങ്കിലും കഷ്ടം;—ഉണ്ടായാൽ അതിലും കഷ്ടം. നമ്മൾ ജോലിചെയ്യാനാണു ദൈവകല്പന. നമ്മളോ പണം ബാങ്കിലിട്ടിട്ടു പോയിക്കിടന്നുറങ്ങുന്നു. അപ്പോഴും ആ പണം ശാപ്പാടിനു വകയുണ്ടാക്കിത്തരുന്നു. വഷളിടപാടു്. അതിൽ നീതിയില്ല.

മിടിച്ച്:-നീതിയോ? ഇക്കാലത്തു് അതൊക്കെ ആരു ഗൗനിക്കും? ഒരുത്തനെ കയ്യിൽ കിട്ടിയാൽ അവൻെറ ഉടുത്തുണിക്കൂടി പിടുങ്ങുക. അതാണിന്നത്തെ മുറ.

ആക്കിം:-(ദീർഘനിശ്വാസം ചെയ്യുന്നു) കാലം മറിഞ്ഞുപോയി. പട്ടണത്തിലെ കക്കൂസുകൾ ഒന്നു കാണണം...ഏതു്?...പുതിയജാതി കക്കൂസുകൾ. എല്ലാം പോളീഷ്ചെയ്തു സത്രംപോലാക്കിയിട്ടിരിക്കയാ. ഇതൊക്കെ എന്തിനു്? എന്താ ഇതുകൊണ്ടുള്ള ഗുണം? മനുഷ്യർ ദൈവത്തെ മറന്നിരിക്കുന്നു!...ഏതു്?...നമ്മൾ മറന്നിരിക്കുന്നു!...അനീഷ്യാ, എനിക്കു മതി....(എഴുന്നേൽക്കുന്നു. മിടിച്ച് അടുപ്പുതിണ്ണയുടെ മുകളിൽ കയറുന്നു.)

അനീഷ്യാ:- (പാത്രങ്ങൾ പെറുക്കി മാററുകയും ഭക്ഷണം കഴിക്കയും ചെയ്യുന്നു) അപ്പൻ അങ്ങേരെ ഒന്നു ശാസിച്ചെങ്കിൽ! എനിക്കു തുറന്നു പറയാൻ നാണം തോന്നുന്നു.

ആക്കിം:-നീ എന്താ പറയുന്നതു്?

അനീഷ്യാ:- ഒന്നുമില്ല. തന്നത്താൻ പറകയായിരുന്നു.

(അന്യൂതാ വരുന്നു.)

(ആക്കിമും, അനീഷ്യായും, അന്യൂതായും)

ആക്കിം:- (അന്യൂതായോട്ട്) ഇതാ വന്നിരിക്കുന്നു മോള്ള്! എപ്പോഴും തിരക്കുതന്നെ എന്താ? തണുപ്പടിച്ചോ മോളേ?

അന്യൂതാ:-ഭയങ്കരതണുപ്പു വല്യപ്പാ!

അനീഷ്യാ: -അവരവിടുണ്ടോ?

അന്യൂതാ:-ഇല്ല. ആൻഡ്രിയാൻ മാത്രമെ അവിടുള്ളു. അങ്ങേരു പട്ടണത്തിൽ പോയിരുന്നു. അവരെ അവിടൊരു സത്രത്തിൽവച്ചു കണ്ടെന്നു പറഞ്ഞു. ചിററപ്പൻ കണക്കുമാനം കുടിച്ചിട്ടുണ്ടത്രെ.

അനീഷ്യാ:-നിനക്കു വിശക്കുന്നോ? വല്ലതും വന്നു കഴിക്കു.

അന്യൂതാ:- (അടുപ്പുതിണ്ണയുടെ അടുത്തു ചെല്ലുന്നു) വല്യ തണുപ്പ്. എൻെറ കൈ കോച്ചിപ്പോയി.

(ആക്കിം കാലിൽനിന്നു ഷൂസ് അഴിച്ചുമാററുന്നു. അനീഷ്യാ പാത്രങ്ങൾ മിഴക്കുന്നു.)

അനീഷ്യാ:-അപ്പാ!

ആക്കിം:-എന്താ മോളേ?

അനീഷ്യാ:-മരീനായ്ക്കു സുഖമാണോ?

ആക്കിം:-ഉവ്വ്. പരമസുഖമാ. കേട്ടോ, അവളൊരു കൊച്ചുമിടുക്കിയാ. വളരെ സുഖമായി കഴിയുന്നു. നല്ല

പോലെ വേലയെടുക്കും. നല്ല അടക്കവും ഒതുക്കവും. കൊള്ളാവുന്നാക്കൂട്ടത്തിലാ അവൾ.

അനീഷ്യാ:- മരീനായുടെ ഭർത്താവിൻെറ ചാർച്ചക്കാരാരാണ്ടു നമ്മുടെ അകുലീനായെ ചോദിക്കാൻവരുന്നൊന്നു കേട്ടു. അവിടന്നുവന്ന ചിലരൊക്കെ അങ്ങനെ പറഞ്ഞു. അതേപ്പററി വല്ലതും കേട്ടോ?

ആക്കിം:-മിറണോവാര്ണോ? പെണ്ണുങ്ങൾ ഇങ്ങനേതാണ്ടു പറേന്നതു ഞാനും കേട്ടു. ഞാനതു ശ്രദ്ധിച്ചില്ല. ഏതു്? എനിക്കറിഞ്ഞുക്രൂടാ നേരാന്നോന്നു്. പെണ്ണുങ്ങൾ ഇതേപ്പററി പറഞ്ഞു. പക്ഷേ, ഓർമ്മയില്ല. ഒന്നും എൻെറ മനസ്സിൽ നില്ക്കുകേല്ല. മിറണോവിൻെറ വീട്ടുകാർ കൊള്ളാവുന്ന ക്രൂട്ടരാ.

അനീഷ്യാ:-അവളെ വേഗമൊന്നു കെട്ടിച്ചയയ്ക്കാനൊത്തെങ്കിൽ!

ആക്കിം:-അതെന്താ?

അന്യൂതാ:-(ശ്രദ്ധിച്ചിട്ടു്) അവർ വന്നു!

അനീഷ്യാ:-അനങ്ങണ്ടാ. (തലതിരിച്ചുനോക്കാതെ പാത്രംമിഴക്കു തുടരുന്നു.)

(ആക്കിമും, അനീഷ്യായും, അന്യൂതായും, നികിതായും)

നികിതാ:-അനീഷ്യേ, ഭാര്യേ, ആരാ വന്നിരിക്കുന്നതു്?

(അനീഷ്യാ നോക്കിയിട്ടു മിണ്ടാതെ തിരിഞ്ഞുപോകുന്നു.)

നികിതാ:-(ഗൗരവത്തിൽ) ആരു്? മറന്നുപോയോ?

അനീഷ്യാ:-മട്ടൊന്നും കാണിക്കാതെ വരിൻ!

നിഖിതാ:-(കൂടുതൽ ഗൗരവത്തിൽ) ആരാ വന്നിരിക്കുന്നതു്?

അനീഷ്യാ:-(അടുത്തുചെന്നു കൈയ്യുക പിടിച്ചുകൊണ്ടു്) എന്റെ ഭത്താവു വന്നിരിക്കുന്നു. ഇനി വരിൻ!

നിഖിതാ:-(നിന്നിടത്തുനിന്നിളകാതെ) അതുശരി. നിന്റെ ഭത്താവു്! എന്താണു നിന്റെ ഭത്താവിന്റെ പേരു്? ചൊവ്വേ പറ.

അനീഷ്യാ:-നാശമായല്ലൊ. നിഖിതാന്നു്!

നിഖിതാ:-നീ എവിടുന്നു പഠിച്ചെടീ ഈ മര്യാദ? ഇരട്ടപ്പേരു പറ.

അനീഷ്യാ:- നിഖിതാ ആക്കിമിച്ച്. ഇനിയെന്തു വേണം?

നിഖിതാ:-(വാതില്ക്കൽനിന്നുകൊണ്ടു്)ഭേഷ്! ഇനിയും കുടുംബപ്പേരു്?

അനീഷ്യാ:- (ചിരിച്ചു കൈയ്യുകപിടിച്ചു വലിച്ചുകൊണ്ടു്) ചിലിക്കിൻ.......നിങ്ങൾക്കു തീരെ ലവലില്ലല്ലോ.

നിഖിതാ:-ങാ, അതുശരി. (വാതിലിന്റെ കട്ടളക്കാലിൽ പിടിക്കുന്നു) ആദ്യം ഏതു കാൽ ചവുട്ടിയാ ചിലിക്കിൻ അകത്തുകേറുന്നതു്?

അനീഷ്യാ:-മതി വിശേഷം. വീട്ടിനുള്ളിൽ തണുപ്പുകേറുന്നു.

നിഖിതാ:-ഏതു കാൽ ചവുട്ടിയെന്നു പറ. പറഞ്ഞേ ഒക്കൂ; അതിനപ്പീലില്ല.

അനീഷ്യാ:-(സ്വഗതം) വിഷമിച്ചു. (ഉറക്കെ) ഇടത്തുകാൽ ചവുട്ടി. ഇനി അകത്തുവരാമോ?

നിഖിതാ:-അങ്ങനെ പറ.

അനീഷ്യാ:-ആരാ വന്നിരിക്കുന്നതെന്നു നോക്ക്.

നിഖിതാ:- ഹാ, എൻെറ അപ്പനോ? അപ്പനെ ഞാൻ നിന്ദിക്കത്തില്ല. അപ്പനെ ബഹുമാനിക്കാൻ എനിക്കാവും. അപ്പാ, വന്ദനം. (വഴങ്ങി കൈകൊട്ടുകുന്നു.)

ആക്കിം:-(മറുപടി പറയാതെ) കുടി, എന്തൊക്കെയാ ചെയ്തേ? ചീത്ത!

നിഖിതാ:-കുടിയോ? ഞാൻ കുടിച്ചോ? ശരി; ഞാൻ കുററക്കാരൻതന്നെ. ഒരു സ്നേഹിതൻെറകൂടെ അല്പം കുടിച്ചു—ഉപചാരമായിട്ട്.

അനീഷ്യാ:-പോയിക്കിടക്കണം.

നിഖിതാ:- ഭാര്യേ, എവിടെയാ ഞാൻ നിൽക്കുന്നത്?

അനീഷ്യാ:-അതൊക്കെ ശരി. പോയി കിടന്നാട്ടെ.

നിഖിതാ:-ഞാൻ എൻെറ അപ്പൻെറകൂടെ ഒരു കപ്പു ചായ കഴിക്കാൻപോകയാ. സമോവർ ഒന്നു ചൂടാക്ക്. അകുലീനേ, ഇങ്ങകത്തുവാ.

(പട്ടണത്തിൽനിന്നു വാങ്ങിയ സാമാനങ്ങളുമായി ഭംഗിയായ വേഷത്തിൽ അകുലീനാ പ്രവേശിക്കുന്നു.)

(അന്യൂതായും നിഖിതായും ആക്കിമും അനീഷ്യായും അകുലീനായും.)

അകുലീനാ:- നിങ്ങടെ സർവ്വവും കുഴച്ചല്ലോ? എവിടെ പട്ടുനൂൽ?

നിഖിതാ:- പട്ടുനൂലോ? അവിടുണ്ട്. ഏ, മിടിച്ച്!

താൻ അവിടെ എന്തെടുക്കുന്നു? ഉറക്കമൊയോ? കുതിരയുടെ ലാടൻ അഴിക്കണം.

ആക്കിം:- (അകുലീനായെ കണക്കാക്കാതെ മകന്റെ നേക്ക നോക്കിയിട്ടു്) ഇവൻ എന്താ ചെയ്യുന്നതു്? കിളവൻ കററ ചവുട്ടി ക്ഷീണിച്ചു കിടക്കുന്നു. ഏതു്? അപ്പോഴാ അവൻ അധികാരമെടുക്കുന്നതു്, 'ലാടൻ അഴിക്കണം.'

മിട്രിച്ച്:- (അടുപ്പുതിണ്ണയുടെ പുറത്തുനിന്നിറങ്ങി ബൂട്ട്സ് ഇടുന്നു.) കരുണയുള്ള കത്താവേ! കുതിര മുററത്തു നില്ക്കുന്നോ? അതു വശംകെട്ടുകാണും......മൃക്കററം കുടിച്ചിട്ടുണ്ടു്! കത്താവേ! വിശുദ്ധ നിക്കോളാസേ! (ആട്ടുംതോൽ എടുത്തിട്ടുംകൊണ്ടു പുറത്തു പോകുന്നു.)

നികിതാ:- (ഇരിക്കുന്നു.) അപ്പൻ ക്ഷമിക്കണം. ഞാൻ തുള്ളി കുടിച്ചിട്ടുണ്ടു്, ശരിയാ. പക്ഷേ, അതിനെന്താ? പിടക്കോഴിപോലും കുടിക്കും. ഇല്ലേ? അതുകൊണ്ടു് അപ്പൻ ക്ഷമിക്കണം. മിട്രിച്ചിൻെറ കാര്യം സാരമില്ല. അയാൾക്കു പരിഭവമില്ല. കുതിരേടെ ലാടൻ അഴിച്ചിട്ടിങ്ങു വരും.

അനീഷ്യാ:- സമോവർ ചൂടാക്കണോ?

നികിതാ:- വേണം. എൻെറ അപ്പൻ വന്നിരിക്കുന്നു. ഞങ്ങൾക്കു സംസാരിക്കാനുണ്ടു്. ചായ കുടിക്കണം. (അകുലീനായോടു്) പൊതികളെല്ലാം നീയിങ്ങു കൊണ്ടുവന്നോ?

അകുലീനാ:- പൊതികളോ? ഞാൻ എൻേറതു കൊണ്ടുപോന്നു. ബാക്കി വണ്ടിയിലുണ്ടു്. അല്ല, ഞാൻ ഇതുംകൂടെടുത്തോ? ഇതെൻേറതല്ലല്ലോ. (ഒരു പൊതി

മേശപ്പുറത്തേയ്ക്കെറിയുന്നു. ശേഷിച്ചവ സ്വന്തം പെട്ടിയിൽ വെയ്ക്കുന്നു.)

(അന്യൂതാ അകുലീനായെ സൂക്ഷിച്ചു നോക്കുന്നു. ആക്കിം മകനെ നോക്കാതെ തൻെറ കാൽനാടയും ഷൂസും എടുത്തു് അടുപ്പുതിണ്ണയുടെ പുറത്തു വയ്ക്കുന്നു.)

അനീഷ്യാ:-(സമോവർ എടുത്തുകൊണ്ടു പോകുന്നു) അവടെ പെട്ടി നിറഞ്ഞിരിക്കയാ. പിന്നെയും അങ്ങേരു വാങ്ങിയിരിക്കുന്നു!

(ആക്കിമും അകുലീനായും അന്യൂതായും നികിതായും.)

നികിതാ:- (ബോധവാനായി ഭാവിച്ചു്) അപ്പൻ എന്നോടു കോപിക്കരുതു്. എനിക്കു വെളിവില്ലെന്നാണോ വിചാരം? ഒരു ചുക്കുമില്ലെനിക്കു്. എത്ര കുടിച്ചാലും ഞാൻ മതിമറക്കത്തില്ല. ഈ നിമിഷത്തിൽ എനിക്കു് അപ്പനുമായി വത്തമാനം പറയാൻ കഴിയും. സംഗതികളും മുഴുവൻ എനിക്കു് ഓമ്മയുണ്ടു്. അപ്പൻ പണത്തിൻെറ കാര്യം പറഞ്ഞില്ലേ; കുതിര ചത്തുപോയെന്നു പറഞ്ഞില്ലേ?—ഞാൻ ഓമ്മിക്കുന്നു. അതൊക്കെ സാധിക്കാം. പണം ഇപ്പോഴുംതന്നെ കൈയിലുണ്ടു്. വല്യ തുകയായിരുന്നു വേണ്ടതെങ്കിൽ കുറച്ചു കഴിഞ്ഞോട്ടെ എന്നു പറഞ്ഞേനേ. പക്ഷേ, ഈ ആവശ്യം ഞാൻ നിവ്വഹിക്കാം! പണം ഇതാ ഉണ്ടു്!

ആക്കിം:- (കാൽനാട മറിക്കയും തിരിക്കയും ചെയ്തുകൊണ്ടു്) എടാ മോനേ, 'മഞ്ഞുവീണാൽ വണ്ടി ഓടിക്കാൻ വിഷമമാ.' ഏതു്?

നികിതാ:- എന്താ അതിൻെറ സാരം? കുടിച്ചാൽ പിന്നെ അവനുമായി വത്തമാനം പറയാൻ കൊള്ളുകി

ല്ലെന്നോ? വിഷമിക്കണ്ടാ. നമുക്കെല്ലാം തേയില കഴിക്കാം. എല്ലാം ശരിപ്പെട്ടുത്താം. എനിക്കതിനു കഴിവുണ്ടു്.

ആക്കിം:- (തലയാട്ടിക്കൊണ്ടു്) ഏയ്—ഏയ്—ഏയ്!

നിഖിതാ:- പണം ഇതാ. (പോക്കററിൽ നിന്നും പേഴ്സ് എടുത്തു് അതിൽനിന്നും പത്തുരൂബിൾനോട്ട് ഒരെണ്ണം വലിച്ചെടുക്കുന്നു.) കുതിരയെ വാങ്ങാൻ ഇതിരിക്കട്ടെ. എനിക്കു് എൻെറ അപ്പനെ ഉപേക്ഷിക്കാൻ ഒക്കുകില്ല. തീർച്ചയായും ഞാൻ ഉപേക്ഷിക്കത്തില്ല; അങ്ങ് എൻെറ അപ്പനാണു്! ഇതാപിടിച്ചോ. നേരു പറകയാ. ഇതു തരുന്നതിൽ എനിക്കു യാതൊരു മനസ്സുകേടുമില്ല.

(ആക്കിമിൻെറ അടുത്തുചെന്നു പണം വെച്ചുനീട്ടുന്നു. ആക്കിം നിരസിക്കുന്നു)

നിഖിതാ:- (ആക്കിമിൻെറ കൈ കടന്നുപിടിച്ചു്) പണം പിടി. ഞാൻ തരുമ്പോൾ വാങ്ങണം. എനിക്കു മനസ്സുകേടില്ല തരാൻ.

ആക്കിം:- എനിക്കു വേണ്ടാ നിൻെറ പണം. നിന്നോടു സംസാരിക്കാനും വയ്യാ. എന്താന്നുവച്ചാൽ, നീ വൃത്തികെട്ടവനാ.

നിഖിതാ:-വാങ്ങാതെ വിടുകില്ല. അങ്ങോട്ടു പിടി! (ആക്കിമിൻെറ കൈയിലോട്ടു പണം ബലമായി വച്ചു കൊടുക്കുന്നു.)

(ആക്കിമും നിഖിതായും അകുലീനായും അന്യൂതായും അനീഷ്യായും.

അനീഷ്യാ:- (പ്രത്യക്ഷപ്പെട്ടു പെട്ടെന്നു നില്ക്കുന്നു.) അങ്ങേ വാങ്ങിയാട്ടെ. അല്ലാതെ സമ്മതിക്കത്തില്ല.

ആക്കിം:- (പണം വാങ്ങിച്ചു തലയാട്ടിക്കൊണ്ടു്) ഹോ! ചാരായം! കുടിയൻ മനുഷ്യനല്ല!

നിഖിതാ:- അങ്ങനെ വാങ്ങ്. അതാ നല്ലതു്. മടക്കിത്തരുന്നെങ്കിൽ തരണം. ഇല്ലെങ്കിലും സാരമില്ല, ഞാൻ കൂട്ടാക്കുകില്ല. അതാണെൻെറ വഴി! (അകുലീനായെ കാണുന്നു.) അകുലീനേ, നിനക്കു മേടിച്ച സാധനങ്ങൾ ഇവരെ ഒന്നു കാണിക്ക്.

അകുലീനാ:- എന്താ പറഞ്ഞതു്?

നിഖിതാ:-ആ സാധനങ്ങൾ ഇവരെ കാണിക്കാൻ.

അകുലീനാ:- എന്തിനാ കാണിക്കുന്നതു്? അതൊക്കെ കൊണ്ടുചെന്നു വച്ചു.

നിഖിതാ:- ഇങ്ങെടുക്കാനാ പറഞ്ഞതു്. അന്യൂതായെ ഒന്നു കാണിക്ക്. പൊതിയഴിച്ച് ആ ചെറിയ മേല്പടവ ഇങ്ങു കൊണ്ടുവാ.

ആക്കിം:- ഹോ, ഈ കാഴ്ച കാണാൻ വയ്യാ. (അടുപ്പുതിണ്ണയുടെ പുറത്തു കേറുന്നു.)

അകുലീനാ:- (പൊതിക്കെട്ടു പുറത്തെടുത്തു മേശപ്പുറത്തു വയ്ക്കുന്നു.) ഇതാ ഇരിക്കുന്നു. ഇതു കണ്ടാലെന്താ വിശേഷം?

അന്യൂതാ:- നല്ല ഭംഗിയുള്ള മേല്പടവ! സ്റ്റീപ്പാനിഡായുടെ മേല്പടവപോലെ നന്നായിരിക്കുന്നു.

അകുലീനാ:- സ്റ്റീപ്പാനിഡായുടെ മേല്പടവയോ! അതിതിൻെറ വെട്ടത്തിരിക്കാൻ കൊള്ളുമോ? (മുഖം തെളിഞ്ഞു പൊതി അഴിക്കുന്നു.) നോക്കിതെത്തരമാണെന്നു്? ഇതു ഫ്രഞ്ചു മേല്പടവയാ!

അന്നൃതാ:- നല്ല പ്രിൻറ്! മേരിക്ക് ഇതുപോലൊരെണ്ണമുണ്ട്. ഇത്രയും നിറമില്ല, ഇളം നീലയാ. ഇതിനാഭംഗി!

നിഖിതാ:- ശരിതന്നെ!

(അനീഷ്യാ ഈൎഷ്യയോടുകൂടി സ്റ്റോർമുറിയിലേയ്ക്കു പോകുന്നു. ഒരു മേശവിരിയും ചിമ്മിനിയും എടുത്തുകൊണ്ടു തിരികെ മേശയ്ക്കടുത്തു ചെല്ലുന്നു.)

അനീഷ്യാ:- നാശം! മേശപ്പുറത്തു കണ്ടതും കടിയതും കൊണ്ടുവന്നു നിരത്തിയിരിക്കുന്നു.

നിഖിതാ:- നീ ഇങ്ങോട്ടൊന്നു നോക്ക്!

അനീഷ്യാ:- എന്തോന്നു കാണാനാ? ഞാനിതൊന്നും കണ്ടിട്ടില്ലിയോ? കൊണ്ടുപോ എടുത്തോണ്ട്. (മേല്പടവ പുറംകൈകൊണ്ടു തട്ടി താഴെയിടുന്നു.)

അകുലീനാ:-നിങ്ങളെന്തിനാ എന്റെ സാധനങ്ങൾ എടുത്തെറിയുന്നതു്? നിങ്ങളുടേതെടുത്തെറി. (മേല്പടവ താഴെനിന്നും എടുക്കുന്നു.)

നിഖിതാ:-അനീഷ്യാ, ഇങ്ങോട്ടുനോക്ക്.

അനീഷ്യാ:-എന്തിനാ?

നിഖിതാ:-ഞാൻ നിന്നെ മറന്നിട്ടില്ല. നോക്ക്! (അവൾക്കുള്ള പൊതി കാണിച്ചിട്ട് അതിൻെറ പുറത്തിരിക്കുന്നു.) ഇതു നിനക്കുവേണ്ടി വാങ്ങിച്ചതാ. എന്നാൽ നീയിതു നേടണം! ഭാൎയ്യേ, എവിടെയാ എന്റെ ഇരിപ്പു്?

അനീഷ്യാ:-മതിയല്ലോ ഇളകിയതു്. എനിക്കു നിങ്ങളെ പേടിയില്ല ആരുടെ പണമാ നിങ്ങടെ വെറിക്കു

ത്തിനും നിങ്ങടെ തടിച്ചിപ്പെണ്ണിന് അതുമിതും വാങ്ങി ക്കാനും ചിലവാക്കുന്നാതെന്നറിയാമോ? എന്റേതു്.

അകുലീനാ:-നിങ്ങടേതുതന്നെയാ! തട്ടിയെടുക്കാൻ വിചാരിച്ചു, പക്ഷേ നടന്നില്ല. ഛൂ, പോ അപ്പുറത്തു്! (അടുത്തുകൂടി കടന്നുപോകുന്ന ശ്രമത്തിൽ അനീഷ്യായെ തള്ളുന്നു.)

അനീഷ്യാ:-എന്തെടീ തള്ളുന്നതു്? നിന്നെയും ഞാൻ തള്ളും.

അകുലീനാ:-തള്ളുമോ? എന്നാലൊന്നു നോക്കാം. (അനീഷ്യായെ തള്ളുന്നു.)

നിഖിതാ:-എടീ, എടീ, പെണ്ണുങ്ങളേ, നിത്തിൻ! (ഇടയ്ക്കു ചാടിവീഴുന്നു.)

അകുലീനാ:-എന്റെ പുറത്തുകേറാൻ വരുന്നു! മി ണ്ടാതിരി! നിങ്ങടെ ചെയ്തികൾ ഒന്നോർമ്മിച്ചുനോക്കു്! ആക്കും അറിഞ്ഞുകൂടായിരിക്കും!

അനീഷ്യാ:-എന്തറിയാനാടീ? കേൾക്കട്ടെ. എ ന്തോന്നാ അറിഞ്ഞതു്?

അകുലീനാ:-അറിയാം കുറച്ചൊക്കെ.

അനീഷ്യാ:-കാവൽക്കാരത്തിയാ നീ. വേറൊരുത്തി ടെ കെട്ടിയോന്റെകൂടെ പൊറുക്കുന്ന കാവൽക്കാരത്തി!

അകുലീനാ:-നിങ്ങൾ സ്വന്തം കെട്ടിയോനെ കൊ ന്നാവളാ.

അനീഷ്യ:-(അകുലീനായുടെ മേൽ ചാടിവീണു്) വേണ്ടാതനം പറയുന്നോ?

നിഖിതാ:-(അനീഷ്യായെ പിടിച്ചുനിർത്തിയിട്ട്) അനീഷ്യേ, നീ മറന്നുപോയോ?

അനീഷ്യാ:-എന്നെ പേടിപ്പിക്കാൻ വരുന്നോ? എനിക്കാരെയും പേടിയില്ല.

നിഖിതാ:-(അനീഷ്യായെ പിടിച്ചുകൊണ്ടുപോയി വെളിയിൽ തള്ളുന്നു) ഇറങ്ങുപുറത്ത്!

അനീഷ്യാ:-എവിടിറങ്ങാൻ? എൻെറ വീട്ടിൽനിന്നു ഞാൻ ഇറങ്ങുകില്ല!

നിഖിതാ:-പോകാനാ പറഞ്ഞത്! ഇവിടെ കേറിപ്പോകരുത്!

അനീഷ്യാ:-ഞാൻ പോകില്ല! (നിഖിതാ അവളെ തള്ളുന്നു. അനീഷ്യാ കരയുകയും വിളിക്കയും വാതിൽപടിയിൽ അള്ളിപ്പിടിക്കയും ചെയ്യുന്നു.) എന്നെ എൻെറ വീട്ടിൽനിന്നിറക്കിവിടാമെന്നോ? എന്തൊന്നാടോ, പോക്കിരീ, താനീകാണിക്കുന്നത്? കേൾപ്പോരും കേൾവിയും ഇല്ലെന്നാണോ തൻെറ വിചാരം? നോക്കിക്കോ, അല്പം കഴിയട്ടെ.

നിഖിതാ:-നീ എന്തെടുക്കും?

അനീഷ്യാ:-ഞാൻ പ്രധാനിയുടെ അടുത്തുപോകും. പോലീസിൽ പറയും!

നിഖിതാ:-ചെന്നുപറ.

അനീഷ്യാ:-(പുറത്തുനിന്ന്) ഞാൻ തൂങ്ങിച്ചാകും!

നിഖിതാ:-സാരമില്ല.

അന്യൂതാ:-അയ്യോ,...എൻറമ്മോ,...എൻെറ പൊന്നമ്മച്ചീ!...(കരയുന്നു.)

നിഖിതാ:-അവൾ പേടിപ്പിക്കാൻ വരുന്നു. നടപ്പുള്ള കാര്യമാ. നീ എന്തിനാ കരയുന്നതു്? അവളിങ്ങു വരും, പേടിക്കണ്ടാ. നീ പോയി സമോവർ ചൂടായോന്നു നോക്കു്.

(അന്യൂതാ പോകുന്നു.)

(നിഖിതായും ആക്കിമും അകുലീനായും)

അകുലീനാ:-(വാങ്ങിയ സാധനങ്ങൾ എടുത്തു മടക്കിവയ്ക്കുന്നു.) ആ അഴ്വാണി ഇതെല്ലാം കുഴച്ചുമറിച്ചല്ലോ. കണ്ടോ, ഞാനവരുടെ ജായ്ക്കററ് തുണ്ടം തുണ്ടം കത്രിക്കുന്നുണ്ടു്, തീർച്ചതന്നെ.

നിഖിതാ:-ഞാൻ അവളെ പിടിച്ചു പുറത്തുതള്ളി. ഇനി നിനക്കെന്തുവേണം?

അകുലീനാ:-അവർ എന്റെ പുതിയ മേല്പുടവ വൃത്തികേടാക്കി, ആ കൊടിച്ചി. ഇറങ്ങിപ്പോയില്ലായിരുന്നെങ്കിൽ ഞാൻ അവരുടെ കണ്ണു ചുഴഞ്ഞെടുത്തേനേ.

നിഖിതാ:-നീ അടങ്ങു്. എന്തിനാ കോപിക്കുന്നതു്? എനിക്കവളോടു സ്നേഹമുണ്ടെന്നാണോ വിചാരം?

അകുലീനാ:-സ്നേഹമോ? ആ മരപ്പാവയെ ആരെങ്കിലും സ്നേഹിക്കുമോ? അന്നേ അവരെ ഉപേക്ഷിച്ചിരുന്നെങ്കിൽ ഒരു കുഴപ്പവും വരികില്ലായിരുന്നു. അവരെ പൈശാചിന്റെ അടുക്കൽ അയയ്ക്കേണ്ടതായിരുന്നു. വീടും എന്റേതു് പണവും എന്റേതു്. പക്ഷേ, അവരാണു് വീട്ടുകാരത്തിയെന്നു് അവർ ഞെളിയുന്നു. വീട്ടുകാരത്തിപോലും! സ്വന്തം ഭർത്താവിനു് ഒന്നാംതരം വീട്ടുകാര

ത്തിയായിരുന്നു! കൊലപാതകി! നിങ്ങൾക്കും അവർ വെച്ചിരിക്കുന്നതു് അതുതന്നെ.

നിഖിതാ:-എൻറപ്പാ, ഈ പെണ്ണുങ്ങടെ വാമൂടാൻ ആൎക്കുകഴിയും? നീ എന്താ പറയുന്നതെന്നു നിനക്കുതന്നെ അറിയാമോ?

അകുലീനാ:-അറിയാം. ഇനി ഞാൻ അവരുടെകൂടെ താമസിക്കത്തില്ല. അവരെ ഇവിടന്നു തുരത്തും. എന്നോടൊന്നിച്ചു കഴിയാൻ ഒക്കുകില്ല. വീട്ടുകാരത്തി! വീട്ടുകാരത്തിയല്ല, കാവൽക്കാരത്തിയാ.

നിഖിതാ:-മതിമതി! അവളോടു നിനക്കെന്താ കാൎയ്യം? നീ അവളെ നോക്കാൻ പോകണ്ടാ. എന്നെ നോക്കു്! ഞാനാണു വീട്ടിൻെറ നായകൻ! ഞാൻ എൻെറ ഇഷ്ടപ്രകാരം പ്രവൎത്തിക്കും. അവളുമായുള്ള സ്നേഹം മതിയാക്കി ഇപ്പോൾ ഞാൻ നിന്നെ സ്നേഹിക്കുന്നു. എനിക്കു തോന്നുന്നവരെ ഞാൻ സ്നേഹിക്കും. ഞാൻ യജമാനൻ. അവൾ എൻെറ വരുതിയിൽ നില്ക്കണം. ദേ, അവിടെയാണു് ഞാൻ അവൾക്കു കൊടുത്തിരിക്കുന്ന സ്ഥാനം. (തൻെറ പാദങ്ങൾക്കുതാഴെ ചൂണ്ടിക്കാണിക്കുന്നു) നമുക്കു് ഒരു വാവീണയില്ലാത്തതു കഷ്ടംതന്നെ!

(പാടുന്നു)

അപ്പമടുപ്പത്തിരിപ്പുണ്ടു പോരെങ്കിൽ
നല്ലായിസമലമാരതൻ തട്ടിലും
ഒപ്പം കളിച്ചു രസിച്ചിനി നിച്ചല-
മിപ്പാരിൽ നമ്മൾക്കു മുമ്പോട്ടു പോയിടാം.

പില്ലാട്ട ചാടി മരണമട്ടക്കുമ്പോ-
ളപ്പോലെയങ്ങോട്ട ചാകയും ചെയ്തിടാം.
അപ്പമട്ടപ്പത്തിരിപ്പുണ്ട പോരെങ്കിൽ
നല്ലായസമലമാരതൻ തട്ടിലും.

(മിടിച്ച് വരുന്നു. കോട്ട് ഊരിയിട്ടിട്ട് അട്ടപ്പുതിണ്ണയുടെ പുറത്തു കേറുന്നു.)

(നിഖിതായും ആക്കിമും മിടിച്ചും)

മിടിച്ച്:-പെണ്ണുങ്ങൾ വീണ്ടും യുദ്ധം തുടങ്ങി! കർത്താവേ! വിശുദ്ധ നിക്കോളാസേ!

ആക്കിം:-(അട്ടപ്പുതിണ്ണയുടെ അരികിൽ മാറിയിരുന്നു കാൽനാടച്ചുററി ഷൂസ് ഇടാൻ തുടങ്ങുന്നു.) ഇങ്ങു കേറി മൂലയ്ക്കു കൂടിക്കോ.

മിടിച്ച്:-(അകത്തോട്ടുനീങ്ങുന്നു.) അവൻ സ്വത്തിന്റെ കാര്യംപറഞ്ഞു തക്കമൊ. കർത്താവേ!

നിഖിതാ:-ബ്രാണ്ടി കുറച്ചേട്ട്; തേയിലയുടെ കൂടെ കുടിക്കാം.

(നിഖിതായും അകുലീനായും അന്യൂതായും)

അന്യൂതാ:-(അകുലീനായോട്ട്) ചേട്ടത്തി, സമോവർ തിളച്ചുമറിയുന്നു.

നിഖിതാ:-എവിടെ നിന്റെ അമ്മ?

അന്യൂതാ:-ഹാളിൽനിന്നു കരയുന്നു.

നിഖിതാ:-ഇങ്ങു വിളി. സമോവർ കൊണ്ടുവരാൻ പറ. അകുലീനേ, പിഞ്ഞാണങ്ങൾ കൊണ്ടുവാ.

അകുലീനാ:-പിഞ്ഞാണങ്ങളോ? ശരി. (പിഞ്ഞാണങ്ങൾ എടുത്തുകൊണ്ടുവരുന്നു.

നിഖിതാ:-(പൊതിയഴിച്ചു ബ്രാണ്ടിയും ബിസ്കറവും ഉപ്പുമത്തിയും പുറത്തെടുക്കുന്നു.) ഇതെനിക്ക്; ഇൗ ന്തുല് പെണ്ണുംപിള്ളയ്ക്കു്; മണ്ണെണ്ണ പുറത്തിരിക്കുന്നു. ഇതാ പണം. നില്ക്കണേ. (ഒരു കൗണ്ടിംഗ് ഫ്രെയിം എടുത്തിട്ടു്) എത്രയുണ്ടെന്നു നോക്കട്ടെ. (കണക്കു കൂട്ടുന്നു.) ഗോതമ്പുമാവിന് എൺപതു കോപ്പയ്ക്കു്; എണ്ണ...... അപ്പന്നു പത്തു റൂബിൾ......അപ്പാ വരണം, തേയില കഴിക്കാം.

(നിശ്ശബ്ദത. ആക്കിം അടുപ്പുതിണ്ണപ്പുറത്തിരുന്നു കാലിൽ കാൽനാട ചുററുന്നു.)

(ആക്കിമും നിഖിതായും അകുലീനായും അന്യൂതായും അനീഷ്യായും)

അനീഷ്യാ:-(സമോവർ കൊണ്ടുവന്നിട്ടു്) ഇതെവിടെ വയ്ക്കണം?

നിഖിതാ:-മേശപ്പുറത്തുവെയ്ക്കു്. ആട്ടെ, നീ പ്രധാനിയുടെ അടുത്തു പോയോ? ങാ, അങ്ങനിരിക്കും എന്നോടു കളിച്ചാൽ. നീ പിണക്കമെല്ലാം കളഞ്ഞു് ഇതങ്ങോട്ടു കുടി. (ഒരു ഗ്ലാസ് ബ്രാണ്ടി ഒഴിച്ചുകൊടുക്കുന്നു.) ഇതാ നിനക്കു ഞാൻ വാങ്ങിച്ച സാധനം. (നിഖിതാ ഇരുന്ന പൊതിക്കെട്ടു് എടുത്തു കൊടുക്കുന്നു. അനീഷ്യാ മിണ്ടാതെ വാങ്ങി തലയാട്ടുന്നു.)

ആക്കിം:-(താഴെയിറങ്ങി കോട്ടിടുന്നു. മേശയുടെ അടുത്തു ചെന്നു പത്തു റൂബിളിൻെറ നോട്ടു് അതിൻെറ പുറത്തു വയ്ക്കുന്നു.)ഇതാ നിൻെറ പണം. അങ്ങെടുത്തോ.

നിഖിതാ:-(നോട്ടു കാണാതെ) എന്തിനാ വേഷം മാറിയതു്?

ആക്കിം:-ഞാൻ പോകുന്നു, ഞാൻ പോകുന്നു. കത്താവിനേഓത്തു യാത്ര പറയണം. (തൊപ്പിയും ബെൽററും എടുക്കുന്നു.)

നിഖിതാ:-എൻെറ ദൈവമേ! ഈ രാത്രി അപ്പൻ എവിടെ പോകുന്നു?

ആക്കിം:-എനിക്കു നിൻെറ വീട്ടിൽ താമസിക്കാൻ വയ്യാ. ഏതു്? എനിക്കു വയ്യാ താമസിക്കാൻ. ഞാൻ പോകുന്നു.

നിഖിതാ:-ചായക്കൂടി കഴിക്കാതെയോ?

ആക്കിം:-(ബെൽററു മുറുക്കുന്നു.) ഞാൻ പോകയാ. എന്താന്നുവെച്ചാൽ ചൊവ്വില്ലെടാ, നിൻെറ വീട്ടിൽ ചൊവ്വില്ല! ഏതു്? നിൻെറ ജീവിതം ശപ്പു്!—ഞാൻ പോകുന്നു.

നിഖിതാ:-മിണ്ടാതെ വന്നിരുന്നു ചായ കുടിക്കണം.

അനീഷ്യാ:-അപ്പൻ എന്താണീ കാണിക്കുന്നതു്? ഞങ്ങൾ മനുഷ്യരുടെ മുഖത്തു് എങ്ങിനെ നോക്കും? എന്തിനാ അപ്പൻ മുഷിയുന്നതു്?

ആക്കിം:-ഒന്നുമില്ല. ഏതു്? എനിക്കു മുഷിച്ചിലൊന്നുമില്ല. ഇത്രയേ ഉള്ളു: എൻെറ മകൻ നശിക്കാൻ പോകുന്നതു ഞാൻ കാണുന്നു. ഏതു്? അവൻ നാശത്തിൻെറ പെരുവഴിയിൽ ഇറങ്ങിയിരിക്കുന്നു.

നിഖിതാ:-നാശമോ? എന്തൊരു നാശം? അതൊന്നു കേൾക്കട്ടെ.

ആക്കിം:-അതേടാ, നീ നശിച്ചു. കഴിഞ്ഞാണ്ടിൽ ഞാൻ എന്തു പറഞ്ഞു? നീ ഓക്കുന്നോ?

നിഖിതാ:-അന്നു പലതും പറഞ്ഞു!

ആക്കിം:-അതൊന്നുമല്ല ആ തന്തയും തള്ളയുമില്ലാത്ത കൊച്ചിന്റെ കാര്യം ഞാൻ പറഞ്ഞു. ഏതു്? നീ അവളോടു തെററുചെയ്തു,—ആ മരീനയോട്.

നിഖിതാ:-പഴേ കഥ! പോയ കാര്യം പിന്നെയും പിന്നെയും പറയരുതു്. കഴിഞ്ഞതു കഴിഞ്ഞില്ലിയോ?

ആക്കിം:-കഴിഞ്ഞോ? ഇല്ലെടാ മോനേ, കഴിഞ്ഞില്ല. പാപം പാപത്തെ ജനിപ്പിക്കുന്നു. അതു കൂടുതൽ കൂടുതൽ പാപങ്ങളെ ജനിപ്പിക്കുന്നു. നീ പാപത്തിൽ ആണ്ടു പോയി നിഖിതാ. ഏതു്? ആഴത്തിൽ ആണ്ടുപോയി.

നിഖിതാ:-ഇരുന്നു ചായ കുടിക്കണം. അത്രയേ എനിക്കു പറയാനുള്ളു.

ആക്കിം:-വയ്യാ നിഖിതാ, നിവൃത്തിയില്ല. നിന്റെ ദുർമ്മാർഗ്ഗങ്ങൾകാരണം നിവൃത്തിയില്ല. എനിക്കു് അറപ്പും വെറുപ്പും തോന്നുന്നു, വല്ലാതെ മനം പുരട്ടുന്നു. അതുകൊണ്ടു നിന്നോടൊന്നിച്ചു ചായകഴിക്കാൻ എനിക്കു വയ്യാ.

നിഖിതാ:-ഓ!.....മണ്ടത്തരം എഴുന്നള്ളിക്കാതെ വന്നു മേശയ്ക്കടുത്തിരിക്കണം.

ആക്കിം:-നിന്റെ സമ്പത്തു നിന്നെ വലച്ചു നിഖിതാ. ആത്മാവാണു് ദൈവത്തിനാവശ്യം.

നിഖിതാ:-എന്നെ എന്റെ വീട്ടിൽവെച്ചു ശകാരിക്കാൻ അപ്പനെന്തവകാശം? എന്തിനിത്ര മൂപ്പിച്ചു കാണിക്കുന്നു? മുടിക്കു പിടിച്ചു വലിക്കത്തക്ക കൊച്ചുകുട്ടിയാണോ ഞാൻ? അതിന്റെയൊക്കെ കാലം കഴിഞ്ഞു പോയി.

UNIVERSITY LIBRARY

ആക്കിം:-അതു നേരാ. ഇക്കാലത്തു മക്കൾ തന്തമാരുടെ മീശയ്ക്കു പിടിച്ചു വലിക്കുമെന്നു കേൾക്കുന്നു. പക്ഷേ, അതൊക്കെ മുടിയാനുള്ള വഴിയാ. ഏതു്? മുടിയാനുള്ള വഴി.

നിഖിതാ:-(കോപിച്ചു്) ഞങ്ങൾ മററാരുടേയും ചിലവിലല്ല പൊറുക്കുന്നതു്. അങ്ങോട്ടു് ഒരു സഹായവും തേടിവരുന്നില്ല. പിന്നെയും ഇങ്ങോട്ടാ ഓരോ ബുദ്ധിമുട്ടിന്നു തെണ്ടാൻ വരുന്നതു്.

ആക്കിം:-പണത്തിന്റെ കാര്യമാണോ? അതാ ഇരിക്കുന്നു നിന്റെ പണം. ഞാൻ പോയി തെണ്ടിക്കൊള്ളാം. എന്നാലും ആ പണം എനിക്കു വേണ്ട.

നിഖിതാ:-മതി. എന്തിനാ ഈർച്ച പിടിച്ചു വല്ലായ്മയുണ്ടാക്കുന്നതു്? (ആക്കിമിന്റെ കൈക്കു പുറകോട്ടു പിടിക്കുന്നു.)

ആക്കിം:-(കരഞ്ഞുകൊണ്ടു്) എന്നെ വിടു്! ഞാൻ ഇവിടെ തങ്ങുകില്ല. ഞാൻ വല്ല വേലിക്കീഴിലും രാത്രി കഴിക്കും. ഏതു്? എന്നാലും നിന്റെ ഈ വൃത്തികേടുകൾക്കിടയിൽ ഇല്ല. ദൈവമേ, മാപ്പുതരണേ! (ഇറങ്ങിപ്പോകുന്നു.)

നിഖിതാ:-നോക്കണേ ഒരു പോക്കു്!

ആക്കിം:-(വാതിൽ തുറന്നിട്ടു്) നീ വിവേകമുള്ളവനാകുക. ആത്മാവാണു ദൈവത്തിനാവശ്യം (പോകുന്നു.)

(നിഖിതായും, അനീഷ്യായും, അകുലീനായും, മിടിച്ചും)

അകുലീനാ:-(കപ്പുകൾ എടുക്കുന്നു) ചായ ഒഴിക്കട്ടേ? (ആരും ശബ്ദിക്കുന്നില്ല)

മിടിച്ച്:-(ഗർജ്ജിക്കുന്നു) കർത്താവേ, പാപിയോട കരുണ കാണിക്കണേ! (എല്ലാവരും ഭയപ്പെട്ടു ഞെട്ടുന്നു.)

നിഖിതാ:-(ബെഞ്ചിൻെറ പുറത്തു കിടക്കുന്നു) മനസ്സിന് എന്തൊരു ഭാരം?... അകുലീനേ, എൻെറ വാവീണയെവിടെ?

അകുലീനാ:-വാവീണയോ? അതു് ഉറപ്പിക്കാൻ എടുത്തുകൊണ്ടുപോയതു് ഓക്കുന്നില്ലേ? ഞാൻ ചായ ഒഴിച്ചു കുടിക്കണം.

നിഖിതാ:-എനിക്കു വേണ്ടാ. വിളക്കണെച്ചേ... ഹോ, എന്തൊരു മനപ്രയാസം! എന്തൊരു വിഷമംപിടിച്ച ജീവിതം! (കരയുന്നു.)

(കർട്ടൻ)

# അങ്കം നാല്

(ഒരു ശരൽക്കാലസായാഹ്നം. ചന്ദ്രൻ പ്രകാശിക്കുന്നു. വീടിന്റെ പിൻഭാഗത്തെ മുററം. നടുക്കു നടപ്പുര. വലതുവശത്തു മഴക്കാലത്തെ പാർപ്പിനുള്ള ഭവനാദ്ധ്ഭാഗവും പടിപ്പുരയും. ഇടതുവശത്തു് വേനൽക്കാലത്തെ പാർപ്പിനുള്ള അദ്ധ്ഭാഗവും നിലവറയും. വീട്ടിനുള്ളിൽനിന്നും മദ്യംസേവിച്ചു ലഹരിപിടിച്ചവരുടെ പ്രലാപങ്ങളും അട്ടഹാസങ്ങളും ഉയരുന്നു. ഒരു അയൽക്കാരി വീട്ടിൽനിന്നും ഇറങ്ങിവന്നു് അനീഷ്യായുടെ കൂട്ടുകാരിയെ മാടിവിളിക്കുന്നു.)

(അയൽക്കാരിയും കൂട്ടുകാരിയും)

അയൽക്കാരി:-അകുലീന വെട്ടത്തെങ്ങും വരാഞ്ഞതെന്തു്?

കൂട്ടുകാരി:-എന്തെന്നോ? അവൾ സന്തോഷമായി വന്നേനേ; പക്ഷേ, സമയം പററിയതല്ല. പെണ്ണുകാണാൻ ചെറുക്കന്റെ ആൾക്കാർ വന്നിരിക്കുന്നു. ആരും കാണണ്ടാന്നുവെച്ചു് അവൾ 'തണുപ്പുറ'യിൽ കിടക്കുവാ.

അയൽക്കാരി:-ഉം? എന്നാതാ കാര്യം?

കൂട്ടുകാരി:-ആരോ പറേന്നതു കേട്ടു 'കമ്പേറു' പററിയതാണെന്നു്! വയററിൽ നോവുണ്ടു്.

അയൽക്കാരി:-നേരോ?

കൂട്ടുകാരി:-നിങ്ങൾക്കറിയാമല്ലോ?....(മന്ത്രിക്കുന്നു.)

അയൽക്കാരി:-എന്റെ പൊന്നേ, അതങ്ങനെ ആയി! കഷ്ടം! പക്ഷേ, ചെറുക്കന്റെ ആൾക്കാർ അറിയുമല്ലോ.

ക്രൂട്ടകാരി:-എങ്ങനെ അറിയാൻ? കുടിച്ച് ആകഃലക്കില്ല. തന്നെയുമല്ല, സ്ത്രീധനത്തിലാ അവരുടെ പ്രധാന നോട്ടം. പെണ്ണിനെന്തൊക്കെയൊ കൊടുക്കാൻ പോകുന്നതെന്നറിഞ്ഞോ? രണ്ടു കോട്ട്, ആറു സിൽക്കഗൗൺ, ഒരു ഫ്രഞ്ചുമേല്പുടവ, ധാരാളം ലിനൻ, പിന്നെ പണവും—ഇരുന്തൂറു റൂബിൽ എന്നാ കേട്ടതു്.

അയൽക്കാരി:-അതൊക്കെ ശരി. പക്ഷേ, ഇങ്ങനത്തെ ഏർപ്പാടിൽ പണംകൊണ്ടും സുഖമില്ല. എന്തൊരു നാണക്കേട്!

ക്രൂട്ടകാരി:-ശ്! മിണ്ടാതെ......ഇതാ കല്യാണത്തിൻെറ തെല്ലാലുകാരൻ വരുന്നു. (ഇരുവരും സംസാരംനിത്തി വീട്ടിനുള്ളിലേയ്ക്കു പോകുന്നു.)

(വിവാഹദല്ലാൾ [പുരുഷൻ] തനിയെ)

വിവാഹദല്ലാൾ:-(കുഴൽവഴി പുകവലിച്ചുകൊണ്ടു വീട്ടിനുള്ളിൽനിന്ന് ഇറങ്ങിവരുന്നു.) ഓ, വിയത്തു കുളിച്ചുപോയി. ഭയങ്കര ചൂട്! അല്പം കാററുകൊള്ളട്ടെ. (ഫൂൽക്കരിച്ചു നിൽക്കുന്നു ) ദൈവത്തിനുമാത്രം അറിയാം—! ഏതാണ്ടൊരു കുഴപ്പമുണ്ടു്. എനിക്കു സുഖം തോന്നുന്നില്ല. ങാ, ഇതാ കിഴവി വരുന്നു.

(മെഡേണാ വീട്ടിനുള്ളിൽനിന്നും വരുന്നു.)

(വിവാഹദല്ലാളും മെഡേണായും)

മെഡേണാ:-"തെല്ലാലുകാരനെവിടെ? തെല്ലാലുകാരനെവിടെ?" എന്നും ചൊല്ലി ഞാൻ ചുററിനടന്നു നോക്കുന്നു! നിങ്ങൾ ഇവിടെ നില്ക്കയാ! പ്രിയപ്പെട്ട ചെങ്ങാതീ,

ദൈവം സഹായിച്ച് എല്ലാം വളരെ കേമം. കല്യാണാലോചനയിൽ വെറുതെ പൊണ്ണക്കാര്യം പറഞ്ഞുകൂടാ. അങ്ങനെ പറയാൻ ഞാൻ പഠിച്ചിട്ടില്ല. നിങ്ങൾ നല്ല ഒരു ആലോചനയിൽവന്നു പെട്ടിരിക്കുന്നു. അതുകൊണ്ട്, ദൈവകൃപയാൽ ചാകുന്നിടംവരെ നിങ്ങൾ എന്നോടു നന്ദിയുള്ളവനായിരിക്കും. പെണ്ണിനെ കണ്ടാൽ അതിശയിച്ചുപോകും. അതുപോലൊന്ന് ഈ നാട്ടിലെങ്ങും ഇല്ല.

വിവാഹദല്ലാൾ:-അതു ശരി. പക്ഷേ, പണത്തിന്റെ കാര്യമോ?

മെഡ്രേനാ:-അതേപ്പററി അലാഹിക്കണ്ടാ. അവടപ്പൻ കൊടുത്ത പണം മുഴുവൻ അവടെ കയ്യിലുണ്ട്. ഒരുന്നൂററിഅൻപതു രൂബിൾ കാണണം.

വിവാഹദല്ലാൾ:-ഞങ്ങൾക്കു വേണ്ടുവോളം തൃപ്തിയായി. പയ്യൻ നമ്മുടെ സ്വന്തമാ. ചെയ്യാവുന്നിടത്തോളം അവനു ചെയ്തുകൊടുക്കണം. അതുകൊണ്ടു പറകയാ.

മെഡ്രേനാ:-നേരു പറയാമല്ലോ. ഞാനില്ലായിരുന്നെങ്കിൽ ഇതുപോലൊരു പെണ്ണിനെ നിങ്ങൾക്കു കണികാണാൻ കിട്ടത്തില്ല. കോർമിലീൻകാരുടെ ഒരാലോചന വന്നതാ. പക്ഷേ, ഞാനതിനു കടകംനിന്നു. ഇനി പണത്തിന്റെ കാര്യം. പച്ചപ്പരമാർത്ഥം ഞാൻ പറഞ്ഞുതരാം. പെണ്ണിന്റെ അപ്പൻ മരിക്കുമ്പോൾ—അദ്ദേഹത്തിന്റെ ആത്മാവിനു ശാന്തി!—അദ്ദേഹം പറഞ്ഞിരുന്നു, അനീഷ്യാ നിഖിതായെ കുടുംബത്തേയ്ക്കു എടുക്കണമെന്നും, എന്നാൽ പണം അകുലീനായ്ക്കു കൊടുത്തുകൊള്ളണമെന്നും. ഇതെല്ലാം ഞാൻ എന്റെ മകൻ പറഞ്ഞ് അറിഞ്ഞതാ

ണേ. വേറെ വല്ലവരും ആയിരുന്നെങ്കിൽ തൻകാര്യം നോക്കിയേനെ. എന്നാൽ നിഖിതാ ഒരൊററ കോപ്പയ്ക്കും എടുക്കാതെ മുഴുവനും വിട്ടുകൊടുക്കുകയാ. ഓൎത്തുനോക്കണം, എന്തു വല്യ തുക!

വിവാഹദല്ലാൾ:-ഇതിലും കൂടുതൽ നീക്കിവെച്ചിരുന്നെന്നാണു കേൾവി. നിഖിതായും അത്രമോശക്കാരനല്ല.

മെട്രേന്നാ:-അയ്യോ, കഥയില്ലാത്ത പറച്ചിൽ! മററാരുത്തന്റെ കൈയിൽ ഒരു തുരുമ്പിരുന്നാലും അതു വലുതായിട്ടു തോന്നും. അവടെ വക മുഴുവനും അവൾക്കു തന്നെ കൊടുക്കും. നല്ലവാക്കു ഞാൻ പറയുന്നു. ഈ കണക്കുകൂട്ടലൊക്കെ കളയിൻ. കാര്യമങ്ങോട്ടുറപ്പിക്കിൻ. നല്ല ചെമ്പകപ്പൂപോലെ അഴകുള്ള പെണ്ണു്.

വിവാഹദല്ലാൾ:-അതുള്ളതാ. പക്ഷേ, ഞാനും എന്റെ പെൺപിറന്നോരും അത്ഭുതപ്പെടുകയാ. എന്താ പെണ്ണിനെ പുറത്തെങ്ങും കാണാത്തതു്? അവൾ വല്ല സുഖക്കേടുകാരിയുമാണോന്നാ ഒരു സംശയം.

മെട്രേന്നാ:- ആരു്? അവളോ? സുഖക്കേടുകാരിയോ? അവളേപ്പോലൊരു പെണ്ണു് ഈ നാട്ടിലില്ല. നല്ല കൊഴുത്തു തടിച്ച ദേഹം. അതിലൊന്നു നുള്ളാൻ പററുകില്ല. നിങ്ങൾ ഇന്നാൾ കണ്ടതല്ലിയോ? ജോലിക്കാണെങ്കിൽ മിടുമിടുക്കി. ചെവിക്കു ചെറിയ ഒരു വൻപുണ്ടു്, അതു ശരിയാ. ചന്ദ്രനു കറുപ്പില്ലേ? അവൾ പുറത്തുവരാഞ്ഞതു് ഒരു കൺപേറുകാരണമാ. ആരോ ഒരു ക്രൂടോത്രം ചെയ്തു. ചെയ്തുനായിച്ചിയെ എനിക്കറിയാം! ഈ ആലോചന മുടക്കാൻ ചെയ്തതാ. പക്ഷേ, എനിക്കു തോന്നും

ഇതിൻെറ മറുപോരു്. പെണ്ണു നാളെ എഴീക്കും. അവളെക്കുറിച്ചു വിഷമിക്കണ്ടാ.

വിവാഹദല്ലാൾ:-ശരി, എന്നാൽ കാര്യം ഉറപ്പിച്ചിരിക്കുന്നു.

മെഡേണാ:-അതു ശരി—ഇനി ഇതിൽനിന്നു തെററിക്കൂടാ. എൻെറ കാര്യം മറക്കല്ലേ. ഞാനിതിൽ നന്നാ പാടുപെട്ടിട്ടുണ്ടു്. ഒടുവിൽ എന്നെ പുറംതള്ളരുതേ. (വീടിൻെറ ഉള്ളിൽനിന്നും ഒരു സ്ത്രീശബ്ദം കേൾക്കപ്പെടുന്നു.)

നമുക്കു പോകണം; വരണം ഐവാൻ.

വിവാഹദല്ലാൾ:-ഇതാ വന്നുകഴിഞ്ഞു. (പോകുന്നു.)

(അതിഥികൾ നടയിൽ തിങ്ങിക്കൂടി യാത്രയ്ക്കാരംഭിക്കുന്നു.)

(അനീഷ്യായും അന്യൂതായും)

അന്യൂതാ:-(വീട്ടിൽനിന്നും ഓടിവന്നു് അനീഷ്യായെ വിളിക്കുന്നു) അമ്മാ!

അനീഷ്യാ:-(അകത്തുനിന്നു്) എന്താ സംഗതി?

അന്യൂതാ:-അമ്മ ഇങ്ങുവന്നേ. അല്ലെങ്കിൽ അവർ കേൾക്കും. (അനീഷ്യാ പ്രവേശിക്കുന്നു. രണ്ടാളുംകൂടി വണ്ടിപ്പുരയുടെ ഒരു വശത്തേയ്ക്കു നീങ്ങുന്നു.)

അനീഷ്യാ:-ഉം? എന്താ കാര്യം? അകുലീനായെവിടെ?

അന്യൂതാ:-ചേട്ടത്തി കളപ്പുരയിലാ. അവിടെക്കിടന്നു കാണിക്കുന്ന വെപ്രാളം കഷ്ടംതന്നെ! "എനിക്കു സഹിക്കാൻ വയ്യാ, ഞാൻ ഉറക്കെ നിലവിളിക്കും." എന്നു ചേട്ടത്തി പറയുന്നു.

അനീഷ്യാ:-അവരം ഒന്നടങ്ങണം. വിരുന്നുകാരെ ഒന്നു പറഞ്ഞയച്ചോട്ടെ.

അന്യൂതാ:-അയ്യോ അമ്മേ, ചേട്ടത്തിക്കു തീരെ സുഖമില്ല. ഇപ്പും ദേഷ്യാമുണ്ടു്. "അവർ എനിക്കുവേണ്ടി പാനോപചാരം ചെയ്യണ്ടാ. ഞാൻ കല്യാണം കഴിക്കുകില്ല; ഞാൻ ചാകും," എന്നൊക്കെ പറയുന്നമ്മേ. ഒരുവേള മരിച്ചുപോയാലോ? എന്തു കഷ്ടമാ! എനിക്കു പേടിതോന്നുന്നു.

അനീഷ്യാ:-പേടിക്കണ്ടാ. അവരം ചാകേം മററുമില്ല. നീ അവടുത്തു പോകരുതു്, വരൂ.

(അനീഷ്യായും അന്യൂതായും പോകുന്നു.)

(മിഖിച്ച് തനിയെ)

മിഖിച്ച്:-(ഗേററിങ്കൽനിന്നും വരുന്നു. ചിതറിക്കിടക്കുന്ന വയ്ക്കോൽ വാരിക്കൂട്ടുന്നു.) കർത്താവേ! കരുണയുള്ള നിക്കോളാസേ! എന്തുമാത്രം ചാരായമാ ചെലവാക്കിയതു്! എല്ലാടവും നാററിക്കളഞ്ഞു! ഇങ്ങു വെളിക്കും നാറുന്നു. ഞാനിതു തൊടുകില്ല. നോക്കണേ, അവർ ഈ വയ്ക്കോൽ താറുമാറാക്കിയതു്! തൊഴുത്തിലെ പട്ടികളെപ്പോലുള്ള കൂട്ടർ. ഈ കെട്ടു കണ്ടാട്ടെ! എന്തൊരു നാററം! മൂക്കിൻെറ നേരെ താഴെത്തന്നെ നില്ക്കുന്നു. നാശം! (കോട്ടുവായിടുന്നു) ഉറങ്ങാൻ നേരമായി. പക്ഷേ, മുറിക്കകത്തു പോകാൻ വയ്യാ. മൂക്കിൽ നിറഞ്ഞുനില്ക്കുന്നു, ഈ മുടിഞ്ഞ സാധനത്തിൻെറ വാട. (അതിഥികരം വണ്ടിയോടിച്ചു പോകുന്ന ശബ്ദം കേരംക്കുന്നു) അവർ പോയി! കർത്താവേ! കരുണയുള്ള നിക്കോളാസേ! അവർ

തമ്മിൽ കെട്ടിപ്പിടിച്ചും വിഡ്ഢിത്തരം കാണിച്ചും പോകയാ. വെറും പിത്തലാട്ടം!

(മിട്ടിച്ചും നിഖിതായും)

നിഖിതാ:-(പ്രവേശിച്ച്) മിട്ടിച്ച്, താൻ പോയുറങ്ങ്. ഇതു ഞാൻ ശരിയാക്കാം.

മിട്ടിച്ച്:-ങാ, കുറച്ചു കന്നാലിക്കു വാരിയിട്ടുകൊട്ട്—ആട്ടെ, അവരെല്ലാം പോയോ?

നിഖിതാ:-ഓഹോ, പോയി! പക്ഷേ, സംഗതികൾ കുഴപ്പത്തിലാ. എന്താ സംഭവിക്കാൻ പോകുന്നതെന്ന് എനിക്കറിഞ്ഞുകൂടാ.

മിട്ടിച്ച്:-നാറിയ ഏർപ്പാട്! ഇവിടിട്ടേക്കുന്നതു ചീത്തയാ. ഇങ്ങനൊക്കെയുള്ളതിനാ ധർമ്മാശുപത്രി. ആരെയും അവിടെ കൊണ്ടുചെന്നാക്കാം. അവിടെട്ടത്തോളും. എത്ര പേരുണ്ടായാലും ഒരു ചോദ്യവുമില്ല. ചിലപ്പോൾ ഇങ്ങോട്ടു പണംകൂടി തരും. പാലു കൊടുക്കാൻ തള്ള ചെല്ലണമെന്നേയുള്ളു. ഇക്കാലത്ത് അതൊക്കെ നിസ്സാരം.

നിഖിതാ:-കേട്ടോ മിട്ടിച്ച്, നിങ്ങളിതു പാടികൊണ്ടു നടക്കരുത്.

മിട്ടിച്ച്:-എനിക്കെന്തു കാര്യം? എങ്ങനെ ഒതുക്കാമെന്നുവെച്ചാൽ അങ്ങനെ ഒതുക്കിക്കോ. നിങ്ങളെ ചാരായം നാറുന്നു! ഞാൻ അകത്തു പോകയാ. കർത്താവേ! (കോട്ടുവായിട്ടുകൊണ്ടു പോകുന്നു.)

നിഖിതാ:-(ഒരു മഞ്ഞുവണ്ടിയുടെ പുറത്തു ദീർഘസമയം മൗനം പൂണ്ടിരുന്നിട്ട്) എന്തൊരു ജീവിതം!

(നിഖിതായും അനീഷ്യായും)

അനീഷ്യാ:- (വീട്ടിൽനിന്നും ഇറങ്ങിവന്നിട്ട്) നിങ്ങ‌ൾ എവിടെയാ?

നിഖിതാ:- ഇവിടെത്തന്നെ!

അനീഷ്യാ:- നിങ്ങളെന്തിനാ അവിടെ പാവപോലിരിക്കുന്നതു്?—സമയംകളയാനില്ല—അതിനെ കയ്യോടേ മറവുചെയ്യണം!

നിഖിതാ:- എന്താ ചെയ്യേണ്ടതു്?

അനീഷ്യാ:- ഞാൻ പറഞ്ഞുതരാം. അതുപോലെ ചെയ്താൽ മതി.

നിഖിതാ:- നിങ്ങ‌ൾ പെണ്ണുങ്ങ‌ൾ അതിനെ ധമ്മാശുപത്രിയിൽ കൊണ്ടുചെന്നേല്പിച്ചാൽ കൊള്ളാം.

അനീഷ്യാ:- എങ്കിൽ നിങ്ങ‌ൾതന്നെ കെട്ടിച്ചുമന്നോണ്ടു പോകണം. ഏതു് അഴുക്കിലിറങ്ങാനും നിങ്ങ‌ൾക്കു തയാറുണ്ട്. എന്നാൽ അവിടന്നു് ഊരിപ്പോരാൻ തന്റേടമില്ലതാനും.

നിഖിതാ:- എന്നാൽ ഞാനെന്തുവേണം?

അനീഷ്യാ:- നിലവറയിലോട്ടു ചെന്നു് ഒരു കുഴി തോണ്ടണം.

നിഖിതാ:- എങ്ങനെയെങ്കിലും നിങ്ങളതു നിവ്വഹിക്കണം.

അനീഷ്യാ:- (നിഖിതായെ അനുകരിച്ചിട്ട്) ഉം. 'എങ്ങനെയെങ്കിലും.' അങ്ങനൊന്നും ഒഴപ്പിവിടാൻ പറ്റുകില്ല. നിങ്ങ‌ൾ നേരത്തേ ഇതു് ഓമ്മിക്കേണ്ടതായിരുന്നു. ഇപ്പോ‌ൾ പറഞ്ഞിടത്തോട്ടു ചെന്നാട്ടെ.

നിഖിതാ:- ഓ, എന്തൊരു ജീവിതം!—എന്തൊരു ജീവിതം!—

(നിഖിതായും അനീഷ്യായും അന്യൂതായും.)

അന്യൂതാ:- അമ്മേ, അമ്മൂമ്മ വിളിക്കുന്നു. ചേട്ടത്തി പെററുകാണും. കുഞ്ഞു കരയുന്നതു ഞാൻ കേട്ടു.

അനീഷ്യാ:- എന്തു കള്ളമാ പെണ്ണേ, നീ പറയുന്നതു്! പൂച്ച കരഞ്ഞതാ കേട്ടതു്. നീ അകത്തുപോ. പോയിക്കിടന്നുറങ്ങ്. അല്ലെങ്കിൽ ഞാൻ നല്ല വീക്കുതരും.

അന്യൂതാ:- എൻറമ്മെച്ചീ, ദൈവം സാക്ഷിയായിട്ടു നേരാ!

അനീഷ്യാ:- (കയ്യോങ്ങിക്കൊണ്ടു്) പോകാനാ പറഞ്ഞതു്! നിന്നെ ഇവിടെ കണ്ടുപോകരുതു്. (അന്യൂതാ വീട്ടിലേയ്ക്കു് ഓടിപ്പോകുന്നു. നിഖിതായോടു്) പറഞ്ഞ ജോലി ചെന്നു ചെയ്യു്! അല്ലെങ്കിൽ നോക്കിക്കോ! (പോകുന്നു.)

(നിഖിതാ തനിയെ)

നിഖിതാ:- (ഒരു നീണ്ട മൗനത്തിനുശേഷം) എന്തൊരു ജീവിതം! ഓ, ഈ പെണ്ണുങ്ങൾ! എന്തൊരു മിശ്രം! അവൾ പറയുന്നു ഞാൻ നേരത്തേ ആലോചിക്കേണ്ടതായിരുന്നെന്നു്. എപ്പോൾ? കഴിഞ്ഞാണ്ടിൽ ഈ അനീഷ്യാ എൻെറ പുറകേ നടക്കുകയായിരുന്നു. എന്തു ചെയ്യട്ടെ. ഞാൻ സന്യാസിയാണോ? യജമാനൻ മരിച്ചു; മര്യാദപ്രകാരം എൻെറ പാപങ്ങൾ ഞാൻ മറച്ചു. ഇതിൽ ഞാൻ കുററക്കാരനല്ല. ഇങ്ങനെ ധാരാളം നടക്കുന്നുണ്ടു്. പിന്നെ, ആ പൊടിയുടെ കാര്യം. അതു കൊ

ട്ടക്കാൻ ഞാനവളെ പ്രേരിപ്പിച്ചോ? ഞാൻ അറിഞ്ഞിരുന്നെങ്കിൽ അവിടെവച്ചവളെ കൊന്നേനേ,—തീച്ച്യായും കൊന്നേനേ! ആ ഹീനപ്രവൃത്തിയിൽ അവളെന്നെ പങ്കാളിയാക്കി,—ആ തേവടിച്ചി! അന്നുതൊട്ട് അവളെ എനിക്കു കണ്ടുകൂടാ. അമ്മ എന്നോടു വിവരം പറഞ്ഞപ്പോഠം മുതൽ ഞാനവളെ വെറുക്കാൻ തുടങ്ങി,—അടിക്കടി വെറുക്കാൻ തുടങ്ങി. അവളെ കാണുന്നതു ചതുൎത്ഥി കാണുന്നതിനു സമമാണു്. പിന്നെ അവളുമായി എങ്ങനെ സഹവസിക്കും? അതിൽപിന്നെ ഇതായി!......ആ പെണ്ണു് എന്നോടു് അടുക്കാൻ തുടങ്ങി. ഞാനെന്തുവേണം? ഞാനല്ലെങ്കിൽ വേറൊരാഠം അവളെ പിടികൂടും. ഇപ്പോഠം ഇങ്ങനെയും വന്നുപിണഞ്ഞു! ഇതിലും ഞാൻ ലേശവും കുററക്കാരനല്ല. (ഇരുന്നാലോചിക്കുന്നു.) ഈ പെണ്ണുങ്ങഠക്കു് എന്തൊരു ധൈൎയ്യം! അവർ നിശ്ചയിച്ചപ്പോൻ നോക്കണം! ഇല്ല,—അതിൽ ഞാനില്ല.

(ഒരു റാന്തലും കുന്താലിയും എടുത്തു് മെഡേണാ കിതപ്പോടെ പ്രവേശിക്കുന്നു.)

(നിഖിതായും മെഡേണായും)

മെഡേണാ:- നീ എന്നതിനാ ചേക്കക്കൊമ്പിൽ പിടക്കോഴിയിരിക്കുന്നതുപോലെ അവിടിരിക്കുന്നതു്? നിന്റെ കെട്ടിയോഠം നിന്നോടെന്നതാ പറഞ്ഞതു്? നീ ചെന്നതുചെയ്യു്!

നിഖിതാ:- നിങ്ങളെന്തുചെയ്യാനാ ഭാവിക്കുന്നതു്?

മെഡേണാ:- ചെയ്യേണ്ടതെന്നതാന്നു ഞങ്ങഠക്കറിയാം. നീ നിൻെറ ഓഹരി ചെയ്യു്!

നിഖിതാ:- നിങ്ങൾ എന്നെക്കൂടി ഇതിൽ കുട്ടിക്കുഴയ്ക്കാൻ തുടങ്ങുകയാ.

മെഡേണാ:-എന്തു്? നീ ഒഴിഞ്ഞുമാറാൻ വിചാരിക്കുന്നോ? കാര്യങ്ങൾ ഈ നിലയിൽ എത്തി: അപ്പോൾ നീ പിന്തിരികയോ?

നിഖിതാ:-പക്ഷേ, പ്രവൃത്തിയുടെ ഗൗരവം ഒന്നാലോചിച്ചുനോക്കു്! അതൊരു ജീവനുള്ള ആത്മാവല്ലേ?

മെഡേണാ:-ജീവനുള്ള ആത്മാവുപോലും! മുക്കാലും മരിച്ചു, ഇനി ഒരു ചെറിയ ആവിയേ ഉള്ളൂ. അതിനെ പിന്നെ എന്തെടുക്കാനാ? ധർമ്മാശുപത്രിയിൽ കൊണ്ടുപോയാലും മരിക്കും. വെറുതെ പറച്ചിലിനിടയാകും, അപവാദം പരക്കും, പെണ്ണു് വീട്ടിൽതന്നെ ഇരിക്കേണ്ടിവരികയും ചെയ്യും.

നിഖിതാ:-ആളുകൾ കണ്ടുപിടിച്ചാലോ?

മെഡേണാ:-സ്വന്തം വീട്ടിൽവച്ചാകുമ്പം വേണ്ടപോലെ ശരിപ്പെടുത്താം. ആക്കും ഒരു സംശയമുണ്ടാകാത്തമാതിരി മറവുചെയ്യാം. ഞാൻ പറയുന്നതുപോലെ കേട്ടാൽമതി—ഇതു ഞങ്ങൾ പെണ്ണുങ്ങടെ പണിയാ. പക്ഷേ, ഒരു പുരുഷൻെറ സഹായംകൂടാതെ നിർവ്വഹിക്കാൻ വയ്യാ. ഇതാ കുന്താലി; നിലവറയിലോട്ടിറങ്ങി ആ ജോലിയൊന്നു തീർത്തു! ഞാൻ വിളക്കുപിടിച്ചുതരാം.

നിഖിതാ:-ഞാൻ എന്തുചെയ്യണം?

മെഡേണാ:-(താഴ്ന്നസ്വരത്തിൽ) ഒരു കുഴി കുഴിക്കണം. അതിനെ എടുത്തുകൊണ്ടുവന്നു ഞൊടിക്കിടയിൽ മറവുചെയ്തുകളയാം. ദേ, പിന്നെയും അവൾ വിളിക്കുന്നു. അങ്ങോട്ടുചെല്ലു്, ഞാനും വരാം.

നിഖിതാ:-അപ്പോൾ അതു മരിച്ചോ?

മെട്രേണാ:-ഉവ്വ്, മരിച്ചെന്ന്. ഒന്നു വേഗംവേണം, അത്രതന്നെ. ആളുകൾ ഉറങ്ങീട്ടില്ല; അവർ കാണുകയോ കേൾക്കുകയോ ചെയ്യും;കഴവേറികൾ! എവിടെയും തലയിടും. ഇന്നുവൈകിട്ടു പോലീസുകാരൻ ഇതിലേ കടന്നുപോയി. അതുകൊണ്ട് നീ ഇതും എടുത്തു (ക്രന്താലി കൊടുക്കുന്നു.) നിലവറയിലോട്ടിറങ്ങ്, മൂലയ്ക്കുമാററി ഒരു കുഴികുഴി. കട്ടപ്പാകുറത്തവണ്ണാ. വീണ്ടും മൂടി നിരപ്പാക്കിക്കളയാം; ഭൂമിദേവി ആരോടും പറകില്ല,— എല്ലാം രഹസ്യമായി വെച്ചോളും. എൻെറ മോൻ ചെല്ല്!

നിഖിതാ:-നിങ്ങൾ എന്നെ പ്രാന്തുപിടിപ്പിക്കും. നാശങ്ങൾ! ഞാനെൻെറ പാട്ടിനുപോകയാ. നിങ്ങൾ തന്നെ കുഴിച്ചോളിൻ!

(നിഖിതായും മെട്രേണായും അനീഷ്യായും)

അനീഷ്യാ:-(വാതിൽക്കൽനിന്നുകൊണ്ട്) എന്തായി? കുഴി എടുത്തോ?

മെട്രേണാ:-നീ എന്തിനാ ഇങ്ങു പോന്നതു്? അതിനെ എന്തുചെയ്തു?

അനീഷ്യാ:-പഴന്തുണികൊണ്ടു പൊതിഞ്ഞുവച്ചിരിക്കുന്നു. അതിൻെറ കരച്ചിൽ ആരും കേൾക്കത്തില്ല. അങ്ങേരു കുഴി എടുത്തോ?

മെട്രേണാ:-അവനു വയ്യാന്ന്!

അനീഷ്യാ:-(കോപിച്ചു ചാടിവന്നിട്ട്) വയ്യാപോലും! അങ്ങേക്കു ജെലിൽകിടന്നു ചെള്ളു കടി കൊള്ളണോ?

ഞാൻ നേരേപോയി സകലവിവരവും പോലീസിൽ അറിയിക്കും,—നമുക്കൊന്നിച്ചു തുലയാം,—ഞാൻ പോയി പറയും!

നിഖിതാ:-(അമ്പരന്നു്) നീ എന്തുപറയും?

അനീഷ്യാ:-എന്തെന്നോ? എല്ലാം! ആരാ പണം അപഹരിച്ചതു്?—നിങ്ങൾ! (നിഖിതാ മിണ്ടുന്നില്ല) ആരാ വിഷംകൊടുത്തതു്?—ഞാൻ! പക്ഷേ, നിങ്ങൾ അറിഞ്ഞിരുന്നു! അറിഞ്ഞിരുന്നോ അറിഞ്ഞിരുന്നു! നാം പറഞ്ഞൊത്തുകൊണ്ടു് അതുചെയ്തു.

മെട്രേണാ:-നിത്തു്! നിഖിതാ, നീ എന്നാതിനാ നിർബ്ബന്ധം പിടിക്കുന്നതു്? ഇപ്പോൾ എന്നതാ വേണ്ടതെന്നു നോക്കു്. അല്പം മുഷിഞ്ഞേ ഒക്കു. എന്റെ മോൻ ചെല്ലു്.

അനീഷ്യാ:-ഒരു നിർദ്ദോഷിയെ കണ്ടാട്ടെ! വയ്യാപോലും! നിങ്ങൾ എന്നെ വളരെയധികം കുതിരകയറി, ചവുട്ടിമെതിച്ചു. ഇപ്പോൾ എന്റെ മുറവന്നിരിക്കുന്നു. എണീററുവരാനാ ഞാൻ പറയുന്നതു്. അല്ലെങ്കിൽ ഞാൻ പറഞ്ഞതുപോലെ പററിക്കും!...ഇതാ ക്രന്താലി, എടുക്കു! വേഗം വരു!

നിഖിതാ:-നിങ്ങൾ എന്തിനാ എന്നെ ഉപദ്രവിക്കുന്നതു്? (ക്രന്താലി എടുക്കുന്നു, പക്ഷേ, പരുങ്ങുന്നു) എനിക്കു മനസ്സില്ലെങ്കിൽ, ഞാൻ വരികയുമില്ല

അനീഷ്യാ:-വരികയില്ല, അല്ലേ? (ഉറക്കെ വിളിക്കുന്നു) അയൽക്കാരേ, മാളോരേ!

മെട്രേണാ:-(അനീഷ്യായുടെ വാ പൊത്തിയിട്ടു്) എന്നതാ നീയിക്കാണിക്കുന്നതു്? കിറുക്കോ? അവൻ വരും...ചെല്ലു മോനേ...എന്റെ മോൻ ചെല്ലു്.

അനീഷ്യാ: ഞാനിപ്പോൾ വിളിച്ചുകൂവും....കൊലപാതകം!

നിഖിതാ:-മതിയാക്കെടീ! അയ്യോ, എന്തൊരു പരിഷകളാ ഈ പെണ്ണുങ്ങൾ? എന്നാലൊന്നു വേഗമാകട്ടെ. (നിലവറയിലേയ്ക്കു പോകുന്നു.)

മെട്രേണാ:-ങാ, അങ്ങനെതന്നെടാ മോനേ, വേണ്ടതു്. നീ സുഖിച്ചോനാണെങ്കിൽ, അതിൻെറ കേടുപാടുകൾ മറയ്ക്കാനും അറിയണം.

അനീഷ്യാ:-(ക്ഷോഭം അടങ്ങാതെ) അയാളും ആ ആട്ടക്കാരത്തിപ്പെണ്ണും കൂടി എന്നെ കുറച്ചുവല്ലതുമാണോ ദ്രോഹിച്ചതു്! കൊലപാതകി ഞാൻ മാത്രമാകണ്ടാ, അയാളുംകൂടി ആകട്ടെ. അപ്പോഴറിയാമല്ലൊ എങ്ങനെയിരിക്കുമെന്നു്.

മെട്രേണാ:-അല്ലല്ല, നീ വല്ലാതെ ജ്വലിക്കുന്നല്ലോ! കോപിക്കാതിരി കൊച്ചേ. സമാധാനമാ നല്ലതു്. നീ അകത്തോട്ടു ചെല്ല്, ആ പെണ്ണിൻെറടുക്കൽ. അവനെ ഏല്പിച്ച ജോലി അവൻ ചെയ്യും. (റാന്തലും എടുത്തുകൊണ്ടു നിഖിതായെ അനുഗമിക്കുന്നു; അയാൾ നിലവറക്കുഴിയിൽ ഇറങ്ങുന്നു.)

അനീഷ്യാ:-ആ കുട്ടിയെ അയാളെക്കൊണ്ടു ഞാൻ കൊല്ലിക്കും. (അപ്പോഴും ക്ഷുബ്ധയായി) പീററരെ കൊന്ന ഞാൻ നീറിനീറി മരിക്കയാണു്. അയാളും ആ നീററലൊന്നറിയട്ടെ അതിന് എന്നെക്കൊണ്ടു് ആവുന്നതു മുഴുവൻ ചെയ്യും; തീർച്ചയായും ചെയ്യും.

നിഖിതാ:-(നിലവറയിൽനിന്നു്.) ഒരു വിളക്കിങ്ങു തരണം!

മെഡേണാ:-(വിളക്ക പിടിച്ചുകൊണ്ടു അനീഷ്യായോട്ട്.) അവൻ കുഴി കുഴിക്കുന്നു. പോയി അതിനെ ഇങ്ങുകൊണ്ടുവാ.

അനീഷ്യാ:-അയാളെ സൂക്ഷിച്ചുകൊള്ളണം. അല്ലെങ്കിൽ കടന്നുകളയും. ഞാൻ അതിനെ കൊണ്ടുവരട്ടെ.

മെഡേണാ:-അതിനെ സ്നാനപ്പെടുത്താൻ വിട്ടുപോകരുത്. അല്ലെങ്കിൽ ഞാൻതന്നെ അതു ചെയ്യാം. കുരിശുണ്ടോ?

അനീഷ്യാ:-ഒരെണ്ണം നോക്കിയെടുക്കാം. എനിക്കറിയാം സ്നാനപ്പെടുത്താൻ. (പോകുന്നു.)

(രംഗവിധാനം ഒന്നാമങ്കത്തിലെപ്പോലെ. അന്യൂതായും മിടിച്ചും. അന്യൂതാ ഒരു കുപ്പായത്താൽ മൂടപ്പെട്ടു് ഒരു ബെഞ്ചിൻപുറത്തു കിടക്കുന്നു. മിടിച്ച് പുകവലിച്ചുകൊണ്ടു് അടുപ്പുതിണ്ണയുടെ മീതെ ഇരിക്കുന്നു.)

മിടിച്ച്:-ഹോ! അവരിവിടമെല്ലാം കണ്ടമാനം നാററിക്കളഞ്ഞു! അവർ നന്നായിരിക്കട്ടെ! ഇവിടത്തെയും തുകി! പുകവലിച്ചിട്ടും നാററം ശമിക്കുന്നില്ല. മൂക്കിൽതന്നെ ഇക്കിളിയിട്ടുകൊണ്ടിരിക്കുന്നു. കത്താവേ! ഞാൻ കിടക്കാൻ പോകയാ. (വിളക്ക കെടുത്താൻ തുടങ്ങുന്നു.)

അന്യൂതാ:-(ചാടി എണീററിരുന്ന്) എൻെറ പൊന്നു വല്യപ്പാ, അതു കെടുത്തരുതേ!

മിടിച്ച്:-ഉം? എന്താ?

അന്യൂതാ:-അവർ ഏതാണ്ടിന് ഒരുങ്ങുകയാ മുററ

ത്തു്. (ശ്രദ്ധിക്കുന്നു.) കേഠംക്കുന്നോ? അവർ വീണ്ടും കള പ്പുരയ്ക്കകത്തായി!

മിട്ടിച്ച്:-കുട്ടിയെന്തിനാ ഇതൊക്കെ ശ്രദ്ധിക്കുന്ന തു്? ആരെങ്കിലും പറഞ്ഞോ? കിടന്നുറങ്ങ്. ഞാൻ വി ളക്കു കെടുത്തുകയാ. (വിളക്കിൻെറ തിരി താഴ്ത്തുന്നു.)

അന്ന്യൂതാ:-എൻെറ പൊന്നു വല്യപ്പാ, അതു തീരെ യങ്ങണയ്ക്കരുതേ. ശകലം ഇരുന്നോട്ടെ: ഒരു ചുണ്ടെലി യുടെ കണ്ണോളം. അല്ലെങ്കിൽ ഞാൻ പേടിച്ചുപോകും.

മിട്ടിച്ച്:-(ചിരിക്കുന്നു.) ആകട്ടാകട്ടെ. (അവളുടെ അടുത്തിരിക്കുന്നു.) എന്തിനാ പേടിക്കുന്നതു്?

അന്ന്യൂതാ:-എനിക്കു പേടിക്കാതിരിക്കാൻ വയ്യാ വല്യപ്പാ. ചേട്ടത്തീടെ വിഷമം കട്ടപ്പംതന്നെ! ഭിത്തി യിൽ തല അറകയാ. (മന്ത്രിക്കുന്നു.) എനിക്കറിയാമ ല്ലോ—ചേട്ടത്തിക്ക് ഒരു കുഞ്ഞുണ്ടാകാൻ പോകയാ...... ഇപ്പോഠം പെററുകാണും......

മിട്ടിച്ച്:-എന്തൊരു കൊച്ചാ ഇതു്. ഇതിന്നു് അ റിയേണ്ടാത്ത കാൎയ്യമൊന്നുമില്ല. കിടന്നുറങ്ങ്. (അന്ന്യൂ താ കിടക്കുന്നു.) ങാ, അങ്ങനെ കിട. (അവളെ പുതപ്പി ക്കുന്നു.) അങ്ങനങ്ങോട്ടു കിട. കൂടുതൽ അറിഞ്ഞാൽ എ ളുപ്പം വയസ്സായിപ്പോകും.

അന്ന്യൂതാ:-വല്യപ്പൻ അടുപ്പുതിണ്ണയുടെ മോളിൽ പോകയാണോ?

മിട്ടിച്ച്:-പിന്നല്ലാതെ?...നീയൊരു മണ്ടിക്കൊച്ചാ. സകലകാൎയ്യവും അറിയണം നിനക്ക്!(വീണ്ടും ശരിയായി പുതപ്പിച്ചുകിടത്തിയിട്ടു് എഴുനേററുപോകാൻ ഭാവിക്കു

ന്നു) അവിടങ്ങനെ അനങ്ങാതെ കിടന്നുറങ്ങ്! (അടുപ്പു തിണ്ണയുടെ അടുത്തുപോകുന്നു.)

അന്നൂതാ:-അതൊന്നു കരഞ്ഞു;—ഇപ്പോഠം കേഠം ക്കാൻ വയ്യാ.

മിടിച്ച്:-കർത്താവേ, വിശുദ്ധ നിക്കോളാസേ!...... എന്തോന്നാ കേഠംക്കാൻ വയ്യാത്തതു്?

അന്നൂതാ:-കുഞ്ഞിൻെറ ശബ്ദം.

മിടിച്ച്:-കുഞ്ഞില്ല; അതുകൊണ്ടാ കേഠംക്കാൻ വയ്യാത്തതു്.

അന്നൂതാ:-പക്ഷേ, ഞാൻ കേട്ടു, ഞാൻ കേട്ടു!—ഒരു നേർത്ത ശബ്ദം!

മിടിച്ച്:-കേട്ടു, വളരെ കേട്ടു! ങാ, നിന്നേപ്പോലൊരു കുസൃതിക്കൊച്ചിനെയാ സൈത്താൻ പിടിച്ചു സഞ്ചിയിലിട്ടോണ്ടു പോയതു്.

അന്നൂതാ:-ഏതു സൈത്താൻ?

മിടിച്ച്:-ങാ, അയാളുതന്നെ. (അടുപ്പുതിണ്ണപ്പുറത്തു കയറുന്നു) ഇന്നു് അടുപ്പുതിണ്ണപ്പുറത്തു നല്ല ചൂടു്. കർത്താവേ! കരുണയുള്ള നിക്കോളാസേ!

അന്നൂതാ:-വല്യപ്പാ, വല്യപ്പൻ ഉറങ്ങാൻപോകയാണോ?

മിടിച്ച്:- പിന്നെ ഞാൻ പാട്ടുപാടാൻ പോകയാണോ?

അന്നൂതാ:-വല്യപ്പാ, അയ്യോ വല്യപ്പാ! അവർ കുഴിക്കുന്നു! കേഠംക്കുന്നോ? അവർ കുഴിക്കുന്നു!

മിടിച്ച്:- നിനക്കെന്തൊക്കെ തോന്നുന്നു! കുഴിക്കു

ന്നോ? രാത്രിയാണോ കുഴിക്കുന്നതു്? ആരാ? കന്നാലി ചവിട്ടുകയാ. അതു കുഴിക്കയാപോലും! പോയി ഉറങ്ങാനാ പറഞ്ഞതു്. അല്ലെങ്കിൽ ഞാൻ വിളക്കു തവിക്കും.

അന്നൂതാ:–എൻെറ പൊന്നു വല്യപ്പാ, വിളക്കു തവിക്കരുതു്! എനിക്കു വയ്യാ......എനിക്കു വല്യ പേടിയാ.

മിടിച്ച്:– പേടിയോ? പേടിക്കണ്ടാ, അപ്പോഠം പേടികാണത്തില്ല. പേടിക്കാനിരുന്നേച്ചു പേടിയാ പേടിയാന്നു പറയുന്നതു നോക്കണേ! പേടിക്കാനിരുന്നാൽ പേടിയാകാതെ കഴിയുമോ? എന്തൊരു മണ്ടിക്കൊച്ചു്!

(നിശ്ശബ്ദത. ചീവീടു ചിലയ്ക്കുന്നു.)

അന്നൂതാ:–(മന്ത്രിക്കുന്നു) വല്യപ്പാ, ഏ, വല്യപ്പാ! വല്യപ്പൻ ഉറങ്ങുന്നോ?

മിടിച്ച്:–ഉം, എന്തുവേണം?

അന്നൂതാ:–സൈത്താൻ എങ്ങനെയിരിക്കും?

മിടിച്ച്:–ങാ, പറഞ്ഞുതരാം. അവൻ ഒരു ചാക്കുമായി വരും. നിന്നെപ്പോലെ കിടന്നുറങ്ങാത്ത പെൺപിള്ളരെ അവൻ ആ ചാക്കിൽ പിടിച്ചിടും. എന്നിട്ടു് അവൻെറ തല അതിൽ കടത്തും. പിള്ളരുടെ ഉടുപ്പുംമററും അഴിച്ചുകളഞ്ഞിട്ടു് അവക്കു നല്ല അടിവെച്ചുകൊടുക്കും.

അന്നൂതാ:–എന്തുവെച്ചാ അടിക്കുന്നതു്?

മിടിച്ച്:–അവൻെറ കയ്യിൽ ഒരു ചൂരക്കോലുണ്ടു്.

അന്നൂതാ:– പക്ഷേ, അവനു കണ്ണുകാണത്തില്ലല്ലോ—ചാക്കിൻെറ അകത്തു്.

മിടിച്ച്:–നല്ല ഭേഷായിട്ടു കാണാം.

അന്നൂതാ:–ഞാനൊരു കടികൊടുക്കും.

മിടിച്ച്:-ഇല്ല, അവനെ കടിക്കാനൊക്കുകില്ല.

അന്നൃതാ:-വല്യപ്പാ, ആരാണ്ടുവരുന്നു! അരാ അതു്? എൻെറ കത്താവേ, ആരാ അതു്?

മിടിച്ച്:-ആരെങ്കിലുമാകട്ടെ...നിൻെറ അമ്മയാ വരുന്നതെന്നു തോന്നുന്നു.

(അനീഷ്യാ പ്രവേശിക്കുന്നു.)

(അന്നൃതായും മിടിച്ചും അനീഷ്യായും)

അനീഷ്യാ:-അന്നൃതേ, (അന്നൃതാ ഉറക്കം നടിക്കുന്നു) മിടിച്ച്!

മിടിച്ച്:-ഉം, എന്താ?

അനീഷ്യാ:- വിളക്കെന്തിനാ എരിക്കുന്നതു്? ഞങ്ങൾ ഇന്ന് അങ്ങേവശത്താ ഉറങ്ങുന്നതു്.

മിടിച്ച്:- നടുവൊന്നു നിവിത്തതേയുള്ളു. വിളക്ക് അണച്ചേക്കാം.

അനീഷ്യാ:-(അലമാരിയിൽ ഏതോ തിരഞ്ഞുകൊണ്ടു പിറുപിറുക്കുന്നു) ഒരു സാധനം നോക്കുമ്പോൾ കാണത്തില്ല.

മിടിച്ച്:-എന്തോന്നാ നോക്കുന്നതു്?

അനീഷ്യാ:-ഒരു കുരിശ്ശ്. അതു് സ്നാനപ്പെടാതെ ചാകുന്നതു പാപമല്ലിയോ?

മിടിച്ച്:-തീർച്ചയായും. എല്ലാം മുറപ്രകാരം ചെയ്യണം...നോക്കീട്ടു കണ്ടോ കുരിശ്ശ്?

അനീഷ്യാ:-കണ്ടു കണ്ടു. (പോകുന്നു.)

(മിടിച്ചും അന്ന്യതായും)

മിടിച്ച്:-ഭാഗ്യമായി—അല്ലെങ്കിൽ എൻെറ കുരിശുകൊട്ടത്തേനെ. കത്താവേ!

അന്ന്യൂതാ:-(പേടിച്ചു വിറച്ചുകൊണ്ടു ചാടി എഴുനേല്ക്കുന്നു) അയ്യോ! എൻെറ വല്യപ്പാ! ഉറങ്ങല്ലേ, ദൈവത്തെ ഓർത്ത് ഉറങ്ങല്ലേ! എനിക്കു വല്യപേടി!

മിടിച്ച്:-എന്തിനാ പേടിക്കുന്നത്?

അന്ന്യൂതാ:-അതു ചാകും—ആ കുഞ്ഞു ചാകും. അരീനാമാമിയുടെ കുഞ്ഞിൻെറ പുറത്ത് അമ്മൂമ്മ ഇതുപോലെ കുരിശുവച്ചു. എന്നിട്ടതു ചത്തു.

മിടിച്ച്:-ചാകുന്നെങ്കിൽ കുഴിച്ചുമൂടും.

അന്ന്യൂതാ:-മെട്രേണാമ്മൂമ്മ ഇവിടില്ലായിരുന്നെങ്കിൽ ഈ കുഞ്ഞു ചാകുകില്ലായിരുന്നു. അവരു പറയുന്നതു ഞാൻ കേട്ടു, ഞാൻ കേട്ടു.

മിടിച്ച്:-എന്താ കേട്ടത്? കിടന്നുറങ്ങാനാ ഞാൻ പറയുന്നത്. തലവഴി മൂടിപ്പുതച്ചു കിടന്നോ. ഇനി മിണ്ടേണ്ടാ.

അന്ന്യൂതാ:-അതു ചാകാതിരുന്നെങ്കിൽ ഞാൻ വല്ലത്തിയേനെ.

മിടിച്ച്:-(അലറുന്നു) കത്താവേ!

അന്ന്യൂതാ:-അവരതിനെ എവിടെ അടക്കും?

മിടിച്ച്:-അവക്കു ബോധിച്ചിടത്ത്. അറിഞ്ഞിട്ടു നിനക്കു കാര്യമില്ല. പോയുറങ്ങാനാ ഞാൻ പറയുന്നത്. അല്ലെങ്കിൽ, അമ്മവന്നിപ്പം തരും!

(നിശ്ശബ്ദത)

അന്നൂതാ:-വല്യപ്പാ, ഏ, വല്യപ്പാ! വല്യപ്പൻ പറഞ്ഞ പെൺകുട്ടിയുണ്ടല്ലൊ?—അവർ അവളെ കൊന്നില്ലല്ലോ!

മിടിച്ച്:-ആ പെൺകുട്ടിയോ? ശരി, അവൾക്കൊരു കുഴപ്പവും പിണഞ്ഞില്ല.

അന്നൂതാ:-അതെങ്ങനെയായിരുന്നു വല്യപ്പാ, അവരതിനെ കണ്ടെന്നു പറഞ്ഞത്?

മിടിച്ച്:-അവരതിനെ കണ്ടു. അത്രതന്നെ.

അന്നൂതാ:-എവിടെവച്ചാ കണ്ടത്? പറഞ്ഞെ.

മിടിച്ച്:-ഒരു വീട്ടിൽ വച്ച്. പട്ടാളക്കാർ ഒരു ഗ്രാമത്തിൽ എത്തി അവിടൊരു വീട് അരിക്കാൻ തുടങ്ങി. അവിടെ ആ കുട്ടി തറയിൽ കമിഴ്ന്നു കിടക്കുകയായിരുന്നു. അവർ അതിനെ കാച്ചിക്കളയാൻ ഭാവിച്ചതാ. എന്നാൽ എനിക്കു പെട്ടെന്നൊരു ദയ തോന്നി. ഞാൻ അവളെ കൈയിൽ കോരിയെടുത്തു. അവൾ എടുക്കാൻ സമ്മതിക്കുകില്ല, കിടന്നു പിടയ്ക്കുകയാ. ഒരിരുന്നൂററാത്തൽ ഭാരം തോന്നും! കണ്ണിൽ കാണുന്നതിലൊക്കെ കടന്നുപിടിക്കാനും തുടങ്ങി, വിടുവിക്കാൻ സാദ്ധ്യമല്ലാത്ത വിധത്തിൽ. ഞാൻ പതുക്കെ അവളുടെ ശിരസ്സിൽ തലോടി. മുള്ളൻപന്നിയുടെ മാതിരി എഴിച്ചുനിന്നിരുന്നു തലമുടി. ഞാൻ വീണ്ടും വീണ്ടും തലോടി. ഒടുക്കം അവൾ അടങ്ങി. ഒരു ബിസ്കററു ഞാൻ നനച്ചു കൊടുത്തു. അതങ്ങു പിടുങ്ങി ശാപ്പിട്ടു. എന്തെടുക്കാനാ അവളെ? ഞങ്ങൾ കൂടെക്കൊണ്ടുപോയി. നല്ലപോലെ തീററികൊടുത്തു. ക്രമേണ അവൾ ഞങ്ങളോടിണങ്ങി. യുദ്ധയാത്രയിലും

ഞങ്ങൾ അവളെ കൂടെക്കൊണ്ടുപോയി. ഒരു നല്ല പെ ണ്ണായിരുന്നു അവൾ!

അന്യൂതാ:-അവളെസ്നാനപ്പെടുത്തിയതായിരുന്നോ?

മിട്രിച്ച്:-ആർക്കറിയാം. അല്ലെന്നാ അവരൊക്കെ പറഞ്ഞതു്. കാര്യമുണ്ട്, അവൾ നമ്മുടെ ഇനമല്ല.

അന്യൂതാ:-പിന്നെ, ജർമ്മൻകാരാണോ?

മിട്രിച്ച്:-ജർമ്മൻകാരാണോന്നോ? അല്ല, ഏഷ്യാ ക്കാരു്. അവർ യഹൂദന്മാരുടെ ഇനം തന്നെ. എന്നാൽ യഹൂദന്മാരല്ലതാനും. പോൾസാണ്, എങ്കിലും ഏ ഷ്യാക്കാരാ. ക്രൂഡ്ലിയെന്നോ ക്രൂഗ്ലിയെന്നോ ഏ താണ്ടാ അവരെ വിളിക്കുന്നതു്. പേരു ഞാൻ മറന്നു പോയി. ഞങ്ങൾ അവൾക്കു സാഷ്കാ എന്നു പേരിട്ടു. നല്ല അഴകുള്ള ഒരു പെണ്ണായിരുന്നു സാഷ്കാ. ഞാൻ മററു സകലതും മറന്നു. എന്നാൽ ആ പെൺകുട്ടി—ദൈ വം അവളെ അനുഗ്രഹിക്കട്ടെ—ഇപ്പോഴും എന്റെ കൺ മുമ്പിൽ നില്ക്കുന്നതുപോലെ തോന്നുന്നു. എൻെറ പട്ടാ ളജീവിതത്തിലെ സംഭവങ്ങൾ ഒന്നും ഇപ്പോൾ ഓർമ്മ യില്ല. അവർ എന്നെ ചാട്ടവാർകൊണ്ടടിച്ചതു്, പി ന്നെ ഈ പെൺകുട്ടി—ഈ രണ്ടുമേ ഓർമ്മയുള്ളു. ഞാൻ എടുത്തുകൊണ്ടു നടക്കുമ്പോൾ അവൾ എൻെറ കഴു ത്തിൽ തൂങ്ങിക്കിടക്കും. അവളെക്കാൾ നല്ല ഒരു പെൺ കുട്ടിയെ ഒരിടത്തും കാണാൻ കിട്ടുകയില്ല. ഒടുവിൽ ഞ ങ്ങൾ അവളെ കൊടുത്തുകളഞ്ഞു. ഞങ്ങളുടെ കപ്പലി ൻെറ ഭാര്യ അവളെ ദത്തെടുത്തു. അവൾ അവിടെ സു ഖമായി വളർന്നു. പട്ടാളക്കാർക്ക്, അവളെ വിട്ടുപിരിഞ്ഞ തു വല്യ സങ്കടമായിപ്പോയി.

അന്നൃതാ:-കേട്ടോ വല്യപ്പാ, അപ്പൻ മരിച്ചതു ഞാൻ ഓക്കുന്നു. വല്യപ്പൻ വരുന്നതിനുമുമ്പാ. അപ്പൻ ചിററപ്പനെ അടുക്കൽ വിളിച്ച് "നിഖിതാ, എനിക്കു മാപ്പുതരണം," എന്നു പറഞ്ഞിട്ടു കരയാൻതുടങ്ങി. (ഏങ്ങലടിക്കുന്നു) അതു കേട്ടപ്പോൾ എനിക്കും സങ്കടംവന്നു.

മിട്രിച്ച്:-ഉം, അങ്ങനൊക്കയൊ കാര്യങ്ങടെ പോക്ക്!

അന്നൃതാ:-വല്യപ്പാ, അയ്യോ! വല്യപ്പാ, അവർ വീണ്ടും നിലവറയിൽ ഒച്ചയുണ്ടാക്കുന്നു. എൻെറ ഈശോയേ! വല്യപ്പാ, അവരതിനെ എന്തെങ്കിലും ചെയ്യും. അവരതിനെ കൊല്ലും, ആ അമ്പോററിക്കുഞ്ഞിനെ—അയ്യോ! എനിക്കു വയ്യായേ! (തലവഴി മുണ്ടിട്ടുമൂടിക്കൊണ്ടു കരയുന്നു)

മിട്രിച്ച്:-(ശ്രദ്ധിച്ച്) നേരാ, ഏതോ പാതകം ചെയ്യാൻ ഒരുങ്ങുകയാണവർ. അവരുടെ തല തെറിച്ചുപോകട്ടെ! ഈ പെണ്ണുങ്ങൾ എന്തൊരസത്തുക്കൾ! ആണുങ്ങളും മെച്ചമല്ല. എന്നാൽ ഈ പെണ്ണുങ്ങൾ കാട്ടുജന്തുക്കൾക്കു സമമാണു്. അവക്കു് ഒന്നിനും ഭയമില്ല.

അന്നൃതാ:-(എഴുന്നേററ്) വല്യപ്പാ, ഏ, വല്യപ്പാ!

മിട്രിച്ച്:-എന്താ കാര്യം?

അന്നൃതാ:-ഇന്നാളൊരു വഴിപോക്കൻ രാത്രി ഇവിടെ താമസിച്ചു. അയാൾ പറഞ്ഞു: ഒരു കൊച്ചുകുട്ടി മരിച്ചാൽ അതിൻെറ ആത്മാവു് നേരെ സ്വർഗ്ഗത്തിൽ പോകുമെന്നു്. നേരാണോ?

മിട്രിച്ച്:-ആക്കറിയാം? നേരായിരിക്കും!-—അതിനെന്തു്?

അന്ന്യൂതാ:-അങ്ങനെയാണെങ്കിൽ എനിക്കും ചാകണം. (ചിണുങ്ങുന്നു.)

മിട്രിച്ച്:-എന്നാൽ നീ ആ പട്ടികയിൽ കാണുകില്ല.

അന്ന്യൂതാ:-പത്തു വയസ്സുവരെ ഒരുവൾ കുഞ്ഞാ, അവളുടെ ആത്മാവു ദൈവത്തിന്റെ അടുത്തു ചെന്നേക്കും. അതിനുശേഷം അവൾ ദുഷിച്ചുപോകും.

മിട്രിച്ച്:-തീർച്ചയായും ദുഷിക്കും. നിന്നെപ്പോലുള്ള പെൺകുട്ടികൾ എങ്ങനെ ദുഷിക്കാതിരിക്കും? ആരു നിങ്ങളെ പഠിപ്പിക്കുന്നു? എന്തു നിങ്ങൾ കാണുന്നു? എന്തു നിങ്ങൾ കേൾക്കുന്നു? ചീത്തത്തങ്ങളല്ലാതെ വല്ലതുമുണ്ടോ? എനിക്കു വലിയ പഠിത്തമില്ലെങ്കിലും ഒന്നുരണ്ടു കാര്യങ്ങളെങ്കിലും അറിയാം. ഞാൻ ഒരു കർഷകസ്ത്രീയുടെ മട്ടിലല്ല. നാട്ടിൻപുറത്തെ കൃഷകസ്ത്രീയെന്നു വച്ചാൽ വെറും ചെളി! നിങ്ങളെപ്പോലുള്ളവർ അനേകലക്ഷമുണ്ട് ഈ റഷ്യയിൽ—കണ്ണില്ലാത്ത എലികൾക്കു സമം. ആർക്കും ഒരു വിവരവുമില്ല! പശുവിന്റെ മേൽ 'മാരണ'ത്തെ 'പടിച്ചുവിടുക'; കോഴിക്കൂട്ടിലെ ചേക്കക്കോലിനു താഴെയിരുത്തി കുഞ്ഞുങ്ങളെ ചികിത്സിക്കുക—ഇതൊക്കെയറിയാം അവർക്ക്.

അന്ന്യൂതാ:-നേരാ, അമ്മ അങ്ങനെ ചെയ്തിട്ടുണ്ട്.

മിട്രിച്ച്:-അതാ പറഞ്ഞതു്! എത്രയോ ലക്ഷം സ്ത്രീകളും പെൺകുട്ടികളും കാട്ടുമൃഗങ്ങളെപ്പോലെ കഴിയുന്നു. നിങ്ങൾ ജനിക്കുന്നു, മരിക്കുന്നു. ഒന്നും കാണുന്നില്ല, ഒന്നും കേൾക്കുന്നില്ല! ഒരു പുരുഷനു്, ചാരായഷാ

പ്പിൽ പോയാലും, ജയിലിൽ പോയാലും, എന്നൊപ്പോലെ പട്ടാളത്തിൽപോയാലും കുറെ അറിവു കിട്ടും. എന്നാൽ ഒരു സ്ത്രീക്കോ? അവൾക്കു് എന്തറിയാം? ദൈവത്തിൻെറ കാൎയ്യം കിടക്കട്ടെ, വെള്ളിയാഴ്ചയെക്കുറിച്ചുപോലും അവൾക്കു നേരാംവണ്ണം അറിവില്ല. വെള്ളിയാഴ്ച, വെള്ളിയാഴ്ച എന്നു പറയും. എന്നാൽ വെള്ളിയാഴ്ചയെപ്പററി എന്തെങ്കിലും ചോദിക്കണം, ങേഹേ, അവൾക്കറിഞ്ഞുകൂടാ! ഇഴഞ്ഞുനടന്നു ചാണകത്തിൽ മൂക്കു പുതയ്ക്കുന്ന കണ്ണു കീറാത്ത പട്ടിക്കുട്ടികളെപ്പോലെയാണവർ. അവൎക്കു് ആകെക്കൂടി അറിയാവുന്നതു് 'ഹോ, ഹോ, ഹോ, ഹോ!' എന്ന പൊട്ടപ്പാട്ടുകളാണു്. ഈ 'ഹോ ഹോ'യുടെ അൎത്ഥം നിശ്ചയവുമില്ല.

അന്നൂതാ:-വല്യപ്പാ, എനിക്കു കൎത്താവിൻെറ പ്രാൎത്ഥനയുടെ പകുതിയോളം അറിയാം.

മിട്രിച്ച്:-ഓ, വളരെയറിയാം! അല്ലെങ്കിൽ നിങ്ങളിൽനിന്നു് എന്തു പ്രതീക്ഷിക്കാനാണു്? ആരാണു നിങ്ങളെ പഠിപ്പിക്കുന്നതു്? ഒരു കുടിയൻ കൎഷകൻ ചിലപ്പോൾ ചൂരക്കോലുമായി വന്നു പഠിപ്പിക്കുന്നു. അതു മാത്രമാണു നിങ്ങൾക്കു കിട്ടുന്ന ശിക്ഷണം. നിങ്ങളെ സംബന്ധിച്ചു് ആൎക്കുണ്ടുത്തരവാദിത്വമെന്നു് എനിക്കറിഞ്ഞുകൂടാ. പട്ടാളക്കാരെ നോക്കാൻ മേലുദ്യോഗസ്ഥനുണ്ടു്; എന്നാൽ, നിങ്ങളുടെ കാൎയ്യത്തിൽ ആൎക്കുമില്ലൊരു ചുമതല. ഇടയനില്ലാതെ കാട്ടുകേറുന്ന കന്നുകാലികളെപ്പോലെയാണു നിങ്ങൾ. ഏററവും ബോധംകെട്ട പരിഷ!

അന്നൂതാ:-അതിനെന്തു ചെയ്യാൻ കഴിയും?

മിടിച്ച്:-ഒന്നുമില്ല!......തലവഴി മൂണ്ടിട്ടു മൂടിക്കി ടന്നുറങ്ങിക്കോ!...കത്താവേ!

(നിശ്ശബ്ദത. ഒരു ചീവീടു ചിലയ്ക്കുന്നു.)

അന്യൂതാ:-(ചാടി എഴുന്നേററ്) വല്യപ്പാ, ആരാ ണ്ടു നിലവിളിക്കുന്നു! ഉറക്കെ നിലവിളിക്കുന്നു! കേട്ടോ, ഇങ്ങോട്ടു വരികയാ!

മിടിച്ച്:-പുതച്ചുമൂടി കിടന്നോ. ഞാൻ പറഞ്ഞിട്ട്!

(മിടിച്ചും അന്യൂതായും നിഖിതായും മെട്രേണായും)

(നിഖിതാ പ്രവേശിക്കുന്നു. പുറകെ മെട്രേണായും)

നിഖിതാ:-അവരെന്താ എന്നോടു ചെയ്തതു്? അവ രെന്താ എന്നോടു ചെയ്തതു്?

മെട്രേണാ:-ഇത്തിരി കുടി മോനേ, ഇത്തിരി ചാരാ യം. എന്താടാ നിനക്ക്? (ചാരായം നിഖിതായുടെ മു മ്പിൽ വയ്ക്കുന്നു.)

നിഖിതാ:-ഇങ്ങു കൊണ്ടാ; ഒരുവേള കുടിച്ചാലൊരാ ശ്വാസം കിട്ടിയേക്കും!

മെട്രേണാ:-ശ്ശ്, പതുക്കെ! അവരാരും ഉറങ്ങിയിട്ടി ല്ല! ഇതാ, തുള്ളി കുടി.

നിഖിതാ:-എന്തുകൊണ്ടു നിങ്ങൾ അങ്ങനെ ചെയ്തു? എന്തിനങ്ങനെ നിശ്ചയിച്ചു? നിങ്ങൾക്ക് അതിനെ എ വിടെങ്കിലും കൊണ്ടുപോകാമായിരുന്നു.

മെട്രേണാ:-(അടക്കത്തിൽ) ഇവിടിരി ഇവിടിരി. കുറച്ചുകൂടെ കുടി. അല്പം പുകക്കുടെ വലി. അപ്പോൾ നി ന്റെ വിചാരം വേറെ വഴിക്കു തിരിയും.

നിഖിതാ:-എന്റമ്മേ! എന്റെ നെഞ്ചു തകരുന്നു. അതിന്റെ ആ നിലവിളിയും ആ കൊച്ചെല്ലുകളുടെ കിർർ... കിർർ...എന്ന ഞെരിച്ചിലും കേട്ടപ്പോഠം എൻെറ ശക്തി മുഴുവൻ ഇഴിഞ്ഞുപോയി!

മെട്രേണാ:-അയ്യോ, ചുമ്മാ മണ്ടത്തരം പറയാതെ, രാത്രീലിങ്ങനെ പേടിതോന്നും, ശരിയാ. എന്നാൽ നേരം വെളുത്തോട്ടെ. അതുവരെ അടങ്ങ്. ഒന്നുരണ്ടു ദിവസം കഴിഞ്ഞാൽ പിന്നെ ഇതേപ്പററിയുള്ള വിചാരമേ മനസ്സിൽ കാണത്തില്ല. (നിഖിതയുടെ അടുത്തുചെന്ന് അയാളുടെ തോളിൽ കൈവയ്ക്കുന്നു.)

നിഖിതാ:-പോ എൻറടുത്തുനിന്ന്! എന്താം നിങ്ങഠം എന്നെക്കൊണ്ടു ചെയ്യിച്ചതു്?

മെട്രേണാ:-എൻെറ മോന് എന്നതാടാ? (നിഖിതായുടെ കൈക്കു പിടിക്കുന്നു.)

നിഖിതാ:-പോകാൻ എൻെറ അടുത്തുനിന്ന്. നിങ്ങളെ ഞാൻ കൊല്ലും! എനിക്കിപ്പോഠം ഒന്നിനും ക്രൂസലില്ല;—നിങ്ങളെ ഞാൻ കൊല്ലും!

മെട്രേണാ:-അയ്യയ്യോ! എൻെറ മോൻ വല്ലാതെ പേടിച്ചുപോയല്ലോ. നീ ചെന്നു കിടന്നൊന്നുറങ്ങ്.

നിഖിതാ:-എനിക്ക് ഒരിടവുമില്ല പോകാൻ;ഞാൻ തുലഞ്ഞു.

മെട്രേണാ:-(തല കുലുക്കിക്കൊണ്ട്) ഓഹോ! ഞാൻ തന്നെ അങ്ങോട്ടുചെന്നു സംഗതികഠം സമമാറാക്കട്ടെ. നീ ഇവിടെ സ്വല്പനേരം ഇരി. അപ്പഴേയ്ക്ക് ഈ എനക്കേട്ട മാറും. (പോകുന്നു.)

(നിഖിതായും മിടിച്ചും അന്യൂതായും.)

(നിഖിതാ കൈകൾകൊണ്ടു മുഖംമറച്ചു നിശ്ചലനായും,മിടിച്ചും,അന്യൂതായും പേടിച്ചു ജീവച്ഛവങ്ങളെപ്പോലെയും,ഇരിക്കുന്നു.)

നിഖിതാ:-അതു കരയുന്നു, തീൎച്ചയായും കരയുന്നു... അവിടെ...അവിടെ....നല്ലപോലെ കേൾക്കാം. അവർ അതിനെ കുഴിച്ചുമൂട്ടും, നിശ്ചയമായും കുഴിച്ചുമൂടും!(വാതില്ക്കലേയ്ക്കു ഓടിച്ചെല്ലുന്നു) അമ്മേ! അതിനെ മൂടരുതു്, അതിനു ജീവനുണ്ടു്!......

(നിഖിതായും മിടിച്ചും അന്യൂതായും മെട്രേണായും)

മെട്രേണാ:-(തിരികെവന്നിട്ടു് അടക്കത്തിൽ) നിനക്കു് എന്താ തരക്കേട്ടു്? ക്രിസ്തു സഹായിക്കട്ടെ! നീ എന്നതൊക്കെയൊ മനോരാജ്യം വിചാരിക്കുന്നതു്? അതിനെങ്ങനെ ജീവൻ കാണാനാ? അതിൻെറ എല്ലുകൾ മുഴവൻ തകൻറുപോയി!

നിഖിതാ:-കുറച്ചു ചാരായംകൂടി തരു. (കുടിക്കുന്നു.)

മെട്രേണാ:-ഇനീം പോ മോനെ, പോയിക്കിടന്നുറങ്ങു്. സാരമില്ല.

നിഖിതാ:-(ശ്രദ്ധിച്ചുനില്ക്കുന്നു)അതു് ഇപ്പോഴും മരിച്ചിട്ടില്ല....ചെവിയോൎത്തേ....അതു കരയുന്നു! കേൾക്കുന്നില്ലേ?...ദേ, അവിടെ!

മെട്രേണാ:-(അടക്കത്തിൽ) ഒന്നുമില്ല!

നിഖിതാ:-അമ്മേ, എൻറമ്മേ! ഞാൻ എൻെറ ജീവിതം തുലച്ചു! നിങ്ങൾ എന്നെക്കൊണ്ടു് എന്താ ചെയ്തിച്ചതു്? ഞാൻ എവിടെ പോകട്ടെ! (ഇറങ്ങി ഓടുന്നു, മെട്രേണാ അനുഗമിക്കുന്നു.)

(മിടിച്ചും അന്നൃതായും)

അന്നൃതാ:-എന്റെ വല്യപ്പാ, അവരതിനെ ഞെരിച്ചുകൊന്നു!

മിടിച്ച്:- (കോപിച്ച്) പോയുറങ്ങാനാ പറഞ്ഞത്! നാശം! വടിയെടുത്തു നല്ല പെരുക്ക ഞാൻ തരും! പോയുറങ്ങ്!

അന്നൃതാ:-വല്യപ്പാ, എന്റെ പൊന്നു വല്യപ്പാ! എന്റെ തോളത്ത് ഏതാണ്ട് അള്ളിപ്പിടിക്കുന്നു. അതിന്റെ നഖംവച്ച് അള്ളിപ്പിടിക്കുന്നു. നേരാ വല്യപ്പാ. ഞാൻ വല്യപ്പന്റെ അടുത്തു വരികയാ. എന്റെ പൊന്നു വല്യപ്പാ, ഞാൻകൂടെ അടുപ്പുതിണ്ണയുടെ പുറത്തു വരട്ടെ! ദൈവത്തെ ഓർത്ത്, ഞാൻകൂടെ വന്നോട്ടെ! അയ്യോ! അതെന്നെ കടന്നുപിടിക്കുന്നു....അള്ളിപ്പിടിക്കുന്നു....ഓ—ഓ—ഓ! (അടുപ്പുതിണ്ണയുടെ അടുത്ത് ഓടിച്ചെല്ലുന്നു.)

മിടിച്ച്:-നോക്കണേ, അവർ ആ പാവംപിടിച്ച കൊച്ചിനെ പേടിപ്പിച്ചുകളഞ്ഞു—ആ ദുഷിച്ച പെണ്ണുങ്ങൾ! അവരുടെ വായിൽ മണ്ണുവീണുപോകട്ടെ! കുഞ്ഞേ, എന്നാലിങ്ങു കേറിവാ.

അന്നൃതാ:-(അടുപ്പുതിണ്ണപ്പുറത്തു കേറുന്നു) വല്യപ്പൻ എന്നെ ഇട്ടേച്ചു പോകല്ലേ!

മിടിച്ച്:-ഞാൻ എവിടെ പോകാൻ? കേറിവാ, കേറിവാ! കർത്താവേ! വിശുദ്ധനിക്കോളാസേ! കന്യാമറിയേ....അവർ കൊച്ചിനെ കണ്ടമാനം പേടിപ്പിച്ചുകളഞ്ഞു. (അന്നൃതായെ പുതപ്പിച്ചുകിടത്തുന്നു) നീയൊരു മണ്ടിയാ, കൊച്ചുമണ്ടി...അവർ നിന്നെ പേടിപ്പിച്ചുകളഞ്ഞു! മഹാപാപികൾ! അവർക്കു ഗതികിട്ടുകില്ല.

(കർട്ടൻ)

# അങ്കം അഞ്ച്

(മുൻഭാഗത്ത്, ഇടതുവശത്ത് ഒരു മെതിക്കളം. അതിനടുത്ത് ഒരുക്കുന്ന വയ്ക്കോൽ. വലതുവശത്ത് ഒരു വണ്ടിപ്പുര. വണ്ടിപ്പുരയുടെ വാതിലുകൾ തുറന്നുകിടക്കുന്നു. വാതില്ക്കൽ വയ്ക്കോൽ നിരന്നുകിടക്കുന്നു. പിൻഭാഗത്തു പീററുടെ വീടുകാണാം. പാട്ടും തമ്പേറടിയും കേൾക്കപ്പെടുന്നു. രണ്ടു കൃഷീവലകന്യകകൾ വണ്ടിപ്പുരകടന്നു വീട്ടിലേയ്ക്കു പോകുന്നു.)

(രണ്ടു കർഷകകന്യകകൾ)

ഒന്നാമത്തവൾ:-നമ്മുടെ ഷൂസ് വൃത്തികേടാകാതെ വല്ലവിധവും ഇങ്ങെത്തി. വഴിയിൽ ഭയങ്കര ചെളി!

(അവർ നിന്നിട്ട് ഷൂസ് വയ്ക്കോൽപ്പുറത്ത് ചവുട്ടിത്തുടയ്ക്കുന്നു.)

ഒന്നാമത്തവൾ:-(വയ്ക്കോലിൻെറ ഇടയ്ക്കുനോക്കി ഏതോ കണ്ടിട്ട്) അതെന്താ അവിടെ? നോക്ക്.

രണ്ടാമത്തവൾ:-(സൂക്ഷിച്ചുനോക്കുന്നു) അവരുടെ ജോലിക്കാരൻ മിടിച്ചാണ്, കുടിച്ചു ലക്കില്ല.

ഒന്നാമത്തവൾ:-അങ്ങേരു കുടിക്കത്തില്ലായിരുന്നല്ലോ, അല്ലേ?

രണ്ടാമത്തവൾ:-തീർച്ചയായും ഇന്നു കുടിച്ചിട്ടുണ്ട്.

ഒന്നാമത്തവൾ:-നോക്ക്, വയ്ക്കോൽ വാരാൻ വന്നതായിരിക്കും. കൈയിൽ ഒരു കയറിരിക്കുന്നു, ഇവിടെവന്നു ഉറങ്ങിപ്പോയതാ.

രണ്ടാമത്തവൾ:-(ശ്രദ്ധിച്ചിട്ട്) അവരിപ്പോഴും വി

വാഹപ്പാട്ടുകൾ പാടുന്നതേയുള്ളൂ. പെണ്ണിനും ചെറുക്കനും ഇനിയും 'ആശീരു' പറഞ്ഞില്ലെന്നു തോന്നുന്നു. അകുലീനാ പൊടിപോലും കരഞ്ഞില്ലെന്നു കേട്ടു.

ഒന്നാമത്തവൾ:-കല്യാണം കഴിക്കാൻ അവൾക്കു മനസ്സില്ലായിരുന്നെന്ന് എൻെറ അമ്മ പറഞ്ഞു. അവളുടെ ചിററപ്പൻ അവളെ ഭയപ്പെടുത്തി; അല്ലെങ്കിൽ അവൾ സമ്മതിക്കത്തില്ലായിരുന്നു. അവളെപ്പററിയുള്ള വൎത്തമാനമൊക്കെ അറിയാമല്ലോ.

(കർഷകപ്പെൺകുട്ടികളും മരീനായും)

മരീനാ:-(പെൺകുട്ടികളുടെ മുമ്പിൽ നടന്നുകേറിയിട്ട്) സലാം കുട്ടികളേ!

പെൺകുട്ടികൾ:-സലാം, ചേട്ടത്തി!

മരീനാ:-എന്താ, നിങ്ങൾ കല്യാണത്തിനു പോകയാണോ?

ഒന്നാമത്തവൾ:-അതിപ്പോൾ കഴിഞ്ഞിരിക്കും. ഒന്നു കാണാമല്ലോ എന്നുവിചാരിച്ചു വന്നതാ.

മരീനാ:-എങ്കിൽ നിങ്ങൾ എൻെറ ആൺപിറന്നോനെ ഇങ്ങോട്ടൊന്നു പറഞ്ഞയയ്ക്കണേ. സൂയേവിലെ സൈമൺ; നിങ്ങൾ അറിഞ്ഞേയ്ക്കും.

ഒന്നാമത്തവൾ:-ഓഹോ, അറിയും. അദ്ദേഹം ചെറുക്കൻെറ ഒരു ചാൎച്ചക്കാരനുമാണെന്നു തോന്നുന്നു.

മരീനാ:-അതെ അതെ! അദ്ദേഹത്തിൻെറ ഒരു അനന്തിരവനാ ചെറുക്കൻ.

രണ്ടാമത്തവൾ:-നിങ്ങൾ എന്താ കല്യാണത്തിനു പോകാത്തതു്? നിങ്ങളും കൂടേണ്ടതല്ലേ?

മരീനാ:-എനിക്കു താല്പര്യം തോന്നുന്നില്ല കുട്ടീ. പോരെങ്കിൽ സമയവുമില്ല, ഉടനേ പോകണം, ഞങ്ങൾ കല്യാണത്തിനായിട്ടു വന്നതല്ല, കുറച്ച് ഓട്ട്സുംകൊണ്ടു പട്ടണത്തിൽ പോകുന്നവഴിക്കു കുതിരയ്ക്കു തീററി കൊടുക്കാൻ ഇവിടെ നിന്നൊന്നുമാത്രം. അപ്പോൾ നമ്മുടെ ആളിനെ അവർ അകത്തോട്ടു ക്ഷണിച്ചു.

ഒന്നാമത്തവൾ:-കുതിരയെ എവിടെ നിത്തി? ഫെഡോറിച്ചിൻെറ അവിടെയോ?

മരീനാ:-അതേ, അപ്പോൾ ഞാനിവിടെ നില്ക്കാം. നിങ്ങൾ ചെന്ന് അങ്ങേരെ ഇങ്ങോട്ടു പറഞ്ഞുവിടണം. ഇങ്ങനെ അറിയിച്ചാൽ മതി: "നിങ്ങടെ ഭാര്യ മരീനാ പറയുന്നു അങ്ങോട്ടുചെല്ലാൻ. കുതിരയ്ക്കു ലാടൻ തറച്ചു കഴിഞ്ഞു."

ഒന്നാമത്തവൾ:-നിങ്ങൾ വരുന്നില്ലെങ്കിൽ പറഞ്ഞയയ്ക്കാം.

(കല്യാണവീട്ടിലേയ്ക്കുള്ള വഴിയേ പെൺകുട്ടികൾ നടന്നുമറയുന്നു. പാട്ടും തമ്പേറിൻെറ മുഴക്കവും കേൾക്കുന്നു.)

(മരീനാ തനിയേ)

മരീനാ:-(ആത്മഗതം) ഞാൻകൂടെ പോയേനേ, പക്ഷേ, എൻെറ മനസ്സനുവദിക്കുന്നില്ല. എന്നെ ഉപേക്ഷിച്ചതിൽപിന്നെ അയാളെ ഞാൻ കണ്ടിട്ടില്ല. ഇപ്പോൾ ഒരുകൊല്ലത്തിനുമേലായിരിക്കുന്നു. ദരയാൾ അനീഷ്യായുമായി എങ്ങനെ കഴിഞ്ഞുകൂടുന്നുവെന്നറിയാൻ കൗതുകമുണ്ടു്, അവർതമ്മിൽ സ്വൈരമല്ലെന്ന് ആളുകൾ പറയുന്നു. ഒരു മുരട്ടുസ്വഭാവക്കാരിയാണത്രേ ആ

സ്ത്രീ. അയാഠം എന്നെപ്പററി പലപ്പോഴും ഓൎമ്മിച്ചിരിക്കും തീർച്ച. സുഖസൗകൎയ്യങ്ങളൊത്ത ഒരു ജീവിതം മോഹിച്ചിട്ടാകണം, അയാഠം എന്നെ തള്ളുകയും അവളെ കൊള്ളുകയും ചെയ്തതു്. ദൈവം അയാളെ അനുഗ്രഹിക്കട്ടെ! ഇപ്പോഠം എനിക്കൊരു പരിഭവവുമില്ല. അന്നെനിക്കു സങ്കടമുണ്ടായിരുന്നു. എന്നെ എത്രമാത്രം നോവിച്ചെന്നോ ആ സംഭവം! ഇപ്പോഠം അതൊക്കെ തേഞ്ഞുമാഞ്ഞു പോയിരിക്കുന്നു; ഞാൻ മറന്നുകഴിഞ്ഞിരിക്കുന്നു. എങ്കിലും അയാളെ ഒന്നുകണ്ടാൽകൊള്ളാമെന്നുണ്ടു്.....(വീട്ടിലേയ്ക്കു നോക്കുന്നു, നിഖിതായെ കാണുന്നു) നോക്കണേ! അയാഠം എന്തിനിങ്ങോട്ടുവരുന്നു? ആ പെൺപിള്ളർ പറഞ്ഞതായിരിക്കുമോ? അതിഥികളെ വിട്ടുപോരാൻ കാരണമെന്തു്? ഞാൻ പോയേക്കാം.

(നിഖിതാ ആദ്യം തലകുനിച്ചു്,കൈകഠംവീശി, തന്നത്താൻ പിറുപിറുത്തുകൊണ്ടു പ്രവേശിക്കുന്നു.)

(മരീനായും നിഖിതായും)

മരീനാ:-ഇയാഠംക്കു് എന്തൊരു മ്ലാനത!

നിഖിതാ:-(മരീനായെക്കണ്ടു് ആളറിഞ്ഞിട്ടു്) മരീനാ! എൻെറ പ്രിയപ്പെട്ട മരീനേ, നീ എന്തിനിവിടെ വന്നു?

മരീനാ:-ഞാൻ എൻെറ ഭൎത്താവിനെ തേടി വന്നതാണു്.

നിഖിതാ:-എന്തുകൊണ്ടാ നീ കല്യാണത്തിനു വരാഞ്ഞതു്? കാണാമായിരുന്നല്ലോ;—എന്നൊച്ചൊല്ലി ചിരിക്കയും ചെയ്യാമായിരുന്നു.

മരീനാ:-ഞാനെന്തിനാ ചിരിക്കുന്നതു്? എൻെറ ഭത്താവിനെ തേടിവന്നതാ ഞാൻ.

നിഖിതാ:-എൻെറ പ്രിയപ്പെട്ട മരീനേ! (ആശ്ലേഷിക്കാൻ അടുക്കുന്നു.)

മരീനാ:-(ദേഷ്യപ്പെട്ടു് ഒഴിഞ്ഞുമാറുന്നു.) പിന്നേ, ആ വികൃതിത്തരങ്ങൾ മതിയാക്കണം. അതിൻെറയൊക്കെ കാലം കഴിഞ്ഞുപോയി. ഞാനെൻെറ ഭത്താവിനെ തിരക്കിവന്നതാ. അദ്ദേഹം നിങ്ങടെ വീട്ടിലില്ലേ?

നിഖിതാ:- അപ്പോൾ ആ പഴയകാലത്തെപ്പററി ഓർമ്മിക്കേണ്ടെന്നോ? നീ അതിനു സമ്മതിക്കില്ലേ?

മരീനാ:- കഴിഞ്ഞതു കഴിഞ്ഞു. ഇനി ഓത്തിട്ടു ഫലമില്ല.

നിഖിതാ:- ഇനിയും അതു തിരിച്ചു കൊണ്ടുവരാൻ സാധ്യമല്ലേ?

മരീനാ:- അല്ല. ആ കാലം ഇനി തിരിച്ചു വരികില്ല. അതിരിക്കട്ടെ. നിങ്ങളിങ്ങനെ പോന്നുകളഞ്ഞതെന്തു്? കല്യാണക്കാരെ വിട്ടിട്ടു വീട്ടുകാരൻ ഇറങ്ങിപ്പോരികയോ?

നിഖിതാ:-(വരയ്ക്കാൽപ്പുറത്തിരുന്നുകൊണ്ടു്) ഞാൻ എന്തുകൊണ്ടു് ഇറങ്ങിപ്പോന്നു എന്നല്ലേ? ഓ, നീ അതു നേരാംവണ്ണം അറിഞ്ഞെങ്കിൽ!......എൻെറ മനസ്സിൽ ഇരുൾ നിറഞ്ഞിരിക്കുന്നു മരീനേ, ഭയങ്കരമായ ഇരുൾ! ഒന്നും കാണുകയേ വേണ്ടാ എന്നു ഞാൻ നിശ്ചയിച്ചു. അതുകൊണ്ടു് അവരുടെ സല്ക്കാരസ്ഥലത്തുനിന്നും ഞാൻ ഇറങ്ങിപ്പോന്നു—ആരെയും കാണാതിരിപ്പാൻ വേണ്ടി.

മരീനാ:- (നിഖിതായുടെ അടുത്തു ചെല്ലുന്നു.) എന്താ സംഗതി?

നിഖിതാ:-ഒഴിയാത്ത മനശ്ശല്യം. എനിക്ക് ആഹാരത്തിൽ രസമില്ല, ഉറക്കത്തിനു സുഖമില്ല. ജീവിതം ദുസ്സഹം, അത്യന്തദുസ്സഹം! എൻെറ പ്രിയപ്പെട്ട മരീനേ, ഞാൻ ഏകാകിയാണ്. ആരുമില്ല എൻെറ ദുഃഖത്തിൽ പങ്കെടുക്കാൻ. അതുകൊണ്ടാണ് ഇത്ര കൂടുതൽ വൈഷമ്യം!

മരീനാ:- ദുഃഖമില്ലാതെ ജീവിക്കുക സാധ്യമല്ല നിഖിതാ! എൻെറ ദുഃഖം ഞാൻ കരഞ്ഞുതീർത്തു.

നിഖിതാ:- ആ പഴയകാലത്തെപ്പററി നീ സംസാരിക്കുന്നു. എൻെറ ഓമനേ, നിൻെറ ദുഃഖം അങ്ങനെ തീർന്നു. ഇപ്പോൾ എൻെറ മുറ ആരംഭിച്ചിരിക്കുന്നു.

മരീനാ:- അതെങ്ങനെ?

നിഖിതാ:- ഞാൻ എൻെറ ജീവിതത്തെ മുഴുവൻ വെറുക്കുന്നു! എന്നെത്തന്നെയും വെറുക്കുന്നു! നിനക്ക് എന്നെ പിടിച്ചുനിർത്തുവാൻ കഴിഞ്ഞില്ല. അതുകൊണ്ടു നീ എന്നെ തുലച്ചു, നീയും തുലഞ്ഞു! കഷ്ടം! ഇതൊരു ജീവിതമാണോ?

മരീനാ:- (ഷെൽഫിൻെറ അടുത്തു മാറിനിന്നു കരയുന്നു. സ്വയം നിയന്ത്രിച്ചുകൊണ്ട്) എൻെറ ജീവിതത്തെപ്പററി എനിക്കു പരാതിയില്ല നിഖിതാ! ദൈവം എല്ലാവർക്കും ഇതുപോലത്തെ ജീവിതം വേണം കൊടുക്കാൻ! എനിക്കു പരാതിയില്ല. ഞാൻ എൻെറ ഭർത്താവിൻെറ അടുക്കൽ സർവ്വവും അങ്ങേററുപറഞ്ഞു. അദ്ദേഹം എനി

ക്കു മാപ്പുതന്നു. ഒരു കുററപ്പെടുത്തലുമില്ല. ഞാൻ തൃപ്തയാണു്. എൻെറ ഭത്താവു വെറും ശാന്തൻ. അദ്ദേഹത്തെ ഞാൻ ഇഷ്ടപ്പെടുന്നു; അദ്ദേഹത്തിൻെറ കുഞ്ഞുങ്ങളെ കുളിപ്പിക്കയും ഉടുപ്പണിയിക്കയും ചെയ്യുന്നു! അദ്ദേഹത്തിന് എന്നോടും വലിയ കാര്യമാ! എനിക്കു പരാതിപ്പെടാൻ കാരണമില്ല! ആ ബന്ധമായിരിക്കും ദൈവം എനിക്കു നിശ്ചയിച്ചതു്—പക്ഷേ, നിങ്ങളുടെ ജീവിതത്തിനെന്താണു തകരാറ്? നിങ്ങൾക്കു വേണ്ട സ്വത്തുണ്ടല്ലോ?

നിഖിതാ:- എൻെറ ജീവിതമല്ലേ?......വിവാഹം മുടക്കണ്ടാ എന്നു വച്ചിട്ടാണു്, അല്ലെങ്കിൽ ഞാൻ ഈ കയറുണ്ടല്ലോ, (വസ്ക്കോലിൻെറ ഇടയ്ക്കുനിന്നും ഒരു കയർ എടുക്കുന്നു.) ഇതു് ആ ഉത്തരത്തിൽ കെട്ടിത്തൂങ്ങി മരിച്ചേനേ. അത്തരമാണു് എൻെറ ജീവിതം.

മരീനാ:- മതി. കത്താവു സഹായിക്കട്ടെ!

നിഖിതാ:- ഞാൻ തമാശ പറകയല്ല. നീ വിചാരിച്ചേക്കും ഞാൻ കുടിച്ചു വെളിവില്ലാതിരിക്കയാണെന്നു്. എനിക്കു് ഒരു വെളിവുകേടുമില്ല. ഈയിടെ മദ്യംപോലും എന്നെ ബാധിക്കുന്നില്ല. ജീവിതം എനിക്കു മടുത്തു; ദുരിതങ്ങൾ എന്നെ നിശ്ശേഷം വിഴുങ്ങിക്കളഞ്ഞു. അതിനാൽ മററൊന്നും ഞാൻ ഗണ്യമാക്കുന്നില്ല! എൻെറ പ്രിയപ്പെട്ട മരീനേ, നിന്നോടുകൂടി മാത്രമാണു ഞാൻ യഥാത്ഥത്തിൽ ജീവിച്ചിട്ടുള്ളതു്. നമ്മൾ റയിൽവേയിൽവച്ചു് എത്രയോ രാത്രികൾ ആനന്ദമായി കഴിച്ചിട്ടുള്ളതു് ഓർമ്മിക്കുന്നില്ലേ?

മരീനാ:- നിഖിതാ, പഴയ വ്രണം മാന്തിപ്പൊളി

ക്കരുതു്. ഇപ്പോൾ ഞാൻ നിയമപ്രകാരം വിവാഹം ചെയ്തിരിക്കുന്നു. നിങ്ങളും അങ്ങനെതന്നെ. എൻെറ പാപങ്ങൾ മാപ്പാക്കപ്പെട്ടു. ഇനിയും കഴിഞ്ഞ കാര്യങ്ങൾ കുത്തിപ്പൊക്കരുതേ!......

നിഖിതാ:- എൻെറ ഹൃദയത്തെ ഞാൻ എന്തുചെയ്യട്ടെ! ആരെ അതേല്പിക്കും?

മരീനാ:- നിങ്ങൾ ചെയ്യേണ്ടതു ഞാൻ പറയാം. നിങ്ങൾ വിവാഹിതനാണു്. മററു സ്ത്രീകളെ കാമിക്കരുതു്. സ്വന്തം ഭാര്യയെ മാത്രം ഗൗനിക്കുക. നിങ്ങൾ അനീഷ്യായെ സ്നേഹിച്ചിരുന്നു. അവരെത്തന്നെ തുടൎന്നു സ്നേഹിക്കുക.

നിഖിതാ:- ആ അനീഷ്യാ എനിക്കു കാഞ്ഞിരക്കുരുപോലെയാണു്. തിമിൎത്തുകേറുന്ന കളകൾപോലെ അവൾ എൻെറ കാലിൽ ചുററിപ്പിണഞ്ഞുകിടക്കുന്നു!

മരീനാ:- അവർ എന്തായാലും നിങ്ങളുടെ ഭാര്യയായിപ്പോയി......ഇനി പറഞ്ഞിട്ടെന്തുഫലം? നിങ്ങൾ അതിഥികളുടെ അടുത്തു ചെല്ലണം. എൻെറ ആൺപിറന്നോനെ ഇങ്ങോട്ടു പറഞ്ഞുവിടുകയും ചെയ്യണേ!

നിഖിതാ:- അയ്യോ, നീ മുഴുവനും അറിഞ്ഞെങ്കിൽ—പക്ഷേ, എന്തിനു പറയുന്നു?

(നിഖിതാ, മരീനാ, മരീനായുടെ ഭൎത്താവു്, അന്യുതാ എന്നിവർ.)

മരീനായുടെ ഭൎത്താവു്:- (കുടിച്ചു മുഖം തുടുത്തു് ആടിയാടി വരുന്നു.) മരീനേ, പെണ്ണേ, നീ എവിടേടീ!

നിഖിതാ:-ദേ, നിൻെറ ഭൎത്താവു വിളിക്കുന്നു. ചെല്ലു്!

മരീനാ:- നിങ്ങൾ എന്തെടുക്കാൻ പോകുന്നു?

നിഖിതാ:- ഞാനോ? ഇവിടെ കിടക്കും. (വക്ക്യോൽ പ്പുറത്തു കിടക്കുന്നു.)

മരീനായുടെ ഭർത്താവ്:- അവളെവിടെ?

അന്യൂതാ:- അതാ അവിടെ നില്ക്കുന്നു, വണ്ടിപ്പുര യ്ക്കടുത്ത്!

മരീനായുടെ ഭർത്താവ്:- നീ എന്തിനാ അവിടെ നി ല്ക്കുന്നത്? കല്യാണത്തിനു നീ കൂടി ചെല്ലണമെന്നു വീട്ടു കാരനും വീട്ടുകാരത്തിയും നിർബ്ബന്ധിക്കുന്നു. നീ വാ. വിവാഹം പെട്ടെന്നു തീരും. നമുക്കു പിന്നെപ്പോകാം.

മരീനാ:- (ഭർത്താവിൻെറ അടുത്തു ചെന്ന്) ഞാൻ കല്യാണത്തിനു കൂടാൻ വിചാരിച്ചതല്ല.

മരീനായുടെ ഭർത്താവ്:- വന്നോ! ഞാനല്ലേ വിളിക്കു ന്നത്. നമ്മുടെ അനന്തരവൻ ചെറുക്കനെ അനുമോദി ക്കാം; ഉപചാരമായി ഒരുഗ്ലാസ്സ് വീഞ്ഞു കുടിക്കാം. അ ല്ലാത്തപക്ഷം വീട്ടുകാർക്കു വല്ലായ്മതോന്നും! നമ്മൾ പുറ പ്പെട്ടു കാര്യത്തിന് ഇനിയും ധാരാളം സമയമുണ്ട്.

(ഭർത്താവ് മരീനായെ ചുററിപ്പിടിച്ചുകൊണ്ടു വേച്ചുവേച്ച് അകത്തേയ്ക്കു പോകുന്നു.)

(നിഖിതായും അന്യൂതായും)

നിഖിതാ:- (എഴുന്നേററു വക്ക്യോൽപ്പുറത്തിരിക്കു ന്നു.) ഹാ! അവളെ കണ്ടതോടുകൂടി എൻെറ ജീവിതം കൂടുതൽ ഇരുൾനിറഞ്ഞതായി തോന്നുന്നു. അവളോടൊ ന്നിച്ചു മാത്രമേ ഞാൻ യഥാർത്ഥജീവിതം നയിച്ചിട്ടുള്ളൂ. ഞാൻ എൻെറ ജീവിതം വെറുതെ നശിപ്പിച്ചുകളഞ്ഞു; ആനന്ദം നാമാവശേഷമാക്കി! (താഴെ കിടക്കുന്നു.) ഞാൻ

എവിടെപ്പോയി ഒളിക്കട്ടെ! ആർദ്രയായ മാതാവേ, ഭൂമിദേവീ, നിൻെറ വയററിൽ എന്നെക്കൂടി ഉൾക്കൊള്ളണേ!

അന്മൃതാ:- (നിഖിതായെക്കണ്ടു് ഓടി അടുത്തു ചെല്ലുന്നു.) ചിററപ്പാ, ചിററപ്പാ, ചിററപ്പനെ അവിടെ തിരക്കുന്നു. തലതൊട്ടപ്പനും എല്ലാരും മംഗളം ചൊല്ലിക്കഴിഞ്ഞു. ചിററപ്പനെ കാണാഞ്ഞു് അവർ ദേഷ്യപ്പെട്ടുതുടങ്ങി.

നിഖിതാ:- (സ്വഗതം) ഞാൻ എവിടെ ഒളിക്കും?

അന്മൃതാ:- അതെന്തു്? ചിററപ്പനെന്താ പറയുന്നതു്?

നിഖിതാ:- ഞാനൊന്നും പറഞ്ഞില്ല. എന്നെ ശല്യം ചെയ്യരുതു്.

അന്മൃതാ:- ചിററപ്പൻ വരണം. നമുക്കു പോകാം. (നിഖിതാ മൗനം ഭജിക്കുന്നു.) അന്മൃതാ കൈയ്ക്കുപിടിച്ചു വലിക്കുന്നു.) ചിററപ്പൻ വന്നു മംഗളം പറഞ്ഞേ. അവർ ദേഷ്യപ്പെട്ടു ശകാരിക്കുന്നു.

നിഖിതാ:- (കൈ കുതറി പിൻവലിക്കുന്നു.) വിട്ടേച്ചു പോ!

അന്മൃതാ:- അല്ല, വരണം!

നിഖിതാ:- (കയർ ഓങ്ങി പേടിപ്പിക്കുന്നു.) പോകാനാ പറഞ്ഞതു്! അല്ലെങ്കിൽ ഇതുവച്ചു ഞാൻ തരുന്നുണ്ടു്!

അന്മൃതാ:-എന്നാൽ ഞാൻ അമ്മയെ പറഞ്ഞുവിടും. (ഓടിപ്പോകുന്നു.)

(നിഖിതാ തനിയെ)

നിഖിതാ:-(എഴുന്നേററിട്ട്) ഞാൻ എങ്ങനെ ചെല്ലും? എങ്ങനെ വിശുദ്ധവിഗ്രഹം കയ്യിലെടുക്കും? എങ്ങനെ അവളുടെ മുഖത്തു നോക്കും? (വീണ്ടും കിടക്കുന്നു) ഭൂമിയൊരു മാളം തുറന്നുതന്നെങ്കിൽ ഞാനതിൽ കേറി ഒളിച്ചേനേ! (വീണ്ടും ചാടി എഴുന്നേല്ക്കുന്നു) ഇല്ല, ഞാൻ പോകുകില്ല! അവരുടെ തലയിൽ ഇടിവെട്ടട്ടെ! ഞാൻ പോകുകില്ല! (ബൂട്ട്സ് ഊരിക്കളഞ്ഞിട്ട് കയർ കൈയിലെടുക്കുന്നു; അതിൽ ഒരു കുരുക്കുണ്ടാക്കി കഴുത്തിൽ ഇറക്കുന്നു.) ഇതുതന്നെ വഴി!

(മെട്രേണാ ധിറുതിയിൽ കേറിവരുന്നു. നിഖിതാ ആ വരവു കണ്ടു കഴുത്തിൽനിന്നും കയർ ഊരിയെടുത്തു വയ്ക്കോൽപ്പുറത്തു കിടക്കുന്നു.)

(നിഖിതായും മെട്രേണായും)

മെട്രേണാ:-(തിടുക്കത്തിൽ) നിഖിതാ, നിഖിതാ! ഇതെന്നാക്രുത്താ! നീ ഇവിടെ കിടന്നിട്ടു മിണ്ടുന്നുമില്ലല്ലോ! നിഖിതാ, നിനക്കെന്നാതാടാ? കുടിച്ചു വെളിവില്ലാതായോ? വാടാ മോനേ, എന്റെ തേൻ വാ! ആളുകൾ കാത്തിരുന്നു മടുത്തു!

നിഖിതാ:-ഹാ! നിങ്ങളെന്താ എന്നോടു ചെയ്തതു്? എന്റെ മനുഷ്യത്വം പോയി!

മെട്രേണാ:-എന്നാതാ സംഗതിയെന്നു പറ. വാടാ മോനേ, മര്യാദപ്രകാരം വന്നു മംഗളംചൊല്ല്. കാര്യമങ്ങു തീരട്ടെ, ആളുകൾ കാത്തിരുന്നു മുഷിഞ്ഞു.

നിഖിതാ:-ഞാൻ എങ്ങനെ മംഗളം പറയും?

മെഡ്രേണാ:-പതിവുപോലെതന്നെ. നിനക്കറിഞ്ഞുകൂടേ എങ്ങനെയെന്നു്?

നിഖിതാ:-അറിയാം അറിയാം. പക്ഷെ, ആക്കാ ഞാൻ മംഗളം പറയുക? ഞാൻ എന്താണവളോടു ചെയ്യേതു്?

മെഡ്രേണാ:-നീ എന്താചെയ്യു? ങേ, നോക്കണേ അവനിപ്പോഠം അതോൎമ്മിക്കാൻ തോന്നിയതു്! ഒരു പൂതരും ആ കാൎയ്യം അറിഞ്ഞിട്ടില്ല, വീട്ടിലെ പൂച്ചപോലും! പെണ്ണിനു കല്യാണത്തിനിഷ്ടോമുണ്ടു്.

നിഖിതാ:-എങ്ങനാ ഇഷ്ടമായതു്?

മെഡ്രേണാ:-പേടിച്ചാ, അതു കാൎയ്യംശരി. എങ്ങനായാലും ഇപ്പം അവൾക്കിഷ്ടംതന്നെയാ, വേറെ എന്നതാ ചെയ്യ? വരുംവരായ്കകൾ അന്നു് ആലോചിക്കേണ്ടതായിരുന്നു, ഇപ്പം അവൾക്കു മററുപോംവഴിയൊന്നുമില്ല. തെല്ലാലുകാൎക്കം വളരെ ബോധിച്ചു, അവർ രണ്ടുതവണ പെണ്ണിനെ കണ്ടതാ, നല്ല സ്ത്രീധനവും കൊടുക്കുന്നു, എല്ലാം സുമാററായിരിക്കയൊ.

നിഖിതാ:-എന്നാൽ നിലവറക്കുഴിയിൽ എന്താ കിടക്കുന്നതു്?

മെഡ്രേണാ:-(ചിരിച്ചുകൊണ്ടു്) നിലവറേൽ കിടക്കുന്നതോ? കാബേജു്, ഉരുളക്കിഴങ്ങു്, കുമിളു് ഇതൊക്കെതന്നെ. എടാ, കഴിഞ്ഞതൊക്കെക്കഴിഞ്ഞു. അതെല്ലാം മനസ്സീന്നു വിട്ടുകള.

നിഖിതാ:-മറക്കാൻ എനിക്കും ആഗ്രഹമുണ്ടു്—പക്ഷെ, സാധിക്കുന്നില്ല. ഓൎക്കുമ്പോഴൊക്കെ ചെവിയിൽ

മുഴങ്ങുന്നു! അയ്യോ! നിങ്ങൾ എന്താണ് എന്നോടു ചെയ്തതു്?

മെഡ്രേണാ:-നീ എന്നതാടാ ഇങ്ങനെ വിശേഷം കാണിക്കുന്നതു്?

നിഖിതാ:- (തിരിഞ്ഞു കമഴ്ന്നുകിടക്കുന്നു) അമ്മേ, എന്നെ ഇനിയും പാടുപെടുത്തരുതു്. താങ്ങാവുന്നതിൽ കൂടുതലാണു് എൻെറ പ്രയാസം!

മെഡ്രേണാ:-എന്നാലും നീ അതു ചെയ്തു കഴിയൂ, ഇപ്പോൾതന്നെ ആളുകൾ പറയുന്നു: "വീട്ടുകാരൻ ഇറങ്ങിപ്പോയിട്ടു തിരിച്ചുവരാത്തതുകണ്ടോ? അയാൾക്കു് ആശീരുപറയാൻ ഉറപ്പില്ല." ഇനിയും അവർ ഓരോന്നു് ഏച്ചുകെട്ടും. നിൻെറ ചുളുക്കം കാണുമ്പഴേ വിചാരിക്കും ഏതോ തകരാറുണ്ടെന്നു്. "പെരുവഴി നടന്നാകിൽ തിരുടനെന്നറികില്ല!" വരയോട്ടിൽനിന്നൊഴിഞ്ഞാൽ എരിതീയിലായിരിക്കും വീഴ്ച! മോനേ, ഒക്കെയ്ക്കും മീതെ ഒരു കാര്യം ശ്രദ്ധിക്കണം. നീ നിൻെറ വികാരങ്ങൾ പുറത്തു കാട്ടരുതു്. ധൈര്യം വിടരുതു്. വിട്ടാൽ അവർ വേണ്ടാത്തതൊക്കെ വിചാരിക്കും.

നിഖിതാ:-നിങ്ങളെന്നെ കുരുക്കി!

മെഡ്രേണാ:-മതി പറഞ്ഞതു്, പോകാം. കൂട്ടത്തിൽക്കൂടി ആശീരുചൊല്ലിയേക്കു്. എല്ലാം മുറപോലെ നടക്കട്ടെ. കാര്യം അങ്ങിനെ തീരും.

നിഖിതാ:-(കമഴ്ന്നുതന്നെ കിടന്നുകൊണ്ടു്) എനിക്കുമേലാ.

മെഡ്രേണാ:-(തന്നത്താൻ) ഇവനെന്തു പററി? ഒരു കുഴപ്പവും ഇല്ലായിരുന്നു. പെട്ടെന്നാ ഈ മാററം. എ

തോ കൂടോത്രമാ—എഴുനേല്ക്കു നിഖിതാ. അതാ, അനീഷ്യാ വരുന്നു. അവൾ അതിഥികളെ വിട്ടുപോന്നു!

(വിശേഷവേഷം ധരിച്ചു്, മദ്യപാനം നിമിത്തം മുഖം തുടുത്തു് അനീഷ്യാ പ്രവേശിക്കുന്നു.)

(നിഖിതായും മെട്രേണായും അനീഷ്യായും)

അനീഷ്യാ:-ഓ, എത്ര കേമപ്പെട്ട കല്യാണം! എത്ര മോടിയായും അന്തസ്സായും നടക്കുന്നു! ആളുകൾക്കൊക്കെ വളരെ തൃപ്തിയായി!...അങ്ങേരെവിടെ?

മെട്രേണാ:-എന്റെ പൊന്നേ, അവനിതാ, ഇവിടുണ്ടു്. വയ്ക്കോലിന്റെ പുറത്തു കിടക്കയാ! വിളിച്ചിട്ടു വരുന്നില്ല!

നിഖിതാ:-(ഭാൎയ്യയെ നോക്കിയിട്ടു്) ഹും, ഇവളും കുടിച്ചു ലക്കില്ലാതെ വരികയാ. ഇവളെ കാണുമ്പോൾ മനം മറിയും. ഇവളുമായി എങ്ങനെ കഴിഞ്ഞുകൂടും? (വീണ്ടും കമഴ്ന്നു കിടക്കുന്നു.) എന്നെങ്കിലും ഞാനിവളെ കൊല്ലും! കൂടുതൽ കുഴപ്പമാകും!

അനീഷ്യാ:-നിങ്ങളിവിടെ വയ്ക്കോൽപ്പുറത്തു കിടക്കുകയാണോ? കുടിച്ചതു കൂടിപ്പോയോ? (ചിരിക്കുന്നു.) ഞാനും നിങ്ങടെകൂടെ കിടന്നേനേ. പക്ഷേ, സമയമില്ല. വരിൻ ഞാൻ താങ്ങിക്കൊള്ളാം. വീട്ടിൽ എന്തൊരരങ്ങു്! കാണേണ്ട കാഴ്ചയാണു്. ഹാർമ്മോണിയം! സ്ത്രീകളുടെ പാട്ടു്! ആൎക്കും തുരുമ്പു വെളിവില്ല. കെങ്കേമം! കെങ്കേമം!

നിഖിതാ:-എന്താ കെങ്കേമം?

അനീഷ്യാ:-കല്യാണം. ഇത്ര മോടിപിടിച്ച ഒരു കല്യാണം ഇതുവരെ കണ്ടിട്ടും കേട്ടിട്ടുമില്ലെന്നു് എല്ലാവരും പറയുന്നു. എല്ലാം വളരെ വിശേഷം, വളരെ മനോ

ഹരം! വരു, നമുക്ക് ഒന്നിച്ചുപോകാം. ഞാനും സ്വല്പം കുടിച്ചുതാ. എങ്കിലും നിങ്ങളെ താങ്ങിക്കൊണ്ടുപോകാൻ എനിക്കു കഴിയും.

(നിഖിതായുടെ കൈയ്ക്കു പിടിക്കുന്നു.)

നിഖിതാ:-(വെറുപ്പോടെ കൈ പിൻവലിക്കുന്നു) നീ പോ. ഞാൻ പുറകെ വന്നേക്കാം.

അനീഷ്യാ:-നിങ്ങളെന്തിനാ ഈ മട്ടും ഭാവവും കാണിക്കുന്നതു്? നമ്മുടെ സൊല്ല മുഴുക്കെത്തീൎന്നു. അവൾ നമ്മുടെ ഇടയ്ക്കു് ഒരു വിലങ്ങുതടിയായിരുന്നു. മേലിൽ ആ തൊന്തരവില്ല. ഇനി നമുക്കു സന്തോഷമായി കഴിഞ്ഞുകൂടേണ്ട കാൎയ്യമേയുള്ളു. എല്ലാം മാനംമൎയ്യാദയായും ചട്ടപ്രകാരവും നിൎവ്വഹിക്കപ്പെട്ടിരിക്കുന്നു. എന്റെ സന്തോഷം പറഞ്ഞറിയിക്കാൻ നിൎവ്വാഹമില്ല. നിങ്ങളെ രണ്ടാമതൊരിക്കൽ കല്യാണം കഴിക്കാൻ പോകുമ്പോഴുള്ള സന്തോഷമാണെനിക്കുള്ളതു്. ഹാ! ഹാ! ആളുകൾക്കൊക്കെ എന്തൊരു തൃപ്തി! എല്ലാവരും അഭിനന്ദിക്കുന്നു..:അതിഥികളോ? വളരെ മികച്ച ആളുകൾ! ഐവാൻ മോസീച്ചും പോലീസ് ആഫീസരും വന്നിട്ടുണ്ടു്. അവരും അനുമോദനപ്പാട്ടു പാടുന്നതിൽ പങ്കുകൊണ്ടു.

നിഖിതാ:-എങ്കിൽ നീ അവിടെ നില്ക്കേണ്ടതായിരുന്നു. അവരെ വിട്ടിട്ടു് എന്തിനിങ്ങോട്ടു പോന്നു?

അനീഷ്യാ:-അതു ശരിയാ, ഞാൻ പോകുന്നു. വീട്ടുകാരനും അതിഥികളെ വിട്ടിട്ടു വല്ലേടവും പോകുന്നതു മൎയ്യാദയല്ല—വിശേഷിച്ചു് ഇത്ര മന്തിയ ആളുകളെ.

നിഖിതാ:-(എഴുനേററു് ദേഹത്തുനിന്നും വയ്ക്കോൽ

ത്തുകളയുന്നു.) നീ അങ്ങോട്ടു ചെല്ല്. ഞാൻ ഉടൻ പുറകേ വന്നേക്കാം.

മെഢേണാ:-കാക്കകരഞ്ഞാൽ രാക്കുയിലിൻെറ പാട്ടുപോലെ വരുമോ? ഞാൻ വിളിച്ചിട്ടു അവൻ കൂട്ടാക്കിയില്ല. അവൻെറ പെമ്പിള • വിളിച്ചപ്പം ചുറുക്കേ പുറകേ പോകുന്നു.

(മെഢേണായും അനീഷ്യായും നടന്നകലുന്നു.)

മെഢേണാ:-നീ വരുന്നില്ലിയോ?

നിഖിതാ:-വരുന്നു വരുന്നു. നിങ്ങൾ പോവിൻ, ഞാൻ പുറകേയുണ്ട്. ഞാനും വന്ന് ആശീർവ്വാദം ചെയ്യേക്കാം. (സ്ത്രീകൾ സംശയിച്ചു നില്ക്കുന്നു) പോവിൻ. ഞാൻ പുറകേ വരുന്നെന്ന്. പോകാനല്ലേ പറഞ്ഞതു്?

(സ്ത്രീകൾ പോകുന്നു. നിഖിതാ ചിന്താധീനനായി അവരെ നോക്കി നിൽക്കുന്നു.)

(നിഖിതാ തനിയെ. ഒടുവിൽ മിടിച്ചും)

നിഖിതാ:-(ഇരുന്നു ബൂട്ട്സ് അഴിച്ചെടുക്കുന്നു) ഉം, ഞാൻ ചെല്ലണം പോലും! നടപ്പുള്ള കാര്യം! ഇനിയും എന്നെ കാണാൻ ആ ഉത്തരത്തിന്മേൽ നോക്കിക്കൊണ്ടാൽ മതി. ഞാനവിടൊരു കയർ കെട്ടി അതിൽ ഒരു ഊരുനാമ്പുണ്ടാക്കി കഴുത്തിലിറക്കിയിട്ട് മോളിൽനിന്നൊടുത്തൊരു ചാട്ടംകൊടുക്കും. എന്നിട്ടു നിങ്ങൾക്കെന്നെ കാണാം. ഭാഗ്യവശാൽ കയർ അടുക്കൽതന്നെയുണ്ട്. (ആലോചിക്കുന്നു) ഏതുമാതിരിദുഃഖത്തെയും ജയിക്കാൻ എനിക്കു കഴിവുണ്ട്. എന്നാൽ ഇതു് എൻെറ ഹൃദയത്തിൽതന്നെ കിടക്കുന്നു. ഇതിനെ മാററാൻ എനിക്കു ശക്തിയില്ല. (വീട്ടിലേയ്ക്കു നോക്കുന്നു) അവൾ വീണ്ടും വരുന്നെന്നു തോന്നുന്നു. (അനീഷ്യായെ പരിഹാ

സമായി അനുകരിക്കുന്നു) "കൊള്ളാം കൊള്ളാം! ഞാനും നിങ്ങളുടെകൂടെ കിടന്നോനേ!" മൂധേവി! നിൻെറ തല തെറിച്ചുപോകട്ടെ! ആളുകൾ എന്നെ ഉത്തരത്തിൽനിന്നഴിച്ചിറക്കുമ്പോൾ വന്നു കെട്ടിപ്പിടിച്ചോ! ഞാൻ നിശ്ചയിച്ചു. ഇതേയുള്ളുവഴി! (കയർ വലിച്ചെടുക്കുന്നു.)

മിടിച്ച്:-(ലഹരിപിടിച്ച മട്ടിൽ എഴുന്നേററിരിക്കുന്നു. കയർ വിട്ടുകൊടുക്കാതെ മുറുകെ പിടിക്കുന്നു) അതു ഞാൻ തരികേല! ഒരുത്തൎക്കും ഞാൻ കൊടുക്കുകേല! അതു് എൻെറ കൈയിൽതന്നെയിരിക്കും. വയ്ക്കോൽ കെട്ടിക്കൊണ്ടു ചെല്ലാമെന്നു ഞാനാ പറഞ്ഞതു്. അതു ഞാൻതന്നെ കൊണ്ടുചെല്ലും. അല്ല, ഇതാരു്? നിഖിതായോ? (ചിരിക്കുന്നു) ഹെടാ പാപീ! നിങ്ങളും വയ്ക്കോലിനു വന്നിരിക്കുന്നോ?

നിഖിതാ:- കയറിങ്ങുതരു.

മിടിച്ച്:-വേണ്ടാ, വരട്ടെ! ആളുകൾ എന്നെയാ അയച്ചതു്. ഞാൻതന്നെ കൊണ്ടുപൊയ്ക്കോളാം,....... (വേച്ചുവേച്ചു് വയ്ക്കോൽ തട്ടുക്കൂട്ടാൻ ശ്രമിക്കുന്നു; പക്ഷേ, മറിഞ്ഞുവീഴാൻ തുടങ്ങുന്നു; വീണ്ടും നിലയ്ക്കുനില്പാൻ ശ്രമിക്കുന്നു, ഒടുക്കം നിലംപതിക്കുന്നു) ഓ, ആ ചാരായം എന്നെ മലത്തിയടിച്ചു. അവനാ എന്നെക്കാൾ ബലം!

നിഖിതാ:-കയറിങ്ങുവിടു്.

മിടിച്ച്:-ഞാൻ പറഞ്ഞില്ലേ വിടുകില്ലെന്നു്! നിഖിതാ, നിങ്ങളൊരു പന്നിയെപ്പോലെ മണ്ടനാ! (ചിരിക്കുന്നു) എനിക്കു നിങ്ങളെ ഇഷ്ടമാ. പക്ഷേ, നിങ്ങളൊരു മരത്തലയനാ. നിങ്ങൾ വിചാരിക്കും, ഞാൻ കുടിച്ചിട്ടാണെന്നു്. എന്തുവേണമെങ്കിലും വിചാരിച്ചോ. എനി

ക്ക നിങ്ങളെ ആവശ്യമുണ്ടെന്നാണോ വിചാരം?........ എന്നെ ഒന്നു നോക്കു്! ഞാൻ ഒരു കോർപ്പറലാ മണ്ടച്ചാരേ, തനിക്കതു പറയാൻകൂടി അറിഞ്ഞുകൂടാ. "കോർപ്പറൽ ഓഫ് ഹർ മജസ്റ്റീസ് വെരി ഫസ്റ്റ് റെജിമെന്റ് ഓഫ് ഗ്രനേടിയേഴ്സ്!" ഞാൻ സാർ ചക്രവത്തിയേയും രാജ്യത്തേയും സേവിച്ചിട്ടുണ്ടു്, സത്യത്തോടും വിശ്വാസത്തോടുംകൂടെ. എന്നാൽ ഞാനാരു്? ഒരു പട്ടാളക്കാരനാണെന്നു നിങ്ങൾ വിചാരിക്കുന്നോ? അല്ല, ഞാൻ പട്ടാളക്കാരനല്ല. പിന്നെയോ? ഒരേഴയാണു്, അനാഥനാണു്. ഞാൻ കുടിക്കില്ലെന്നു സത്യംചെയ്തതാ. ഇപ്പോൾ വീണ്ടും തുടങ്ങി...അതിരിക്കട്ടെ, നിങ്ങൾ വിചാരിക്കുന്നോ എനിക്കു നിങ്ങളെ പേടിയുണ്ടെന്നു്? ഞാൻ എന്തിനു പേടിക്കണം? എനിക്കു് ഒരുവനെയും പേടിയില്ല...... കുടിക്കണമെന്നു തോന്നിയാൽ ഞാൻ കുടിക്കും! രണ്ടാഴ്ച തുടരെ കുടിക്കും! എന്നും കുടിക്കും; എന്റെ തൊപ്പിയും പാസ്സ്പോർട്ടും പണയംവച്ചു കുടിക്കും. എന്റെ കുരിശുപോലും വിററു കുടിക്കാൻ ഞാൻ തയാർ. എനിക്കു് ഒരു പയലിനേയും പേടിയില്ല. പട്ടാളത്തിൽവച്ചു് എന്റെ കുടി നിത്താൻ അവർ കവഞ്ചിയും തോൽവാറും പ്രയോഗിച്ചു. "നീയിനി കുടിക്കുമോ?" അവർ ചോദിച്ചു. "കുടിക്കും," എന്നു ഞാൻ മറുപടിയും കൊടുത്തു. ഞാൻ അവരെ എന്തിനു പേടിക്കണം? അങ്ങനെയുള്ള മനുഷ്യനാ ഞാൻ! ദൈവം സൃഷ്ടിച്ചപോലെയാ ഞാനിരിക്കുന്നതു്. കുടിക്കത്തില്ലെന്നു് ഒരിക്കൽ ശപഥം ചെയ്തു. പിന്നെ കുടിച്ചില്ല. ഇപ്പോൾ വീണ്ടും കുടിച്ചു, ഇനി അങ്ങോട്ടു കുടിക്കയും ചെയ്യും. എനിക്കു് ആരെയും പേടിയില്ല. ഞാൻ കള്ളം പറകയില്ല, കാര്യം അങ്ങനാ...

എന്തിനാ അവരെ പേടിക്കുന്നതു്, മണ്ടികളെ? ഞാൻ പറയാമല്ലോ, അങ്ങനെയുള്ള മോനാ ഞാൻ! ഒരിക്കൽ ഒരു പാതിരി എന്നോടു പറഞ്ഞു: "ചെകുത്താൻ ഏററവും വലിയ ഢീക്കുകാരനാണു്. നിങ്ങൾ വിറവിളക്കിത്തുടങ്ങുമ്പോൾ ഒരു ഭീരുവായി മാറുന്നു. ആളുകളെ ഭയപ്പെട്ടു തുടങ്ങുമ്പോൾ ചെകുത്താൻ നിങ്ങളെ പിടികൂടി അയാൾക്കു തോന്നിയിടത്തു കൊണ്ടുപോകുന്നു." എനിക്കു് ആരെയും പേടിയില്ലാത്തതുകൊണ്ടു പരമസുഖം. ഞാൻ ചെകിത്താൻെറയും അമൻെറ അമ്മപ്പന്നിയുടേയും മുഖത്തു കാറിത്തുപ്പാം. അവൻ എന്നോടു് ഒന്നും ചെയ്യുകില്ല. അറിയാമോ?

നിഖിതാ:- (കുരിശുവരയ്ക്കുന്നു) ഞാനെന്തൊന്നാ ചെയ്യാൻ ഭാവിക്കുന്നതു്? (കയർ താഴെ എറിയുന്നു.)

മിടിച്ച്:- എന്തു്?

നിഖിതാ:- (എഴുന്നേററു്) ആളുകളെ പേടിക്കേണ്ടെന്നാണോ താൻ പറയുന്നതു്?

മിടിച്ച്:- എന്തിനു പേടിക്കുന്നു ചണ്ടികളെ? കുളിപ്പുരയിൽവച്ചു് അവരെ ഒന്നു നോക്കണം. എല്ലാരെയും ഒരേ മണ്ണുകൊണ്ടു മെനഞ്ഞെടുത്തിരിക്കയാ! ഒരുവൻെറ വയറു വലുതായിരിക്കും, മററൊരുവൻേറതു് ഇത്തിരി ചെറുതായിരിക്കും. അത്രേയുള്ളൂ വ്യത്യാസം. പോകാൻപറ. അവരെ പേടിക്കാൻ എന്തിരിക്കുന്നു?

(വീട്ടിൽനിന്നും മെട്രേണാ വരുന്നു.)

(നിഖിതായും മിടിച്ചും മെട്രേണായും)

മെട്രേണാ:- (ഉച്ചത്തിൽ) നിഖിതാ, നീ വരുന്നോ?

നിഖിതാ:- ഓഹോ! അതാ നല്ലതെന്നു തോന്നുന്നു. ഞാൻ വരുന്നു. (വീട്ടിലേയ്ക്കു പോകുന്നു.)

(രംഗം മാറുന്നു. ഒന്നാം അങ്കത്തിലെ ഭവനം. ഉള്ളിൽ അള്ളുകൾ തടിച്ചുകൂടിയിരിക്കുന്നു. ചിലർ മേശയ്ക്കുചുറ്റുമിരിക്കുന്നു. മററു ചിലർ അവിടെയും ഇവിടെയും നില്ക്കുന്നു. മുമ്പിലത്തെ മുഖപ്പിൽ അകുലീനായും വരനും. ഒരു മേശപ്പുറത്തു വിശുദ്ധവിഗ്രഹവും അപ്പവും. അതിഥികളുടെ കൂട്ടത്തിൽ മരീനായും ഭർത്താവും പോലീസ് ആഫീസറും ഉണ്ട്. സ്ത്രീകൾ പാട്ടു പാടുന്നു. അനീഷ്യാ വീഞ്ഞു പകർന്നു കൊടുക്കുന്നു. സംഗീതമേളം കുറയുന്നു.)

(അനീഷ്യാ, മരീനാ, മരീനായുടെ ഭർത്താവ്, അകുലീനാ, വരൻ, വണ്ടിക്കാരൻ, പോലീസ് ആഫീസർ, വിവാഹദല്ലാൾ (സ്ത്രീ), വരൻെറ പാർട്ടിയിലെ പ്രധാനി, മെഡേണാ, അതിഥികൾ, കർഷകന്മാർ എന്നിവർ.)

വണ്ടിക്കാരൻ:-പോകാൻ സമയം വൈകി. പള്ളി വളരെ അകലെയാണ്.

പ്രധാനി:-വരട്ടെ, അല്പം ക്ഷമിക്കുക. പെണ്ണിൻെറ ചിററപ്പൻ ആശീർവദിക്കട്ടെ. അദ്ദേഹമെവിടെ?

അനീഷ്യാ:-വരുന്നുണ്ട്. ഇപ്പോൾ എത്തും. ഓരോ ഗ്ലാസുകൂടെ കുടിക്കിൻ.

വിവാഹദല്ലാൾ:-എന്താ ഇത്ര താമസം? ഞങ്ങൾ എത്രനേരമായി കാത്തിരിക്കുന്നു!

അനീഷ്യാ:-അദ്ദേഹം വരുന്നു. ഇപ്പോഴിങ്ങെത്തുമെന്ന്. ഒരു കുഞ്ഞാടു വാലാട്ടുന്ന നേരം വേണ്ടാ. കുറച്ചുകൂടി കുടിക്കിൻ ചെങ്ങാതികളെ. (വീഞ്ഞു പകർന്നു കൊടുക്കുന്നു) അദ്ദേഹം ഇപ്പോൾ വന്നു ചേരും! അതിനകം കുറച്ചുകൂടി പാടിൻ പങ്കികളെ!

വണ്ടിക്കാരൻ:-കാത്തിരുന്നു കാത്തിരുന്ന് പഠിച്ച പാട്ടെല്ലാം അവർ പാടിത്തീർത്തു.

(സ്ത്രീകൾ പാടുന്നു. പാട്ടു നടന്നുകൊണ്ടിരിക്കുമ്പോൾ നിഖിതായും ആക്കിമും പ്രവേശിക്കുന്നു.)

(അനീഷ്യാ, മരീനാ, മരീനായുടെ ഭർത്താവ്, അകുലീനാ, വരൻ, വണ്ടിക്കാരൻ, പോലീസ് ആഫീസർ, വിവാഹദല്ലാൾ (സ്ത്രീ), വരന്റെ പാർട്ടിയിലെ പ്രധാനി, മെട്രേണാ, അതിഥികൾ, കർഷകന്മാർ, നിഖിതാ, ആക്കിം എന്നിവർ.)

നിഖിതാ:-(ആക്കിമിനെ കൈക്കു പിടിച്ചു മുമ്പിൽ നടത്തിക്കൊണ്ട്) അപ്പൻ മുമ്പോട്ടു നടന്നാട്ടെ; അപ്പനെ കൂടാതെ അതു ചെയ്വാൻ നിവൃത്തിയില്ല.

ആക്കിം:-എനിക്കു പിടിക്കുന്നില്ല. ഏതു്?

നിഖിതാ:-(സ്ത്രീകളോട്) മതി, നിർത്തിൻ! (മുറിയിൽ കൂടിയിരിക്കുന്ന എല്ലാവരിലും കണ്ണോടിക്കുന്നു) മരീനാ, നീയവിടെയുണ്ടോ?

വിവാഹദല്ലാൾ (സ്ത്രീ):-വരൂ. ആ പ്രതിരൂപം കയ്യിലെടുത്തു് ആശീർവ്വാദം ചെയ്യാട്ടെ.

നിഖിതാ:-വരട്ടെ. എനിക്കു് അല്പം സമയം തരിൻ. (ചുററുപാടും നോക്കുന്നു) അകുലീനാ, നീയിവിടെ ഇരിക്കുന്നോ?

വിവാഹദല്ലാൾ (സ്ത്രീ):-എന്തിനാ ഇങ്ങനെ ഹാജർ വിളിക്കുന്നതു്? അവൾ പിന്നെ എവിടെ ഇരിക്കണം? എന്താണിത്ര വിശേഷപ്പെട്ട മാതിരി പെരുമാറുന്നതു്?

അനീഷ്യാ:-വിശുദ്ധ പുണ്യവാളന്മാരേ! ഇങ്ങേരു കാലിൽ ബൂട്ട്സുകൂടാതെ വന്നിരിക്കുന്നതെന്തേ?

നിഖിതാ:-പ്രിയ പിതാവേ, അങ്ങും ഇവിടെയുണ്ടോ? വിശ്വാസശുദ്ധിയുള്ള ക്രിസ്തുസഭാംഗങ്ങളെ, നി

ങ്ങൾ ഇവിടെ സന്നിഹിതരായിരിപ്പുണ്ടല്ലോ. ഞാനും ഉണ്ട്! എന്നെ നോക്കുവിൻ. ഞാൻ എങ്ങനെയുള്ളവനാണെന്നു കണ്ടാലും! (മുട്ടുകാലിൽ കുമ്പിടുന്നു.)

അനിഷ്യാ:-നികിതാ, നിങ്ങൾ എന്തു ചെയ്യാനാണൊരുങ്ങുന്നതു്?...കർത്താവേ!

വിവാഹമല്ലാൾ (സ്ത്രീ):-കൊള്ളാം, കൊള്ളാം!

മെഡ്രേണാ:-ഞാൻ പറഞ്ഞുതരാം കാര്യം. അവൻ ഫ്രഞ്ചു വീഞ്ഞു കൂടുതൽ കുടിച്ചു. മോനേ, നിൻെറ ബോധക്കേടു കള, (നികിതായെ എഴുന്നേല്പിക്കാൻ ശ്രമിക്കുന്നു. അയാൾ കൂട്ടാക്കാതെ മുമ്പോട്ടുതന്നെ നോക്കുന്നു.)

നികിതാ:-ക്രിസ്തുസഭാംഗങ്ങളെ! ഞാനൊരു പാപിയാണു്. എനിക്കു പാപം ഏററു പറയണം.

മെഡ്രേണാ:-(തോളത്തു പിടിച്ചു വലിക്കുന്നു.) നിനക്കെന്താ പററിയെടാ. ലക്കു കെട്ടുപോയോ? ഇവനു കിറുക്കാ എൻെറ മാളോരേ! ഇവനെ ഇവിടന്നു മാററണം.

നികിതാ:-(മെഡ്രേണായുടെ പിടി വിടുവിക്കുന്നു.) എന്നെ വിടു്. അപ്പാ! അവിടുന്നു ശ്രദ്ധിക്കണം. ഒന്നാമതായി, മരീനാ, ഇവിടെ നോക്കു്! (അവളുടെ മുമ്പാകെ കുമ്പിട്ടിട്ടു് എഴുന്നേല്ക്കുന്നു) നിന്നോടു ഞാൻ അപരാധം പ്രവർത്തിച്ചു. ഞാൻ നിന്നെ വിവാഹം ചെയ്യാമെന്നു വാക്കു തന്നു; നിന്നെ വശീകരിച്ചു; വഞ്ചിച്ചു; സത്യം ലംഘിച്ചുപേക്ഷിച്ചു. ക്രിസ്തുവിൻെറ പേരിൽ എനിക്കു മാപ്പു തരിക. (വീണ്ടും അവളുടെ കാല്ക്കൽ താണു വണങ്ങുന്നു.)

അനിഷ്യാ:-നിങ്ങൾ എന്തെല്ലാമാണു പുലമ്പുന്നതു്. ഇതൊന്നും യോഗ്യതയല്ല. ആരും നിങ്ങളോടു ചോ

ദിച്ചില്ല. എഴുനേല്ക്കു്. എന്താ ഇങ്ങനെ നാണംകെട്ടു തുടങ്ങുന്നതു്?

മെഡേണാ:-ഓഹോ, ആരോ ഇവനു കൂടോത്രം ചെയ്തതാ! എങ്ങനെ പററി? ഇവൻെറ തല തിരിഞ്ഞുപോയി—എഴുനേരെടാ. എന്തെല്ലാം അനാവശ്യങ്ങളാ നീ എഴുന്നെള്ളിക്കുന്നതു്! (നിഖിതായെ പിടിച്ചു വലിക്കുന്നു.)

നിഖിതാ:-(തലയാട്ടിക്കൊണ്ടു്) എന്നെ തൊടരുതു്! മരീനാ, എനിക്കു മാപ്പുതരു. ഞാൻ നിന്നോടു തെററു ചെയ്തുപോയി. ക്ഷമിക്കുക, ക്രിസ്തുവിനെ ഓൎമ്മിച്ചു ക്ഷമിക്കുക! (മരീനാ കൈകൊണ്ടു മുഖം പൊത്തി മിണ്ടാതിരിക്കുന്നു.)

അനീഷ്യാ:-എഴുനേല്ക്കാനാ ഞാൻ പറയുന്നതു്. ബഹളമുണ്ടാക്കുന്നതെന്തിനു്? കഴിഞ്ഞ കാൎയ്യങ്ങഠം ഇപ്പോഠം എടുത്തു പറഞ്ഞിട്ടു് ഒരു സാദ്ധ്യവുമില്ല. വിഡ്ഢിവേഷം കെട്ടിയതു മതി. നാണക്കേടു്! എൻെറ ദൈവമേ! ഇങ്ങേൎക്കു വെറും പ്രാന്താണു്.

നിഖിതാ:-(ഭാൎയ്യയെ തള്ളി മാററിയിട്ടു് അകുലീനായുടെ നേൎക്കു തിരിയുന്നു.) അകുലീനേ, ഇനി നിന്നോടാണെനിക്കുസംസാരിക്കാനുള്ളതു്. വിശ്വാസശുദ്ധന്മാരായ ക്രിസ്ത്യാനികളേ, നിങ്ങഠം ഓൎത്തു കേഠംക്കണം! ഞാൻ ഒരു രാക്ഷസനാണു്. അകുലീനേ, ഞാൻ നിന്നോടു അപരാധം ചെയ്തു! നിൻെറ അപ്പൻ ആയുസ്സററു മരിച്ചതല്ല; അദ്ദേഹത്തെ വിഷംകൊടുത്തു കൊന്നതാണു്.

അനീഷ്യാ:-(വിലപിക്കുന്നു) എൻെറ ഈശ്വരാ, എന്താണീ പറയുന്നതു്?

മെഡേണാ:-ഇവന്ന സ്വപ്രബോധമില്ല. ഇവനെ പിടിച്ചു മാററുമോ!

(ആളുകൾ അടുത്തുകൂടി പിടിക്കാൻ തുടങ്ങുന്നു)

ആക്കിം:-(ആളുകളെ കൈകൊണ്ടു തടയുന്നു.) വരട്ടെ, വരട്ടെ! അല്പം ക്ഷമിക്കിൻ.

നിഖിതാ:-അകുലീനേ, ഞാൻ അദ്ദേഹത്തിന്ന വിഷം കൊടുത്തു. ക്രിസ്തുവിനെ ഓൎമ്മിച്ച് എനിക്കു മാപ്പു തരിക.

അകുലീനാ:-(ചാടി എണീററ്) അതു കള്ളം! ആരാ അതു ചെയ്തതെന്ന് എനിക്കറിയാം.

വിവാഹദല്ലാൾ (സ്ത്രീ):-നിനക്കെന്താ തകരാറ്? അനങ്ങാതിരി.

ആക്കിം:-കൎത്താവേ!—പാപം!—പാപം!

പോലീസ് ആഫീസർ:-ഇയാളെ പിടിച്ചു കെട്ടുവിൻ! അധികാരിയെ വിളിച്ചുകൊണ്ടു വരിൻ! കേസ്സെടുക്കണം. ഉം, എഴുന്നേററു വരിൻ!

ആക്കിം:-(പോലീസ് ആഫീസറോട്) നിങ്ങൾ അവിടെ നില്ല്. ഏതു്? അവൻ പറയാനുള്ളതു മുഴുവൻ പറയട്ടെ.

പോലീസ് ആഫീസർ:-(ആക്കിമിനോട്) മൂപ്പിലേ, താനിതിൽ തലയിടരുതു്. എനിക്കു കേസ്സെടുക്കണം.

ആക്കിം:-നിങ്ങൾ എന്തൊരു മനുഷ്യനാ! അല്പംകൂടെ ക്ഷമിക്കൂ. കേസുകാൎയ്യത്തിന്ന ബഹളം കൂട്ടണ്ടാ. ഏതു്? ഇവിടെ ദൈവകാൎയ്യം നടക്കുന്നു. ഒരുവൻ തൻെറ പാപങ്ങൾ ഏററുപറയുന്നു. അപ്പോഴാണു നിങ്ങൾ കേസു കേസെന്നു പറയുന്നതു്!

പോലീസ് ആഫീസർ:-അധികാരിയെ ക്രൂട്ടിക്കൊണ്ടുവരിൻ!

ആക്കിം:-ദൈവകാര്യം നടക്കട്ടെ. അതു കഴിയുമ്പോഠം നിങ്ങളുടെ ജോലി നിങ്ങളും ചെയ്യോ.

നിഖിതാ:-അകലീനേ, നിന്നോടു ഞാൻചെയ്ത തെററു വളരെ വലുതാണ്. ഞാൻ നിന്നെ വശീകരിച്ചു. ക്രിസ്തുവിനെ ഓർമ്മിച്ചു മാപ്പുതരിക. (അവളുടെ കാല്ക്കൽ നമിക്കുന്നു.)

അകലീനാ:- (ഇരുപ്പിടത്തുനിന്നും എഴുനേററു്.) ഞാൻ പോകുന്നു. കല്യാണത്തിനു ഞാനില്ല. എന്നെ അയാഠം നിർബ്ബന്ധിച്ചു സമ്മതിപ്പിച്ചു. പക്ഷേ, ഇനി എനിക്കു വയ്യാ.

പോലീസ് ആഫീസർ:- അപ്പറഞ്ഞതു് ഒന്നുക്രൂടി പറഞ്ഞേ—

നിഖിതാ:- ദയവുചെയ്തു തിടുക്കം ക്രൂട്ടാതെ. ഞാൻ പറഞ്ഞുതീരട്ടെ.

ആക്കിം:-(വികാരപാരവശ്യത്തോടെ) പറയൂ. എൻെറ മകൻ മുഴുവനും പറയൂ. നിനക്കു സമാധാനം കിട്ടും. ദൈവത്തോടു് ഏററു പറയൂ. മനുഷ്യരെ ഭയപ്പെടേണ്ട.

നിഖിതാ:-നീചനായ ഞാൻ എൻെറ യജമാനനു വിഷം കൊടുത്തു. അദ്ദേഹത്തിൻെറ മകളെ നശിപ്പിച്ചു. അവഠം എൻെറ അധീനതയിലായിരുന്നു. അവളെയും അവളുടെ അരുമക്കുഞ്ഞിനേയും ഞാൻ നശിപ്പിച്ചു.

അകലീനാ:-അതു നേരാ, അതു നേരാ.

നിഖിതാ:-ഞാൻ ആ കുഞ്ഞിനെ നിലവറയിൽ ഒരു പലകകൊണ്ടു ഞെരിച്ചുകൊന്നു. ഞാൻ അതിൻെറ മീതേ കേറിയിരുന്നു......അമർത്തി ഞെരിച്ചു......അതിൻെറ കൊച്ചെല്ലുമ്പുകൾ കിരുകിരാ പൊടിഞ്ഞുപോയി. (കരയുന്നു.) എന്നിട്ടു ഞാൻ അതിനെ എടുത്തു കുഴിച്ചുമൂടി. ഞാനാണതു ചെയ്തതു്. മററാരുമല്ല, ഞാൻ തന്നെ.

അകുലീനാ:-അതു കള്ളം! ഞാനാണു പറഞ്ഞു ചെയ്യിച്ചതു്.

നിഖിതാ:-എന്നെ രക്ഷിക്കാൻ ശ്രമിക്കണ്ടാ! എനിക്കു് ആരെയും ഭയമില്ല. സത്യവിശ്വാസികളായ ക്രിസ്തുസഭാംഗങ്ങളേ, നിങ്ങൾ എനിക്കു മാപ്പു തരുവിൻ! (നിലംപററെ നമിക്കുന്നു.)

(നിശ്ശബ്ദത)

പോലീസ് ആഫീസർ:-ഇയാളെ പിടിച്ചുകെട്ടുവിൻ! കല്യാണം പിരിച്ചുവിട്ടിരിക്കുന്നു. (ആളുകൾ കയറുമായി അടുക്കുന്നു.)

നിഖിതാ:-വരട്ടെ, നിങ്ങൾക്കു വേണ്ടുവോളം സമയമുണ്ടു്......(ആക്കിമിൻെറ പാദത്തിൽ സാഷ്ടാംഗം നമസ്കരിക്കുന്നു.) എൻെറ പ്രിയപ്പെട്ട പിതാവേ, അവിടത്തെ ഈ ശപിക്കപ്പെട്ട പുത്രനു മാപ്പുതരണം. അവിടന്നു് ആദ്യംതന്നെ എനിക്കു മുന്നറിയിപ്പുതന്നു. ഞാൻ ഈ ദുഷിച്ച ജീവിതം ആരംഭിച്ചപ്പൊഴേ അവിടന്നുപദേശിച്ചു: "നഖമൊന്നിൽ പിടിപെട്ടാൽ കിളിപാടേ പൊയ്പോകും." എന്നാൽ അവിടത്തെ വാക്കുകൾ അ

ന്നു ഞാൻ ശ്രദ്ധിച്ചില്ല, നായെപ്പോലെ നീചനായ ഞാൻ—ഇന്ന് അവിടന്നു പറഞ്ഞതുപോലെതന്നെ വന്നു ഭവിച്ചിരിക്കുന്നു. ക്രിസ്തുവിനെ വിചാരിച്ച് എനിക്കു മാപ്പുതരിക.

അയക്കിം:-(വികാരവിവശനായി) ദൈവം നിനക്കു മാപ്പുതരും! എൻെറ പൊന്നുമോനേ! (നിഖിതായെ ആലിംഗനംചെയ്യുന്നു.) നീ നിന്നെ വെറുതെ വിട്ടില്ല. ദൈവം നിന്നെ വെറുതേ വിടും. ദൈവം! സർവ്വശക്തനായ ദൈവം!—അദ്ദേഹം ഇവിടെയുണ്ട്.

(മുൻരംഗത്തിലുള്ളവരും ഗ്രാമാധികാരിയും)

അധികാരി:-(പ്രവേശിച്ച്) ഇവിടെ സാക്ഷികൾ വേണ്ടുവോളം ഉണ്ടല്ലോ?

പോലീസ് ആഫീസർ:-നമുക്ക് ഉടനേ വിചാരണ നടത്താം. (നിഖിതായെ ബന്ധിക്കുന്നു.)

അകുലീനാ:-(കേറിവന്നു നിഖിതായുടെ അടുത്തുനിന്നിട്ട്) സത്യം ഞാൻ പറയാം. എന്നോടുകൂടി ചോദിക്കണം.

നിഖിതാ:-(ബന്ധനത്തിൽ) ആരോടും ചോദിക്കേണ്ട കാര്യമില്ല. എല്ലാം ഞാൻതന്നെയാണു ചെയ്തത്.—പ്ലാൻ ചെയ്തതും ഞാൻ—പ്രവർത്തിച്ചതും ഞാൻ. എന്നെ എങ്ങോട്ടുവേണമെങ്കിലും കൊണ്ടുപൊയ്ക്കോളിൻ! കൂടുതലൊന്നും ഇനി ഞാൻ പറയുകില്ല.

(കർട്ടൻ)

# അനുബന്ധം

[130-ാം പേജിൽ "അനീഷ്യ:-അനപ്പൂരതേ, (അനപ്പൂരാ ഉറക്കം നടിക്കുന്നു)........" എന്നുമുതൽ 4-ാം അങ്കം കഴിയുന്നതുവരെയുള്ള ഭാഗത്തിനു് താഴെപ്പറയുംവിധം ഒരു പാഠാന്തരമുണ്ടു്.]

(മെഡേണാ തനിച്ചു്; നിഖിതാ നിലവറയിൽ)

മെഡേണാ:-എന്തൊരു കടുത്ത വാക്കുകളാ ആ പെണ്ണുംപിള്ള പറഞ്ഞതു്! അവൾക്കും സഹികെട്ടിട്ടാ, തക്കമില്ല. ഏതേലും ദൈവത്തിന്റെ കൃപകൊണ്ടു കാര്യം വേഗം തീരുമല്ലോ. ആരുമൊന്നും അറികേമില്ല. കുഴപ്പം കൂടാതെ പെണ്ണിനെ ഇറക്കിവിടാം. പിന്നെ എന്റെ മോനു് ഊരുകൂട്ടി ജീവിക്കാം. ദൈവത്തിന്റെ കൃപകൊണ്ടു വീട്ടിൽ നല്ലോണമെല്ലാം ഒരുക്കീട്ടുണ്ടു്. അവരെന്നെ മറക്കത്തില്ല. ഈ മെഡേണാ ഇല്ലാരുന്നെങ്കിൽ അവരുടെ കഥ എന്തായേനെ? എന്തുചെയ്യണമെന്നു് ഒരു വിവരോം അവക്കു കാണുകേല്ലായിരുന്നു. (നിലവറയിലേയ്ക്കു കുനിഞ്ഞിട്ടു്) എടാ, നീ തയാറായോടാ മോനേ?

നിഖിതാ:- (തലമാത്രം പുറത്തുകാണത്തക്കവണ്ണം മേലോട്ടു് ഇഴഞ്ഞു കേറുന്നു) എവിടെ അതു്? ഇങ്ങു കൊണ്ടുവരിൻ. നിങ്ങൾക്കെന്താ ഇത്ര താമസം? അതു ചെയ്യേ കഴിയു എങ്കിൽ, ചെയ്യേക്കാം.

(മെഡേണായും നിഖിതായും അനീഷ്യായും.)

(മെഡേണാ പുറവാതിലിലേയ്ക്കു കടക്കുകയും, അനീഷ്യായെ കണ്ടുമുട്ടുകയും ചെയ്യുന്നു. പഴന്തുണിയിൽ പൊതിഞ്ഞ ഒരു ചോരക്കുഞ്ഞിനെയും എടുത്തുകൊണ്ടു് അനീഷ്യാ വരുന്നു.)

മെഡേണാ:-ആണ്ടെ, നീ അതിനെ സ്നാനപ്പെടുത്തിയോ?

അനീഷ്യാ:-ഓഹോ, ഞാൻ ഇതിനെ ബലംപ്രയോഗിച്ച് എടുത്തുകൊണ്ടു വരികയാ. അവൾ വിട്ടുതരികില്ല. (നിഖിതായെ സമീപിച്ചു കുഞ്ഞിനെവെച്ചു നീട്ടുന്നു.)

നിഖിതാ:-(വാങ്ങാൻ വിസമ്മതിക്കുന്നു) നീ തന്നെ അതിനെ താഴോട്ടു കൊണ്ടുചെല്ല്.

അനീഷ്യാ:-അങ്ങോട്ടു മേടിക്കാനാ പറഞ്ഞതു്. (കുഞ്ഞിനെ അയാളുടെ നേൾക്കു വലിച്ചെറിഞ്ഞുകൊടുക്കുന്നു.)

നിഖിതാ:- (കുഞ്ഞിനെ കടന്നുപിടിക്കുന്നു) ഇതിനു ജീവനുണ്ടു്! അയ്യോ! അമ്മേ! എൻറമ്മച്ചീ! ഇതനങ്ങുന്നു! ഇതിനു ജീവനുണ്ടു്! ഞാൻ ഇതിനെ എന്തുചെയ്യട്ടെ?......

അനീഷ്യാ:-(കുഞ്ഞിനെ അയാളുടെ കയ്യിൽനിന്നും പിടിച്ചുപറിച്ചു നിലവറക്കുഴിയിലേയ്ക്കു് ഒരേറുകൊടുക്കുന്നു) വേഗം അതിൻെറ വായിൽ മണ്ണുവെട്ടിയിടു്. പിന്നെ ജീവൻ കാണുകില്ല. (നിഖിതായെ നിലവറക്കുഴിയിലേയ്ക്കു് ഉന്തിയിറക്കുന്നു) അതു നിങ്ങളുടെ ജോലിയാണു്. ചെയ്യു്.

മെട്രേണാ:-(പടിമേൽ ഇരിക്കുന്നു) അവൻെറ മനസ്സ് ഇളയ മനസ്സാ. അവനു് അതു ചെയ്യാൻ വരുത്തമുണ്ടു്. പാവം! എന്നുവച്ചു് ഇപ്പം എന്തു ചെയ്യാനാ? ഇതു് അവൻെറ കുററമാ.

(അനീഷ്യാ നിലവറയ്ക്കടുത്തു നില്ക്കുന്നു. മെട്രേണാ വാതില്പ്പടിമേൽ ഇരുന്നു് അനീഷ്യായെനോക്കി ചിന്തിക്കുന്നു.)

മെട്രേണാ:-അയ്യോ! അവനെന്തൊരു പേടി! കടുപ്പപ്പെട്ട പ്രവൎത്തിയാ. എന്നുവരികിലും ചെയ്യാതെ കഴികില്ല. അതിനെ എന്നാ കാട്ടും? നോക്കണേ, മററുള്ളോർ കുഞ്ഞുങ്ങളുണ്ടാകാൻ പ്രാൎത്ഥിക്കുന്നു. ദൈവം കൊടുക്കു

ന്നില്ല. അല്ലെങ്കിലവൾ ചാപിള്ള പിറക്കുന്നു. അങ്ങനാ പാതിരിമാരുടെ പെണ്ണുങ്ങൾക്ക്!......ഇവിടെ ഈ കുട്ടിയെ വേണ്ടാ. അതിനു ജീവനുമുണ്ട്. (നിലവറക്കുഴിയിലേയ്ക്കു പാളിനോക്കുന്നു) എല്ലാം കഴിഞ്ഞിരിക്കും. (അനീഷ്യായോട്) എങ്ങനിരിക്കുന്നു?

അനീഷ്യാ:-(നിലവറയിലേയ്ക്കു് ഉററുനോക്കിയിട്ട്) അയാൾ അതിനെ ഒരു പലകകൊണ്ടു മൂടി അതിൻെറ പുറത്തുകേറിയിരിക്കുന്നു. എല്ലാം കഴിഞ്ഞിരിക്കും.

മെട്രേണാ:-ഓ—ഓ! പാപം ചെയ്യാതിരുന്നാൽ കൊള്ളാമെന്ന് എല്ലാക്കുമുണ്ട്. പക്ഷേ, എന്താ നിവൃത്തി?

നിഖിതാ:- (പേടിച്ചുവിറച്ചു മേലോട്ട് ഇഴഞ്ഞുകേറുന്നു) അതിനിപ്പോഴും ജീവനുണ്ട്! എനിക്കു വയ്യാ! അതിനു ജീവനുണ്ട്!

അനീഷ്യാ:– ഉണ്ടെങ്കിലെന്താ? നിങ്ങൾ എവിടെ പോകുന്നു? (അയാളെ പിടിച്ചുനിത്താൻ ശ്രമിക്കുന്നു.)

നിഖിതാ:-(അവളുടെ നേരെ പാഞ്ഞടുക്കുന്നു)പൊയ്ക്കോ, അല്ലെങ്കിൽ നിന്നെ ഞാൻ കൊല്ലും! (അവളുടെ കൈയ്ക്കു കടന്നുപിടിക്കുന്നു. അവൾ കുതറിമാറുന്നു; അയാൾ മൺവെട്ടിയുമായി അവളുടെ പുറകെ ഓടിച്ചെല്ലുന്നു. മെട്രേണാ തടസ്സംപിടിക്കാൻ പാഞ്ഞടുക്കുന്നു. നിഖിതായെ തടഞ്ഞുനിത്തുന്നു. അനീഷ്യാ വാതില്ക്കലേയ്ക്കു് ഓടുന്നു. മെട്രേണാ അയാളുടെ കയ്യിൽനിന്നും മൺവെട്ടി പിടിച്ചുവാങ്ങാൻ ശ്രമിക്കുന്നു.)

നിഖിതാ:- (തള്ളയോട്) ഞാൻ നിങ്ങളെയും കൊ

ല്ലും! പൊയ്ക്കോ, അല്ലെങ്കിൽ ഞാൻ കൊല്ലും!(മെഡേണാ അനീഷ്യായുടെ അടുക്കലേയ്ക്കു് ഓടുന്നു. നിഖിതാ അറച്ചു നില്ക്കുന്നു) ഞാൻ കൊല്ലും! നിങ്ങളെയെല്ലാം കൊല്ലും!

മെഡേണാ:-ഇതു് അവൻെറ പേടീന്നു വരുന്നതാ. സാരമില്ല. അങ്ങു തീരും.

നിഖിതാ:-അവർ എന്തിനിതു ചെയ്തു? അവർ എന്താണെന്നെക്കൊണ്ടു ചെയ്യിച്ചതു്? അയ്യോ! അതിൻെറ കരച്ചിൽ!.........അതിൻെറ മീതെ ഇരുന്നപ്പോഴത്തെ ഞെരിച്ചിൽ! അവർ എന്നെക്കൊണ്ടു എന്താ ചെയ്യിച്ചതു്?.........അതിനിപ്പോഴും ജീവനുണ്ടു്! വാസ്തവത്തിൽ അതിനു ജീവനുണ്ടു്! (മിണ്ടാതെ ശ്രദ്ധിക്കുന്നു) അതാ, അതു കരയുന്നു! അവിടെ അതു കരയുന്നു! (നിലവറയിലേയ്ക്കു തിരികെ ഓടുന്നു.)

മെഡേണാ:-(അനീഷ്യായോടു്) ദേ, അവൻ പോകുന്നു. അതിനെ മറവുചെയ്യാൻ പോകയാ. മിക്കവാറും അതിനുതന്നെയാ. നിഖിതാ, റാന്തൽ വേണ്ടായോടാ?

നിഖിതാ:-(മറുപടിപറയാതെ, നിലവറയ്ക്കടുത്തു നിന്നു ചെവിയോക്കുന്നു) ഒന്നും കേൾക്കാനില്ല. അതു് എൻെറ സങ്കല്പമായിരുന്നു. (കുറച്ചുകൂടി മുമ്പോട്ടു ചെന്നിട്ടു് നില്ക്കുന്നു) എൻെറ കീഴിൽ ആ കൊച്ചു് എല്ലുകൾ ഞെരിഞ്ഞ ഞെരിച്ചൽ!......കിർ!....കിർ!....അവർ എന്താണു് എന്നെക്കൊണ്ടു ചെയ്യിച്ചതു്?(വീണ്ടും ശ്രദ്ധിക്കുന്നു) അതാ അതു വീണ്ടും കരയുന്നു, തീർച്ചയായും അതു കരയുന്നു! എന്താണിതിൻെറ അത്ഥം? അമ്മേ, അയ്യോ, എൻെറമ്മേ!(മെഡേണായുടെ അടുത്തു ചെല്ലുന്നു.)

മെഡേണാ:-എന്നാതാ എൻെറ കുഞ്ഞുമോനേ?

നിഖിതാ:-അയ്യോ അമ്മേ, എനിക്കിനി അല്പം പോലും സഹിച്ചുകൂടാ! എനിക്കു താങ്ങാൻ ആവതില്ല. എൻെറ എത്രയും പ്രിയപ്പെട്ട അമ്മേ, എന്നോടു കരുണ കാണിക്കു!

മെട്രേണാ:-ഓ! നീ പേടിച്ചുപോയതാ, എൻെറ മോനേ് നീ പോ; പോയി കുറച്ചു ബ്രാണ്ടി വാങ്ങിച്ചു കുടി. അപ്പോൾ നിനക്ക് ഉണർവ്വു കിട്ടും.

നിഖിതാ:-പ്രിയപ്പെട്ട അമ്മേ, എൻെറ നെഞ്ചു തകരുന്നു. നിങ്ങൾ എന്താണ് എന്നെക്കൊണ്ടു ചെയ്യിച്ചതു്? ആ കൊച്ചെല്ലുകളുടെ ഞെരിച്ചിലും അതിൻെറ കരച്ചിലും! പ്രിയപ്പെട്ട അമ്മേ, നിങ്ങൾ. എന്താണ് എന്നെക്കൊണ്ടു ചെയ്യിച്ചതു്? (അയാൾ ദൂരെപ്പോയി ഒരു മഞ്ഞുവണ്ടിയുടെ മേൽ ഇരിക്കുന്നു.)

മെട്രേണാ:-പോ മോനേ, പോയൊന്നു കുടി. ഇങ്ങനത്ത പ്രവൃത്തികൾ രാത്രിയിൽ ഇത്തിരി കട്ടപ്പമാണ്. എന്നാൽ കുറെ കഴിഞ്ഞു് നേരംവെളുത്തു് വെട്ടം വീണാൽ, സംഗതി മാറും. ഒന്നു ക്ഷമി. നമുക്കു പെണ്ണിനെ കെട്ടിച്ചു വിടാം. ഇതെല്ലാമങ്ങു മറക്കാം. നീ ഇപ്പോൾ പോയി ഒന്നു കുടി. നിലവറയ്ക്കകത്തു് ഞാനെല്ലാം ശരിയാക്കാം.

നിഖിതാ:-(ചാടി എണീററ്) ചാരായം ഇരിപ്പുണ്ടോ? എനിക്കു തെല്ലു കുടിക്കണം.

(ഇതുവരെയും വാതിൽക്കൽ നിന്നിരുന്ന അനീഷ്യാ മിണ്ടാതെ ഒരു വശത്തേയ്ക്കു് ഒഴിയുന്നു.)

(മെഡേണായും അനീഷ്യായും)

മെഡേണാ:-പൊയ്ക്കോ എന്റെ തങ്കം, നീ പൊയ്ക്കോ. ഞാൻ വേല പൂൎത്തിയാക്കാം. ഞാൻ തന്നെ താഴോട്ടിറങ്ങി കുഴി നികത്താം. അവൻ എവിടെയാ മൺവെട്ടി ഇട്ടതു്? (അവർ മൺവെട്ടി കണ്ടുപിടിച്ചുകൊണ്ടു് ശരീരത്തിന്റെ പകുതിഭാഗം മാത്രം മുകളിൽക്കാണത്തക്കവിധം നിലവറയിലേയ്ക്കിറങ്ങുന്നു.) അനീഷ്യാ, ഇങ്ങുവന്നേ,—എനിക്കൊരു കൊച്ചു വിളക്കുതാ!

അനീഷ്യാ:-അയാളെന്താ അതു ചെയ്യാത്തതു്?

മെഡേണാ:-അവൻ പേടികൊണ്ടു പാതിം കെട്ടുതിപിണഞ്ഞിരിക്കയാ. നീ അവനോടു വളരെ കട്ടപ്പമായിട്ടാ പെരുമാറിയതു്. അവൻ അങ്ങനെ ഇരിക്കട്ടെ! സുഖപ്പെട്ടോളും. ദൈവം തുണ! ഞാൻ തന്നെ ആ ജോലി ചെയ്യാം. റാന്തൽ ഇവിടെവച്ചേ. അപ്പോഠം എനിക്കു കാണാം.

(മെഡേണാ നിലവറയിലേക്കിറങ്ങുന്നു.)

അനീഷ്യാ:-(നിഖിതാ നിഷ്ക്രമിച്ച വാതിൽക്കൽ നിന്നുകൊണ്ടു്) നിങ്ങടെ നല്ലകാലം കഴിഞ്ഞോ? നിങ്ങഠം വളരെയേറെ പെരുകി. ഇപ്പോഠം നിങ്ങഠം തനിയേ അറിയും എങ്ങിനെയിരിക്കുന്നുവെന്നു്. നിങ്ങഠം കിളന്ന കുതിരപ്പുറത്തു നിന്നിങ്ങു താഴെയിറങ്ങും.

(മെഡേണായും അനീഷ്യായും നിഖിതായും)

നിഖിതാ:-(വാതിൽക്കൽനിന്നു നിലവറയിലേയ്ക്കു ഉഴറി ചെല്ലുന്നു.) അമ്മേ, ഏ അമ്മേ!

മെട്രേണാ:-(നിലവറ വാതിൽക്കൽ പ്രത്യക്ഷപ്പെട്ടു്) നിനക്കെന്താവേണം, കുഞ്ഞുമോനേ?

നിഖിതാ:-(ശ്രദ്ധിക്കുന്നു.) അതിനെ മൂടരുതു്! നിങ്ങൾ കേൾക്കുന്നില്ലേ? അതിനു ജീവനുണ്ടു്! അതിന്റെ കരച്ചിൽ കേട്ടേ!......അതാ! വ്യക്തമായി കേൾക്കാം.

മെട്രേണാ:-അതെങ്ങനെ കരയാനാ? നീ അതിനെ ചതച്ചു് അപ്പംപോലാക്കി! അതിന്റെ തല നീ ഉടച്ചുകളഞ്ഞു!

നിഖിതാ:-എന്താണതു്? (ചെവി പൊത്തുന്നു.) അതു് ഇപ്പോഴും കരയുന്നു! ഞാൻ എന്റെ ജീവിതം നശിപ്പിച്ചു—അതിനെ തുലച്ചു. അവരെന്താണു് എന്നെക്കൊണ്ടു ചെയ്യിച്ചതു്?......ഞാൻ എങ്ങോട്ടു പോകും?...... (പടിമേൽ ഇരിക്കുന്നു.)

(കർട്ടൻ)

292043
149,13M98:98
32J5
UNIVERSITY LIBRARY MADRAS.
MUL
292043

12 DEC 1960
VB
13/3/67